കഥാകലിക

വിദ്വാൻ സി. ശങ്കുണ്ണിനായർ

കഥാകലിക

വിദ്വാൻ സി. ശങ്കുണ്ണിനായർ

B. V. BOOK DEPOT,
TRIVANDRUM.
1098.

കഥാകലിക.

ഗ്രന്ഥകൎത്താ:

വിദ്വാൻ സി. ശങ്കുണ്ണിനായർ.

കേരള സാഹിത്യ അക്കാദമി

പ്രകടനാധികൃതൻ

കളക്കുന്നത്തു രാമൻ മേനോൻ.

ബീ. വി. ബുക്ക ഡിപ്പോ,

തിരുവനന്തപുരം.

[പകൎപ്പവകാശം]

[വില രൂപ. ..1/2

☞ പ്രകടനാധികൃതന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിൎമ്മിതമാകുന്നു.

തിരുവനന്തപുരം
ബീ. വി. ബുക്ക ഡിപ്പോ, പ്രവൎത്തകന്മാൎക്കുവേണ്ടി
തിരുവനന്തപുരം, "കമലാലയ" പ്രസ്സിൽ
അച്ചടിച്ചതു്.
ഒന്നാം പതിപ്പു് കാപ്പി—൫൦൦
1098

കേരള സാഹിത്യ അക്കാദമി

മുഖവുര.

'കാശിനുകൊള്ളാത്ത കഥാപുസ്തകങ്ങളെക്കൊണ്ട് കണക്കിലധികം കുഴങ്ങി വശമായിട്ടുള്ള കൈരളി'ക്ക് 'കഥാകലിക'യുടെ പുറപ്പാട് എത്രമാത്രം കൌതുകപ്രദമായിത്തീരുന്നേയ്ക്കുമെന്ന എനിക്കറിഞ്ഞുകൂട. സാരവിഹീനമായ എന്റെ സാഹിത്യപരിശ്രമത്തിൽ ഉണ്ടായിട്ടുള്ള ഈ 'കഥാകലിക' കേരളഭാഷാദേവിയുടെ തൃപ്പാദപൂജയ്ക്കു് ഉപയോഗപ്പെടുത്താവുന്ന പുഷ്പമായിത്തീരുമെന്നുള്ള ഒരു പ്രതീക്ഷ എനിക്കുണ്ടായിട്ടല്ല ഞാനിതിനെ ആ ദേവിയുടെ പാദമൂലത്തിൽ സമർപ്പിക്കുന്നത്. ഞാൻ ഇംഗ്ലീഷിൽനിന്നു തർജ്ജമചെയ്തു പല മാസികകളിലുമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയായ കഥകളെല്ലാം കൂട്ടിച്ചേർത്ത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരണം ചെയ്യുന്നതു നന്നായിരിക്കുമെന്നു അവ വായിച്ച സഹൃദയന്മാരായ ചില സുഹൃത്തുക്കന്മാർ എന്റെ അടുക്കെ അഭിപ്രായപ്പെടുകയുണ്ടായി. അവരുടെ ആ അഭിപ്രായം അനുസരിച്ചു പ്രവർത്തിക്കുന്നതിന്റെ ആവശ്യകതയേയും ഔചിത്യത്തേയും കുറിച്ചു സംശയപ്പെട്ടു വർത്തിച്ചുകൊണ്ടിരുന്ന എന്നെ, പ്രസിദ്ധപത്രാധിപവര്യനും, എന്റെ ഒരു മാന്യമിത്രവുമായ ശ്രീമാൻ കന്നത്തു ജനാർദ്ദനമേനോനവർകൾ ഇടയ്ക്കിടയ്ക്കു് ബലമായി പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഞാൻ എന്റെ വിശകലിതങ്ങളായിക്കിടന്നിരുന്ന ചില ചെറുകഥകളെക്കൂട്ടിച്ചേർത്ത് ഇങ്ങിനെ 'കഥാകലിക' എന്ന പേരിൽ ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്തുവാൻ ധൈര്യപ്പെട്ടത്.

'കഥാകലിക'യിൽ ഘടിതങ്ങളായിട്ടുള്ള മിക്ക കഥകളും ചില ഇംഗ്ലീഷ്'കഥകളുടെ ഭാഷാന്തരങ്ങളാണ്. ഭാഷാന്തരങ്ങൾ എന്നു പറഞ്ഞതുകൊണ്ട്, പദാനുപദമായോ വാക്യാനുവാക്യമായോ ആണ് ഞാൻ തർജ്ജമ ചെയ്തിട്ടുള്ളതെന്നു വായനക്കാർ വിചാരിച്ചുപോകരുതെന്നു എനിക്ക് പ്രത്യേകമൊരപേക്ഷയുണ്ട്. മൂലകഥകളിലെ ആശയങ്ങൾ എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളേടത്തോളം മലയാളഭാഷയിൽ പകർത്തുവാനായിട്ടേ ഞാൻ ശ്രമിച്ചിട്ടുള്ളൂ. ആ ശ്രമം എത്രമാത്രം ഫലവത്താ

യിത്തീൎന്നിട്ടുണ്ടെന്നു നിൎമ്മത്സരബുദ്ധികളായ വായനക്കാർ വിധിച്ചുകൊള്ളട്ടെ. അനുകരണം എന്ന നിലയിലോ സ്വതന്ത്രമായിട്ടോ എഴുതീട്ടുള്ള കഥകൾക്കും, തർജ്ജമചെയ്തിട്ടുള്ള കഥകൾക്കും തമ്മിൽ, കാചത്തിനും കാഞ്ചനത്തിനും തമ്മിലുള്ളതുപോലുള്ള വ്യക്തമായ വ്യത്യാസമുള്ളതു് വിവേചനപടുക്കളായ വിദ്വാന്മാൎക്കു് സുദൎശമായിരിക്കുമെന്നു വിചാരിക്കുന്നു.

ഈ പുസ്തകത്തിലുള്ള വല്ല കഥകളും സ്വല്പം ഗുണമുള്ളവയാണെന്നു വായനക്കാൎക്കു തോന്നുവാനിടയാകുന്ന പക്ഷം, ആ ഗുണത്തിനുള്ള ഉത്തരവാദിത്വം, മൂലകഥാകൎത്താക്കന്മാൎക്കാണെന്നും, ഇതിലുള്ള കഥകളിൽ കാണുന്ന ദോഷങ്ങൾക്കുള്ള ഉത്തരവാദിത്വം തർജ്ജമക്കാരനാണെന്നും ഇവിടെ എടുത്തുപറഞ്ഞുകൊള്ളട്ടെ. ഒരു തവണ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാകയാലും, സ്വതേ പറയത്തക്ക മെച്ചം ഒന്നും ഇല്ലാത്തവയായതുകൊണ്ടും, ഈ പുസ്തകത്തിലുള്ള കഥകൾ സാഹിത്യബന്ധുക്കളെ എത്രദൂരം ആകൎഷിക്കുമെന്നുള്ളതു് കണ്ടറിഞ്ഞതിന്മേൽ നിശ്ചയിക്കേണ്ടതാകുന്നു.

ഈ പുസ്തകത്തിന്റെ പകൎപ്പവകാശം വാങ്ങി ഇതിനെ പ്രസിദ്ധപ്പെടുത്തുവാൻ പുറപ്പെട്ട, ബി. വി. ബുക്ക് ഡിപ്പോവിന്റെ ഉടമസ്ഥനും, കേളികേട്ട ഒരു ഭാഷാപ്രണയിയുമായ ശ്രീമാൻ കെ. എസ്സ്. രാമൻമേനോനവർകളോടും, എനിക്കുള്ള അകൈതവമായ കൃതജ്ഞതയേ ഞാനിവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു. ഈ പുസ്തകത്തിൽ ചേൎത്തിട്ടുള്ള കഥകളെസ്സംബന്ധിച്ചിടത്തോളം എനിക്കുള്ള ഉടമസ്ഥതാവകാശം ഞാൻ ഇതിന്റെ പ്രകടനാധികൃതനു് കൊടുത്തുകഴിഞ്ഞിരിക്കുന്നു. കഥകൾ പരിശോധിച്ചും, പുസ്തകം പ്രസിദ്ധപ്പെടുത്തുവാൻ പ്രേരിപ്പിച്ചും എന്നെ പ്രോത്സാഹനം ചെയ്തിട്ടുള്ള ശ്രീമാൻ കുന്നത്തു ജനാൎദ്ദനമേനോൻ അവർകളോടു് എനിക്കുള്ള കൃതജ്ഞതയെ പ്രകടനം ചെയ്വാനും ഈ അവസരത്തെത്തന്നെ വിനിയോഗിച്ചുകൊള്ളട്ടേ.

എന്നു്,—സഹൃദയവിധേയൻ,

കൊല്ലം
20—12—98.

വിദ്വാൻ, സി. എസ്സ്. നായർ.

കഥാകലിക.

സുനന്ദ

മാധവപുരത്തിലുള്ള ഒരു ഗ്രാമത്തിന്റെ അങ്ങേ അററത്തായി, കൌതുകാവഹമായ ഒരു പുഷ്പവാടിയുടെ നടുവിൽ അന്തസ്സിൽ തല ഉയൎത്തിപ്പിടിച്ചുകൊണ്ടു്, ചെങ്കല്ലു പതിച്ച ഒരു കെട്ടിടം സ്ഥിതിചെയ്യുന്നുണ്ടു്. ശ്ലക്ഷ്ണശിലകളിന്മേൽ സുശ്ലിഷ്ടമായി പണിചെയ്തിട്ടുള്ള വിചിത്രങ്ങളായ ശില്പവേലകളുടെ അന്യാദൃശമായ ധാടിയും മോടിയും മൂലമായി തന്നത്താൻ അഭിമാനിച്ചുകൊണ്ടു നിൽക്കുന്ന ആ കെട്ടിടത്തിന്റെ മട്ടുപ്പാവിൽ കല്യാണഗാത്രിയായ ഒരു കന്യകാമണി പലപ്പോഴും വന്നു നിൽക്കുന്നതു് നമുക്കു് കാണാം. അവൾ പ്രഭാതത്തിൽ പതിവായി കെട്ടിടത്തിന്റെ കിഴക്കെ മട്ടുപ്പാവിൽ വന്നു് ധവളലളിതമായ കരകിസലയത്തിൽ മുഖകമലവും വിന്യസിച്ചുകൊണ്ടു്, ശാന്തമായൊഴുകുന്ന പുഴയിൽ 'നയനനളിനമാല ചാൎത്തി'യും കൊണ്ടു നിൽക്കുന്നുണ്ടാകും. ധവളധൂസരമായ അവളുടെ വദനപത്മം, പ്രഭാതത്തിന്റെ അരുണമസൃണമായ പ്രഭാപടലത്തിൽ നിന്നു് പനിനീർപ്പൂവിന്റെ വിലോഭനീയമായ വൎണ്ണവിലാസത്തെ പകൎത്തുന്നുണ്ടോ എന്നു് ഒരുവേള കാണികൾക്കു തോന്നിയേയ്ക്കാവുന്നതാണ്. അവളെപ്പററി ഞാൻ വെറും ഒരു പെൺകിടാവെന്നു മാത്രം പറഞ്ഞുതള്ളിയാൽ, എന്റെ വായനക്കാർ ഇവിടെ വച്ചുതന്നെ എന്നോടു് പിണങ്ങിത്തിരിഞ്ഞു പോയേയ്ക്കുമോ എന്നു ഭയമുണ്ടു്. ആ യുവതിയുടെ വയസ്സു് തിട്ടമായി നിൎണ്ണയിക്കുന്നതു് അത്ര സുസാധമല്ല. ചാരനിറംകലൎന്ന

കാണപ്പെടുന്ന അവളുടെ കണ്ണുകൾ അസംഖ്യം ഉദയാസ്തമയങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ടെന്നു തോന്നിയേക്കാവുന്നവയാണ്. എന്നാൽ ലോലമൃദുലമായ സുകുമാരാകാരമാകട്ടെ നവയൌവ്വനാലംകൃതയായ ഒരു കന്യകയുടെ നിലയെ മാത്രമെ പ്രകാശിപ്പിക്കുന്നുള്ളു.

അരുണോദയവേള ചെറുപറവകളേക്കൊണ്ട് കളമധുരാലാപം ചെയ്യിക്കുവാൻ തുടങ്ങുമ്പോൾ സമീപത്തുള്ള പുഴയിലെ കുളിക്കടവിൽ ചെന്നുനോക്കുന്നതായാൽ സുനന്ദയുടെ സുന്ദരസ്വരൂപം നമുക്കു നിത്യവും കാണാവുന്നതാണ്. അവൾ കുളി കഴിഞ്ഞു മടങ്ങുമ്പോൾ നനഞ്ഞ് ഈറനായ വസനം അവളുടെ 'മലരൊളിമഞ്ജുളമേനി'യിൽപ്പററിത്തൂങ്ങിക്കിടക്കുന്നതിലും കുളിക്കടവിലെ പടവുകളിന്മേൽ അവളുടെ ആർദ്രപാദങ്ങൾ പതിഞ്ഞു കിടക്കുന്നതിലും പരിലസിക്കുന്നതായ കവിതയേ പകത്തിക്കാണിക്കുവാനുള്ള വൈഭവം എന്റെ തൂലികയ്ക്കില്ല. അപ്പോൾ അവളെക്കണ്ടാൽ ഏതൊരാളും അവൾ വല്ല വനദേവതയും ആയിരിക്കുമോ എന്നു തെററിദ്ധരിച്ചുപോയേക്കും.

ലവലീപല്ലവത്തോടു തുല്യമായ അവളുടെ ധവളദേഹത്തിൽ നിന്ന് മുത്തുമണികൾ പോലെ വെള്ളത്തുള്ളികൾ ഇററിററു വീഴുന്നതും, ലളിതലോലങ്ങളായ ഭുജവല്ലികളിൽ, വെള്ളത്താമരയുടെ മൃദുലമൃണാളങ്ങളിൽ പായലെന്നപോലെ ജലാർദ്രമായ വാറൊളിപ്പുരികുഴൽ ചിന്നിച്ചിതറി പററിപ്പതിഞ്ഞു കിടക്കുന്നതും, എനിക്കസാരം കവിതയുണ്ടായിരുന്നുവെങ്കിൽ ഞാൻ കുറേ പദ്യങ്ങൾ കൊണ്ടുതന്നെ വർണ്ണിക്കുമായിരുന്നു. അവളുടെ മൃദുമധുരമായ അധരം, ചെന്തളിരുപോലെ പാടലമല്ലെങ്കിലും, പനിനീർപ്പൂവുപോലെ അരുണവും മുത്തുച്ചിപ്പിയുടെ ഉള്ളുപോലെ മസൃണവും ആയിരുന്നു. ആരാലും അവിജ്ഞേയമായിട്ടുള്ള തന്റെ ജലവസതി വെടിഞ്ഞുംവെച്ച് ഈ ജലദേവത കർക്കശമായ ഭൂതലത്തിലെ ഏകാന്തമായ ഒരു കോണിൽ വന്നിരുന്ന് കണ്ണീർ വഴിയായി ഹൃദയദുഃഖത്തെ വാർത്തുകളഞ്ഞുംകൊണ്ട് വസിച്ചു വന്നിരുന്നതിൽ ഒളിച്ചുകിടക്കുന്ന രഹസ്യം സമീപസ്ഥിതർക്ക് കൂടിയും സുഗ്രഹമായിരുന്നില്ല.

അവളുടെ മുഴങ്ങുന്ന ചിരിയും മതിമയക്കുന്ന ഗാനവും ആ പഴയ ചെങ്കൽ കെട്ടിടത്തിൽ വെങ്കളിയിട്ടിരുന്നു. നീർത്തുള്ളി

ചിന്തുന്ന വെള്ളാമ്പൽപ്പൂവിന്റെ സ്മരണയെ ഉല്പന്നമാക്കുന്ന അവളുടെ കോമളമുഖത്തിൽ, മന്ദസ്മിതലക്ഷ്മി വിളയാടാതെ ഇരുന്നില്ല.

സുനന്ദയുടെ ചിരി ഏതു സമയത്തും വേണ്ടതിലധികമായിട്ടേ പുറപ്പെടുകയുള്ളു. ഒരു ലോഭവും കൂടാതെ പുറപ്പെടുന്ന ആ ചിരിയുടെ മട്ടുകണ്ടിട്ട് തോഴിമാർ അവളോട് പലപ്പോഴും ഇങ്ങനെ ചോദിച്ചിട്ടുണ്ട്. "സഖി, എത്രതന്നെ എടുത്താലും തീരാത്ത ഈ ചിരിയുടെ കലവറ നിങ്ങൾക്കെങ്ങുനിന്നു കിട്ടി? പറയൂ."

അതിനു സുനന്ദ ശരൽക്കാലത്തിലെ ശുഭ്രമേഘങ്ങൾക്കിടയിൽക്കൂടെ പുറപ്പെടുന്ന സൂര്യപ്രകാശംപോലുള്ള മന്ദഹാസവും പൊഴിച്ചുംകൊണ്ട് ഇപ്രകാരം മറുപടി പറയുക പതിവാണ്. "തോഴിമാരെ! ഞാനെന്തിനു വൃഥാ വ്യസനിക്കുന്നു? എനിക്കു വീടാകട്ടെ കുഡുംബമാകട്ടെ യാതൊന്നുമില്ല. എനിക്കു വ്യസനിപ്പാൻ വകയെന്തു്? ഇഷ്ടജനസംബന്ധിയായ നാശമോ, തിരിച്ചുകിട്ടേണ്ടതായിട്ടുള്ള സ്നേഹമൊ ഉണ്ടെങ്കിലല്ലെ ഞാൻ വ്യസനിക്കുകയും കരയുകയുമൊക്കെ ചെയ്യേണ്ടതുള്ളു? എന്നെ സംബന്ധിച്ചേടത്തോളം, ലോകം മുഴുവൻ അപരിചിതന്മാർ നിറഞ്ഞിട്ടുള്ളതാകുന്നു. ഒരു ചാർച്ചയും പരിചയവുമില്ലാത്ത ആളുകൾക്കു വേണ്ടിയുണ്ടോ ആരാനും കണ്ണുനീർ ചെലവഴിക്കുന്നു? പിന്നെ എനിക്കു് എല്ലായ്പോഴും എന്തുകൊണ്ട് ധാരാളമായി ചിരിച്ചുകൂടാ?"

അതേ, വാസ്തവം അങ്ങിനെതന്നെയാണ്. ലോകത്തിൽ മററുള്ളവർക്കു കരയുവാൻ കാരണഭൂതങ്ങളായിട്ടുള്ള സംഗതികളെല്ലാം സുനന്ദയ്ക്കു ചിരിക്കുവാൻ വകയുള്ളവയായിട്ടാണിരിക്കുന്നതു്. പിന്നെ അവളുടെ കൈവശത്തിൽ എത്ര എടുത്താലും കഴിയാത്തതായ ചിരിയുണ്ടായതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളതു്.

ഒരിക്കൽ അവളോട് ഒരു തോഴി "നിങ്ങളെ കല്ലുകൊണ്ടോ മററോ ആണൊ സൃഷ്ടിച്ചതു്?" എന്നു ചോദിക്കുകയുണ്ടായി. "അല്ലല്ല, പ്രിയതോഴി! നിങ്ങളെ എല്ലാവരേയും എന്നപോലെ എന്നേയും മാംസരക്തങ്ങൾകൊണ്ടുതന്നെയാണ് സൃഷ്ടിച്ചിട്ടുള്ളതു്" എന്നായിരുന്നു അതിനവൾ പറഞ്ഞ മറുപടി.

എന്നാൽ സുനന്ദ ഏകാകിനിയായിരിക്കുമ്പോൾ മുമ്പു കണ്ടിരുന്നതായ ആ മന്ദഹാസലക്ഷ്മി അവളുടെ മുഖകമലത്തിൽ നിന്ന് എങ്ങാനുമങ്ങു പൊയ്ക്കളയും. രൂപഗുണത്തെ പ്രകാശിപ്പിക്കുന്നതിനുവേണ്ടി നാലാൾ കൂടുന്നിടത്തുമാത്രം ഉപയോഗത്തിനെടുക്കുന്ന വിലപിടിച്ച ഒരു ആഭരണം പോലെയാണ് സുനന്ദയുടെ മന്ദഹാസം. കാണാനാളില്ലെങ്കിൽ ആരെങ്കിലും ആഡംബരത്തെ ആവശ്യപ്പെടുമൊ?

സുനന്ദ നിത്യവും കുളിച്ചു തൊഴുതുവന്നിരുന്ന ശിവക്ഷേത്രം നദീതീരത്താണ് സ്ഥിതിചെയ്യുന്നത്. ക്ഷേത്രത്തിന്റെ അത്യുന്നതമായ താഴികക്കുടത്തിന്മേൽ, ആദിത്യന്റെ ഉദയത്തിലുള്ള ഉജ്ജ്വലങ്ങളായ ചെങ്കതിർച്ചാർത്തുകൾ കുങ്കുമം പൂശുമ്പോഴും, അസ്തമയത്തിലുള്ള സൌമ്യങ്ങളായ അരുണകിരണങ്ങൾ കനകാഭിഷേകം കഴിക്കുമ്പോഴും ക്ഷേത്രത്തിനുള്ളിൽ ഭഗവദ്ബിംബത്തിന്റെ മുമ്പിൽ രക്തകസവൊളിചിന്നുന്ന വെള്ളവസ്ത്രങ്ങൾ ധരിച്ച് സുന്ദരിയായ സുനന്ദ അഞ്ജലിഹസ്തയായി പ്രാർത്ഥിച്ചു നിൽക്കുന്നുണ്ടാകും. ശ്രീകോവിലിൽ കത്തുന്ന വിളക്കിന്റെ നനുത്ത നേർത്ത വെളിച്ചത്തിൽ അവളുടെ ധവളധൂസരമായ മുഖം അല്പമൊന്നു നിറംകുറഞ്ഞു മങ്ങിപ്പോയതുപോലെ തോന്നാം. ധ്യാനത്തിൽ നിരതയായി നിശ്ചലം നിലകൊള്ളുന്ന ആ കന്യകാരത്നത്തെ അപ്പോൾ കണ്ടാൽ സ്ഫടികശിലാനിർമ്മിതമായ ഒരാരാധനാവിഗ്രഹമാണെന്നേ തോന്നുകയുള്ളൂ.

എന്നാൽ സന്ധ്യാസമയത്തെ ദീപാരാധനയ്ക്കുശേഷം ഭഗവത്സന്നിധാനത്തിൽ ഭക്തിപുരസ്സരം നമസ്കരിച്ചു നിലകൊള്ളുമ്പോൾ ആ സർവ്വാംഗസുന്ദരി തൂമണംതൂകുന്ന കോമളകുസുമങ്ങളണിഞ്ഞ് പൂനിലാവുലാവിനിൽക്കുന്ന മാലതീലതയാണെന്ന് ആരും കരുതിപ്പോകും. ഇത്ര സുമധുരമായിട്ടുള്ള ഒരു സുന്ദരരൂപം കഠോരമായ ഭൂപൃഷ്ഠത്തിൽ ജന്മമെടുത്തതെങ്ങിനെയെന്ന് എനിക്കു പറവാൻ അസാദ്ധ്യമാണ്. വമ്പിച്ച കൊടുങ്കാററടിയേററ് തന്റെ സ്വർഗ്ഗീയസ്ഥാനത്തിൽ നിന്ന് ഭൂതലത്തിലേയ്ക്ക് നിപതിച്ചിട്ടുള്ള കല്പകമലർപ്പൂമാലയൊന്നായിരിക്കുമോ ഈ അത്ഭുതരൂപം എന്ന് ഞാൻ ഒരു കവിയായിരുന്നുവെങ്കിൽ ഉൽപ്രേക്ഷിക്കുമായിരുന്നു.

ചെന്തീപ്പൊരി ചിതറുന്ന വേനൽക്കാലത്തായാലും, പേമാരി കോരിച്ചൊരിയുന്ന വർഷകാലത്തായാലും, മരം കോച്ചുന്ന മഞ്ഞുകാലത്തായാലും, ഒരു ദിവസമെങ്കിലും സുനന്ദയുടെ ക്ഷേത്രത്തിൽ ഭഗവദ്ഭജനവിധി മുടങ്ങുകയുണ്ടായിട്ടില്ല. അതേ ക്ഷേത്രത്തിൽ അതേ സ്ഥലത്ത് അതേ സമയത്ത്, അതേ വേഷത്തിൽ നിത്യവും നമുക്കവളെക്കാണാം. അന്യോന്യസമ്മർദ്ദത്തോടുകൂടി ആക്രമിച്ചുകൊണ്ടിരിക്കുന്ന സന്തോഷസന്താപങ്ങളിൽ ഏതിനാണ് അവളുടെ മുഖം വിജയമരുളുന്നതെന്ന് അറിഞ്ഞുകൂട. ഏതായാലും ഒന്നു പറയാം; അവളുടെ വദനമണ്ഡലത്തിൽ അന്യരുടെ ദൃഷ്ടിയൊന്നു ചെല്ലേണ്ട താമസമേയുള്ളൂ. അപ്പോഴേയ്ക്കും അതു മന്ദഹാസചന്ദ്രികയെ വിസരിപ്പിച്ചു തുടങ്ങും.

II

സുനന്ദയുടെ ശയനമന്ദിരത്തിൽ കിടക്കയുടെ തലയ്ക്കൽ ഭാഗത്തായി വെള്ളക്കൽ (മാർബിൾ) കൊണ്ടു് നിർമ്മിച്ചിട്ടുള്ള ചെറിയ പെട്ടി ഒന്നിരിപ്പുണ്ടു്. അതിൽക്കാണുന്ന ചുരുക്കം ചില സാധനങ്ങളിൽ പ്രധാനമായിട്ടുള്ളതു് ഒരെഴുത്താകുന്നു. അതു് അവൾതന്നെ എഴുതീട്ടുള്ളതാണെങ്കിലും അവൾ അതിനെ എല്ലാററിലും മേലേ കരുതി സൂക്ഷിച്ചുവന്നിരുന്നു. മേൽവിലാസം എഴുതീട്ടില്ലാത്തതിനാൽ ആ കത്തു് ആർക്കെഴുതീട്ടുള്ളതാണെന്നു് ഇപ്പോൾ മനസ്സിലാക്കാൻ നിവൃത്തിയില്ല. അതിലേ പ്രതിപാദ്യവിഷയം അതു് ഇന്ന ആൾക്കു് ഉള്ളതാണെന്നു വെളിപ്പെപ്പെടുത്തുന്നതാണ്. അതിനുംപുറമെ, അതെഴുതീട്ടുള്ള ആളേക്കുറിച്ചു് കുറേക്കൂടി കൂടുതലായ ഒരറിവുണ്ടാക്കിത്തരുന്നതുമാകുന്നു. അതിനാൽ ആ കത്തിനെ താഴെ പകർത്തിക്കൊള്ളുന്നു.

"എല്ലാ മനുഷ്യർക്കും അവരവർക്കു പ്രത്യേകമായി ഒന്നുണ്ടായിരിക്കും. അതു് അതിൻെറ ഉടമസ്ഥനേ സംബന്ധിച്ചിടത്തോളം അത്യന്തം സാരവത്തും അമൂല്യവും ആയിട്ടുള്ളതുമായിരിക്കും. എന്നുമാത്രവുമല്ലാ; അതിന്റെ അതിരററ വിലയിൽ വല്ലതുമെരിടിവോ കുറവോ വന്നുപോയെങ്കിലോ എന്നു ഭയപ്പെട്ടു് അതിൻെറ ഉടമസ്ഥൻ അവനായാലും, അവളായാലും, ശരി, അതിൽ മററാരാൾക്കു് ഒരു പങ്കു കൊടുക്കുകയും പതിവില്ല. അങ്ങിനെയുള്ളതൊന്നു് എനിക്കുമുണ്ടു്. ഞാൻ ഇതിനെ വ്യസനം എന്നാണു വിളി

ച്ചുവരുന്നതു്. അതിൽ മററൊരാളേയും ഭാഗഭാക്കാക്കുന്നതിന്നു് ഞാൻ വിചാരിക്കുന്നില്ല. എനിക്കവകാശപ്പെട്ടതാണെന്നു പറയത്തക്കവണ്ണം എന്റെ സ്വന്തമായി വല്ലതുമൊന്നുണ്ടെങ്കിൽ അതു് ഒന്നുമാത്രമേയുള്ളു. ഞാൻ അതിനെ അതിഭദ്രമായി എന്റെ ഹൃദയത്തിന്റെ ഹൃദയത്തിൽ വെച്ചാണു് സൂക്ഷിച്ചുവരുന്നതു്. ഈ ലോകത്തിൽ ഒരിടത്തും എനിക്കു യാതൊരു സ്ഥാനവും ഇല്ലാതായിവരുന്ന കാലമൊന്നു വരുന്നുണ്ടു്. അന്നു ഞാൻ അതിന്റെ സകല ഭാരവും നിങ്ങളേ ഏല്പിച്ചു കൊള്ളാം. അതുവരെയും അതെന്റെ സ്വന്തം മാത്രവും മററൊരാളേയും ഏല്പിച്ചു വിട്ടുവാൻ അശക്യവും ആയിരിക്കുന്നതാണു്. അതു് ആരുമേതുമൊന്നറിയാത്തനിലയിൽ ദൈവത്തിന്റെ കൈയിൽ നിന്നു് എന്റെ ഹൃദയത്തിൽ വന്നു ചേർന്നിട്ടുള്ളതാകുന്നു. ദൈവത്തിന്നു് എന്റെ പേരിലുള്ള അവിശ്വാസത്തേ ഞാൻ വേണ്ടതിൻവണ്ണം പുലത്തിപ്പോരുന്നുണ്ടു്. പച്ചപുൽപ്പടർപ്പുകൾ അന്ധകാരദന്തുരമായ ഭൂഗർഭത്തിൽ അനർഘങ്ങളായ അനേകം സാധനങ്ങളേ മറച്ചുവച്ചുംകൊണ്ടിരിക്കുന്നതുപോലേ, ഞാൻ പുഞ്ചിരിയാകുന്ന പൂമ്പട്ടിൽ ദുഃഖമാകുന്ന ആ അക്ഷയ നിധിയെ പൊതിഞ്ഞൊളിച്ചു വച്ചിരിക്കുകയാണു്. നിങ്ങളുംകൂടി കള്ളച്ചിരിചിരിച്ചു് പലതവണയും എന്റെ മുഖത്തു് നോക്കുകയുണ്ടായിട്ടുണ്ടു്.

അതുകൊണ്ടു് എപ്പോഴാണു് നിങ്ങൾ ഈ കണ്ണീരിന്റെ കഥ വിശ്വസിക്കുക എന്നു് എനിക്കു നിശ്ചയമില്ല.

ഒരു മനുഷ്യശിശുവിന്റെ ജനനം പ്രകാശവും സന്തോഷവും നിറഞ്ഞ ഒരു ലോകത്തിലാകുന്നു. എന്നാൽ എന്റെ ജീവിതമാകട്ടെ എന്നേ ഒരിക്കലെങ്കിലും സ്വാഗതം ചെയ്തിട്ടില്ലാത്തതായ ഒരു ലോകത്തിലാണു് കാലൂന്നിയിട്ടുള്ളതു്. എന്നേ തന്റെ കുളിർകരം കൊണ്ടെങ്കിലും താലോലിച്ചിട്ടുള്ള ഒരേ ഒരാൾ മാത്രമേ ബാഷ്പപൂർണ്ണമായ നേത്രങ്ങളോടുകൂടിയാണെങ്കിലും ഈ ലോകത്തിലെന്നേ സ്വാഗതം പറഞ്ഞു സ്വീകരിച്ചിട്ടുള്ളു. എന്റെ പ്രിയമാതാവിന്റെ ശീതളങ്ങളായ കരങ്ങളൊഴികെ ലോകത്തിലുള്ളവയെല്ലാം എന്നെ സംബന്ധിച്ചിടത്തോളം തീരെ നിരർത്ഥകങ്ങളായിട്ടുള്ളവയാകുന്നു. എന്നേ ഈ ലോകത്തോടു സംഘടിപ്പിച്ചിരുന്ന ഒരു ബന്ധം എന്റെ അമ്മയുടെ വാത്സല്യം ഒന്നുമാത്ര

മാണ്. ഒരു സാധാരണ ശിശുവിന് ലോകമാസകലം കൂട്ടാളരും കളിച്ചങ്ങാതികളും നിറഞ്ഞിട്ടുള്ളതാകുന്നു. ഒരു ശിശു ലോകത്തിൽ ചിലരേ രക്തബന്ധംകൊണ്ടും മററു ചിലരേ സ്നേഹസന്തോഷംകൊണ്ടും ആകർഷിച്ചിട്ട് തന്നോടു സുദൃഢമായി ബന്ധിക്കുന്നു. ശിശുവാകുന്ന ചക്രവൎത്തിക്ക് ലോകമത്രയും സേവനം ചെയ്യുന്ന ഒരടിമയാകുന്നു. മുഗ്ദ്ധശിശുവിൻെറ ചെന്തളിർ വിരലുകൾ ചെയ്യുന്ന നിർദ്ദേശങ്ങൾക്കു കിങ്കരഭാവം വഹിക്കാത്ത മനുഷ്യൻ അതീവ അധന്യനാകുന്നു. എന്നാൽ എനിക്കാകട്ടെ, എൻെറ ജനനമുഹൂർത്തം മുതൽ ലോകം വിപൎയ്യസ്തവും വിമുഖവുമായിട്ടാണ് ഇരുന്നിട്ടുള്ളത്. ആരുമായിട്ടുള്ള രക്തബന്ധം കൊണ്ടാണ് ഞാൻ ബന്ധിക്കപ്പെട്ടിരിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂട. ഒരാളും ഒരിക്കലെങ്കിലും ശരിയായിട്ടുള്ള സ്നേഹവഴിക്കെന്നേ പ്രാപിച്ചിട്ടുള്ളതായി ഞാനോൎക്കുന്നില്ല. അചേതനവും മൂകവുമായ പ്രകൃതിയാണ് എൻെറ പ്രേമസർവ്വസ്വമായ നമ്മസഖി; മാനുഷികവികാരങ്ങളുടെ വിചിത്രതരങ്ങളായ ലീലകളിൽ ഞാൻ തീരെ അപരിചിതയായിട്ടുള്ള ഒരുത്തിയാകുന്നു.

എൻെറ ബാല്യസ്മരണകൾ അതിദുർബലങ്ങളായ വെറും ചില നിഴലുകൾ മാത്രമാകുന്നു. ഈ നിഴലുകൾ തിരിച്ചറിയുന്ന വിധത്തിൽ വിശദമായിരിക്കുന്ന ഒരാകൃതിയെ കൈക്കൊണ്ട് ഉറച്ചു നിൽക്കുന്നതിനു തക്കവണ്ണമുള്ള ഒരു നമ്മസഖിയോ പ്രധാന സംഭവമോ എൻെറ ബാല്യത്തിൽ ഉണ്ടായിട്ടില്ല. അക്കാലത്തെപ്പററി ചിന്തിക്കുമ്പോഴൊക്കെയും, ഒരേ ഒരൊററ ഒന്നു മാത്രമേ എൻെറ ഹൃദയത്തിൽ തെളിഞ്ഞു പതിയാറുള്ളു. അത് എൻെറ പ്രിയമാതാവിൻെറ കണ്ണീരണിഞ്ഞ മുഖമല്ലാതെ മറെറാന്നുമല്ല.

എൻെറ ജീവിതത്തിൻെറ പിൻപുറത്തേയ്ക്ക് തിരിഞ്ഞു നോക്കുന്ന സമയത്ത്, മററുള്ളതിനേയെല്ലാം മാററി നിറുത്തിക്കൊണ്ട് മുന്നോട്ടു വരുന്ന സ്മരണ കണ്ണീരിൻേറയും കരച്ചിലിൻേറയുമാണ്. ഞാനെൻെറ അമ്മയുടെ "പിന്നാമ്പുറത്തിലൂടെ കൈകൾ നീട്ടി കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ട് അവ്യക്തഗൽഗദസ്വരത്തിൽ എന്തോ പുലമ്പിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ എൻെറ അമ്മയുടെ കണ്ണുകളിൽ നിന്ന് ചുടുകണ്ണീർക്കണങ്ങൾ ഇടമുറിയാതെ ചൊരിഞ്ഞുകൊണ്ടിരുന്നത് ഞാനിപ്പോ

ഴം ഓൎക്കുന്നുണ്ട്. തുമഞ്ഞു തുള്ളികൾ നിറഞ്ഞ വെള്ളത്താമർ പ്പൂവുപോലെയുള്ള കണ്ണീർക്കണങ്ങളണിഞ്ഞ എന്റെ മാതാവി ന്റെ മുഖം ഇതാ എന്റെ ഹൃദയത്തിൽ നിഴലാടുന്നു! ആ സമയ ത്തു് ഒരു വൃദ്ധനായ മനുഷ്യൻ എന്റെ അമ്മയുടെ സമീപത്തു നിൽക്കുന്നുണ്ടായിരുന്നു. വെൺനുരപോലെ വെളുത്ത അദ്ദേഹ ത്തിന്റെ നരച്ച ശിരസ്സ് ആൎക്കും ബഹുമാനനീയമായിരുന്നു. അ ദ്ദേഹത്തെ നോക്കി അമ്മ പറയുകയാണ് "ഈ പാവപ്പെട്ട സാ ധനത്തേ ഞാൻ നിങ്ങളിൽ ഭരമേല്പിക്കുവാൻ പോവുകയാണ്. എത്ര നീചയും നിർഘൃണയും ആയ സ്ത്രീയാണ് ഞാനെന്നു നോക്കു. ഈ നിലയിൽ ഞാൻ എന്റെ കൊച്ചോമനയെ രക്ഷി ക്കുന്നതിനു ശക്തയല്ലാതെയാണിരിക്കുന്നതു്.

വൃദ്ധൻ ഒന്നും പറയാതെ എന്നെ എടുത്തുകൊണ്ടു പോവു ന്നതിനായി ചുക്കിച്ചുളിഞ്ഞു മെലിഞ്ഞിട്ടുള്ള തന്റെ കൈകൾ നീ ട്ടി. ഞാൻ ഒന്നുകൂടി ചേൎന്നുനിന്ന് അമ്മയെ കെട്ടിപ്പിടിച്ചു പററി നിന്നു. അപ്പോൾ എന്റെ അമ്മയുടെ നയനങ്ങളിൽ നിന്ന് ധാ രധാരയായി കണ്ണീർ പുറപ്പെട്ട് എന്റെ ശിരസ്സിൽ വന്നു വീണി രുന്നു. അന്നെനിക്കു ലോകം എന്നതു് എന്റെ അമ്മമാത്രമൊ രാൾ മാത്രമായിരുന്നെന്ന് ഞാൻ മുമ്പേ പറയുകയുണ്ടായിട്ടുണ്ടെ ല്ലോ. അതുകൊണ്ട് അപ്പോൾ എനിക്കു തോന്നിയതു് എന്നോ പി രിഞ്ഞതോൎത്തു് ലോകം കണ്ണീർ ചൊരിയുകയാണെന്നായിരുന്നു. നീട്ടിക്കാണിച്ച വൃദ്ധന്റെ കൈകൾ ഒട്ടുംതന്നെ എന്നെ ആകർ ഷിച്ചില്ല. ഞാൻ വലിയ പാരവശ്യത്തോടുകൂടി അദ്ദേഹത്തെ ഒ ന്ന് ഉററുനോക്കി ഭയങ്കരമായ ഭാവിയുടെ സൂചനകളോടുകൂടി എ ന്റെ മാൎത്തടത്തിൽ കണ്ണുനീർ പൊഴിച്ചുകൊണ്ടിരുന്ന അമ്മ യെപ്പററിയല്ലാതേ, ഭാവിയിൽ സംഭവിക്കുന്നതിനേക്കുറിച്ചു് ചി ന്തിച്ചറിയുന്നതിനു തക്ക തന്റേടം എനിക്കുണ്ടായിരുന്നില്ല. കരു ണരസപ്രധാനമായ ആ ബാഷ്പ നാടകത്തിന്റെ അഭിനയം അന്ന് എത്രനേരം ഉണ്ടായി എന്നതിനേപ്പററി വ്യക്തമായ ഒ രോൎമ്മ എനിക്കില്ല. എന്നാൽ ഒടുവിൽ വൃദ്ധന്റെ കരാളമായ കരദണ്ഡങ്ങൾ എന്നേ അമ്മയുടെ കുളിർകൈകളിൽനിന്നും ബലേന പിടിച്ചു വലിച്ചെടുത്തതും അപ്പോൾ പരിസരം തീരെ അന്ധകാരമയവും ശൂന്യവും ആയിരുന്നതും ഞാനിപ്പോൾ സ്വ പ്നപ്രായമായി ഓൎക്കുന്നുണ്ട്. എന്റെ അമ്മ പെട്ടെന്ന് അക

ത്തേയ്ക്കു് ഓടിപ്പോയി. തന്റെ ധൈര്യവും ശക്തിയും തന്നെ കൈവെടിയുന്നതിനു മുമ്പായി, കരുണാമയമായ ആ രംഗത്തിൽ നിന്നു കടന്നുകളയുന്നതു് അവൾക്കു് അത്യാവശ്യകമായിരുന്നു.

അശ്രുകലുഷമായ മുഖത്തോടുകൂടി അമ്മ അവ്യക്തമായ അനുഗ്രഹവചനവും അരുളിക്കൊണ്ടു് വാതലിൻപഴുതിൽകൂടി എന്നെ ഒന്നു നോക്കി. അതു അവസാനത്തിലുള്ള നോട്ടമായിരുന്നു. പിന്നെ ഞാനെന്റെ അമ്മയെ കാണുകയേ ഉണ്ടായിട്ടില്ല. അവർ ആരായിരുന്നുവെന്നുകൂടി എനിക്കിപ്പോഴം വിവരമില്ല. പിരിയുന്ന അവസരത്തിൽ അമ്മ അരുളിയ വാക്കും എനിക്കിപ്പോഴം ഓർമ്മയില്ല. എന്റെ മൂർദ്ധാവിൽ മുകന്നപ്പോഴം ചൊരിഞ്ഞ കണ്ണീരിന്റെ കാര്യം മാത്രം എനിക്കിപ്പോഴം ഓർമ്മയുണ്ടു്. എനിക്കീലോകത്തിൽ ന്യായമായി അവകാശപ്പെട്ടിരുന്ന ഒരേ ഒററയാൾ എന്റെ അമ്മയും, അവരിൽ നിന്നു് അവകാശവഴിക്കു സിദ്ധിച്ചിട്ടുള്ള സമ്മാനം അഥവാ സ്വത്തു് അവരുടെ കണ്ണീരുമാകുന്നു.

ഈ വിലപിടിച്ച മുതലിനെ അവലംബിച്ചാണു് എന്റെ ഭാവിജീവിതവ്യാപാരം ആരംഭിച്ചിട്ടുള്ളതു്. കാലം എന്നെ അതിനോടുകൂടി ചേർത്തു് അതിനെ വേണ്ടപോലെ വർദ്ധിപ്പിച്ചുവന്നു. എന്നാൽ മൂലധനം എന്റെ അമ്മയുടെ സമ്മാനംതന്നെയാണു്.

വാസ്തവത്തിൽ ഞാൻ സ്നേഹപൂർണ്ണമായ ഒരു ഹൃദയത്തോടുകൂടിത്തന്നെയാണു് ജനിച്ചിട്ടുള്ളതു്. പക്ഷേ, ഞാൻ ആ സ്നേഹത്തെ ഒന്നാമതായി ആരിൽ സമർപ്പിച്ചുവോ, ആ ആൾ സൂര്യോദയത്തിൽ മങ്ങിമയങ്ങിയ നക്ഷത്രംപോലെ എന്റെ ജീവിതപ്രഭാതത്തിൽ പെട്ടെന്നു് അസ്തമയം പ്രാപിച്ചുകളഞ്ഞു. കണ്ണീരും കൈയുമായിക്കഴിയുന്നതിനാണു് എന്റെ തലയിൽ എഴുതീട്ടുള്ളതെന്നു് എനിക്കു ബോധപ്പെട്ടു. ചിരിയും കളിയും സന്തോഷവും സുഖവും വീതിച്ചുകൊടുത്തപ്പോൾ വിധി എന്നെയങ്ങു വിസ്മരിച്ചുപോയിരിക്കാം. ഞാൻ എന്റെ വിധിയോടു ശണ്ഠപിടിക്കുകയും, എന്റെ അതിനൊത്ത സ്വഭാവത്തോടു പല വുരു മല്ലിടുകയും ചെയ്തുനോക്കി. വിധിയുടെ അവിഹിതമായ വിധിയെ നിഷേധിക്കുന്നതിനുതന്നെ നിശ്ചയിച്ചു. കർക്കശനായ എ

ന്റെ നേതാവ്, എന്നെ എന്റെ അമ്മയുടെ ആശ്ലേഷത്തിൽനിന്ന് വിടുത്തി തന്റെ വീട്ടിലേയ്ക്കു കൊണ്ടുപോന്ന രീതി മുതൽ ഞാൻ എന്റെ നേത്രങ്ങളിൽ നിന്നു കണ്ണുനീരിനെ നിഷ്കാസനം ചെയ്തുതുടങ്ങി.

നവീനവസതിയിൽ വന്നതിനുശേഷം ഞാൻ ആദ്യം കുറച്ചു ദിവസം ഏകാന്തമൌനത്തോടുകൂടിയാണ് കഴിച്ചുകൂട്ടിയതു്. എന്റെ പ്രിയമാതാവിന്റെ കരവല്ലികളിൽ നിന്ന് വിട്ടതിൽ പിന്നീടു് ശരണീകരിച്ചതായ ശയ്യയിൽ നിന്ന് എത്രതന്നേ ആവശ്യപ്പെട്ടിട്ടും ഞാൻ എഴുന്നേററു മാറിയില്ല. പാനാശനങ്ങൾ നടത്തുന്നതിൽപ്പോലും ഞാൻ വൈമനസ്യം പ്രദൎശിപ്പിച്ചു. എന്നോടൊപ്പം എന്റെ നേതാവായ ആ വൃദ്ധനും വൃഥാ ക്ഷമയോടുകൂടി ക്ലേശിക്കുവാൻ സന്നദ്ധനായി. വൃദ്ധൻ എന്നേ സ്വന്തം കൈകൊണ്ടുതന്നേ ഊട്ടുന്നതിനു പുറപ്പെട്ടു. ഞാൻ കോപത്തോടുകൂടി അദ്ദേഹത്തിന്റെ കൈകൾ തട്ടിമാററുകയും, വായ തീരെ തുറക്കാതേ കൂട്ടുകയും ചെയ്തുകിടന്നു. സമ്മതംകൂടാതേ ബലേന വായ തുറപ്പിക്കാമെന്നു കരുതി കൈകൊണ്ടു് ചുണ്ടുകൾ അമത്തിപ്പിടിക്കുകകൂടിച്ചെയ്തു. ആ സാധുവൃദ്ധൻ ഞാൻ ഭക്ഷണം കഴിക്കുന്നതും കാത്തുകാത്തു് ചിലപ്പോൾ വൈകുന്നേരംവരേയും പട്ടിണി ഇരുന്നിട്ടുണ്ടു്.

തന്റെ രക്ഷയിൽപ്പെട്ട ചെറുകുട്ടിയെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി വൃദ്ധൻ ‘പഠിച്ച പണി പതിനെട്ടും’ എടുത്തുകൂട്ടിനോക്കി. എന്റെ കിടപ്പുമുറി ക്രമേണ കളിക്കോപ്പുകളുടേ ഒരു ‘പ്രദൎശന’ സ്ഥലമായിത്തീൎന്നു. പൂന്തോട്ടത്തിലെ വിശേഷപ്പെട്ട പൂച്ചെടികളെല്ലാം എന്റെ മുറിയിൽ സ്ഥലംപിടിച്ചു എന്നു മാത്രമല്ല, ദിവസംപ്രതി അനേകം ബാലികാബാലന്മാർ എന്റെ ശയനമുറിയിൽ വന്ന് മുഖംകാണിച്ചു തുടങ്ങി. എന്റെ സഖ്യം സ്വീകരിക്കുവാൻ വേണ്ടി വൃദ്ധൻ കൈക്കൂലികൊടുത്തു സന്തോഷിപ്പിച്ചിട്ടാണ് ആ കുട്ടികളെ കൊണ്ടു വന്നിരുന്നതു്. അതേവരെ എനിക്കു് യാതൊരു ചങ്ങാതിയും ഉണ്ടായിട്ടില്ലാത്തതിനാൽ അവരോടു മേളിച്ചു കളിക്കുന്നതിന് താല്പൎയ്യം തോന്നി. എന്റെ രക്ഷിതാവായ വൃദ്ധൻ ഇപ്പോൾ സന്തോഷസമാധാനങ്ങളേ സൂചിപ്പിക്കുന്ന നെടുവീൎപ്പു വിട്ടുംകൊണ്ടാണ് എന്റെ സ്വഭാവഗതി

യേ സമീക്ഷണംചെയ്തത്. എന്തിനു പറയുന്നു? എവിടെനിന്നോ എന്നറിഞ്ഞില്ല പ്രഭാതത്തിൽ വെള്ളത്താമരപ്പൂവിലെന്നപോലെ എൻേറ മുഖത്തിൽ മന്ദഹാസലക്ഷ്മിവന്നുചേൎന്നു നിശ്ശബ്ദവും ശൂന്യവുമായ ആ നിൎജ്ജീവഗൃഹം എനിക്കു ക്രമേണ ഒരു സാക്ഷാൽ ഗൃഹത്തിൻേറ പ്രീതിയെ ജനിപ്പിച്ചു. ഞാൻ വൃദ്ധനെ മുത്തച്ഛൻ എന്നു് വിളിക്കുവാൻ തുടങ്ങി. പലിത രോമങ്ങളാൽ ധവളിതമായിരുന്ന വൃദ്ധൻേറ മുഖം കുറേക്കൂടി ധവളിതമായിച്ചമഞ്ഞു. അദ്ദേഹം എന്നേ 'സുനന്ദ' എന്നാണു് പേർ വിളിച്ചതു്. വേറെ വല്ലപേരും എനിക്കുണ്ടായിരുന്നുവോ എന്നറിഞ്ഞുകൂടാ.

കുറച്ചുകൂടി മുതിൎന്നപ്പോൾ മുത്തച്ഛൻ എന്നേ ശിവപൂജാവിധികൾ പഠിപ്പിച്ചു. ഞാൻ പലേയിടത്തും പൎയ്യേഷണം ചെയ്തിരുന്ന ആ സാക്ഷാൽ സന്തോഷത്തേ അതിൽ കണ്ടെത്തി. ഈശ്വരനു് എല്ലാവരോടും സംസാരിക്കാൻ സാധിക്കുമെന്നും എല്ലാവൎക്കും ഈശ്വരനോടു് ആവശ്യപ്പെടുവാനും കഴിയുമെന്നും മുത്തച്ഛൻ എനിക്കുപദേശിച്ചിരുന്നു. ഞാൻ ദൈവത്തിൽ നിഷ്കളങ്കമായി വിശ്വസിച്ചുവന്നു. എത്ര ഗുരുതരമായ ദുഃഖവും സന്തോഷമായി മാററുന്നതിനു ദൈവത്തിനു ശക്തിയുണ്ടെന്നു് എനിക്കു ബോധമുണ്ടായിരുന്നു. സന്ധ്യയ്ക്കു് ഭഗവൽസ്സന്നിധാനത്തിൽ ഭക്തിബഹുമാനപുരസ്സരം വന്ദനം ചെയ്തു നില്ക്കുമ്പോൾ എൻെറ ഹൃദയത്തിൽ തോന്നുന്നതെല്ലാം ഞാൻ എൻെറ ഭഗവാനോടു പ്രാൎത്ഥിച്ചിരുന്നു. എനിക്കു വിശ്വസിക്കാനായി ലോകത്തിൽ ഒരു മനുഷ്യനുമില്ല. എനിക്കു ബന്ധമുള്ള ഒരാൾ ഉണ്ടായിരുന്നാലല്ലേ അങ്ങനേ വേണ്ടതുള്ളൂ! ഞാൻ എൻെറ കാണികൾക്കു് ഒരു മന്ദഹാസം മാത്രമേ കൊടുത്തിരുന്നുള്ളൂ. അതുകൊണ്ടു് എൻെറ ഹൃദയമാകുന്ന ബാഷ്പകൂപത്തിനുള്ള ആഴം എത്രത്തോളമുണ്ടെന്നു് ദൈവത്തിനു മാത്രമേ നിശ്ചയമുണ്ടായിരുന്നതുള്ളൂ.

മുത്തച്ഛൻെറ ഭവനത്തേപ്പററി എനിക്കു് ശ്രദ്ധയും താല്പൎയ്യവും ഉണ്ടാകാതെ ഇരുന്നില്ല. എന്നാൽ അതുകൊണ്ടൊന്നും എനിക്കു മററു കുട്ടികളുടേയും എൻേറയും മദ്ധ്യത്തിൽ വിസ്തൃതമായ ഒരു മരുഭൂമി കിടക്കുന്നുണ്ടെന്ന കഥ വിസ്മരിക്കുവാൻ സാധിച്ചില്ല. കളിക്കാനും ഉണ്ണാനും മററും എനിക്കു് തന്നെത്താൻ സാധി

ക്കാതിരുന്ന നന്ന ചെറുപ്പകാലത്തു് മുത്തച്ഛൻ തന്നെയാണു് എന്നെ കുളിപ്പിക്കുകയും ഊട്ടുകയും ഒക്കെ ചെയ്തിരുന്നതു്. പാവം. ആ വയസ്സൻ അന്ന ചിലപ്പോൾ നാമജപത്തിനു മുമ്പു് എന്നെ തൊട്ടു് ശുദ്ധം മാറീട്ടു് എത്രതവണ മരം കോച്ചുന്ന മഴയത്തും തണുപ്പത്തും പോയി കുളിച്ചു വന്നിട്ടുണ്ടു്. എന്നാൽ താൻ അങ്ങിനെ ചെയ്തിരുന്നതൊന്നും ഞാൻ അറിയരുതെന്ന കരുതി അദ്ദേഹം വളരെ അധികം ക്ലേശിക്കുകയുണ്ടായിട്ടുണ്ടു്. പക്ഷേ ഉത്താനബുദ്ധികളായ സാധാരണ ശിശുക്കളുടെ ദൃഷ്ടികളെ ബാധിക്കുന്ന സ്നേഹവിഭ്രാന്തി ലേശവും സ്പർശിച്ചിട്ടില്ലാത്ത എന്നെപ്പോലെയുള്ള ഒരു ശിശുവിൻെറ ദൃഷ്ടിയെ വഞ്ചിക്കുക എന്നുള്ളതു് വളരെ അസാദ്ധ്യമായിട്ടുള്ളതാണല്ലോ! ഞാൻ എപ്പോഴെങ്കിലും അദ്ദേഹത്തിന്റെ കളവുകൾ കണ്ടുപിടിക്കുന്നതായിരുന്നാൽ സമാധാനം ചോദിക്കുമോ എന്ന ഭയന്നു് അദ്ദേഹം അക്ഷണത്തിൽ അവിടെ നിന്ന കടന്ന കളയും. പരമാർത്ഥത്തിൽ എനിക്കു് ആരുടെയെങ്കിലും അടുക്കേ സമാധാനം ചോദിക്കുവാനോ, പരാതി ബോധിപ്പിക്കുവാനോ ഒരു ന്യായവും ഇല്ല. എൻെറ ദൈവത്തിൻെറ അടുക്കൽ മാത്രമേ ഞാൻ പരാതി കൊണ്ടു ചെന്നിരുന്നുള്ളു. ഞാൻ ഒന്നും കാണുകയും അറിയുകയും ചെയ്യുന്നില്ല എന്ന നാട്യത്തിൽ പുഞ്ചിരികൊണ്ടും കൊഞ്ചൽ കൊണ്ടും അദ്ദേഹത്തിൻെറ ദൃഷ്ടികളേ വ്യാമോഹിപ്പിക്കുവാൻ ശ്രമിച്ചിരുന്നു. പലരും പലപ്പോഴും അദ്ദേഹത്തോടു് ഞാൻ ആരാണെന്ന ചോദിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്. ഞാൻ കേൾക്കവേ അതിനു മറുപടി പറയുന്നതിൽ അദ്ദേഹത്തിനു വലുതായ വൈമനസ്യമുള്ളതുപോലെ കണ്ടു. അതുകൊണ്ടു് ചോദിക്കുന്ന ആളുകളോടു ഞാൻ അദ്ദേഹത്തിൻെറ ദത്തുപുത്രിയാണെന്നു് ഇടയ്ക്കു കേറിപ്പറഞ്ഞു് ഞാൻ മിക്കപ്പോഴും അദ്ദേഹത്തെ ചോദ്യങ്ങളുടെ ദംഷ്ട്രങ്ങളിൽ നിന്നു് വീണ്ടെടുത്തിരുന്നു.

കാലം കുറച്ചിങ്ങനേ കഴിഞ്ഞുകൂടി. വൃദ്ധൻെറ ദേഹത്തിനു ശേഷിയും സ്വാധീനവും കുറഞ്ഞുതുടങ്ങി. ഒരു ദിവസം കേട്ടു, അദ്ദേഹം എന്നെയും കൂട്ടിക്കൊണ്ടു് സ്വദേശത്തുള്ള സ്വന്തം ഭവനത്തിലേയ്ക്കു പോകുകയാണെന്നു. എവിടെ വച്ചു ആദ്യം കണ്ണു തുറന്നുവോ അവിടെ വച്ചുതന്നെ അവസാനത്തിൽ അതടയ്ക്കുകയും ചെയ്യണമെന്നായിരുന്നു മുത്തച്ഛൻെറ വിചാരം.

ചെമന്ന ഇഷ്ടികകൾ കൊണ്ടു് കെട്ടിപ്പടുത്തിട്ടുള്ള ആ ഭവനത്തിൽ ഞങ്ങൾ വന്നെത്തിയപ്പോൾ അറിടെയുള്ള വിസ്തൃതമായ പൂവാടിയിൽ ഋതുരാജാവായ വസന്തദേവൻെറ അകമ്പടിക്കാരായ സഹകാര മഞ്ജരികൾ ആവിർഭവിച്ചതും ഒന്നിച്ചായിരുന്നു. ഞങ്ങൾ വന്നു നോക്കിയപ്പോൾ ആ വീടു് അരയന്നങ്ങളൊഴിഞ്ഞ സരസ്സുപോലെ ശൂന്യവും മൂകവുമായിട്ടാണിരുന്നതു്. പണ്ടൊരു കാലത്തു് ആ വീടു് അനേകമാളുകളുടെ ആവാസമായും അനവധി അടിയന്തിരങ്ങളുടേയും ആഘോഷങ്ങളുടേയും പ്രദർശനമായിരുന്ന ഒന്നാണു്. ഇപ്പോൾ അതിലെ സൽക്കാരശാലകളും മററും മാറാല കെട്ടി മശകമക്ഷികാദികളുടെ നാടകശാലകളായിട്ടാണു് സ്ഥിതിചെയ്യുന്നതു്. മുത്തച്ഛൻ ഒരു കാലത്തു് വലിയൊരു കുബേരനായിരുന്നുപോലും. അന്നു അദ്ദേഹത്തിനു മക്കളായും മക്കൾമക്കളായും മരുമക്കളായും അനവധിപേർ എപ്പോഴും ഒരുമിച്ചുണ്ടായിരുന്നു. അദ്ദേഹവുമായി ഒരു ചാർച്ചയോ ചേർച്ചയോ ഇല്ലാത്തവരായി ആരും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ കുബേര പ്രൌഢിയുണ്ടാക്കിയ ധനലക്ഷ്മി അദ്ദേഹത്തെ വിട്ടുപോയ പോക്കിൽ ചാർച്ചക്കാരൊക്കെയും അവളുടെ സ്ഥിരതയില്ലാത്ത പാദങ്ങളെ പിൻതുടരുകയാണു് ചെയ്തതു്. ഒടുവിൽ അദ്ദേഹത്തിനു ശേഷിച്ചതു് ഒരു പൌത്രൻ മാത്രമാണു്. ഈ ഘോരമായ ദശാന്തരത്തിൽ അദ്ദേഹം തന്നെ പൌത്രനേയും ദേശത്തേയും ഉപേക്ഷിച്ചുംവച്ചു് എവിടേയോ കടന്നുകളഞ്ഞു. നശിക്കുന്നതിനു വേണ്ടി മാത്രം ഉണ്ടാകുന്ന ജീവിതത്തെ വച്ചു പുലർത്തിയിട്ടു് ആവശ്യമില്ലെന്നു അദ്ദേഹത്തിനു തോന്നിയിരിക്കാം.

മൃത്യുദേവതയുടെ ക്രൂര ദംഷ്ട്രങ്ങൾ പുറത്തേയ്ക്കു കണ്ടതോടുകൂടി അദ്ദേഹം മായാബന്ധവശേന പിന്നേയും ശൂന്യമായ സ്വഗൃഹത്തിലേയ്ക്കു തിരിച്ചുവന്നു. വീട്ടിൽ എത്തിയതിൻെറ ശേഷം അദ്ദേഹം പറയുകയാണു് "ഞാൻ എൻെറ ജീവിതത്തിൽ അധികഭാഗവും ആർക്കെല്ലാംവേണ്ടി വിനിയോഗിച്ചുവോ അവർക്കായിട്ടുതന്നേ എൻെറ ജീവിതസർവ്വത്തേയും ദാനം ചെയ്തുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു് ഇനി മരണത്തിലും അവരേ പിരിഞ്ഞിരിക്കണമെന്നു കരുതുന്നില്ല. ഇതാ പിതാമഹന്മാരെല്ലാരും കൂടി അവരുമായിച്ചേരട്ടേ."

അതേ, ഈ സ്ഥലത്തുവച്ചാണ് ഞാൻ ഒന്നാമതായി നിങ്ങളെക്കണ്ടിട്ടുള്ളത്. ആളൊഴിഞ്ഞു ഇരുട്ടടഞ്ഞു കിടന്നിരുന്ന ഈ ഭവനത്തിൽ, കരിമുകിൽ തിരതിങ്ങി നക്ഷത്രരാശികൾ മറഞ്ഞുപോയിട്ടുള്ള നഭോവീഥിയിൽ വാറൊളി മിന്നൽ എന്നപോലെയാണ് പ്രകൃതിസുഭഗനായ നിങ്ങളേ ഞാൻ കണ്ടത്. അതു കഴിഞ്ഞിട്ടിപ്പോൾ കാലം കുറേയേറെയായിരിക്കുന്നു. അന്നത്തേ ആ ദിവസം നിങ്ങളിപ്പോഴും ഓർമ്മിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിൽ ഞാൻ അത്ഭുതപ്പെടുകതന്നെ ചെയ്യുന്നു.

അന്ന് നദി നീലനിർമ്മലമായ പ്രവാഹഭുജങ്ങൾകൊണ്ട് കയത്തോളം എത്തിച്ചു കെട്ടീട്ടുള്ള കുളിക്കടവിലെ കല്പടവുകളെ തലോടിയുംകൊണ്ട് നമ്മുടേ ഭവനത്തിന്റെ അരികിൽക്കൂടി ഒഴുകിയിരുന്നത് നിങ്ങൾ ഇപ്പോഴും ഓർമ്മിക്കുന്നുണ്ടോ? എന്നാൽ ഇന്നത്തേയ്ക്കു് അതിന്റെ മട്ട് ആകേയൊന്നു മാറിച്ചമഞ്ഞിരിക്കുന്നു. ഒഴുക്കിന് ആഴവും ശക്തിയും തീരെ കുറഞ്ഞിരിക്കുന്നതിനാൽ പടവുകളും പുളിനങ്ങളും പൊന്തിവന്ന് ദയനീയമായ ഒരു നിലയെ പ്രാപിച്ചിരിക്കുന്നു. പടവുകളെല്ലാം ഇറങ്ങിക്കടന്ന് മണൽപ്പുറത്തുകൂടെ കുറച്ചുദൂരം നടന്നുചെന്നാൽ മാത്രമേ ഇപ്പോൾ വെള്ളമുള്ളിടത്ത് എത്തുവാൻ സാധിക്കയുള്ളു. പുഴയുടെ വക്കത്ത് പഴമക്കാർക്കുപോലും ഓർമ്മയില്ലാത്ത ഒരനാദികാലം മുതൽ പെരുതായ അരയാൽ വൃക്ഷങ്ങൾ നീലനിറം പൂണ്ട നദീജലത്തിൽ നിഴലിച്ചിട്ടുള്ള തന്റെ പ്രതിമയിൽ നോക്കിക്കൊണ്ടു നിൽക്കുന്നത് നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കാം. അനേകം ശാഖോപശാഖകളോടുകൂടി പടർന്നു പറ്റിപ്പിടിച്ചു നിൽക്കുന്ന അസംഖ്യേയങ്ങളായ വേലികളുടെ ഇടയ്ക്കുള്ള മണ്ണെല്ലാം ഒഴുക്കെടുത്തുകൊണ്ടുപോയതിനാൽ ജടാപടലഭരിതമായ തന്റേ ശിരസ്സിനേ താഴേ നീട്ടി കിഴുക്കാംതൂക്കു നിന്നു തപസ്സുചെയ്യുന്ന വല്ല സാഹസികതാപസനുമായിരിക്കുമോ എന്നു ശങ്കിച്ചുപോകത്തക്ക നിലയിൽ നിൽക്കുന്ന അരയാലിന്റെ ചുവട്ടിൽ വലിയ രണ്ടു കല്ലുകൾ ഇടിഞ്ഞു വീണു കിടപ്പുണ്ട്. അവയാണിപ്പോൾ ഗ്രാമത്തിലേ ആളുകൾ കുളിച്ചുവരുന്നതായ കടവിനേ രൂപപ്പെടുത്തീട്ടുള്ളത്.

ഒരു ദിവസം പ്രഭാതത്തിൽ നേരത്തേ ഞാൻ ഉണർന്നെഴുന്നേറ്റ് കുളിക്കടവിൽച്ചെന്ന് ആ കല്ലുകളിലൊന്നിൽ കയറി ഇരിക്കുക

യായിരുന്നു. അലസഗതിയായ ആ നദി ഉദയരവിയുടെ അരുണരമണീയങ്ങളായ കരകന്ദളങ്ങളുടെ പ്രഥമചുംബനമേററു പുളകിതയായി കുങ്കുമദ്രവമണിഞ്ഞ രൂപത്തിലാകുന്നതിനു കുറച്ചു മുമ്പായിരുന്നു അതു്. പക്ഷിജാലം മധുരമായ സ്വാഗതഗാനം കൊണ്ടു് ഉദിച്ചുയരുന്ന ആദിത്യദേവനെ സ്തുതിചെയ്യാൻ ആരംഭിച്ചിട്ടേ ഉള്ളു. ഞാൻ അപ്പോൾ എന്റെ വിധിയെപ്പററി ബലവത്തായ ചിന്തനം നടത്തുകയായിരുന്നു. എനിക്കു അടുത്ത ബന്ധമുള്ള വല്ല ചാർച്ചക്കാരും ഉണ്ടോ എന്നു് എനിക്കറിഞ്ഞുകൂടല്ലോ. പിന്നെ വിധി ഏതൊരാളേയാണോ എന്റെ രക്ഷിതാവായി നിയമിച്ചിട്ടുള്ളതു് ആ ആളാകട്ടെ ഇതാ മൃത്യുവിന്റെ കരബന്ധത്തിനുള്ളിൽപ്പെട്ടുപോവുകയും ചെയ്തിരിക്കുന്നു. എന്റെ ഭാവിജീവിതത്തിന്റെ രൂപമേതുതരത്തിലായിരിക്കും? ഇപ്രകാരമുള്ള ഒരു ഗാഢചിന്തയിൽപ്പെട്ടു് ഞാനിരിക്കുമ്പോളുണ്ടു്, എന്റെ ശ്രവണപുടത്തിൽ ഒരു പദവിന്യാസശബ്ദം വന്നലയ്ക്കുന്നു. ഉടനെ തിരിഞ്ഞുനോക്കിയപ്പോൾ കാണായി എന്റെ ദൃഷ്ടികൾക്കു് കോടിസൂര്യപ്രകാശത്തിന്റെ വിഭ്രാന്തിയെ ജനിപ്പിച്ചുംകൊണ്ടു് നിങ്ങൾ പുഴവക്കിലേയ്ക്കു വരുന്നതു്. അരുണോദയത്തിലെ അല്പമായ പ്രകാശത്തിൽ നാമിരുവരും അഭിലാഷസമേതം നോട്ടങ്ങളെ അന്യോന്യവിനിമയം ചെയ്യുക ഉണ്ടായി. ആ ക്ഷണികസമയം എന്റെ ദൃഷ്ട്യാ അതിപ്രധാനമായിട്ടുള്ള ഒരു ഘട്ടം തന്നെയാകുന്നു.

ബാലന്മാരുടെ ഹൃദയം ബാലന്മാരുമായുള്ള കൂട്ടുകെട്ടിനെയാണു് ആവശ്യപ്പെടുന്നതു്. ആ സ്ഥിതിക്കു് വീട്ടിലുണ്ടായിരുന്ന ഞാനും വൃദ്ധനുമാകുന്ന രണ്ടുപേരിൽ, ബാലയായ എന്നൊത്തന്നെ ബാലനായ നിങ്ങൾ കൂട്ടിനായി തിരഞ്ഞെടുത്തതിൽ ഒട്ടും ആശ്ചര്യമില്ല. അപ്രകാരംതന്നെ ഞാൻ നിങ്ങളേയും കൂട്ടിനായി തിരഞ്ഞെടുത്തു. അതുവരേയും, ഒരാഭരണം പോലെ അലങ്കരണാവശ്യത്തിനായിട്ടുമാത്രം ഞാൻ ഉപയോഗിച്ചിരുന്നതായ എന്റെ മന്ദഹാസത്തെ അന്നുമുതൽ അതിന്റെ യഥാർത്ഥമായ ആവശ്യത്തിനായിട്ടുതന്നെ എടുത്തുപയോഗിക്കുവാൻ തുടങ്ങി. നിങ്ങളുടെ കൂട്ടുകെട്ടു് എന്റെ ഹൃദയത്തിൽനിന്നു് സകല വ്യഥകളേയും ദൂരീകരിച്ചുംകൊണ്ടു വളൎന്നു വന്നു. ലോക

ത്തിന്റെ അകവും പുറവും എനിക്ക് ഒന്നുപോലെ തേജോമയവും രമണീയവുമായി ചമഞ്ഞു. ഹാ! അന്നത്തെ അമൂല്യങ്ങളായ ആ ദിവസങ്ങൾ എത്ര ആസ്വാദ്യങ്ങളായിരുന്നു. അവ എനിക്കിപ്പോൾ പ്രഭാതത്തിൽ സൂര്യപ്രകാശം തട്ടിയ മഞ്ഞുപോലെ മാഞ്ഞു മറഞ്ഞു പോകുന്ന വെറും സ്വപ്നങ്ങൾക്ക് സദൃശങ്ങളായിട്ടാണു തോന്നുന്നത്. എന്റെ ഹൃദയത്തിൽ അന്നത്തെ ചില സ്മരണകൾ തത്തിപ്പറക്കുന്ന സ്വപ്നദേവതയുടെ കനകച്ചിറകുകളിൽ നിന്ന് കൊഴിഞ്ഞുവീഴുന്ന തങ്കത്തൂവലുകൾപോലെ തിരിഞ്ഞുതിരിഞ്ഞ് അരികത്തിലണയുന്നുണ്ട്.

എന്റെ ജീവിതത്തിലെ ഇരുട്ടുകാലത്തു നേരിട്ട നഷ്ടങ്ങളൊക്കെയും ആ ചുരുക്കം ചില ദിവസങ്ങൾക്കുള്ളിൽ തീർത്തുകളയണമെന്നു നിശ്ചയിച്ചു. എന്റെ ഹൃദയവീണ താരമായ സ്വരത്തോടും രമ്യമായ രാഗത്തോടുംകൂടി മധുരമായും മൃദുവായും ഗാനംചെയ്തുതുടങ്ങി. പക്ഷേ എന്റെ അത്യന്താവേശം കൊണ്ട് അനധ്യായമില്ലാതെ ബലവത്തരമായി മീട്ടിയതുകൊണ്ടായിരിക്കാം— ഒരു ദിവസം പെട്ടെന്ന് വീണയുടെ കമ്പിയൊന്നു പൊട്ടിപ്പോയി. അന്നുമുതൽ വീണ നേരെ ശബ്ദിക്കാതായി.

സന്തോഷവും കളിയും ചിരിയുമായി കഴിഞ്ഞുകൂടിയിരുന്ന ആ കാലത്ത് നമ്മുടെ ഭവനത്തിൽ മൃത്യുവിന്റെ സന്ദേശവാഹകൻ പതുക്കെ കടന്നുകൂടി. മുത്തച്ഛൻ ദീനക്കിടക്കയെ അഭയംപ്രാപിച്ചു. അത് അദ്ദേഹത്തിന്റെ ഒടുക്കത്തെ സുഖക്കേടായിരുന്നു. ഞാൻ സന്തോഷത്തിനായി നീക്കിവെച്ചിട്ടുണ്ടായിരുന്ന ആ ദിവസങ്ങളിൽ നിന്ന് രാവിലെയും വൈകുന്നേരവും കുറച്ചു സമയം പിടിച്ചെടുത്ത് മുത്തച്ഛന്റെ അരികത്തുചെന്ന് അദ്ദേഹത്തിന്റെ രോഗാധിഗതി അന്വേഷിക്കുന്നതിനായി വിനിയോഗിച്ചു. മുത്തച്ഛൻ വിറപൂണ്ട തന്റെ കൈകൾകൊണ്ട് അരികത്തിരിക്കുന്ന എന്റെ തലമുടിയിന്മേൽ തടവിയുംകൊണ്ട് അനുകമ്പയും സഹതാപവും വഴിഞ്ഞൊഴുകുന്ന നേത്രങ്ങളാൽ എന്റെ നേരെ നോക്കിയിരുന്നു. ദിവസംപ്രതി താൻ അടുത്തടുത്തണഞ്ഞുംകൊണ്ടിരിക്കുന്ന പരമപുണ്യപദത്തേക്കാൾ കൂടുതലായി താൻ പരിത്യജിക്കുവാൻ പോകുന്ന തന്റെ ദത്തുപൌത്രിയേയാണ് അദ്ദേഹം വിചാരപ്പെട്ടിരുന്നതെന്നു മനസ്സിലായി. അവണ്ണ

നീയങ്ങളായ വിചാരങ്ങളുടേയും വികാരങ്ങളുടേയും ബഹുലതചം നിമിത്തം തിരതല്ലിക്കൊണ്ടിരുന്ന അദ്ദേഹത്തിൻെറ ഹൃദയത്തിൻെറ സ്ഥിതിയേ മുഖഭാവം വ്യക്തമായി വ്യാഖ്യാനിച്ചിരുന്നു. ഇത്രയുംനാൾ മുഴുവൻ താൻ അതിവാത്സല്യത്തോടുകൂടി വളൎത്തിക്കൊണ്ടുവന്നിട്ടുള്ള അനാഥപ്പെൺകിടാവിനേ ഒരു രക്ഷയുമെന്യേ തനിച്ചു വിട്ടുംവച്ചു് പോകുന്നതിനാണ് അദ്ദേഹം നിബ്ബന്ധിതനായിരുന്നതു്. കരളിനേ കരണ്ടു തുരന്നുകൊണ്ടിരുന്ന ഈ ചിന്താപരമ്പരയാൽ ഉത്തേജിതമായ ഉൽക്കണ്ഠ അദ്ദേഹത്തിൻെറ അന്ത്യദശയുടേ ആസന്നതയേ അനക്ഷരം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അത്ര ആശയ വിശാലതയും ഹൃദയസമുന്നതിയും സിദ്ധിച്ചിട്ടുള്ള അദ്ദേഹത്തിനുകൂടി എന്നേ എങ്ങാനുമൊന്നു തൊട്ടുപോയാൽ കുളിച്ചു ശുദ്ധിവരുത്തിയേ കഴിയൂ എന്നുണ്ടെങ്കിൽ എനിക്കുള്ള അശുദ്ധി എത്ര വമ്പിച്ച ഒന്നായിരിക്കണം. അദ്ദേഹംകൂടി എൻേറ സ്പശ്ശത്തേ അശുദ്ധമായി കരുതിയിരിക്കുന്ന സ്ഥിതിക്ക് ഇനി മററു വല്ലവരുടേയും അധീനത്തിൽ അകപ്പെട്ടുപോകുമ്പോൾ എനിക്കെന്തൊരു പ്രത്യാശയ്ക്കാണ് വകയുള്ളതു്?

ഈ വക വിചാരങ്ങൾ എന്നേ പിന്നീടാണ് ബാധിച്ചതു്. അപ്പോൾ അത്തരം അന്ധകാരമയമായ ദുശ്ചിന്തകൾക്കുവേണ്ടി ചെലവഴിക്കുന്നതിനു സമയം എനിക്കുണ്ടായിരുന്നില്ല. മുത്തച്ഛൻ ചിലപ്പോൾ എന്നേ വിളിച്ചു് കിടയ്ക്കക്കടുത്തു് പിടിച്ചു നിറുത്തി പ്രധാനപ്പെട്ട എന്തോ ചില സംഗതികൾ പറയുന്നതിനായി പാടുപെട്ടിരുന്നു. എന്നാൽ ഒരു വാക്കു പുറത്തേയ്ക്കു പുറപ്പെടുവിക്കുന്നതിനു സാധിച്ചിരുന്നില്ല. നാവിനുണ്ടായിരുന്ന പരാജയത്തേ നേത്രങ്ങൾ നല്ലപോലെ വെളിപ്പെടുത്തിയിരുന്നു. അദ്ദേഹത്തിനു എന്നോട്—തൻേറ സവ്വസ്വവും സമപ്പിച്ചിട്ടുള്ള എന്നോട്—എന്തോ ഒരു സഹായം ആവശ്യപ്പെടുവാനുണ്ടെന്നു് അദ്ദേഹത്തിൻേറ ഭാവത്തിൽനിന്നും മനസ്സിലാക്കി. എന്തൊരു സഹായം ആയിരിക്കണം അദ്ദേഹത്തിനെന്നോടാവശ്യപ്പെടുവാനുള്ളതു്?

എന്തായാലും ഞാൻ അറിയാൻവേണ്ടി ശ്രമിച്ചില്ല. അശ്രുകലുഷവും നിഷ്പ്രകാശവുമായ അദ്ദേഹത്തിൻേറ നേത്രത്തിൻേറ ആ മൂകഭാഷ വായിച്ചു മനസ്സിലാക്കുന്നതിനു വാസ്തവത്തിൽ

എനിക്കന്നു സമയമുണ്ടായിരുന്നില്ല. തേജോനിധികളായ നിങ്ങളുടേ നീലനേത്രങ്ങൾ എന്നോടെല്ലാം പ്രഭാതത്തിലും നവീനങ്ങളായ ഓരോ സരസകഥകൾ കഥനംചെയ്തുകൊണ്ടിരുന്നു. എനിക്ക് അതിൽ ശ്രദ്ധാലുവായി ഒരിക്കലെങ്കിലും ഒട്ടു വേണ്ടിയിരുന്നതുമില്ല. അതിനാൽ ഒരു കുളിർപുഞ്ചിരിയോടുകൂടി എന്തോ ചിലതൊക്കെ പറഞ്ഞുവെന്നു വരുത്തി അദ്ദേഹത്തിൻേറ തലയിണമേൽ നാലഞ്ചു തലോടലും തലോടി വേഗത്തിൽ അവിടെനിന്ന് കടന്നുകളയുകയാണ് ഞാൻ മിയ്ക്കപ്പോഴും ചെയ്തിരുന്നത്. അപ്പോഴൊക്കെ പൊട്ടിച്ചോൻ പോയിട്ടുള്ള ഒരു ഹൃദയത്തിൻേറ ഉള്ളിൽ നിന്നും നിർഗ്ഗമിക്കുന്ന സംഖ്യാതീതങ്ങളായ നിശ്വാസങ്ങൾ എന്നെ പിന്തുടർന്നുകൊണ്ടിരുന്നു. ഞാൻ അതിനെപ്പററി അശേഷവും വകവയ്ക്കുകയുണ്ടായില്ല. അന്നത്തെ അത്തരം സ്ഥിതികളെപ്പററി ശരിയായിട്ടുള്ള ഒരു ബോധം എനിക്കിപ്പോൾ കൂടിയുണ്ടെന്ന് പറവാൻ വയ്യ. എന്നാൽ അവയെപ്പററി ആലോചിക്കുന്നതിനാണ് ഇപ്പോൾ നല്ല സമയം കാണുന്നത്.

ഒരു ദിവസം പുഴവക്കത്തുള്ള പരന്ന പുൽത്തകിടിയിൽ ഇരുന്ന് നാം രണ്ടുപേരും കൂടി വെള്ളത്താമരപ്പൂക്കൾകൊണ്ട് നീളം കൂടിയ മാലയൊന്നു കെട്ടിയുണ്ടാക്കിയത് നിങ്ങൾ ഇപ്പോൾ ഓർക്കുന്നുണ്ടോ? ചരടിൻേറ ഓരോ അററം ഓരോരുത്തർ പിടിച്ച് നാമൾ ഒരുമിച്ചാണ് മാലയുടേ പണി മുഴുവനാക്കിയത്. ആ വലിയ മാലയുടെ നടുവിൽ ചെന്താമരപ്പൂവാണ് വച്ചിരുന്നതെന്നു കൂടി ഞാനിപ്പോൾ ഓർക്കുന്നു. മുത്തച്ഛന് താമരപ്പൂവിൽ വലിയ പ്രീതിയായിരുന്നതിനാൽ ആ മാലയുംകൊണ്ട് ഞാൻ അദ്ദേഹം കിടക്കുന്നിടത്തുചെന്ന് "അച്ഛാ, അച്ഛാ ഇങ്ങോട്ടൊന്നു നോക്കു. ഇതാ ഇതെത്ര അഴകുള്ള ഒരു മലർമാലയാണ്! എൻ്റേ അടിവരേ എത്തി നീണ്ടുകിടക്കുന്നുണ്ടെന്നു പറഞ്ഞു."

മുത്തച്ഛൻ മെത്തയിൽ നിന്ന് തിരിഞ്ഞുകിടന്നിട്ട് ഇങ്ങനെ പറഞ്ഞു:—"ശരിതന്നെ; നീ പൂക്കൾകൊണ്ടു മൂടിയിരിക്കുന്നുവല്ലോ. ഹാ എൻേറ മകളിപ്പോൾ സരസ്വതീദേവിയേപ്പോലെയിരിക്കുന്നുണ്ട്. അമ്മൂ, ആരാണ് നിനക്കിത്രയധികം പൂക്കളറുത്തുതന്നത്?"

"മുത്തച്ഛൻേറ പൌത്രനായ ശങ്കരനാണ് പൂവറുത്തത്" എന്നാണ് ഞാൻ മറുപടിപറഞ്ഞത്.

അതു കേൾക്കേണ്ട താമസം. മുമ്പുതന്നെ വിളർത്തിരുന്ന അദ്ദേഹത്തിന്റെ മുഖം ഒന്നുകൂടി വിളർത്തുവശമായി. എങ്കിലും അദ്ദേഹം കൃത്രിമമായൊന്നു പൊട്ടിച്ചിരിച്ചു. എന്നിട്ടു പറയുകയാണ്:—

“മകളേ നീ ചിരിയും കളിയും മാത്രമായിട്ടാണ് നാൾ കഴിച്ചു വന്നിട്ടുള്ളതു്. എന്നാൽ ജീവിതം മുഴുവൻ ചിരിക്കുക മാത്രമായിട്ടുള്ളതല്ല. കണ്ണുനീർപ്പുഴയുടെ നടുക്കുള്ള മണൽത്തിട്ടിലാണ് ജീവിതം സ്ഥിതി ചെയ്യുന്നതു്. അതുകൊണ്ട് നാം രണ്ടിനും തയാറായിട്ടു വേണം ഇരിക്കുവാൻ. അല്ലെങ്കിൽ ദുഃഖത്തിന്റെ അല ആരുമറിയാത്ത വിധത്തിൽ വന്നുകേറി നമ്മളേ ആക്രമിച്ചുകളയും. എന്റെ കുട്ടിക്കതിനിടയാകാതിരിക്കട്ടേ! നിനക്കിപ്പോൾ ഒന്നും അറിവാൻ പാടില്ല.”

ആ വേദാന്തോപദേശം എന്റെ ഹൃദയത്തിനൊട്ടൊന്നു തട്ടി. അന്നത്തെ ദിവസം ആരോടും ഏതുമൊന്നും ഉരിയാടാതെ തനിച്ചിരുന്നാണ് കഴിച്ചുകൂട്ടിയതു്. വരുവാനിരിക്കുന്ന ആപത്തിന്റെ കറുത്തിരുണ്ട നിഴലുകൾ നോക്കുന്നിടത്തൊക്കെയും എനിക്കിരുട്ടടപ്പിച്ചുതുടങ്ങി. ആപത്തെന്തൊരാകൃതിയിലായിരിക്കാം വന്നുചേരുന്നതു്? മുത്തച്ഛൻ നല്ലപോലെ തയാറായിരിക്കാൻ പറഞ്ഞുകൊള്ളുകയുണ്ടായി. ഞാൻ എന്തിനു തയാറായിട്ടാണിരിക്കേണ്ടതു്? ഒരുവേള നിങ്ങൾ തന്നെ എനിക്കു വിരുദ്ധമായി വല്ലതും മുത്തച്ഛനേ പറഞ്ഞു ധരിപ്പിക്കുകയുണ്ടായിരിക്കണം എന്നു ഞാൻ ശങ്കിക്കാതെയിരുന്നില്ല. പക്ഷേ ഞാൻ വേഗത്തിൽ ആ ശങ്കയേ അകററിക്കളഞ്ഞു. നിങ്ങളെന്തിനങ്ങിനേ ചെയ്യണം? ഞാൻ എപ്പോഴെങ്കിലും നിങ്ങളേ യാതൊന്നും ഉപദ്രവിച്ചിട്ടില്ലല്ലോ. എന്നാൽ പിന്നെ എന്റെ അമ്മ മരിച്ചിട്ടുണ്ടായിരിക്കുമോ? ആ ദുഃഖത്തിനു തയാറായിരുന്നുകൊള്ളുവാനായിരിക്കുമോ മുത്തച്ഛൻ മുന്നറിവു തന്നതു്. എന്റെ അമ്മയേ ഒടുക്കം കണ്ടയന്നു ഞാൻ തീരെ കുട്ടിയായിരുന്നു. കണ്ണുനീർക്കണങ്ങളണിഞ്ഞു് മഞ്ഞുതുള്ളികൾ ചിന്നിയ വെള്ളത്താമരപ്പൂവിന്റെ സ്മരണയേ ഉണ്ടാക്കുന്ന അമ്മയുടെ ആ മുഖത്തേ ഞാൻ എന്റെ സ്മൃതിപഥത്തിലേക്കു വിളിച്ചുവരുത്തി. പക്ഷേ എന്റെ കണ്ണുകൾ തീരെ വററി വരണ്ടാണ് കിടന്നിരുന്നതു്. അമ്മയ്ക്കുവേണ്ടി

രെതുള്ളിവെള്ളം വാൎത്തുകളയുന്നതിന് എന്റെ കണ്ണുകളിൽ ഉണ്ടായിരുന്നില്ല. അല്ലെങ്കിൽ എങ്ങിനേയാണുണ്ടാവുക? എന്നേ ആക്രാന്തം വലിച്ചെറിഞ്ഞുകൊടുത്തു് കൈയൊഴിച്ചുവിട്ട അമ്മയ്ക്കുവേണ്ടി വൃഥാ ഞാനെന്തിനു കണ്ണീർ ചെലവാക്കുന്നു? ഇങ്ങേ അററത്തുള്ള യാചകന്മാർ കൂടി തങ്ങളുടേ കുഞ്ഞുങ്ങളോടുകൂടിയത്രേ പട്ടിണികിടക്കുന്നതു്. എന്റെ അമ്മയാകട്ടെ അതുകൂടി ചെയ്യുന്നതിനു സന്നദ്ധയായില്ല. എന്റെ കരളിനേ ഞാൻ കുറേ കൂടി കൎക്കശമാക്കി. ഈ ലോകത്തിൽ ഞാൻ എന്തിനെങ്കിലും ഒന്നു ഭയപ്പെടുകയോ കരയുകയോ ചെയ്യേണ്ടതുണ്ടോ? അതിനാൽ ഞാൻ എന്റെ ഹൃദയത്തേ ചുഴന്നുകൊണ്ടിരിക്കുന്ന നിഴലുകളേയെല്ലാം അതിലേയ്ക്കു പായിച്ചു.

എങ്കിലും അന്നേദിവസം മുതൽ വിശാലം മുഴുവനും നിറഞ്ഞു വിളങ്ങിക്കൊണ്ടിരുന്ന എന്റെ ആനന്ദത്തിന്റെ പ്രകാശം ക്രമേണ മങ്ങിമയങ്ങുവാൻ തുടങ്ങി. ഞാൻ അചേതനയും അലസയും ആയിത്തീൎന്നു. വീട്ടിൽ നിന്നും പുറപ്പെടുകയേ ചെയ്യാതേ നിസ്സാരവും നിരുപയോഗവും ആയ വേലകൾക്കു വേണ്ടി വൃഥാ സമയത്തേ ബലികഴിച്ചുവന്നു. നിങ്ങൾ അന്നത്തേ എന്റെ പെരുമാററങ്ങൾ കണ്ടു് ആശ്ചൎയ്യപ്പെട്ടിട്ടുണ്ടായിരിക്കണം. ചിലപ്പോൾ കാരണം ചോദിക്കുകകൂടി ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നു. നിങ്ങളുടെ ചോദ്യത്തിനു് എന്റെ ഉത്തരം ചിരി മാത്രമായിരുന്നിരിക്കാം. ആ ചിരിയാകട്ടേ വെറും ഉള്ളിൽ തട്ടാത്തതും പൊള്ളപോലുള്ളതും ആയിരുന്നു. ഈ നിലയിൽ കുറച്ചുദിവസം അങ്ങനേ കഴിഞ്ഞുകൂടി. അന്നൊരുദിവസം നിങ്ങൾ മുത്തച്ഛന്റെ മുറിയിൽ ചെന്നു് രണ്ടു മൂന്നുമണിക്കൂറോളംനേരം താമസിക്കുകയുണ്ടായി. നിങ്ങൾ രണ്ടുപേരുംകൂടി സംസാരിച്ചതെന്താണെന്നു് എനിക്കു മനസ്സിലായില്ല. നിങ്ങൾ മുറിക്കുള്ളിൽ നിന്നും പുറത്തേയ്ക്കു പോന്ന ഉടനേ എന്നേ അങ്ങോട്ടു പറഞ്ഞയച്ചു. അകത്തേയ്ക്കു കടന്നു ചെന്ന എന്നേ അരികത്തു വിളിച്ചുനിറുത്തി മുത്തച്ഛൻ ഇങ്ങനേ പറഞ്ഞു:—
"കുഞ്ഞേ, എന്റെ ജീവിതദിവസങ്ങൾ നന്നാ മിതങ്ങളാണു്. അവയങ്ങു കഴിഞ്ഞു പോകുന്നതിനു മുമ്പായി എനിക്കു ശങ്കരനോടും നിന്നോടും ചില സംഗതികൾ പറവാനുണ്ടു്. ശങ്കരനോടു പറവാനുള്ളതു് പറഞ്ഞുകഴിഞ്ഞു. ശങ്കരൻ ഒരാളായിത്തീൎന്നിട്ടു

ണ്ട്. അവന് അവൻെറ കാര്യം നോക്കാറായിരിക്കുന്നു. എന്നാൽ എൻെറ ചെല്ലമേ, നിന്നെ ഒരാളേക്കുറി മാത്രമാണ് ഞാനിപ്പോഴും വിചാരപ്പെടുന്നതു്.

മുത്തച്ഛൻ സംസാരം നിറുത്തി അത്ഥഗർഭമായി എൻേറ മുഖത്തൊന്നു നോക്കിക്കൊണ്ടു മിണ്ടാതിരുന്നു. ഞാൻ പിടച്ചുതുള്ളുന്ന ചിത്തത്തോടും മടുത്തു പിന്തിരിച്ച മുഖത്തോടും കൂടി മിണ്ടാതെ നില്ക്കുകമാത്രം ചെയ്തു.

മുത്തച്ഛൻ പിന്നേയും തുടന്നു പറഞ്ഞു:—"പ്രിയപുത്രി, നിന്നേ ഞാൻ എത്രകണ്ടു് സ്നേഹിക്കുന്നുണ്ടെന്ന് ഒരുപക്ഷേ നീ മനസ്സിലാക്കീട്ടില്ലായിരിക്കും. എനിക്കു ശങ്കരനും നീയും യാതൊരു ഭേദവുമില്ല. ഈ ഭവനത്തെ ശൂന്യമായ നിലയിലാക്കി വിട്ടുപോയ കാലത്തു് നശ്വരമായി പ്രപഞ്ചത്തിൽ യാതൊന്നിനേയും ഇനി സ്നേഹിക്കുന്നതല്ലെന്ന് ഞാൻ ദൃഢപ്രതിജ്ഞ ചെയ്തരായിരുന്നു. എനിക്ക് സ്നേഹത്തിൻെറ നേരെ അത്ര മടുപ്പും വെറുപ്പും തോന്നീട്ടുണ്ടായിരുന്നു. സ്നേഹം എന്നതു് ഒഴിയാത്ത ക്ലേശപരമ്പരയുടേയും തീരാത്ത മനോവ്യഥയുടേയും അററമില്ലാത്ത ഒരുറവുനിലമാകുന്നു. എന്നാൽ നിൻെറ ഈ മുഖം എൻെറ പ്രതിജ്ഞയെ ഭഞ്ജനം ചെയ്തു് ഹൃദയമൊന്നുമില്ലാതെ ഒരൊഴിഞ്ഞ പാത്രം പോലേ അധികനാൾ സ്ഥിതിചെയ്യുന്നതല്ല. രണ്ടോ മൂന്നോ കൂട്ടങ്ങൾ എങ്ങിനേയെങ്കിലും എവിടെ നിന്നെങ്കിലും കടന്നുവന്ന് അതിനകത്തു് നുഴഞ്ഞു കേറിപ്പററാതെയിരിക്കുന്നതല്ല. എന്നുമാത്രവുമല്ല, അവ ക്രമേണ ഹൃദയത്തിൽ ഓരോ നവീനഭരണങ്ങൾ സ്ഥാപിക്കുകയും ചെയ്തുതുടങ്ങും. ദൈവമതത്തിലെ ഒരു നിയമമാണതു്. അതിനാൽ നീയെൻേറ ഹൃദയസിംഹാസനത്തിൽ കയറി നിന്നു് ചെങ്കോൽ നടത്തുവാൻ മുതിന്നു. ശങ്കരൻ അന്ന് അവൻേറ അമ്മയുടെ ജ്ഞാതികളൊരുമിച്ചാണ് വസിച്ചിരുന്നതു്. വാസ്തവത്തിൽ ഞാൻ അവനേ മനഃപൂർവ്വമായിട്ടുതന്നേ വിട്ടൊഴിച്ചതായിരുന്നു. സ്നേഹവുമായുള്ള ബന്ധം എനിക്കു തീരെ അനിഷ്ടമായിരുന്നു. പക്ഷേ ലോകം മുഴുവനും സ്നേഹബന്ധംകൊണ്ടു നിറഞ്ഞിട്ടുള്ളതാകുന്നു. അതുകൊണ്ടു് ആ ബന്ധത്തിൽ നിന്ന് വിട്ടൊഴിഞ്ഞുപോരുവാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ നിന്നെ എത്ര ശ്രദ്ധയോടും സ്നേഹത്തോടുംകൂടിയാണു വളത്തീട്ടുള്ളതെന്ന്

നിനക്കറിയാമോ? നിന്നേ ഞാൻ കഴിയുന്നത്ര പാപത്തിൽ നിന്നും ദുഃഖത്തിൽ നിന്നും സംരക്ഷിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ വിധിയോട് മറുത്തു നിൽക്കാൻ ആർക്കുംതന്നേ സാധിക്കയില്ലല്ലോ. മകളേ! ഇങ്ങിനേയെല്ലാമിരിക്കുന്ന എന്നിൽനിന്നുതന്നേ നിനക്ക് ജീവിതായോധനത്തിലേ ഒന്നാമത്തേ ഘോരപ്രഹരം ഏൽക്കേണ്ടതായി വന്നിരിക്കുന്നു. അനിവാര്യമായ ഈ ഘോരകൃത്യവും ഞാനും കൂടി ബലമായ ഒരു പോരാട്ടം നടന്നു. പക്ഷേ, മകളേ! ഞാൻ പരാജിതനാകുകതന്നേ ചെയ്തു. അതു കേട്ടിട്ടും ഞാൻ അനങ്ങാതെതന്നേ ഇരുന്നു. എൻേറ ഹൃദയം ഒന്നിനേയും വകവയ്ക്കാതെ തീരെ അശ്രദ്ധമായിട്ടാണ് പരിണമിച്ചത്. എന്തൊരു ഘോരസംഭവമാണ് എൻേറ നേരേ തിരിഞ്ഞു പുറപ്പെട്ടിരിക്കുന്നത്. എൻെറ പാപം എന്താണെന്ന് എനിക്കു മനസ്സിലായില്ല. എങ്കിലും എൻെറ ജീവിതം ഏതോ ഒരു കളങ്കത്തിനു കടപ്പെട്ടിട്ടുള്ളതാണെന്നു ഞാൻ ഗ്രഹിച്ചു. ഞാൻ വിചാരിക്കുന്നു, അതുകൊണ്ടുതന്നെ ആയിരിക്കണം, എൻേറ അമ്മ തൻേറ കുട്ടിയെ യങ്ങു കൈയൊഴിച്ചുവിട്ടതു്. അല്ലാതെ തൻെറ ദാരിദ്ര്യത്തിൻെറ ദുർവ്വഹതകൊണ്ടാണെന്നു തോന്നുന്നില്ല. അമ്മയ്ക്കു തന്നിൽ നിന്നുതന്നേ ഒരു ഭയം ജനിച്ചു തുടങ്ങിയിരിക്കാം. മേലിൽ എന്നേയും അശുദ്ധിപ്പെടുത്തേണെന്നു വിചാരിച്ചിരിക്കാം. ഒരു യതിവര്യനേപ്പോലെ വിശുദ്ധനായിട്ടുള്ള ഈ പുണ്യപുരുഷൻെറ അനുഭാവവൈഭവം എൻേറ കളങ്കത്തെ കഴുകിക്കളയുമെന്ന് കരുതീട്ടായിരിക്കാം എന്നെ ഇദ്ദേഹത്തിൻെറ കൈയിൽ ഏല്പിച്ചതു്. പക്ഷേ ഒരു കൽക്കരിക്കഷണത്തേ എത്ര കഴുകീട്ട് 'ചോക്ക്' കട്ടയാക്കുവാൻ ആർക്കെങ്കിലും സാധിക്കുമോ? ഏതായാലും ഈ കളങ്കം മാതൃഗർഭത്തിൽ വച്ചുതന്നേ തിങ്ങിത്തുടങ്ങീട്ടുള്ള ഒന്നായിരിക്കണം.

വൃദ്ധൻ വീണ്ടും പറഞ്ഞുതുടങ്ങി:—"മകളേ, നിന്നേ ഞാൻ എല്ലാത്തിലും മേലേയായിട്ടാണ് സ്നേഹിക്കുന്നതു്. എന്നാൽ മനുഷ്യർ അപൂർണ്ണനും ചാപലനുമാണ്. ന്യൂനതകളും തിന്മകളും അവനേ തീണ്ടുന്നതിന്ന് വളരേ എളുപ്പമുണ്ട്. ചില പെരുമാററങ്ങൾ കൊണ്ട് നിനക്കു ഞാൻ ഹൃദയവ്യഥ ഉണ്ടാകുവാൻ ഇടയുണ്ടാക്കിയിരിക്കാം. ഒരുവൻേറ സമ്പർക്കം മറെറാരുത്തനേ

മലിനപ്പെടുത്തുക എന്നതു് ധാരാളം സംഭാവ്യമാണെന്നു് എനിക്കറിയാം. എന്നിട്ടും എനിക്കു വേണ്ടതിൻവണ്ണം ചെയ്വാൻ സാധിച്ചില്ല എന്നു് സലജ്ജം സമ്മതിക്കുന്നു. പക്ഷേ ഒരു കാൎയ്യം പറയാം. ഞാൻ നിന്നെ സ്വന്തം സന്താനമെന്നു കരുതി നിർവ്യാജം സ്നേഹിച്ചിട്ടുണ്ടു്. ഞാൻ ഇതാ മൃത്യുഹസ്തത്തിന്റെ പിടിയിൽ പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ ഘട്ടത്തിൽ എനിക്കു നിന്നോടു് ഒരൊററ സഹായം ആവശ്യപ്പെടാനുണ്ടു്. ഞാൻ കുറേ മുമ്പു മുതൽക്കുതന്നേ ഒരു സംഗതി മനസ്സിലാക്കീട്ടുണ്ടു്. ഒരുവേള നീ ഇപ്പോഴും അതു ഗ്രഹിച്ചിട്ടില്ലെന്നു വരാം. അതു മറെറാന്നുമല്ല. നീ ശങ്കരനു നയനോത്സവമായിത്തീൎന്നിരിക്കുന്നു. ഇന്നു ശങ്കരൻ തന്നേ അതെന്റെ അടുക്കൽ സമ്മതിക്കുകയും ചെയ്തിരിക്കുന്നു. ആ ജനപാവനയായ ഭാഗീരഥീദേവിയേപ്പോലെ ഒരു പുണ്യതീൎത്ഥമാണെന്നു് എനിക്കറിയാം. പക്ഷേ സമുദായം അതു മനസ്സിലാക്കുകയോ സമ്മതിക്കുകയോ ചെയ്കയില്ല. സമുദായനിയമദൃഷ്ട്യാ നീ പരിത്യാജ്യയായിപ്പെട്ടവളാകുന്നു. മകളേ! നീ വയസ്സന്റെ നരച്ച തലതൊട്ടു സത്യം ചെയ്യണം. ശങ്കരനെ അവനേപ്പോലെയുള്ള നാലുപേരുടെ മദ്ധ്യത്തിൽ വച്ചു് ലജ്ജിതനാക്കുകയില്ലെന്നു് നീ എന്നേപ്പിടിച്ചു് ആണയിടു. എന്റേ ഗോത്രത്തിലേ അവസാനത്തേ മുളയായ അവൻ മൎയ്യാദക്കാരനും മാന്യനുമായി നാലാളുകൾക്കിടയിൽ തല നിവൎത്തി നടത്തത്തക്കവണ്ണം നീ അവനേ മനസ്സാലേ കൈവിടണം. നീ അസാരം ഒന്നു കൎക്കശയായിരുന്നുകൊണ്ടാൽ മതി. എന്നാൽ അവൻ ഒന്നുകിൽ കുറേ വേഗത്തിൽത്തന്നേ നിന്നെ മറന്നു എന്നു വന്നേയ്ക്കും. അല്ലെങ്കിൽ അവൻ കുറേക്കഴിഞ്ഞാലെങ്കിലും മറക്കാതെ ഇരിക്കുകയില്ല. അങ്ങിനേയാണു് മനുഷ്യസ്വഭാവം. എനിക്കുള്ള സൎവ്വസ്വവും ഞാൻ നിനക്കായി സമൎപ്പിച്ചിരിക്കുന്നു. അതുകൊണ്ടു് നിനക്കു തന്നെത്താൻ സുഖമായും സുശോഭനമായും കഴിഞ്ഞുകൂട്ടുവാൻ സാധിക്കും. മുത്തച്ഛൻ സ്വത്തിന്റേ കാൎയ്യത്തെപ്പററി പറഞ്ഞപ്പോൾ ആരോ ചൊറിയൻമുൾച്ചെടികൊണ്ടു് എന്റേ ദേഹത്തിൽ ഉരയ്ക്കുന്നതുപോലെ എനിക്കു തോന്നി. ഒരക്ഷരം മറുപടി പറയാതെ ഞാൻ ആവശ്യപ്പെട്ടതുപോലെ സത്യം ചെയ്തുകൊടുത്തു. അതു കഴിഞ്ഞ മാത്രയിൽ എന്റേ തലയിൽ എടുത്താൽ പൊന്താത്ത വമ്പിച്ച ഒരു ചുമടു വന്നു വീണതുപോലെ എനിക്കു തോന്നി.

വൃദ്ധൻ രണ്ടുകൈയ്യും ഉയൎത്തി അശ്രുകലുഷമായ കണ്ഠസ്വരത്തോടുകൂടി എന്നെ ആശീൎവദിച്ചു. "മകളേ, നീ അടുത്ത ജന്മത്തിൽ സാക്ഷാൽ സാവിത്രിയായി ജനിക്കുമാറാകട്ടേ! ഈ ജന്മത്തിൽ നിന്നെ ആക്രമിക്കുവാൻ പോകുന്ന കൎമ്മക്ലേശങ്ങൾ വ്രതചൎയ്യയെപ്പോലെ നിന്റെ സകല കളങ്കങ്ങളേയും കഴുകിക്കളയട്ടേ! സൎവ്വം സ്വാൎത്ഥപരിത്യാഗത്തോടുകൂടി ഭഗവൽപാദമൂലത്തിൽ സമൎപ്പണം ചെയ്യുക. അദ്ദേഹത്തിനൊരാൾക്കു മാത്രമേ തത്തൊട്ടശിയായ നിന്റെ ഭൎത്തൃഭാവം കൈക്കൊള്ളുവാൻ അൎഹതയുള്ളു.

അനന്തരം ഞാൻ മിണ്ടാതെ മുറിവിട്ടു പുറത്തേയ്ക്കു പോന്നു. ഞാൻ ഒരു വെറും പെൺകിടാവായിട്ടാണ് അകത്തേയ്ക്കു പോയതു്. പുറത്തേയ്ക്കു പോന്നതു് ഒരു മുതിൎന്ന സ്ത്രീയായിട്ടാണ്. ഞാൻ അറിയാതെതന്നെ എന്റെ സൎവ്വസ്വവും ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു എന്ന പരമാൎത്ഥം എനിക്കിപ്പോളാണ് ബോധപ്പെട്ടതു്. ലോകത്തിലുള്ള സകല പദാൎത്ഥങ്ങളിലും മീതെയായി ഞാൻ നിങ്ങളേ സ്നേഹിച്ചിരുന്നു. അതുകൊണ്ടുതന്നേയാണ് എനിക്കിപ്പോൾ നിങ്ങളേ മറക്കേണ്ടിവന്നിരിക്കുന്നതും. എന്നാൽ തനിക്കൊരു നിയന്താവായ സ്വാമിയില്ലെന്ന് മനുഷ്യഹൃദയത്തിനറിയാം. സന്തോഷനാളിൽ നിങ്ങൾ എനിക്ക് ഒരു കൂട്ടുകാരൻ മാത്രമേ ആയിരുന്നുള്ളു. എന്നാൽ സന്താപസമയത്തു് എനിക്കു ലോകം മുഴുവൻ നിങ്ങളായിത്തീൎന്നു. എന്തുതന്നെ ആയാലും എനിക്കു നിങ്ങളേ ഒന്നു മറക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ നിങ്ങളേക്കൊണ്ടുതന്നെ മറ്റുപ്പിക്കുവാൻ എനിക്കു ധാരാളം സാധിക്കും.

അതുമുതൽ ഞാൻ നിങ്ങളിൽനിന്ന് കുറേശ്ശെ അകന്നുനില്ക്കുവാൻ ആരംഭിച്ചു. നിങ്ങളോടു വല്ലതും ഒന്നു ചോദിക്കുവാനാകട്ടേ സമാധാനം പറയുവാനാകട്ടെ സന്ദൎഭം ഉണ്ടാകാതായിത്തുടങ്ങി. വീട്ടുജോലിത്തിരക്കു വല്ലാതെ കൂടിവന്ന് അരക്ഷണവും ഇടകിട്ടാതെ വന്നിരിക്കുന്ന ഭാവത്തിൽ ഞാൻ പെരുമാറിവന്നു. കുട്ടിക്കളിക്കു സമയം ചെലവഴിക്കുവാൻ ഇല്ലെന്നു ഭാവിച്ച് ഒരു കാലത്തു് നിങ്ങൾ യദൃച്ഛയാ ഒരു കളിച്ചങ്ങാതി മാത്രമായി, എന്നല്ലാതേ എനിക്കൊന്നുമായിട്ടില്ലെന്നു കൂടിയും ഞാൻ നടിച്ചുകളഞ്ഞു.

ഇതിനു മുമ്പൊരിക്കലും വിവാഹത്തെപ്പററി ഒരക്ഷരവും ഉരിയാടിയിട്ടില്ലായിരുന്നു. ഇപ്പോഴാകട്ടെ, നിങ്ങളുടെ ഭാവിയായ വിവാഹത്തേയും, ഭാവിയായ ഭാര്യയേയുംപററി പറഞ്ഞു് വളരെ ഗോഷ്ഠിയായ വിധത്തിൽ നിങ്ങളേ കളിയാക്കുവാൻ ആരംഭിച്ചു. പ്രണയകുപിതയായ പ്രിയതമ കുടിലചടുലമായ ചില്ലീവില്ലിൻെറ അടികൊണ്ടും, രോഷകഷായിതമായ കടാക്ഷത്തിൻെറ ഏറുകൊണ്ടും ശിക്ഷിക്കുന്ന സമയത്തു് വിനയാനതനായി തൊഴുകൈയോടുകൂടി നിങ്ങൾ കഷായിച്ചു നിൽക്കുന്നതിനേപ്പററിയും മററും പരിഹാസത്തിൻെറ നിശിതദംഷ്ട്രങ്ങളേൽക്കത്തക്ക വിധത്തിൽ ഞാൻ വർണ്ണിച്ചിരുന്നതു് നിങ്ങളുടേ ഉള്ളിൽക്കൊണ്ടു. എന്തിനധികം; അതു നിങ്ങളേ കോപത്തിലേയ്ക്കും എന്നേ ദോഷത്തിലേയ്ക്കും തള്ളിവിട്ടു.

അന്നു പുഷ്യമാസം അവസാനിക്കുന്ന ദിവസമാണ്. നിങ്ങൾ മനോഹരമായ ഒരു മലർമാലയുംകൊണ്ടു് എൻെറ അടുക്കൽ വന്ന് അഭിനിവേശത്തോടുകൂടി അതെൻെറ അടുക്കൽ ഇട്ടു. എന്നിട്ടെന്തോ ഒന്ന് പറയുവാൻ തുടങ്ങിയപ്പോൾ ഞാൻ നിങ്ങളേ പറയാൻ സമ്മതിക്കാതെ ഇടയ്ക്കു കടന്നുപറഞ്ഞു. "നിങ്ങളെന്തൊരു വങ്കനും വിഡ്ഢിയുമാണ്. ഒരാളുടെ നാഴിയ സമ്പാദിക്കുവാൻ സാധിക്കാത്തവിധത്തിലുള്ള പാഴ്വേലകൾകൊണ്ടു് വെറുതെ സമയം കഴത്തറുത്തുകളയുന്നതു് ബുദ്ധിഹീനതയല്ലെങ്കിൽ പിന്നെന്താണ്? ഈ പൂ മാല എനിക്കായ്ണോ കൊണ്ടുവന്നു തരേണ്ടുന്നതു്? വൃത്തികെട്ട പന്നിക്കു കൊണ്ടുപോയി ഭംഗിയുള്ള പൂ മാല സമ്മാനിച്ചിട്ടു വല്ല ഫലവുമുണ്ടോ? ഈ വക സമ്മാനങ്ങൾക്ക് ആവശ്യവും അർഹതയും ആർക്കുണ്ടാകുന്നുവോ, ആ ആൾക്കു കൊടുക്കുന്നതിനു വേണ്ടി സൂക്ഷിച്ചുവെയ്ക്കു."

കഠിനമായ മനോവ്യഥയും നിശിതമായ നിരാശയും നിഴലാടുന്ന നയനങ്ങൾ കൊണ്ടു് നിങ്ങൾ എന്നേ ഒന്നു നീരാജനംചെയ്തു. നിങ്ങൾ എന്നിൽ നിന്ന് അത്തരം ഒരു വാക്പ്രയോഗം തീരേ പ്രതീക്ഷിച്ചിട്ടില്ലായിരുന്നു. എനിക്കു യാതൊന്നും മനസ്സിലാകുന്നില്ലെന്ന നാട്യത്തിൽ ഞാൻ എന്തോ ചില അസംബന്ധങ്ങൾ പുലമ്പിക്കൊണ്ടിരുന്നു. ഇങ്ങിനെ നിങ്ങൾക്കു മനോവേദന തട്ടത്തക്കവണ്ണം കല്പിച്ചുകൂട്ടി ഞാൻ ചെയ്തു വന്നിരുന്ന അഹിതാചരണങ്ങൾ

എനിക്ക് എത്രമാത്രം അമൂല്യസാധനങ്ങളായിത്തന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കയില്ല. ഒരു പക്ഷേ എന്റെ ഹൃദയം കരിങ്കല്ലു കൊണ്ടു സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണോ എന്നുകൂടി നിങ്ങൾ നിങ്ങളുടെ ഹൃദയത്തോടു ചോദിച്ചിട്ടുണ്ടായിരിക്കണം. എന്നാൽ ശക്തിയും ശുദ്ധിയും ഉള്ള നിർമ്മലനദി പൊട്ടിപ്പുറപ്പെടുന്നതു് അത്തരം കരിങ്കല്ലുകളുടേ ഇടയിൽ നിന്നാണെന്നു് നിങ്ങളും സമ്മതിക്കുമെന്നു കരുതുന്നു.

നിങ്ങളെന്തോ ഒന്നു പറയുവാൻ ഭാവിച്ചു; പക്ഷേ അതു പറയുക ഉണ്ടായില്ല. നിരാശാപരവശമായ ഒരു നോട്ടവും, വ്യഥാപൂർണ്ണമായ ഒരു നിശ്വാസവുംകൊണ്ടു്, വിശപ്പം മുഴുവൻ നിറയത്തക്കവണ്ണമുള്ള എന്തോ ഒരു സംഗതി സൂചിപ്പിച്ചുവെച്ചുംകൊണ്ടു് വേഗത്തിൽ അവിടെനിന്നു കടന്നുപോയി. ഞാൻ നമ്മുടേ അയൽവീട്ടിലെ മന്ദയേ വിളിച്ചു വരുത്തി, അവളുമായി ഉറക്കേ സംസാരിക്കാനും ചിരിക്കാനും തുടങ്ങി. എന്റെ ചിരി നിങ്ങളുടെ കരളിൽ മുള്ളുപോലെ കുത്തിത്തറച്ചിട്ടുണ്ടായിരിക്കണം. വാസ്തവത്തിൽ ഞാൻ അങ്ങിനെ വേണമെന്നുദ്ദേശിക്കുകയും ചെയ്തിരുന്നു.

നിങ്ങളിൽ എനിക്കുള്ള നിസ്സീമമായ ആ പ്രണയമാണു് എന്നെ അത്രത്തോളം കഠിനചിത്തയാക്കിത്തീർത്തതു്. ഒരാർദ്രതയും കൂടാതെ ഞാൻ നിങ്ങളുടെ മൃദുലമായ ഹൃദയത്തിന്മേൽ അത്യുൽക്കടമായ അനേകം അടികൾ അടിച്ചിട്ടുണ്ടു്. ഞാൻ തീരേ നിർഗ്ഗുണയും കൃപണയും ക്രൂരയുമാണെന്നു നിങ്ങളെക്കൊണ്ടു വിചാരിപ്പിക്കേണ്ടതു് എനിക്കു് അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു. നിങ്ങളേക്കൊണ്ടെന്നേ മറപ്പിക്കുന്നതു് എനിക്കു കൂടിയേ കഴിയൂ എന്ന നിലയിലാണിരുന്നതു്. ആ വൃദ്ധന്റെ അടുക്കൽ ഞാൻ അങ്ങിനേ വാഗ്ദത്തം ചെയ്തുപോയി. പാരമ്പര്യാനുബന്ധിയായ ജുഗുപ്സയും ലജ്ജയും തികഞ്ഞിട്ടുള്ള ഒരു ഗോത്രത്തിലാണു് ഞാൻ ജനിച്ചിട്ടുള്ളതു്. ആ സംഗതി ഞാനല്ലാതെ മററാരും അറിഞ്ഞിരിക്കേണ്ടതില്ലെന്നു തീർച്ചപ്പെടുത്തി. എന്റെ പാരമ്പര്യസിദ്ധമായ ആ ഗോത്രകളങ്കത്തിൽ ഒരാളേയും വിശിഷ്യാ നിങ്ങളേയും ഭാഗഭാക്കാക്കുന്നതിനു ഇഷ്ടപ്പെട്ടില്ല. എന്റെ ലജ്ജാവഹമായ ജുഗുപ്സയിൽ ഒരുഭാഗം തൊട്ടുതെറിപ്പിച്ചു് നിങ്ങളുടെ സുഗൃഹീതമായ നാമധേയത്തിന്മേൽ കറ കലർത്തുന്നതു് നല്ലതാണോ? ആ

കയാൽ കളങ്കസംകുലമായ എന്റേയും വിശുദ്ധിവിമലമായ നിങ്ങളുടേയും മദ്ധ്യത്തിൽ ദൃഢമായ ഒരു ലവണസമുദ്രം ഉണ്ടായിരിക്കുന്നതു് അത്യാവശ്യകമാകുന്നു എന്നു് എനിക്കു തോന്നി. നിങ്ങൾ എന്നിൽനിന്നു് യാതൊന്നും മറച്ചുവയ്ക്കാതിരുന്നതുകൊണ്ടു് ഞാൻ നിങ്ങളിൽ നിന്നു മറച്ചുവെച്ചിരുന്ന എന്റെ ഹൃദയരഹസ്യത്തെപ്പററി നിങ്ങൾക്കു തെളിവുകൾ കൂടാത്ത അറിവിനെ അടിസ്ഥാനമാക്കിയുള്ള ഒരഭിപ്രായമെങ്ങാനും ഉണ്ടായിക്കഴിഞ്ഞെങ്കിലോ, എന്ന ഒരു ഭയം എനിക്കു വല്ലാതെയുണ്ടായിരുന്നു. എന്റെ ലജ്ജാവഹമായ കളങ്കത്തിന്റേയും ജുഗുപ്സയുടേയും ഒരു ഭാഗം നിങ്ങൾ സന്തോഷസമേതം കൈയേല്ക്കുമെന്നു് എനിക്കറിയാം. എന്നാൽ എനിക്കതു സമ്മതമല്ല. നിങ്ങൾ നല്ല അന്തസ്സും മാന്യതയും ഉള്ള ഒരു കുടുംബത്തിലെ ഏകാംഗമായ ഒരാളാണു്. ഞാനോ മനുഷ്യരും ദൈവവും വെറുത്തു് വെടിയത്തക്കവണ്ണം നീചമായിട്ടുള്ള ഒരു കുലത്തിൽ പിറന്നിട്ടുള്ളവളാകുന്നു. അങ്ങിനേയുള്ള നാം രണ്ടുപേരും തമ്മിൽ ഒന്നിച്ചു ചേരുന്നതു് എങ്ങിനേ ശരിയാകും?

എന്റെ വാസ്തവസംഗതികൾ എല്ലാം നിങ്ങളേ അറിയിച്ചാൽ എന്താണെന്നു ഞാൻ ഒരിക്കൽ വിചാരിക്കാതിരുന്നില്ല. എന്റെ ഹൃദയം തിങ്ങി നിറഞ്ഞു നില്ക്കുന്ന രഹസ്യത്തെ തുറന്നുവിട്ടു് നിങ്ങളിൽ കുറേ പകർന്നു കഴിഞ്ഞാൽ ഞാൻ ചുമന്നു നടക്കുന്ന അസ്വാസ്ഥ്യത്തിന്റെ ഭാരത്തിനു വല്ലതും ഒരു കുറവുവന്നെങ്കിലോ എന്നു് എനിക്കു തോന്നി. ഒരു ഹൃദയം ഇല്ലാത്തമാതിരിയുള്ള എന്റെ പെരുമാററത്തിനു് ഹേതുവെന്താണെന്നുള്ള പരമാർത്ഥം നിങ്ങൾ അറിയുന്നതു നിമിത്തം എന്റെ ഹൃദയവേദനയ്ക്കു് വല്ലൊരു ശാന്തി ഉണ്ടാകുവാൻ ഇടയാകുന്നതു തന്നേയാണു്. പക്ഷേ പെട്ടെന്നു് എനിക്കിങ്ങനെയൊരു വിചാരമാണുണ്ടായതു്. ഞാൻ എന്തിനു കല്പിച്ചുകൂട്ടി നിങ്ങളുടേ ദുഃഖത്തെ വർദ്ധിപ്പിക്കുന്നു? എങ്ങിനേയായാലും നിങ്ങളെന്നേ മറന്നേ കഴിയൂ. ആ സ്ഥിതിക്കു എന്തിനാണു് ഞാനീ വേണ്ടാത്തതൊക്കെ നിങ്ങളേ പറഞ്ഞു കേൾപ്പിക്കുന്നതു്? എന്നാൽ എനിക്കു ദുഃഖം തോന്നുന്നു അന്നു ഞാൻ എല്ലാം നിങ്ങളോടു പറഞ്ഞില്ല എന്നു്.

ഒരിക്കൽ നാം രണ്ടുപേരും താമരപ്പൂക്കൾ ധാരാളമുണ്ടായിരുന്ന ആ സ്ഥലത്തു വച്ചു് പിന്നേയും കണ്ടു മുട്ടുന്നതിനു് ഇട

യായി. രണ്ടാളുകളുടേയും നേത്രങ്ങളിൽ പ്രഥമദൎശനത്തിന്റെ സ്മരണകൾ നിറഞ്ഞു നിന്നിരുന്നു. അവ എങ്ങാനും എന്റെ ഹൃദയരഹസ്യത്തെ വെളിപ്പെടുത്തിയേയ്ക്കുമോ എന്നു ഭയപ്പെട്ട് ഞാൻ തൽക്ഷണം മുഖം തിരിച്ചിങ്ങനെ പറഞ്ഞു.

“ഹാ! ഇക്കൊല്ലം പൂക്കൾ എത്ര സമൃദ്ധിയായി ഉണ്ടായിരിക്കുന്നു.” അപ്പോൾ നിങ്ങൾ പറഞ്ഞു:—“എന്ത്? നിനക്കോൎമ്മയില്ലേ? കഴിഞ്ഞ കൊല്ലത്തിലും എത്ര സമൃദ്ധിയായിട്ടുണ്ടായിരുന്നു? ഇക്കൊല്ലത്തേക്കാൾ ഒട്ടും കുറവുണ്ടായിരുന്നില്ല. നമ്മൾ കഴിഞ്ഞ കൊല്ലമല്ലേ ഈ സ്ഥലത്തിനിന്നു് ധാരാളം ശേഖരിച്ചിരുന്ന വെള്ളത്താമരപ്പൂക്കൾകൊണ്ടു് ഒരു മാല കെട്ടിയുണ്ടാക്കിയതു്.”

ഞാൻ “ഒ, അതൊക്കെയുണ്ടോ ഇപ്പോൾ ഓൎമ്മിക്കുന്നു? കുട്ടിക്കാലത്തു് വെറും ബാലലീലകൾക്കിടയിൽ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതൊക്കെ ഇപ്പോൾ ആൎക്കെങ്കിലും ഓൎമ്മയിൽ വച്ചു കൊണ്ടിരിക്കാൻ സാധിക്കുമോ?”

നിങ്ങൾ “എന്തു? കുട്ടിക്കാലത്തോ? ആരു പറഞ്ഞു? കഴിഞ്ഞ കൊല്ലമല്ലേ അതുണ്ടായതു്. സുനന്ദ അതൊക്കെ ഇത്ര ക്ഷണത്തിൽ മറന്നുപോയോ?”

ഞാൻ തീരെ ഹാസ്യരസവും അലക്ഷ്യഭാവവും കലൎന്ന സ്വരത്തിൽ മറുപടി പറഞ്ഞു:—“എനിക്കിത്തരം നിസ്സാര സംഗതികൾ ഒക്കെ ഓൎമ്മയിൽ വച്ചുകൊണ്ടിരിക്കാൻ പ്രയാസമാണ്.”

നിങ്ങൾ കഠിനമായ മനോവ്യഥയെ സൂചിപ്പിക്കുന്ന ഭാവത്തിൽ പറഞ്ഞു:—“ഞാൻ അത്ര നിസ്സാരസംഗതികളും ഓൎമ്മിക്കുന്നുണ്ടു്.”

ഞാൻ ഒന്നുറക്കെ പൊട്ടിച്ചിരിച്ചിട്ടു പറഞ്ഞു:—“എന്നാൽ നിങ്ങളുടെ ആ ഓൎമ്മശക്തിയിൽ നിന്നു് അസാരം അംശം എനിക്കു കടം തരണം. എന്റെ അതു് തീരെ നഷ്ടപ്പെട്ടിരിക്കുന്നു”.

നിങ്ങൾ എന്നേ നല്ലപോലെ അടുത്തറിഞ്ഞിട്ടുണ്ടായിരുന്നുവെങ്കിൽ നിസ്സാരസംഗതികളേക്കുറിച്ചുപോലും എനിക്കുള്ള

ഓൎമ്മ നിങ്ങൾക്കുള്ളതിനേക്കാൾ സഹസ്രഗുണമാണെന്ന് നിങ്ങൾ വാദിക്കുമായിരുന്നു. നിങ്ങളുടേ വാക്കുകളും നോക്കുകളും ചേഷ്ടകളും എല്ലാം എന്റെ ഹൃദയനഭോമണ്ഡലത്തിലേ നിത്യഭാസുരങ്ങളായ ജ്യോതിൎഗോളങ്ങളായിത്തിളങ്ങുന്നുണ്ടായിരുന്നു. നിങ്ങളുടെ പെരുമാററങ്ങൾ ഇഷ്ടങ്ങളായിരുന്നാലും അനിഷ്ടങ്ങളായിരുന്നാലും എന്റെ ഹൃദയത്തിൽ തിങ്ങിനിറഞ്ഞതാണിരുന്നതു്. അതിനെല്ലാം നേരേ വിരുദ്ധമായി നിങ്ങളെ ഞാൻ വിഗണിക്കുകയും നിരസിക്കുകയും ചെയ്യുന്നതായി ആവശ്യത്തിലധികം നടിക്കുകയുണ്ടായി. അപ്പോഴും ആന്തരമായി നിങ്ങളുടെ സകലവിധ സുഖങ്ങളേയും സംരക്ഷിക്കുന്നതിന് വളരേ അധികം ശ്രദ്ധ വച്ചിരുന്നു. ചുരുക്കത്തിൽ ഞാൻ നിങ്ങളെ കണ്ണുള്ള കുരുടനാക്കുകയാണ് അന്നുണ്ടായതു്. എന്നാൽ നിങ്ങളെന്തിന് അത്ര എളുപ്പത്തിൽ അങ്ങോട്ടു കുരുടനായിത്തീരാൻ പോയി? അകത്തുള്ളതിന നേരേ വിപരീതമായിട്ട് പുറത്തേയ്ക്കു കാണിച്ചിരുന്ന നിസ്സാരങ്ങളായ കളവുകൾക്കുള്ളിൽക്കൂടി നിങ്ങൾക്കു വേണ്ടതുപോലേ ഒന്നു നോക്കാമായിരുന്നില്ലേ?.

ക്രമത്തിൽ ഞാൻ വളരേ ഗൌരവക്കാരിയായിത്തീൎന്നു. നിങ്ങളോടു കൂടി നടക്കാനോ സംസാരിക്കാനോ, ഒന്നിനും എനിക്ക് ഇടയും മനസ്സുമില്ലെന്നായി. എന്നാൽ ഞാൻ മനസ്സുകൊണ്ടു വിചാരിച്ചിരുന്നതും വപുസ്സുകൊണ്ടു പ്രവൎത്തിച്ചിരുന്നതും എല്ലാം നിങ്ങളൊരാളെ ഉദ്ദേശിച്ചു മാത്രമായിരുന്നു. നിങ്ങളെ ആരാധിക്കുക എന്നുള്ളതു് മാത്രമാണ് എനിയ്ക്കു സന്തോഷകരമായിരുന്നതു്. അതു് നിങ്ങളറിഞ്ഞിട്ടില്ല! സ്ഥിരസങ്കല്പത്തോടുകൂടി ഭജിയ്ക്കുന്ന ഭക്തന്റെ ആരാധനകളേ ആരാധിയ്ക്കപ്പെടുന്ന ദൈവം നന്ന ചുരുക്കമായേ അറിയുക പതിവുള്ളു.

ഞാൻ എല്ലാ ദിവസവും അമ്പലത്തിൽ കുളിച്ചു തൊഴുവാൻ പോയിക്കൊണ്ടിരുന്നു. എന്റെ ക്ലേശത്തേയും വ്യഥയേയും പററി ഭഗവാന്റെ സന്നിധിയിൽ മാത്രമേ ഞാൻ ബോധിപ്പിച്ചിരുന്നുള്ളു. നിങ്ങളുടെ നന്മയ്ക്കു വേണ്ടിമാത്രം ഞാൻ നിങ്ങളുടേ നേരേ കാണിച്ചു വന്ന വഞ്ചനത്തെപ്പററിയും ഭഗവൽപാദത്തിൽ മാത്രമേ ഉണൎത്തിയിരുന്നുള്ളു.

വഞ്ചനം ചെയ്യുന്നുവെന്നുള്ള കുററത്തെ അവിടേ സമ്മതിച്ചിരുന്നിട്ടും വാസ്തവത്തിൽ എനിക്കൊരാശ്വാസവും സിദ്ധിച്ചില്ല. നിങ്ങൾക്ക വേണ്ടി ചെയ്തിരുന്ന ഈ ചതി ചിലപ്പോൾ ഭഗവദ്വിഷയകമായി ചെയ്യുന്ന വ്യാപാരങ്ങളിൽ കൂടി നിഴലിച്ചിരുന്നുവെന്ന് ലജ്ജയോടും വിഷാദത്തോടും കൂടി സമ്മതിക്കുകയും ക്ഷമായാചനം ചെയ്യുകയും വേണ്ടിയിരിക്കുന്നു. അമ്പലത്തിൽ ഭഗവൽസാന്നിധ്യത്തിൽ നിന്ന് സബഹുമാനം പ്രാൎത്ഥന നടത്തുന്ന സമയത്തുകൂടി എന്റെ ഹൃദയത്തിൽ ആവിൎഭവിച്ചിരുന്നതു്, ഭഗവൽസ്വരൂപമല്ലാ ഭവത്സ്വരൂപമായിരുന്നു. എന്റെ ശരീരവല്ലി നിങ്ങളുടെ ദൎശന ദോഹദത്താൽ പുളകകോരകിതമായി ചമയുമാറുണ്ടായിരുന്നു. നിങ്ങളുടേ നോട്ടം പരമപാവനമായ ഏതോ പുണ്യതീൎത്ഥംപോലെ എന്റെ കളങ്കത്തെ കഴുകിക്കളഞ്ഞുംകൊണ്ടെന്റെ ദേഹത്തിൽ കൂടെ പാഞ്ഞിരുന്നതു്. എന്റെ ആത്മശുദ്ധിക്കുള്ള തപശ്ചൎയ്യ അവസാനിക്കാറായി എന്നു് ഞാൻ നിങ്ങളുടെ പാവനമായ നോട്ടം എന്റെ ഇജ്ജന്മത്തിലെ രക്തത്തിലുള്ള ദോഷമൊക്കയും ദൂരീകരിച്ചിരിക്കുന്നു. അടുത്ത ജന്മത്തിൽ നിങ്ങൾ എന്റെ സ്വന്തം ആളുതന്നേ ആയിരിയ്ക്കും.

ക്ഷേത്രത്തിൽ മധുര മന്ദ്രമായി മുഴങ്ങുന്ന ശംഖനാദം കേൾക്കുവാനുള്ള ചെവിയാകട്ടേ, ഉജ്വലതേജസ്സായി ജ്വലിക്കുന്ന രജതദീപങ്ങൾ കാണുന്നതിനുള്ള കണ്ണാകട്ടേ, എനിക്കിപ്പോൾ ഇല്ലെന്നു തന്നേ വേണം പറവാൻ. എന്റെ ഹൃദയവും ബോധശക്തിയും നിങ്ങളിലാണ് വിശ്രമിച്ചിരുന്നതു്. പരമാൎത്ഥത്തിൽ നിങ്ങളല്ലാതെ മറെറാന്നും ഞാൻ അമ്പലത്തിൽ ഉള്ളതായി കണ്ടിരുന്നില്ല. എന്തിനധികം! ഇപ്പോൾ കൂടിയും വൈകുന്നേരത്തു് തൊഴുമ്പോൾ നിങ്ങളുടേ സാന്നിദ്ധ്യം ഉള്ളതുപോലെ തോന്നാറുണ്ടു്. എന്റെ ജീവിതത്തെ സന്തോഷവുമായി വല്ലതുമൊന്ന് ബന്ധിച്ചിരുന്നുവെങ്കിൽ അതൊന്നുമാത്രമായിരുന്നു.

ക്ഷേത്രത്തിൽ നിന്നു വന്നാൽ ഉത്സാഹത്തോടുകൂടി ഞാൻ എന്റെ ചിത്തത്തെ പിടിച്ചുനിൎത്തുവാൻ ശ്രമിച്ചിരുന്നു. എന്റെ അശ്രദ്ധകൊണ്ട് ഭഗവാൻ കോപിച്ചാൽ ഒന്നാമതായി വല്ല ദോഷവും വരുന്നതു് എന്റെ നിങ്ങൾക്കല്ലേ? ഒരു സ്ത്രീക്ക് ശി

ക്ഷകർ വരുന്നതു് മിക്കവാറും അവളുടെ കാമുകനിൽ ക്രുദ്ധയാണ്. നിങ്ങൾ അന്നു അമ്പലത്തിൽ വന്നിരുന്നതു് ഭഗവാനിലുള്ള ഭക്തികൊണ്ടല്ലെന്നു് എനിക്കറിയാം. അപ്പോൾ നാം രണ്ടുപേരും ദൈവസന്നിധിയിൽ അപരാധികളാണ്. നിങ്ങൾ അപരാധിയാകുന്നതിനു് കാരണം ഞാനായിരുന്നു. അതുകൊണ്ടു് ഞാൻ അവനതമൌലിയായി ദൈവസന്നിധിയിൽ ദൈന്യപ്രലപനങ്ങൾ കൊണ്ടാണ് ക്ഷമായാചനം ചെയ്തിരുന്നതു്.

ഈശ്വരൻ ഒരാളേയും ദോഷവാനാക്കുകയില്ലെന്നു മുത്തശ്ശൻ എന്നോടു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു്, ഈശ്വരപാദമൂലത്തിൽ എന്നെത്തന്നെ സമർപ്പിക്കണമെന്നു വെച്ചിട്ടാണ് ഞാൻ വീച്ചുപ്പെടുത്തിയതു്. അദ്ദേഹം എന്റെ അപേക്ഷയെ സ്വീകരിക്കാതിരിക്കുകയോ എന്നെ രക്ഷിക്കാതിരിക്കുകയോ ചെയ്കയില്ലെന്നെനിക്കു് ദൃഢബോധമുണ്ടായിരുന്നതിനാൽ, നിങ്ങൾക്കവകാശപ്പെട്ടതായ മുത്തശ്ശൻ വന്ന സ്വത്തിനെ ഞാൻ അനുഭവിക്കയില്ലെന്നു ദൃഢമായുറച്ചു. ക്ഷേത്രത്തിനടുത്തു് ഒരു ചെറുകുടിലിൽ ഭഗവത്സപര്യ ചെയ്തു് താമസിക്കുന്നവാറും, അവിടെയിരുന്നു്, ധന്യാധന്യയായ ഒരു വധൂമണിയുടെ വിലാസചേഷ്ടകളാൽ വിലോഭനീയമായിത്തീരുന്ന നിങ്ങളുടെ ഗാർഹസ്ഥ്യജീവിതത്തെ കാണുന്നതായും ഞാൻ എന്റെ [illegible] സ്വപ്നദർശനം ചെയ്‌വാൻ തുടങ്ങി. എപ്പോഴും സ്വപ്നങ്ങൾ ഫലിച്ചു് യഥാർത്ഥങ്ങളായി തീരുമെന്നു് ആരു കണ്ടു? എന്നെ സംബന്ധിച്ചിടത്തോളം സംഭാവ്യങ്ങളെല്ലാം വിപരീതങ്ങളായിട്ടാണ് കണ്ടിട്ടുള്ളതു്. എന്നിട്ടും എനിക്കെന്റെ ആ സ്വപ്നത്തെ വിട്ടുകളവാൻ മനസ്സുവന്നില്ല. ഒരുകാലത്തു് നിങ്ങളെത്തിരിച്ചേല്പിക്കുവാൻ സാധിച്ചേയ്ക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ നിങ്ങളുടെ വീടും സ്വത്തും ഒക്കെ സംരക്ഷിച്ചുവന്നു.

കൊല്ലങ്ങൾ കുറേ കഴിഞ്ഞു. എന്റെ ഈശ്വരാരാധന വളരെ നിഷ്ഠയുള്ളതായിത്തീർന്നു. അമ്പലത്തിലെ നടക്കല്ലുകൾ തലമുടികൊണ്ടടിച്ചു വാരുക, പുഷ്പങ്ങൾ കൊണ്ടലങ്കരിക്കുക എന്നിങ്ങനേയും കൂടി ദേവപരിചരണം ചെയ്തുതുടങ്ങി. പരിശുദ്ധമായ ക്ഷേത്രസോപാനത്തിലെ പൊടിയുടെ ഒടുവിലത്തെ അംശം മാത്രമേ ഇപ്പോഴും കാററിന തൊടുവാൻ സാധിക്കുന്നുള്ളു.

നിങ്ങൾ ഉണ്ടായിരുന്ന അക്കാലത്തെപ്പോലെ ഇക്കാലത്ത് അമ്പലത്തിൽ വലിയ ജനബാഹുല്യം ഉണ്ടാകുമാറില്ല. ഏതാനും വൃദ്ധസ്ത്രീകൾക്കുമാത്രമേ ഇപ്പോൾ തൊഴലിന് മുടക്കംവരുത്തുകവയ്യെന്നുള്ള നിഷ്ഠ കാണുന്നുള്ളു. ചിലപ്പോൾ വൈകുന്നേരത്ത് ഗ്രാമത്തിലെ ചെറുപ്പക്കാർ വന്നുകൂടി തിരക്കുണ്ടാക്കാറില്ലെന്നില്ല. ഗോപുരത്തിൽക്കൂടെ കടന്നു പോകുന്നതിന് നന്നാ ഞെരുക്കമുണ്ടാകത്തക്കവണ്ണം ആൾത്തിരക്ക് ദുർല്ലഭമേ ഉണ്ടാകാറുള്ളു.

അക്കൊല്ലമാണ്, കൊടിയ ഒരു കാറ്റും മഴയുമുണ്ടായത്. ഒരു ദിവസം സന്ധ്യയാകുന്നതിനു മുമ്പുതന്നെ ഇരുട്ടുവന്ന് തിങ്ങിപ്പരന്ന് സകലവും വിവർണ്ണമായ് ചമഞ്ഞു. കാറ്റും മഴയുമാകുന്ന അകമ്പടിക്കാരോടുകൂടി രാത്രിയും സന്നിഹിതമായി. കാറ്റിന്റെ ഊറ്റമേറിയ അടിയേറ്റ് അസംഖ്യം വൃക്ഷങ്ങൾ പൊട്ടിത്തകർന്നും പുഴങ്ങി മറിഞ്ഞും നിലംപതിച്ചു. വെള്ളം പെരുകിയ പുഴയുടെ ഒഴുക്കിൽപ്പെട്ട് അനേകം വഞ്ചികളും യാത്രക്കാരും നാശമടഞ്ഞു. "ആർത്തട്ടത്തൊരു മഴപ്പിശാചിനായ് തീർത്ത ചെങ്കതിരുപോലെ" കലങ്ങിമറിഞ്ഞ് കഠോരമായ ഒഴുക്കത്തോടും ഘോരമായ ഇരമ്പത്തോടും കൂടി "തട്ടും തിരിവും" കൂടാതെ ആർത്തലച്ചൊഴുകിയ പുഴ, ഇരുകരകളേയും കവിഞ്ഞിടിച്ചു കേറി, അനേകം മരങ്ങളേയും വീടുകളേയും വിഴുങ്ങിയുംകൊണ്ട് പാഞ്ഞുപോയി. മഹാഭൂതങ്ങൾതന്നേ കിടന്നു തുള്ളുന്ന ഉന്മാദനൃത്തംതന്നേയായിരുന്നു അത്. സകല ജനങ്ങളും അതുകണ്ട് നടുങ്ങി കിടുകിട വിറച്ചുപോയി. കൊടുങ്കാറ്റിന്റെ 'അപസ്മാര'നൃത്തം തുടങ്ങുന്നതിനു മുമ്പായി അന്ന് എങ്ങിനെയോ അമ്പലത്തിലെ സായന്തനപൂജ വേഗത്തിൽ കഴിഞ്ഞുകൂടി. ആളുകളൊക്കെയും നേരത്തേതന്നേ അമ്പലത്തിൽ നിന്നൊഴിഞ്ഞു. ഞാൻ മാത്രം നിത്യാനുഷ്ഠാനങ്ങൾ നടത്തുന്നതിനുവേണ്ടി അവിടത്തന്നേ സ്ഥിതിചെയ്തു. ആ സമയത്ത്, നിങ്ങളവിടേ എന്റെ പിന്നിൽ പററി തൂങ്ങിനിൽക്കുമെന്ന് ഞാൻ കരുതിയിരുന്നില്ല. എന്റെ പ്രത്യേകപ്രമാണംഅനുസരിച്ച് നിശ്ചയിച്ചിട്ടുള്ള നിത്യാനുഷ്ഠാനങ്ങൾ അത്ര സൂക്ഷ്മമായി അറിയാത്തവിധത്തിലായിരുന്നു ഞാൻ നടത്തിയിരുന്നത്. പുരോഹിതനായ പൂജകനുപോലും അവയേപ്പറ്റി വിവരമായി ഒന്നും അറിഞ്ഞുകൂടായിരുന്നു. ഒരുപക്ഷേ നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടായിരിക്കും.

ക്ഷേത്രത്തിലെ വിളക്കുകളെല്ലാം തുടച്ചു വിളക്കിവെയ്ക്കുകയും, സോപാനം തേച്ചുമെഴുകി വെടിപ്പാക്കുകയും ചെയ്തതിന്നുശേഷം ഞാൻ പ്രദക്ഷിണംവെച്ചു ഗോപുരമുഖത്തിലേയ്ക്കു വന്നു. ഞാൻ ദേവനാഭിമുഖമായി വീണു നമസ്കരിച്ചുംകൊണ്ടു തലമുടികൊണ്ടു സോപാനത്തിലേ മാർബ്ബിൾക്കല്ലുകളിന്മേലുള്ള കരടും പൊടിയും തുടച്ചുകളഞ്ഞു. അപ്പോൾ അസ്തമയോന്മുഖനായ ആദിത്യന്റെ കനകോജ്ജ്വലങ്ങളായ കിരണങ്ങൾ എന്റെ ധവളോത്തരീയത്തിൽ കുറച്ചുനേരം തങ്കക്കസവിട്ടുകൊണ്ടിരുന്നു! 'വിലോചനാസേചനക'മായ ആ കാഴ്ചയാൽ ആകൃഷ്ടചിത്തനായിച്ചമഞ്ഞ നിങ്ങൾ എന്റെ മുൻഭാഗത്തു വന്നുനിന്നിങ്ങനേ ചോദിച്ചു:—"സുനന്ദേ! ഈ കരിങ്കല്ലായ ദേവന്റെ മുമ്പിൽ നമസ്കരിക്കുന്നതിന്നു നിന്നേ എന്തൊന്നാണു പ്രേരിപ്പിക്കുന്നതു?" എന്റെ ഹൃദയത്തിൽ കിടന്നിരുന്ന പരമാർത്ഥസ്ഥിതി പെട്ടെന്നു അധരാഗ്രത്തോളമെത്തി. എന്നാൽ ഞാൻ അതിനെ പിന്നാക്കംതന്നെ പറഞ്ഞയയ്ക്കുകയാണുണ്ടായതു. നമ്മുടെ അന്തിമമായ വേർപാടിന്റെ സമയത്തല്ലാതെ ഒരിക്കലും അതു നിങ്ങളേ അറിയിക്കുന്നതല്ലെന്നു നിശ്ചയം ചെയ്തിരുന്നതിനാൽ നിങ്ങളുടെ ചോദ്യത്തിനു മറുപടി പറഞ്ഞതിങ്ങനേയാണു:— "എന്റെ ഭഗവാനാണു എന്നെ ഇങ്ങനേ ചെയ്യാൻ പ്രേരിപ്പിച്ചതു."

അപ്പോൾ നിങ്ങൾ പറഞ്ഞു:— "എന്താണിതു? കരിമുകിൽപോലേ കറുത്തു മിനുത്ത ഈ വാർകുന്തളംകൊണ്ടു, സോപാനത്തിലേ പരുഷശിലകൾ അടിച്ചു പൊടികളയുന്നതെന്തിനാണു? ഏതൊരുത്തന്റെ പാദപാഥോജപാംസുവാണോ അത്ര ഉന്നതമായ ഒരു പദത്തേ പ്രാപിക്കുവാൻ പോകുന്നതു, ആ അനുഗ്രഹീതനായ ഭാഗ്യവാൻ ആരാണെന്നു സുനന്ദ സദയം എന്നോടു പറയുമോ?" ഞാൻ ഉറക്കേ ഒന്നു ചിരിച്ചുംകൊണ്ടു പറഞ്ഞു:— "ഒരു സ്ത്രീക്കു, അവളുടെ ഭർത്താവു, ഈശ്വരനേക്കാൾ മേലേയാണെന്നു നിങ്ങൾക്കറിഞ്ഞുകൂടെ?" ഇരുട്ടുവന്നു പരന്നുതുടങ്ങിയതിനാൽ അപ്പോഴത്തേ നിങ്ങളുടേ മുഖഭാവം എനിയ്ക്കു കാണ്മാൻ കഴിഞ്ഞില്ല. മറുപടി പറഞ്ഞതിലെ സ്വരം കുറേ പരുഷവും ഗൽഗദാകുലവുമായിരുന്നു. നിങ്ങൾ പറഞ്ഞു.:—"ആട്ടേ, ഇതിനു സുനന്ദയ്ക്കു കിട്ടിയ സമ്മാനങ്ങളെന്തെല്ലാമാണു?"

ഞാൻ:—"ഞാനതിൻെറ കണക്കെടുത്തു വെയ്ക്കുകയുണ്ടായിട്ടില്ല. എൻെറ കൊടുക്കൽ കൊണ്ടുതന്നേ ഞാൻ ധാരാളം തൃപ്തിപ്പെട്ടിരിക്കുന്നവളാണ്."

നിങ്ങൾ:—"അപ്പോൾ സുനന്ദ സകലതും ആ ആൾക്ക് കൊടുത്തുകഴിഞ്ഞു ഇല്ലേ? മററുള്ളവൎക്കു കൊടുക്കുന്നതിനായി യാതൊന്നും സൂക്ഷിച്ചു വെച്ചിട്ടില്ലായിരിക്കും അല്ലേ?"

ഞാൻ:—"ഇല്ല, കൊടുക്കുമ്പോൾ എല്ലാം അങ്ങ് കൊടുക്കണം. എൻേറ പ്രമാണമങ്ങിനേയാണ്."

നിങ്ങൾ:—"സുനന്ദേ! എനിക്ക് വാസ്തവമായിട്ടും ഇനി യാതൊരു പ്രത്യാശയ്ക്കും വകയില്ലെന്നുണ്ടോ?"

ഞാൻ:—"ആവോ, അറിഞ്ഞുകൂട. നിങ്ങളെന്താണ് എന്നിൽനിന്നും പ്രതീക്ഷിക്കുന്നതു്."

ഇതിനുത്തരമൊന്നും പറയാതെ നിങ്ങളവിടുന്ന് പോകയാണുണ്ടായതു്. ഞാൻ ഉടനേതന്നേ വീട്ടിലേക്കു തിരിക്കുകയും ചെയ്തു.

കരകൾ കുത്തിയിടിച്ച് അടിച്ചു തകൎത്തൊഴുകുന്ന പുഴയുടെ ഉച്ചത്തിലുള്ള അലൎച്ചയും ഊററമായടിച്ചുമാറുന്ന കൊടുങ്കാററിൻേറ ഘോരമായ ആരവവും ചെവിയിൽ വന്നലച്ച് അന്നത്തേ രാത്രി മുഴുവനും ഉറക്കം വരാതെ അസ്വസ്ഥചിത്തയായിട്ടാണ് ഞാൻ കഴിച്ചുകൂട്ടിയതു്. കരികരപ്രമാണമായി പെയ്യുന്ന പേമാരിയും നാരായവേരോടുകൂടി മുഴങ്ങി പൊട്ടിഞെരിഞ്ഞു വീഴുന്ന വന്മരങ്ങളുടെ ഉച്ചത്തിലുള്ള പതനശബ്ദവും എൻേറ ശയനമുറിയെ വല്ലാതേ ബാധിച്ചിരുന്നു.

പിറേറ ദിവസം രാവിലെ എഴുനീററ് പുറത്തു വന്നു നോക്കിയപ്പോൾ പൂവ്. പരിചിതങ്ങളായ പരിസര പ്രദേശങ്ങളെല്ലാം കണ്ടാലറിയാത്ത വിധത്തിൽ വ്യത്യാസപ്പെട്ടു വശമായിരിക്കുന്നു. മുമ്പത്തേ സ്ഥലചിഹ്നങ്ങളെല്ലാം തേഞ്ഞു മാഞ്ഞും, ഛിന്നിച്ചിതറിയും, കുത്തിയൊലിച്ചും നശിച്ചുപോയിരുന്നു. അനേകം ഭവനങ്ങളും, അനവധി സ്ത്രീപുരുഷന്മാരും, അസംഖ്യം വൃക്ഷലതാദികളും ആകസ്മികമായ ആ പ്രകൃതി വിക്ഷോഭത്തിൻേറ ലഹളയിൽപ്പെട്ടു നശിച്ചു പോയിട്ടുണ്ട്. ആ 'മുടിഞ്ഞ' രാത്രിയിൽത്തന്നേയാണ് എൻേറ ജീവിതസൎവ്വസ്വവും നഷ്ടപ്പെട്ടുപോയതു്.

അന്നുമുതൽ എന്റെ ഈ ദൃഷ്ടികൾ, മഞ്ജുളമായ നിങ്ങളുടെ മലർമേനിയെ കാണുക ഉണ്ടായിട്ടില്ല. എന്നാലും, അവ, അദ്യാപി ആ ഭാഗധേയത്തിനുള്ള പ്രതീക്ഷയേ തീരെ വിട്ടുകളഞ്ഞിട്ടില്ല. ഇവിടം വിട്ടു വല്ലയിടത്തേയ്ക്കും കടന്നുപോകുന്നതിന്നു മുമ്പിൽ നിങ്ങളേ സകല സംഗതികളും പറഞ്ഞു കേൾപ്പിക്കണമെന്ന് ഞാൻ കലശലായി ആഗ്രഹിച്ചു വരുന്നുണ്ട്. സ്പൃഹണീയമായ ആ ഭാഗധേയം അനുഭവിക്കുന്നതിനുള്ള അർഹത എനിക്കിനി ഉണ്ടാകാത്ത പക്ഷം വിസ്തൃതമായ ഈ കത്തു തന്നേ സകലവും നിങ്ങളേ ഗ്രഹിപ്പിച്ചുകൊള്ളട്ടേ. മന്ദഹാസലക്ഷ്മിയുടെ ലീലാരംഗമായ നിങ്ങളുടേ ആ കോമളവദനം ഒരു നോക്കു കാണണമെന്നുള്ള മോഹം എനിക്കു കുറച്ചൊന്നുമല്ലാ ഉള്ളത്. ആ ശുഭമുഹൂത്തത്തിൽ പണ്ടൊരുകാലത്ത് ചെയ്യാറുണ്ടായിരുന്നതുപോലെ ഹൃദയം തുറന്നൊന്നു ചിരിച്ചാൽ കൊള്ളാമെന്നു ഒരാഗ്രഹവും കൂടിയുണ്ട്. ഈ രണ്ടുകൂട്ടവും ഒന്നു സാധിച്ചാൽ പിന്നേ നല്ല സമാധാനത്തോടും സംതൃപ്തിയോടും കൂടിത്തന്നേ ഞാൻ മരണത്തേ വരണം ചെയ്തുകൊള്ളാം. അതേ! എന്റെ ജീവിതമാകുന്ന ബാഷ്പസരസ്സിലേ വെള്ളത്താമരപ്പൂപോലെ വികസിച്ചുവരുന്ന എന്റെ അന്തിമദശനത്തിലെ സുന്ദരസ്മരണയോടുകൂടി ഞാൻ മരിച്ചു കൊള്ളാം. പക്ഷേ എന്റെ ജനനമുഹൂത്തം മുതൽ സുഖസന്തോഷങ്ങളിൽ നിന്ന് എന്നേ ഒഴിച്ചു നിറുത്തീട്ടുള്ള ദൈവം എന്റേ നേരെ അത്ര അധികം കനിവു കാണിക്കുമോ എന്ന് എനിക്കു സംശയമുണ്ട്.

അമ്മിണിക്കുട്ടി.

——:o:——

I

"അമ്മിണീ! എണീറ്റ് ഇത്തിരി കഞ്ഞികുടിക്കുന്നുണ്ടോ. ഇങ്ങിനെ കഞ്ഞുകരഞ്ഞ് കണ്ണു പുണ്ണാക്കീട്ടു വല്ല ഫലവുമുണ്ടോ? എന്റെ പൊന്നനുജത്തിയല്ലേ? ഒന്നെണീക്കു."

"ചേട്ടത്തീ! എനിക്കു ഒന്നുംവേണ്ട. ഞാനെന്തിന് കഞ്ഞി കുടിക്കുന്നു? ജീവിച്ചിരിക്കണമെന്നു മോഹം ഉണ്ടെങ്കിലല്ലേ വേണ്ടൂ? കഷ്ടം! എന്റെ തലയിലെഴുത്ത് ഇങ്ങിനെ ആയില്ല്യേ?"

"അമ്മു! ഇനി വ്യസനിച്ചിട്ടെന്താ ഫലം? എന്റെ തങ്കം ഇങ്ങിനെ പട്ടിണികിടന്നാൽ വല്ല ദീനവും പിടിക്കില്യേ? മിനിഞ്ഞാന്ന രാത്രി രണ്ടു വററ വാരിക്കഴിച്ചതല്ലെ? നീ ഇങ്ങിനെ പട്ടിണികിടക്കയും വ്യസനിക്കയും ചെയ്യുന്നതുകൊണ്ട് മരിച്ച ആറം തിരിച്ചു വരുമോ?"

"അയ്യോ! ചേട്ടത്തി! ആ സ്നേഹത്തിന്റെ സ്ഥിതിക്ക് ഞാൻ ആയുഷ്ക്കാലം മുഴുവൻ പട്ടിണി കിടന്നാലും വ്യസനിച്ചാലും മതിയാവുന്നതാണോ? ഭഗവാനെ! അദ്ദേഹത്തിനെച്ചൊല്ലി ഒരു തുള്ളി കണ്ണീർ വാക്കാനെങ്കിലും കഴിഞ്ഞില്ലെങ്കിൽ എന്റെ സ്പർശം കൊണ്ട് ഞാൻ അദ്ദേഹത്തെ അശുദ്ധമാക്കിയതെന്തിന്?"

എന്റെ ചെല്ലം ഇങ്ങിനെ തക്കത്തരം പറഞ്ഞു് എന്നെ പിൻമടക്കരുതെ! ഇതേ, പറയണതു കേൾക്ക്, എണീററിത്തിരി കാപ്പിവെള്ളമെങ്കിലും കഴിക്കൂന്ന്——"

എനിക്കൊന്നും വേണ്ടെന്ന ഞാൻ പറഞ്ഞില്യേ? ചേട്ടത്തി പോയി വല്ലതും കഴിക്കണം. എന്റെ ഇജ്ജന്മത്തിലെ സകലസുഖവും അസ്തമിച്ചിരിക്കുന്നു. ഈശ്വരാ! ഈ ഒന്നിനും പോരാത്ത പെണ്ണുങ്ങളെ പെരുവഴിയിലാക്കിയ ആ നീചൻ———."

മർമ്മം മുറിഞ്ഞു കഠിനമായി വ്രണപ്പെട്ടിട്ടുള്ള ഒരു ഹൃദയത്തിന്റെ ഹൃദയത്തിൽ തട്ടിപ്പുറപ്പെട്ട ആ വാക്യത്തിന്റെ പൂർണ്ണവിരാമം വരുന്നതിനു മുമ്പായി തന്നെ 'നീച'നായ കുഞ്ഞുണ്ണിനായർ മേൽക്കാണിച്ച കരുണാമയമായ വിലാപത്തിന്റെ രംഗമായ സ്ഥലത്തു് എത്തിക്കഴിഞ്ഞു. പൈശാചികമായ ഒരു ഹാസ്യരസം തുളുമ്പുന്ന മുഖഭാവത്തോടുകൂടി നായർ അകത്തു് സംസാരിച്ചിരുന്ന സ്ത്രീകൾ രണ്ടുപേരേയും ഉററുനോക്കിക്കൊണ്ടു് പൂമുഖവാതുക്കൽ നിലകൊണ്ടു. ദുസ്സഹമായ വൈധവ്യദുഃഖത്തിന്റെ "നെല്ലിപ്പടി"വരെ എത്തുന്നതിനിടയാക്കിത്തീർത്ത കുഞ്ഞുണ്ണിനായരെ കണ്ടമാത്രയിൽ തേങ്ങിക്കരഞ്ഞു വീങ്ങിക്കലങ്ങിയ അമ്മിണിക്കുട്ടിയുടെ കണ്ണുകൾ ഒന്നുകൂടി കലങ്ങി വശമായി. അമർഷം, ഈർഷ്യ, ശോകം എന്നിങ്ങനെ വിവിധവികാരങ്ങൾ ഒന്നിച്ചുദിച്ചതിനാൽ ആ യുവതിയുടെ പനിനീർപ്പൂവുപോലെ ഇരുന്ന മുഖം ചെമ്പരത്തിപ്പൂവുപോലെയായിത്തീർന്നു. വൈദ്യുത വീചികൾ പായിച്ചതിന്നെണ്ണം ആ മനസ്വിനിയുടെ ചോരക്കുഴലുകൾക്കു ചൂടും ചൈതന്യവും പിടിച്ചു.

ആ സതീരത്നത്തിന്റെ നീണ്ട നേത്രങ്ങളിൽ നിന്നു പുറപ്പെട്ട പൊന്തീപ്പൊരി ചിതറുന്ന നോട്ടങ്ങൾ നായരുടെ അന്തരാളത്തിൽ എരിപൊരി കൊള്ളിക്കുന്ന ഒരു നീറൽ ഉണ്ടാക്കി. കത്തിജ്വലിക്കുന്ന ഏതോ ഒരു ആഗ്നേയജ്വാലയാൽ തന്റെ സൃഷ്ടിവിധാനത്തിന്നു ഉപാദാനഭൂതങ്ങളായ ഭൂതപരമാണുക്കൾ കൂടി വെന്തെരിയുന്നതുപോലെ ആയാൾക്കു തോന്നി. അമ്മിണിക്കുട്ടിയാകട്ടെ, ഉന്നെ ചാടുന്ന കണ്ണീരിനെ ഉടുമുണ്ടിന്റെ അററംകൊണ്ടു തുടച്ചു ഈൎഷ്യയോടെ നായരെ നോക്കി ഇങ്ങിനെ പറഞ്ഞു:—

നീചനായ നിങ്ങളേ സൃഷ്ടിച്ച സ്രഷ്ടാവിന്റെ കൈയ്യിന്നു തീർച്ചയായും അറപ്പു തോന്നീട്ടുണ്ടായിരിക്കണം. നിങ്ങളുടെ രക്തനാഡികളിൽക്കൂടിയും മനുഷ്യരക്തം തന്നെയാണ് പായുന്നതെന്ന് ഞാൻ കരുതിപ്പോയി. ദുഷ്പ്രഭുത്വവും അവിവേകവും ഒത്തുകൂടിയാൽ മനുഷ്യകാളസൎപ്പത്തിന്റെ കാളകൂടദംഷ്ട്രങ്ങൾ സമുദായജീവനാഡികളേ തീണ്ടി എത്രത്തോളം തളൎത്തിവിടുമെന്നു നിങ്ങൾ വെളിപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. നിങ്ങളേപ്പോലുള്ള കുടിലബുദ്ധികളുടെ ക്രൂരകൃത്യങ്ങൾ സാമുദായാന്തരീക്ഷത്തിൽ, ദുസ്സഹമായ ദുൎഗ്ഗന്ധം പരത്തി വിട്ടിരിക്കുന്നു. പൈശാചികമായ നിങ്ങളുടേ മനോവൃത്തി ദിവാസ്വപ്നം കാണുന്ന ആ കുത്സിത മുഖത്തിന്നുവേണ്ടി ചെയ്യുന്ന പരിശ്രമം ഒരു സഹജീവിയുടെ ജീവനെ ദുൎമ്മരണത്തിന്നു ബലികൊടുക്കുന്നതിന്നു മാത്രമേ സാധകമായിത്തീൎന്നിട്ടുള്ളൂ. ഒരു കാലത്തും നിങ്ങളുടെ ആ ദുൎമ്മോഹം സാദ്ധ്യമാകുമെന്നു കരുതേണ്ട. ഈശ്വരൻ, സത്യം, നീതി എന്നിങ്ങനെ നിങ്ങളുടെ നിഘണ്ടുവിൽ സ്ഥലം പിടിച്ചിട്ടില്ലാത്ത ആ ചില വാക്കുകൾ സാധുക്കളെ വഞ്ചിക്കുന്നതിന്നായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നവയല്ലെങ്കിൽ നിങ്ങളുടെ ഭാവിയെന്താണെന്നും എനിക്കിപ്പോൾത്തന്നെ അറിയാം. പാംസുലമായ പാദസ്പൎശം കൊണ്ട് ഈ സ്ഥലത്തെ അശുദ്ധപ്പെടുത്തേണ്ട. പോകൂ. പോകൂ. മുൻപിൽ വന്നുനിന്ന് കണ്ണിനെ മലിനമാക്കരുത്! ഇവിടം ചോരത്തുള്ളി വീണ് തഴമ്പിച്ചിട്ടുള്ള സ്ഥലമല്ല. കടന്നുപോകൂ!"

മൎമ്മഭേദകങ്ങളായ അമ്മിണിക്കുട്ടിയുടെ ഈ വാക്കുകൾ കുഞ്ഞുണ്ണിനായരെ അന്ധകാരമയമായ ഒരു ലോകത്തിലേക്കു നയിച്ചു. ആപാദചൂഡം വിയൎത്തു കുളിച്ച ആയാൾ കുറെ നേരം നിന്നു

നിലയിൽ അനങ്ങാതെ നിന്നു. എന്തോ ചില അക്ഷരങ്ങളെ വെളിക്കു വമിച്ചുവെങ്കിലും അവ വ്യക്തങ്ങളായില്ല. മേൽമുണ്ടെടുത്തു വീശിക്കൊണ്ടു് നായർ സംഭ്രമത്തോടെ നാലുപാടും നോക്കിത്തുടങ്ങി. അമ്മിണിക്കുട്ടി തുടൎന്നുപറഞ്ഞു:—

“എന്താണു് നിങ്ങൾ മിഴിച്ചുനിൽക്കുന്നതു്? ഒരു സാധുസോദരിയുടെ യൌവ്വനത്തേയും ചാരിത്രശുദ്ധിയേയും ഒന്നിച്ചു അശുദ്ധമാക്കുന്നതിനായി ഉത്സാഹിക്കുന്ന ആഭാസനായ നിങ്ങൾ ജനിച്ച കുലംകൂടി കെട്ടുപോയിരിക്കുന്നു. എന്നെ ദുരാചാര ദുരിതക്കുഴിയിലേക്കു വീഴ്ത്തുവാനായി പരിശ്രമിച്ചതു പററാതെയിരുന്നതിനാൽ എന്റെ പ്രിയതമനെ വിഷംകൊടുത്തു കൊന്നുകളഞ്ഞ നിങ്ങളുടെ ഇനിയത്തെ ഉദ്ദേശം എന്താണെന്നു എനിക്കറിയാം. അതവിടെ ഇരിക്കട്ടെ. ദുഷ്ടനായ നിങ്ങളുടെ തല തെറിച്ചുപോകും. നിങ്ങൾ ഇരിക്കുന്നേടം തീക്കൂടാതെ നിങ്ങളോടുകൂടി വെന്തെരിഞ്ഞു വെണ്ണീറാകാതെയിരിക്കയില്ല.

ഇത്രയും പറഞ്ഞപ്പോഴെയ്ക്കും കഠിനമായിത്തീൎന്ന മനഃക്ഷോഭം നിമിത്തം കണ്ഠമടഞ്ഞു വാക്കുകൾ പുറപ്പെടാതായി. നിശ്വാസവേഗത്തിൽ തള്ളിത്തുളുമ്പുന്ന ഉന്നതമായ മാറിടം അമൎത്തിയുംകൊണ്ടു് അമ്മിണിക്കുട്ടി ശയ്യയിൽ ചാഞ്ഞു.

കുഞ്ഞുണ്ണി നായരാകട്ടേ, വെടിയുണ്ടകൊണ്ട പന്നിയെപ്പോലെ വിരണ്ടു വിഷമിച്ചിങ്ങനേ ഏതാനും അക്ഷരങ്ങൾ ഛൎദ്ദിച്ചു.

“നിങ്ങൾ ഈ പ—പറയുന്നതെന്താണു്? ഞാ—ഞാൻ എന്തു പി—പിഴ—പിഴച്ചു. നീ—നിങ്ങടേ ഭൎത്താ—”

അപ്പോഴയ്ക്കും കല്യാണിഅമ്മ കടന്നു പറഞ്ഞു: “വേണ്ടാ വേണ്ട. മുഴുവനാക്കേണ്ട. കണ്ണിൽ ചോരയില്ലാത്ത നിങ്ങൾക്കെന്തു കടുംകയ്യും ചെയ്യാം. ഏതായാലും അദ്ദേഹത്തെ കൊന്നു കഴിഞ്ഞ നിലയ്ക്കു് ഇനി ഞങ്ങളെ വെച്ചേയ്ക്കേണ്ട. ഈ രണ്ടു ജീവനേക്കൂടിയും എടുത്തുകളഞ്ഞേയ്ക്കു. നാരായണമേനോനെ കൊല്ലാൻ സമ്പാദിച്ച വിഷത്തിന്റെ ശേഷം ഒട്ടുമില്ലേ? അല്പം ഞങ്ങൾക്കുകൂടി തരിക. ശവങ്ങൾ കണ്ടുകണ്ടു നിങ്ങടെ കണ്ണു നിറയട്ടെ. മുമ്പും അനേകം കണ്ടിട്ടുണ്ടല്ലോ? ദുരാഗ്രഹത്തിനു വഴിപ്പെടാത്ത സ്വന്തം പെങ്ങളെ ചവിട്ടിക്കൊന്നുകളഞ്ഞില്ലേ? ഒരു ഭാൎയ്യയെ മോളിൽ നിന്നു പിടിച്ചുതള്ളി വീഴ്ത്തിക്കൊന്നില്ലേ? എത്ര സ്ത്രീകളുടെ ഭൎത്താക്ക

ന്മാരെ കാലന്ന കൊടുത്തു. എത്ര പെണ്ണുങ്ങരം ആത്മഹത്യ ചെയ്തു? എത്രപേരെ കണ്ണീരുംകയ്യുമായി പെരുവഴി ആധാരമാക്കി? എത്ര സോദരിമാരെ ദുഷിപ്പിച്ചു വഷളാക്കി? എത്രയെത്ര വാലിയക്കാരെ അടിച്ചുകൊന്നു? ഇനി ഈ രണ്ടു പെണ്ണുങ്ങളുടെ കഥ കൂടി കഴിച്ചേയ്ക്കൂ:

കുഞ്ഞുണ്ണിനായർ: (കോപത്തോടുകൂടി) "കല്യാണിഅമ്മേ! തോന്ന്യാസംപറയുന്നതു കുറെ ചുരുക്കു. വല്ല അനാവശ്യവും പറഞ്ഞാൽ അതിന്ന ശേഷമുണ്ടു്. നിങ്ങരം പെണ്ണുങ്ങളാണെന്ന കഥ ഞാൻ മറന്നേയ്ക്കും. സൂക്ഷിച്ചു സംസാരിക്കു".

അമ്മിണിക്കുട്ടി:—"എന്തുപറഞ്ഞു? ഞങ്ങരം പെണ്ണുങ്ങളാണെന്ന കഥ നിങ്ങരം മറന്നേയ്ക്കുമെന്നല്ലേ? ഹും. ഇതുവരേയും അതു മറന്നിട്ടില്ലായിരിക്കും. നിങ്ങരം ദേഷ്യപ്പെട്ടാലൊന്നും പേടിക്കുന്ന വകയല്ലാ ഞങ്ങരം. മിണ്ടാതെ ഇവിടെ നിന്നു കടന്നുപോകൂ. കാലിന്മേൽ ചങ്ങലയോ കഴുത്തിൽ കഴുവോ ഏറുന്നതിന്നോ പ്രതിവിധി വല്ലതും ചെയ്‌വാനുണ്ടെങ്കിൽ പോയി അതു ചെയ്യു. പെണ്ണുങ്ങളുടെ നേരെ ക്രൂരതയൊന്നും കാണിക്കേണ്ട. നായർ വംശത്തെ കളങ്കപ്പെടുത്തിയ നീച! മറയത്തുപോകൂ."

നായരുടെ ദേഹത്തിൽ ദുരഭിമാനരക്തം തിളച്ചുകേറി. കൈ തിരുമ്മി പല്ലുകടിച്ചുംകൊണ്ടു്:—"ചേട്ടകളേ നോക്കിക്കോളിൻ. ഈ തറവാട്ടു കുളംകോരി നിങ്ങളെ തെരുവിൽ അലഞ്ഞുനടത്തിയിട്ടില്ലെങ്കിൽ ഞാനാണല്ല. കാണിച്ചുതരാം" എന്നിങ്ങിനെ ഗർജ്ജിച്ചു കോപാകുലതയോടെ ആയാരം അവിടെ നിന്നു കടന്നുപോയി.

കുഞ്ഞുണ്ണിനായർ കോലത്തേരിനാട്ടിലെ സ്ഥാനിപ്രമാണിയായ ഒരു ദുഷ്പ്രഭുവാണ്. യൌവ്വനം, ധനസമ്പത്തി, പ്രഭുത്വം, അവിവേകം എന്നിവ നാലും കൂടി ഒത്തുകൂടിയാൽ ഒരു പുരുഷന്റെ ജീവിതം എത്രത്തോളം കുത്സിതവും മലിനവും ജുഗുപ്സിതാവഹവുമായിത്തീരാമെന്ന് ആ കുപ്രഭു വെളിപ്പെടുത്തിയിട്ടുള്ളവനാണ്. അമിതമായ വിഷയലമ്പടത്വം ജാതിമതഭേദമെന്യേ അനേകായിരം അബലമാരുടെ ജീവിതങ്ങളേ നാനാവിധത്തിൽ നാശപ്പെടുത്തി വിട്ടിട്ടുണ്ടു്. മുഷ്ക്കരന്മാരായ ചില തസ്കരപ്രവരന്മാരുടെ കൂട്ടുപിടിച്ച് ജുഗുപ്സാജനകമാംവണ്ണം കാമപൂർത്തിവരുത്തി

പ്പോരുന്ന ധൂൎത്തനായ ദുഷ്പ്രഭു എന്ന പേരു പ്രയാസമെന്നിയെ സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു.

ഈ കഥയുടെ തുടക്കത്തിൽക്കണ്ട സംഭാഷണത്തിന്റെ കൎത്തൃകളായ സ്ത്രീകൾ ഇയ്യാളുടെ ക്രൂരമായ ദുരാഗ്രഹത്തിന്നു വഴിപ്പെടായ്കയാൽ ഏതൊരു ദയനീയദശയിൽ പതിച്ചിരിക്കുന്നുവെന്നു ഏകദേശം നാം മനസ്സിലാക്കിക്കഴിഞ്ഞുവല്ലോ. അമ്മിണിക്കുട്ടിയുടെ സൌന്ദൎയ്യസുരഭിലമായ യൌവ്വനവിലാസം നായരെ മലീമസമായ മനോവിക്രിയയ്ക്കു വശംവദനാക്കിയതിനാൽ ആ സുചരിത്രയുടെ ജീവിതത്തെ കളങ്കിതമാക്കുവാനായി ആയാൾ പഠിച്ച വിദ്യ പതിനെട്ടും പമ്പരം പാച്ചിലും കഴിച്ചുനോക്കി. തന്നിമിത്തം പ്രമാണിത്വവും ഐശ്വൎയ്യവും ജനസ്വാധീനതയും ധാരാളമുള്ള അമ്മിണിക്കുട്ടിയുടെ ഭൎത്താവായ നാരായണമേനോൻ എന്ന ഒരു ബലവാനായ ശത്രു മാത്രമേ നായൎക്കുണ്ടായിരുന്നുള്ളൂ. കുടിലനായ കുഞ്ഞുണ്ണിമേനോൻ നാരായണമേനോന്റെ ഭൃത്യനെപ്പാട്ടിലാക്കി അവൻ മുഖേന വിഷം കൊടുപ്പിച്ചു അദ്ദേഹത്തെ അന്തകപുരിയിലെ അതിഥിയാക്കുകയുംചെയ്തു.

സംഗതി കുറേശ്ശ 'വെളിച്ചത്തുവന്നു' തുടങ്ങിയപ്പോൾ അമ്മിണിക്കുട്ടിയും ജ്യേഷ്ഠത്തിയും നായരുടെ ചതിവു മനസ്സിലാക്കിയതുള്ളൂ. ഇതിന്റെ എല്ലാം പരിണാമം എങ്ങിനെ എന്നറിയുന്നതിന്നായി നമുക്കു ഈ കഥാഹൎമ്മ്യത്തിന്റെ മുകൾനിലകളിൽ കയറിച്ചെന്നു നോക്കാം.

II

കോലശ്ശേരിനാട്ടിന്റെ തെക്കെ അറ്റത്തി അതിവിസ്തൃതിയിൽ ചെരിഞ്ഞുകിടക്കുന്ന അത്യുന്നതമായ "ചെമ്പൻ" മലയാണ്. ഊക്കൻ കരിമ്പാറകളും വമ്പിച്ച മരാമരങ്ങൾ ഇടതൂൎന്നു തിങ്ങിയ വൻകാടുകളും കടുവാ മുതലായ ഹിംസ്രജന്തുക്കളും അധികമായിട്ടുള്ള മേല്പറഞ്ഞ മലയുടെ അടിവാരത്തിൽ കരിമ്പാറക്കുണ്ടുകളുടെ ഇടയിലായി വിസ്തൃതമായ ഒരു ഗുഹദ്വാരമുണ്ട്. മുഖഭാഗം ഒരാൾക്കുമാത്രം കടക്കത്തക്കവണ്ണം കുടുസ്സായും അന്തൎഭാഗം പതിരുപത്തഞ്ചു പേൎക്ക് നിൎബാധമായി സഞ്ചരിച്ചു താമസിക്കത്തക്കവണ്ണം വിസ്തൃതമായും ഇരിക്കുന്ന ആ ഗുഹയും പരിസരപ്രദേശവും പണ്ടേയ്ക്കു പണ്ടേ സാധാരണന്മാൎക്കു തീരെ ദുരാസദമായിട്ടാ

ണ് ഇരിക്കുന്നത്. കഴിഞ്ഞ ഖണ്ഡത്തിൽ പറഞ്ഞ സംഗതികൾ നടന്നിട്ട് സുമാറ് ഒരു മാസം കഴിഞ്ഞതിന്നു ശേഷം ഒരു ദിവസം രാത്രിയിൽ പ്രസ്തുത ഗുഹയുടെ അന്തർഭാഗത്തു വെച്ച് ചിലർ തമ്മിൽ താഴെ കാണിക്കുംവിധമുള്ള ഒരു സംഭാഷണം നടന്നു.

കുഞ്ഞാലി എന്ന കുപ്രസിദ്ധനായ കേ. ഡി. തലവൻ തന്റെ കൂട്ടുകാരായ നാലഞ്ചുപേരെ ചുററുമിരുത്തി ഒരു ബീഡിയും വായിൽത്തള്ളിയുംകൊണ്ടിങ്ങിനെ പറഞ്ഞു:—

കുഞ്ഞാലി:—"എടാ പോക്കരെ ഞമ്മിന്റെ എശമാൻ (എജമാനൻ) ഞമ്മെ അന്വേശിച്ചിങ്ങ് കീഞ്ഞതെന്തിനാണ് പഹേണേ, നിനക്ക് പിത്ത്യാട് (വിവരം) ഉണ്ടോ? ഓടെങ്ങാണ്ടും (അവിടെങ്ങാനും) ഒരു മൈലാഞ്ചിമണിച്ചി പെമ്പറന്നോരിണ്ട്. ഓളെ ഇയ്യ് (അവളെ നിയ്യ്) ഓലുക്ക് ഒന്നു ശരിയാക്കിക്കൊട്ക്കണം."

പോക്കർ:—"കാക്കാ, അപ്പണി ഞമ്മക്കു പാറൂല്യ. കയിത്തിന കത്തിവെക്കാനാണെങ്കി ഞമ്മ ഒററയ്ക്കു മതിയാണോ."

കുഞ്ഞിക്കാതർ:— "എടാ അറാംപിറന്നോനെ. ഇജ്ജ് ഉമ്മാന്റെ വവറിൽ (വയറിൽ) പസ്ത്ത (പത്തു) മാതം കിടന്നോനല്ലേടാ. ഒരു ഉമ്മാനെ ഇജ്ജും കെട്ടീട്ടൂണ്ട്. എന്നിട്ട് ഓനക്കു (അവന്) ഒരു പെമ്പറന്നോരെ എണക്കാൻ കയ്യില്ല" (കഴിയില്ലാ) "ആരേ."

കുഞ്ഞുണ്ണിനായർ:—"കുഞ്ഞാലി! അപകടമൊന്നും വരാൻ പാടില്ല. ആദ്യം കുറേ കൈക്കൊ 'പടക്കം പിടിച്ചേക്കും.' സൂത്രത്തിൽ കാര്യം ഒപ്പിക്കണം. സാധനം പാതിരയ്ക്ക് എന്റെ പത്തായപ്പുരയിൽ എത്തണം. അതിന്നു കുഞ്ഞാലി തന്നേ പോണം."

കുഞ്ഞാലി:—"അള്ളാ! പടച്ചോനെ! ഇപ്പം പണ്ടാരക്കാലനായ ഒരു പൊല്ലീത്ത് ഇൻസ്പെക്ടരെ കെട്ടി എടുത്തിട്ടുണ്ട്. ഓൽ ബല്ലാത്ത തോയനാ. ആ അറാംപിറന്ന പന്നിപഹേൻ ഞമ്മെ കണ്ടുപിടിക്കാനായി പല ബലക (വലകൾ)ളു വീശീട്ടുണ്ട്. ഓനും ഓന്റെ ഉപ്പാപ്പനും കൂട്ട്യാലും കുഞ്ഞാലിന്റെ ഒരു എമര് പിടിക്കാൻ ഒക്കൂല്യ. എങ്കിലും ദൂച്ചിക്കണം" (സൂക്ഷിക്കണം)

മൊയ്തിയൻ എന്ന പുതുതായി സംഘത്തിൽ വന്നുചേൎന്ന പുള്ളി അപ്പോൾ ഇങ്ങിനെ പറഞ്ഞു:—

"എന്റെ കുഞ്ഞാലിക്കാ! ഓൻ പെരുത്ത് അറാമ്മിയാണ്. ഞമ്മളെ ഇട്ടു വെള്ളം കാച്ചീല്ല്യേ? എങ്കിലും ഞമ്മം ഓനെ തോപ്പിച്ചുള്ള് അവന്റെ കയ്യില് റെളഞ്ഞ മറിമായങ്ങളുണ്ട്."

കുഞ്ഞാലി:—(കൂട്ടുകാരോട്) "ഇബേൻ(ഇവൻ) കാപ്രിയങ്ങളെപ്പോലെ നല്ല ബൊശേല (ഭാഷയിൽ) ശേലായി തൌതാരിക്കണ്. (സംസാരിക്കുന്നു) എടക്കിടക്ക ഇബെൻ ഞമ്മളെ കൂടാതെ എങ്ങാണ്ടൊ ഒക്കെ പുറവുന്നുണ്ട്. ഈ പന്നീനെ ദൃശ്ശിക്കണം. ഇന്നാലെ ലാമ്പ്രീല (രാത്രിയിൽ) ഇബേൻ ഓടായിരുന്നി" (എവിടെയായിരുന്നു)

മരക്കാർ:—"കാക്കാ! ഓൻ പാവാ, ഓനാക്ക് ആദിക്ക (ആദിയിൽ) രണ്ടു കാശിന്റെ ബെളക് കച്ചോടം (മുളകുകച്ചവടം) ഉണ്ടാന്നി. അപ്പം കാപ്രീങ്ങളുടെ തൌതാരം വ്യാസായതാണ്. ഇപ്പം ഓന് ഞമ്മിന്റെ കുഞ്ഞിപ്പാത്തുന്റെ വീട്ടീല്ല്യ തെല്ലു കോളൊക്കെയുണ്ട്. അതു ഞാൻ അറിഞ്ഞിരിക്കണി."

കുഞ്ഞാലി:—"എടാ തിരിഞ്ഞമാലി. ഇബേൻ ഓടെ കടന്നുകൂടിയോ?"

മൊയ്തീൻ:—(മനസ്സിരുത്തി) "കാക്കാ ഇവരു വല്ലവലാലും തൌതാരിക്കണെന്ന് ഇങ്ങളു കണക്കാക്കണ്ട. ഞമ്മം ഇപ്പം എന്തുചെയ്യണം? ഇങ്ങള അതു പറയി."

കുഞ്ഞുണ്ണിനായർ:—"അതെ, നമുക്കു കാൎയ്യം മുറക്കു നടക്കട്ടേ. എനിക്കു വെളിച്ചാവും മുമ്പു വീട്ടിലെത്തണം."

കുഞ്ഞാലി:—"ഏമാൻ ഇപ്പം അങ്ങു പോഗാ. അക്കാൎയ്യം ഞങ്ങ ആലോചിച്ച് നല്ല വഴ്ജി (വഴി) കണ്ടുപിടിച്ച് നിമാനെ അറിയിക്കാം. ആയ്ച്ച അങ്ങു കയ്യട്ടെ. (കഴിയട്ടെ) ഇബിടെ ബേറെ തെല്ലു കായ്യാണ്ട്. അതൊന്നു നടക്കട്ടെ."

കുഞ്ഞുണ്ണിനായർ അതുകേട്ടു കുഞ്ഞാലിയെ പ്രത്യേകം വിളിച്ചു സ്വകാൎയ്യമായി കുറെനേരം എന്തൊക്കെയോ സംസാരിച്ചുംവെച്ചു സ്വന്തം രണ്ടു ഭൃത്യന്മാരോടുകൂടി ആ രാത്രിതന്നെ അ

വിടെനിന്ന യാത്രയായി. കുഞ്ഞാലി വീണ്ടും യഥാസ്ഥാനത്തു വന്നിരുന്ന സംസാരംതുടങ്ങി. തങ്ങൾ ആയിടയ്ക്കു പലേടത്തും ഭവനഭേദനം, സ്ത്രീമോഷണം, കൊലപാതകം മുതലായ അക്രമങ്ങൾ നടത്തിയതിനെപ്പററി അന്വേഷിച്ചു തുമ്പുണ്ടാക്കുവാനായി സ്പെഷ്യൽ ഡ്യൂട്ടിയിൽ കുട്ടിരാമപ്പണിക്കർ എന്നൊരു പൊല്ലീസ്സ് ഇൻസ്പെക്ടരെ നിയമിച്ചിരിക്കുന്നുവെന്നും, അതിനാൽ എല്ലാവരും വളരെ കരുതലോടുകൂടിവേണം നടക്കുവാനെന്നും, അടുത്തുതന്നെ ഒരു ധനികഗൃഹത്തിൽനിന്ന മോഷണം നടത്താനുണ്ടെന്നും അതു കഴിഞ്ഞിട്ടുവേണം നായരുടെ കാര്യത്തിൽ ഏപ്പെടുവാൻ എന്നും അതിന്ന താനും പുതിയ പുള്ളിയായ മൊയ്തീനുംമാത്രം പോയാൽ മതിയെന്നും സ്ത്രീയെ പിടിക്കുന്നതിനുള്ള ഉപായം പിന്നീടാലോചിച്ചു തീച്ചപ്പെടുത്തിയാൽ മതിയെന്നും മററും പറഞ്ഞു കുഞ്ഞാലി അന്നത്തെ ആ കൂടിയാലോചന നിൎത്തിവെയ്ക്കുയും കൂട്ടുകാരെ പിരിച്ചയയ്ക്കുകയും ചെയ്തിട്ടു കിടപ്പിന്നായി വട്ടംകൂട്ടി.

നാലഞ്ചുപ്രാവശ്യം ജയിലിൽനിന്ന വിട്ടുപോന്നിട്ടുള്ള പുള്ളിയും ഏതു കടന്ന കൈ വേണമെങ്കിലും നടത്തുന്നതിന്ന് തെല്ലും കൂസലില്ലാത്തവനുമായ കുഞ്ഞാലി എന്ന 'കെ. ഡി' ആറേഴുകൊല്ലമായി അധികൃതന്മാൎക്ക പിടികിട്ടാത്തവിധത്തിൽ വേഷം മാറി നടന്നും ഒളിച്ചുതാമസിച്ചും കഴിച്ചുകൂട്ടുകയാണ്. ഈ ആറേഴുകൊല്ലങ്ങൾക്കുള്ളിൽ കുഞ്ഞാലിയും കൂട്ടരും നടത്തിയിട്ടുള്ള കൊലപാതകം, ബലാത്സംഗം, സ്ത്രീമോഷണം, ഭവനഭേദനം, കൊള്ള, അടികലശൽ മുതലായ അക്രമങ്ങൾക്ക് അവധി ഇല്ലെന്നുതന്നെ പറയാം. കുഞ്ഞാലിയെ പിടിക്കാനായി പൊല്ലീസ്സ് അധികൃതന്മാർ പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും ഇതുവരെ പററിയിട്ടില്ല. അക്രമങ്ങളും അഴിമതികളുമാണെങ്കിൽ ദിവസംതോറും വർദ്ധിച്ചു വന്നുകൊണ്ടിരിക്കയും ചെയ്യുന്നു. കുഞ്ഞാലിയെ പിടിച്ചുകൊടുക്കുന്നവൎക്ക ൫൦൦ ക. ഇനാം കൊടുക്കുന്നതാണെന്ന ഗവമ്മെണ്ട് പരസ്യം ചെയ്തിട്ടുണ്ടായിരുന്നു. സമൎത്ഥന്മാരായ പലരും അവനെ കണ്ടുപിടിക്കുന്നതിന്നായി കൊണ്ടുപിടിച്ച പരിശ്രമം തുടങ്ങിയിട്ടുണ്ടായിരുന്നു.

ഈ അവസരത്തിലാണ് കോലശ്ശേരിയിലും അതിനടുത്തുള്ള തലസ്ഥാനനഗരമായ പുന്നാഗപുരത്തിലും വെച്ച് തുടരത്തുടരെ

വമ്പിച്ച പല കളവുകളും കൊലകളും ഉണ്ടായത്. ഇതോടുകൂടി ജനതതിയുടെ ഇടയിൽ വലുതായ പ്രക്ഷോഭവും പരിഭ്രമവുമായിത്തീൎന്നു. കോലത്തേരിനാട്ടുകാർ ആകമാനം ഭയാകുലരായി കിടുകിടെ വിറച്ചു. സ്ത്രീകളേയും സ്വത്തിനേയും സംരക്ഷിക്കുന്നതിൽ വ്യഗ്രന്മാരായി കഠിനമായ അസ്വാസ്ഥ്യത്തോടുകൂടി കഴിച്ചുകൂട്ടുന്നു. അസ്തമിച്ചാൽപ്പിന്നെ ഒരു വീട്ടിന്റെ എങ്കിലും പടിവാതിൽ തുറന്നോ ഒരു പ്രാണിയെങ്കിലും പുറത്തിറങ്ങിയോ കാണുന്നതല്ല. വളരെ സ്വത്തുള്ള കുഞ്ഞുണ്ണിനായരുടെ വീടും, ഏററവും സൌന്ദൎയ്യവതിയായ അമ്മിണിക്കുട്ടിയുടെ വീടും മാത്രം അക്കാലത്ത് യാതൊരു ചോരബാധയും കൂടാതെയിരുന്നുവെന്നുള്ളതു ബഹുജനങ്ങളുടെ ഇടയിൽ വലുതായ വിസ്മയത്തെ ജനിപ്പിച്ചു. ഇങ്ങിനെ നാടുമുഴുവൻ കൊട്ടാരായിത്തീൎന്ന ഉപദ്രവത്തിൽപ്പെട്ടു കുഴങ്ങുമ്പോൾ അധികൃതന്മാർ ഉപദ്രവകാരികളായ കുററവാളികളെ കണ്ടുപിടിക്കുന്നതിനായി പ്രത്യേകം ഒരു പൊല്ലീസ്സ് ഇൻസ്പെക്ടരെ നിയമിച്ചു പലതരത്തിലും അക്രമങ്ങൾ ഒതുക്കുന്നതിനായി ശ്രമിച്ചു. ഇൻസ്പെക്ടർ കുട്ടിരാമപ്പണിക്കർ അസാമാന്യമായ ബുദ്ധിശക്തിയും, യുക്തിയും, കേസ്സു തുമ്പുണ്ടാക്കുന്നതിൽ പ്രത്യേകമൊരു വാസനയും ഉള്ള ആളാണ്. തന്റെ ഈ അസാധാരണഗുണങ്ങളാൽ നന്നു താഴ്ന്ന ഒരു നിലയിൽ നിന്നു നല്ല ഉയൎച്ചയും കീൎത്തിയും ജനസ്വാധീനതയും സിദ്ധിച്ചിട്ടുള്ള ഒരു മാന്യപുരുഷനാണിദ്ദേഹം. പല വേഷങ്ങളും ഭാഷകളും ഉപയോഗിക്കുവാൻ അറിവുള്ള പണ്ഡിതനും ഏതു ഇരുമ്പു 'കുശ്മാണ്ഡത്തേ'യും കശക്കി രസം പുറപ്പെടുവിക്കുവാൻ സമൎത്ഥനുമായ അദ്ദേഹത്തിന്റെ കണ്ണിനേയും കാതിനേയും അന്ധീഭവിപ്പിച്ചുകൊണ്ടു നടക്കുന്ന കുഞ്ഞാലിയുടെ കള്ളത്തരം എത്ര മഹത്തരമാണ്! വേഷഭാഷാദികൾ പലതും കുഞ്ഞാലിയുടെ കയ്യിലും ഉള്ളതു വേണ്ടതുപോലെ വിജയപ്രദമാകുന്നതിന് അനുകൂലമായിട്ടുതന്നെ അവന്നൊരു ശരീരവും സിദ്ധിച്ചിട്ടുണ്ട്. സാമാന്യം വെളുത്തു തടിച്ച ഒരൊററരോമംപോലും ഇല്ലാത്ത കുശ്മാണ്ഡപ്രായമായ ഒരു മുഖത്തോടുകൂടിയ അവന്റെ ദേഹം കരിങ്കല്ലുപോലെ ദൃഢവും തളിൎത്തണ്ടുപോലെ വളച്ചാൽ വളയുന്നതുമായിരുന്നു. മേൽപ്പറഞ്ഞതിന്നും കുഞ്ഞാലി ഗൂഢവേഷങ്ങളിൽ നടന്നു പൊല്ലീസുകാരുടെ ദു

ഷ്ടിയിൽ വെച്ചുതന്നെ തോന്ന്യാസങ്ങൾ കാട്ടി വിജയത്തോടുകൂടി ജനമർദ്ദനം നടത്തിക്കൊണ്ടുവന്നു.

കുഞ്ഞുണ്ണിനായർ അമ്മണിക്കുട്ടിയുടെ വീട്ടു് കുളംകോരുമെന്നു് ശപഥം ചെയ്തുപോന്നതിന്നു ശേഷം എന്തെല്ലാമാണു് പ്രവൎത്തിച്ചതെന്നു മുൻകാണിച്ച മുഹമ്മദീയ കൂടിക്കാഴ്ചയിൽനിന്നു് ഏതാണ്ടു മാന്യവായനക്കാർ മനസ്സിലാക്കിയിട്ടുണ്ടല്ലോ? അന്നു് അമ്മണിക്കുട്ടിയുടെ വീട്ടിൽനിന്നു പോന്നതിന്നുശേഷം നായർ അങ്ങോട്ടു തിരിഞ്ഞുനോക്കിയിട്ടേയില്ല. അമ്മണിക്കുട്ടിയെ എങ്ങിനെ എങ്കിലും ഇണക്കിക്കൊണ്ടു കാമിതം കൈവരുത്തണമെന്നുള്ള ഉദ്ദേശം തന്നെയാണു് അയാളെ ഇപ്പോഴും പ്രവൃത്തിമാൎഗ്ഗത്തിൽ ചരിപ്പിക്കുന്നതു്. അതുകൊണ്ടു പ്രത്യക്ഷമായി അവൾക്കു അഹിതം ആചരിക്കുന്നതിന്നു നായർ ഒരുങ്ങിയില്ല. എങ്ങിനെ എങ്കിലും അവൾക്കു തൻെറ പേരിൽ ഉണ്ടായിട്ടുള്ള കറ തെല്ലൊന്നു നീങ്ങുന്നതിന്നിടയാകട്ടെ എന്നു കരുതി ആയാൾ അവൾക്കു സ്വാകൎമ്മസ്മരണമുണ്ടാക്കുവാനും ശ്രമിച്ചില്ല.

III

ആദിത്യൻ അസ്തമിച്ചു. കാർമേഘപടലങ്ങൾ കൂരിരുട്ടിന്റെ കൂട്ടോടുകൂടി ആകാശവീഥിയിൽ വന്നു നിരന്നുനിന്നു. ഇടിമുഴക്കവും കടൽത്തിരയടിയൊച്ചയും ഉച്ചലത്തിൽ ഉജ്വലിച്ചു. ലോകമാകമാനവും വിശേഷിച്ചു കോലശ്ശേരി നാട്ടുകാരുടെ ഉള്ളിലും വ്യാപിച്ചു തിങ്ങിനിറഞ്ഞ 'സൂചിഭേദ്യ'മായ തമസ്സിൽ കായലും കാടും നാടും മേടും ഒന്നാകെ ഒത്തുചേൎന്നു ഉരുക്കനായ ഒരു ഇരുമ്പുഗോളം പോലെ കാണപ്പെട്ടു. ജനതതിയൊക്കയും ഭയവിവശതയോടുകൂടി തന്തു വസതികളിൽ അഭയം പ്രാപിച്ചു് പ്രകൃതികോപത്തെ ശപിച്ചുകൊണ്ടു കൂടിയിരിക്കുന്നു. സകലരും നേരത്തെതന്നെ വീട്ടുവാതിലും പടിവാതിലും ബന്ധിച്ചു് അകത്തു് ഒതുങ്ങിയിരിക്കയാണു്. ഈ സമയത്തു അമ്മിണിക്കുട്ടിയുടെ വീട്ടിൻെറ പടിക്കൽനിന്നു ദയനീയവും സംഭ്രമാകുലവുമായ ഒരു വിളി കേട്ടുതുടങ്ങി. സ്ഥലകാലങ്ങളുടെ ഭയാവഹമായ ആ വല്ലാത്ത നിലയോൎത്തു വിളിക്കുന്നതാരാണെന്നു് അന്വേഷിക്കുന്നതിന്നുള്ള ധൈൎയ്യം ആൎക്കും ഉണ്ടായില്ല. കലശലായ നിരാശയും ഭയവും വ്യസനവും ധ്വനിക്കുന്ന ആ വിളിയുടെ മാത്ര ഇരട്ടിച്ചുതുടങ്ങി. ആൎത്തമായ ഒരു സ്ത്രീ

സ്വരമാണെന്നു ബോധപ്പെട്ടപ്പോൾ അമ്മിണിക്കുട്ടി ഭൃത്യനെ അയച്ചു് പടിവാതിൽ തുറപ്പിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ ക്രൂരിരുട്ടത്തു തപ്പിത്തടഞ്ഞും തമിഴിൽ ചിലതു പുലമ്പിയുംകൊണ്ടു് ഒരു സ്ത്രീ ഭൃത്യനൊരുമിച്ചു വീട്ടിന്റെ കോലായിൽ വന്നു കയറി. അമ്മിണിക്കുട്ടി വിളക്കുകൊണ്ടുവന്നു നോക്കിയപ്പോൾ വലുതായ ഒരു ഭാണ്ഡവും മുമ്പിൽവെച്ചു് ചേലകൊണ്ടു മൂടിയിട്ടുള്ള ഒരു 'മൊട്ടച്ചി അമ്മ്യാർ' ദയനീയാകൃതിയിൽ സ്ഥിതിചെയ്യുന്നതായിട്ടാണ് കണ്ടതു്. അമ്മിണിക്കുട്ടിയെ കണ്ടമാത്രയിൽ "അമ്മാ! എന്നു അലമുറ്. പൊല്ലാത്ത തിരുട്ടുപ്പശ്ങ്കൾ എന്നെ എന്ന പെടാത പാടുകൾ പെടുത്തി. അമ്പ്വാ! ഉശിരുംകൊണ്ടു നാൻ ഒരുവിധം തവിറിപ്പിളച്ചു് ഇങ്കെ വന്തു ചേർന്തുട്ടേൻ. കൊച്ചമ്മാ! പട്ടുകരെതിക്കു്

...കൊച്ചമ്മാ ഇതാ ... എന്നെല്ലാം അസംബന്ധസംവർത്തമാനം ... പറഞ്ഞുതുടങ്ങി. അപ്പോഴേയ്ക്കു ജ്യേഷ്ഠത്തിയായ കല്യാണിഅമ്മയും പുറത്തേയ്ക്കു വന്നു.

കല്യാണിഅമ്മ:—"എന്താ അമ്മ! സംഗതി? എവിടുന്നു വരുന്നു? എങ്ങോട്ടു പോകുന്നു? ഈ വല്ലാത്ത കാലത്തു ഇങ്ങിനേ ...നിയെ പുറപ്പെട്ടതെന്തു്? എന്താ വല്ലാതെ കിതയ്ക്കുന്നുവല്ലോ. ...ങ്ങു കേറി അകത്തേയ്ക്കു വരണം. വാതിലടച്ചേയ്ക്കാം. അമ്മ...യ്ക്കുന്നോ അപകടം പറ്റിയതുപോലെ തോന്നുന്നു."

അതുകേട്ടു് അമ്മ്യാർ 'മൂട്ട'യും എടുത്തു:—"അമ്മ! സരി...ാൻ, പൊല്ലാത കാലമപ്പാ" എന്നു പറഞ്ഞുംകൊണ്ടു് അകായി...ലേയ്ക്കു കടന്നു. അമ്മിണിക്കുട്ടി പിന്നാലെ വിളക്കുകൊണ്ടു് അകത്തു കടന്നു വാതിലടച്ചു. കല്യാണിഅമ്മയാൽ സൽകൃതയായ അ...മ്മ്യാരാകട്ടെ പൂജ്യസ്ഥാനത്തുതന്നെ സ്ഥലം പിടിച്ചു് 'മലയാളമാ...ത്തിത്യ' ഇപ്രകാരം സ്വകഥാകഥനമാരംഭിച്ചു.

എന്റെ രാജ്യം പാലക്കാടാണ്. ഏട്ടൻ ഇവിടെ ഉദ്യോഗമായി ...പുന്നാഗപുരത്തുണ്ടു്. ഒന്നു കാണ്മാൻ വേണ്ടി വരികയാണ്. ഇന്നു ...ലെ കല്ലൂർ കോവിലിൽ തൊഴുവാനായിറങ്ങി. ഇന്നു അവിടെനി...ന്നു പുറപ്പെട്ടു ഏട്ടന്റെ പണിസ്ഥലത്തു പോവാനാണ്. വഴിയിൽ ...പലരും കള്ളന്മാരുടെ കൊള്ളകളെപ്പറ്റി പറഞ്ഞു. എനിക്കു ...യമായി. കയ്യിലാണെങ്കിൽ അനവധി പണവും പണ്ടങ്ങളും ഉ

കേരള സാഹിത്യ അക്കാദമി

ണ്ടു്. തിരുടന്മാർ അതടിച്ചുകൊണ്ടുപോയാൽ? എന്തിനു്? ഞാൻ രണ്ടു മയിൽ ഇങ്ങോട്ടടുത്തപ്പോൾ ഉണ്ടു വരുന്നു രണ്ടു തുഷ്ടന്മാർ. എന്റെ അകംനടുകത്തു. ഞാൻ വേഗം കുതിച്ചു നടത്തം തുടങ്ങി. ഇരുളും മഴക്കാറും കലശ്ശലായി. കൺ തെരിയാതെ നാൻ കുഴങ്ങി. തുലുക്കൻ വരുമോ എന്നു പേടി. മധുരമീനാക്ഷി അമ്മന്നുടയ കടാക്ഷത്താൽ ഒരുവിധത്തിൽ പിഴച്ചുപോന്നു. ഇത്രയും പറഞ്ഞു് അമ്മ്യാർ നെടുതായൊന്നു നിശ്വസിച്ചു.

കല്യാണിഅമ്മ:—"അയ്യോ! വല്ലാത്ത കാലമാണിതു്. തട്ടിപ്പറിയും കൊലയും മുറയ്ക്കു നടക്കുന്നു. കേൾപ്പോരും കേൾവിയും ഇല്ലാതായി. കുഞ്ഞാലിയെന്ന പെരുങ്കള്ളനാണത്രെ ഇതിനെല്ലാം ആണിയായി നിൽക്കുന്നതു്. അവനു ഇവിടുത്തെ ഒരു പ്രമാണിയും ദുഷ്ടനുമായ കുഞ്ഞുണ്ണിനായർ എന്നൊരാൾ ഒററുനിൽക്കുന്നുമുണ്ടു്. എന്തൊക്കെയാണു വരാൻപോണതെന്നു് ദൈവം കണ്ടു. ഞങ്ങൾ രണ്ടു പോരാത്ത പെണ്ണുങ്ങൾ മാത്രമേ ഇവിടെയുള്ളൂ. നായർക്കാണെങ്കിൽ ഞങ്ങളോടു വലിയ ദ്വേഷ്യവുമാണു്, ഇയ്യിടെ ഇവിടെ———"

ഇത്രയുമായപ്പോഴേയ്ക്കും അമ്മിണിക്കുട്ടിയുടെ കണ്ണിണയിൽ ധാരാവർഷം ആരംഭിച്ചു. കല്യാണി അമ്മ വാക്യപൂർത്തി വരുത്തിയില്ല. അമ്മ്യാക്കു് എന്തോ കലശ്ശലായ ഒരു പരിഭ്രമം ഉണ്ടായി. കല്യാണിഅമ്മ തുടർന്നുപറഞ്ഞു:—

"അമ്മ പേടിക്കേണ്ട. കള്ളന്മാർ അത്ര എളുപ്പം ഇങ്ങോട്ടു വരില്ല. ഇവിടെ പടിക്കൽ നന്നാലു ഫിറമക്കളെ കാവൽ കിടത്തീട്ടുണ്ടു്."

അമ്മ്യാർ:—(ആശ്വാസഭാവത്തിൽ) "എന്നതു പറയുന്നു! വെള്ളക്കാരന്റെ കയ്യിലായി രാജ്യം. പിന്നേ എന്താ നടക്കാത്തതു്? കലികാലം മുററിപ്പോയി. ഉലകത്തിൽ പൊറുപ്പിനു വഴി മുട്ടിയിരിക്കുന്നു."

അമ്മിണിക്കുട്ടി:—(കണ്ണീർ തുടച്ചു്) വെള്ളക്കാരുടെ കയ്യിൽ രാജ്യം കിട്ടിയതുകൊണ്ടാണു് ഇങ്ങിനെയെങ്കിലും കഴിഞ്ഞുകൂടുന്നതു്. അല്ലെങ്കിൽ ഇതൊന്നുമല്ലാ അവസ്ഥ."

കല്യാണി അമ്മയും അമ്മ്യാരുംകൂടി വലുതായ പ്രസംഗത്തിന് ആരംഭിച്ചു. അമ്മിണിക്കുട്ടി രാമായണം എടുത്തു മുറയ്ക്കു വായനയും തുടങ്ങി. അമ്മ്യാരുടെ കയ്യിലുള്ള വർത്തമാനച്ചരക്കുകൾ മുഴുവൻ പുറത്തേയ്ക്കു പുറപ്പെടുവാൻ ഇടകൊടുക്കാതെ കല്യാണി അമ്മയുടെ "സ്റ്റോറിൽ" ഉള്ള നാട്ടുകൂട്ടങ്ങൾ തിക്കിത്തിരക്കി വെളിക്കു ചാടുന്നു. തമിഴും മലയാളവും അല്ലാത്ത ഒരു വിചിത്രഭാഷയിൽ അമ്മ്യാരും വർത്തമാനം പൊടിപൊടിക്കുന്നുണ്ട്. ഈരേഴു പതിന്നാലുലോകത്തിലും ഉള്ള വൃത്താന്തജാലങ്ങൾ ഒന്നിച്ചവിടെ രണ്ടുപേരും കൂടി അഴിച്ചു പരത്തിത്തുടങ്ങി.

നേരം മണി പതിനൊന്നായി. അമ്മ്യാർ കിടന്നുറങ്ങുന്നതിന്നായി കല്യാണിഅമ്മയെ ഞെരുക്കിക്കൊണ്ടിരുന്നു. ഒടുവിൽ രണ്ടുപേരും കിടപ്പിനു വട്ടംകൂട്ടി. കല്യാണിഅമ്മയ്ക്കു നല്ലവണ്ണം വിരേചനമില്ലെന്നു പറഞ്ഞപ്പോൾ അമ്മ്യാർ മൂട്ട അഴിച്ചു അതിൽ നിന്നു ഒരു നെല്ലിക്കാപ്രമാണം ഏതോ ഒരു രുചികരമായ ലേഹ്യമെടുത്തുകൊടുത്തു. ആയമ്മ അതുമേടിച്ചു മുറയ്ക്കു സാപ്പിട്ടു. കിടക്കുമ്പോൾ അമ്മ്യാർ സ്വന്തം ഭാണ്ഡമെടുത്ത് അറയ്ക്കുള്ളിൽ വെയ്ക്കുന്നതിന്നായി കല്യാണിഅമ്മയെ ഭാരമേല്പിച്ചു. കല്യാണിഅമ്മയാകട്ടെ അപ്രകാരം വെച്ചിട്ട് അമ്മിണിക്കുട്ടിയോടു വിളക്കൂതിക്കിടക്കാൻ പറഞ്ഞുംവെച്ചു വേഗത്തിൽ പായ വിരിച്ചു കിടന്നു. കുറച്ചുകഴിയെയായി അമ്മ്യാരും ശയനമാരംഭിച്ചു. അമ്മിണിക്കുട്ടി പിന്നേയും വായിക്കുകതന്നെയാണ്. സീതാപഹരണഘട്ടത്തിൽ രാവണനും സീതയുമായുള്ള സംവാദഘട്ടമാണു വായിക്കുന്നത്. അമ്മ്യാർ ഒന്നുരണ്ടുതവണ "അമ്മാ തൂങ്കുങ്കോൾ. ഇപ്പടി നിദ്ര ഇളച്ചാനാക്കാൽ ഏതാവതു രോഗവും വന്ന് പിടിക്കൂടാതാ" എന്നുപറഞ്ഞത് അവൾ കേട്ടതേയില്ല.

നേരം നിറഞ്ഞ പാതിര. മരാമരങ്ങൾപോലും അനങ്ങുന്നില്ല. ആകാശം കാർമേഘപടലങ്ങൾ തിങ്ങിനിറഞ്ഞ് അന്ധകാരദന്തുരമായി ചമഞ്ഞിരിക്കുന്നു. പാരിലെ മലമാററങ്ങൾ കണ്ട് 'കണ്ണുകളാം നക്ഷത്രങ്ങൾ' രണ്ടുമൂന്നെണ്ണം മിന്നാമിനുങ്ങുപോലെ മിന്നിമിനുങ്ങുന്നുണ്ട്. കല്യാണിഅമ്മ സകലകരണങ്ങളേയും മയക്കിയിട്ടുള്ള സുഖസുഷുപ്തിയുടെ ലാളനമേററു കിടക്കുന്നു. കരി

മുകിൽച്ചാർത്തു ചുഴന്ന നഭോവീഥിയിൽ ശശാങ്കകലപോലെ തളത്തിലെ തറയിൽ വിരിച്ച ശയനീയത്തിൽ ലാലസിക്കുന്ന അമ്മിണിക്കുട്ടിയും നിദ്രാവിഷ്ടയായിരിക്കുന്നു. അടുത്തു മങ്ങിക്കത്തിക്കൊണ്ടിരിക്കുന്ന വിളക്കിലെ ലോലമായ വെളിച്ചം അവളുടെ കോമളമായ മുഖമണ്ഡലത്തെ തലോടുന്നു. അല്പം അകലത്തായി കിടന്നു ക്രുക്കം വലിച്ചിരുന്ന അമ്മ്യാർ അവിടെ നിന്നെഴുനീററു നാലുപാടും കണ്ണോന്നു നടത്തിയിട്ടു പതുക്കെ അമ്മിണിക്കുട്ടിയുടെ അരികത്തേയ്ക്കു നടന്നു. ശബ്ദം ഉണ്ടാക്കാതെ പതുങ്ങിപ്പതുങ്ങിക്കൊണ്ട് അമ്മ്യാർ അടുത്തെത്തി; മങ്ങിയ വെളിച്ചത്തു് അമ്മിണിക്കുട്ടിയെ ആപാദചൂഡം ഒന്നു പരിശോധിച്ചു. അല്പദീപ്രമായ ദീപപ്രഭയെ നിഷ്പ്രഭാവമാക്കുന്ന അദൃഷ്ടമായ തേജഃപടലത്താൽ ആ യുവതിയുടെ വദനകമലം കണ്ട മാത്രയിൽ അമ്മ്യാരുടെ അന്തരാളം ഒന്നു കിടുങ്ങി. ചാരിത്രതേജസ്സു കേളിയാടുന്ന ആ കനകവിഗ്രഹം എരിഞ്ഞു പുകഞ്ഞ ആഗ്നേയഗിരിപോലെ ദുരാസദമായിത്തോന്നി. “അമ്മേ! അമ്മേ! ആരാവരുന്നു” എന്നിങ്ങനെ ആ സതീരത്നം ഉറക്കത്തിൽ ഞെട്ടിത്തെറിച്ചുച്ചരിച്ചതു കേട്ട ക്ഷണത്തിൽ അമ്മ്യാർ അറിയാതെ നാലഞ്ചടി പിന്നോക്കം മാറിപ്പോയി. നീചമായ ഏതോ ഒരു മനോവികൃതിയ അമ്മ്യാരെ വീണ്ടും അമ്മിണിക്കുട്ടിയുടെ അടുക്കലേയ്ക്കു തള്ളിഅയച്ചു. ഗാഢനിദ്രതന്നെയോ എന്നു പരിശോധിച്ചറിയുന്നതിന്നായി അമ്മ്യാർ അടുത്തുവന്നതും കാലുതട്ടി അടുത്തിരുന്ന കിണ്ടി നിലത്തുതട്ടി മറിഞ്ഞുവീണ് ഒച്ച ഉണ്ടാക്കിയതും ഒന്നിച്ചുകഴിഞ്ഞു. അമ്മിണിക്കുട്ടി പെട്ടെന്നു ഞെട്ടിയുണന്ന് സംഭ്രമത്തോടുക്രുടി ശയ്യയിൽനിന്നെണീററു് “അമ്മേ” എന്നു ഉറക്കെ നിലവിളിച്ചു. അമ്മ്യാർ ഒന്നു കിടന്നു പരുങ്ങിക്കൊണ്ട് കത്തുന്ന വിളക്ക് ഊതിക്കെടുത്താനായി തുനിഞ്ഞ മാത്രയിൽ മടിയിൽ ഒളിച്ചുവെച്ചിട്ടുണ്ടായിരുന്ന കഠാരി ഝടിതി നിലത്തുവീണ് ഒച്ചപ്പെട്ടു. വിളക്കൊട്ടു കെട്ടതുമില്ല. സംഭ്രാന്തചിത്തയായി മിഴിച്ചുനിന്ന അമ്മ്യാരാകട്ടെ, നിലത്തു വീണ കഠാരി എടുപ്പാനായി കൈനീട്ടിയപ്പോഴെയ്ക്കും എന്തൊരു ശക്തിയുടെ പ്രേരണയാലോ അതു് അമ്മിണിക്കുട്ടി കൈക്കലാക്കിക്കളഞ്ഞു. ആയുധം പോയതോടുക്രുടി സംഭ്രമം കലശലായിത്തീന്ന അമ്മ്യാർ മേലുള്ള മൂടുപടം അങ്ങു കളഞ്ഞപ്പോഴാം ആശ്ചര്യമാശ്ചര്യം! കുഞ്ഞാലി എന്ന കുപ്രസിദ്ധനായ മുഹമ്മ

ഭീയരാക്ഷസന്റെ ഉഗ്രരൂപമാണ് അമ്മിണിക്കുട്ടിയുടെ അക്ഷികൾക്കു ലക്ഷീഭവിച്ചതു്. അവൾ "അയ്യോ" എന്നു ആവേശത്തോടുകൂടി ഒന്നു നിലവിളിച്ചു. എന്നിട്ടും കല്യാണിഅമ്മ ഉണൎന്നില്ല. പെട്ടെന്നു 'വിപദി'ധൈൎയ്യത്തിന്റെ അനിവാൎയ്യമായ ശക്തിവിശേഷത്താൽ ആ സാദ്ധ്വീമണി വൈദ്യുതശക്തി പായിച്ചതിന്മണ്ണം ഒരു കെല്പും ചൈതന്യവും പ്രാപിച്ചു് സ്ഥിരചിത്തയായി കാമചാപം ഒട്ടിച്ചതുപോലെ ചില്ലിക്കൊടി ചുളിച്ചു് തീക്ഷ്ണമായി മാപ്പിളയെ നോക്കിയുംകൊണ്ടു് അനങ്ങാതെ നിന്നു. അമ്മിണിക്കുട്ടിയുടെ അരുണവൎണ്ണമായ പൂങ്കവിളിണ കണ്ടു് കഠിനമായ കാമപാരവശ്യവും ബീഭത്സമായ പൈശാചികസ്മേരവും കലൎന്ന മുഖഭാവത്തോടുകൂടി കുഞ്ഞാലി അയ്യോ, അതാ, അനേകം മനുഷ്യജീവികളുടെ ജീവിതരക്തത്തിൽ കുളിച്ചിട്ടുള്ളതും അനേകം സതീരത്നങ്ങളുടെ പാതിവ്രത്യമഹസ്സിനെ മലിനപ്പെടുത്തിയിട്ടുള്ളതും ആയ തന്റെ നെടുങ്കൈകളും നീട്ടി പതിവ്രതാശിരോമണിയായ അമ്മിണിക്കുട്ടിയുടെ പരിശുദ്ധമായ പൂവൊളിമേനിയെ തൊട്ടു പാംസുലമാക്കുവാനായിത്തുനിയുന്നു! ആ പടവെട്ടിനായരുടെ മകളായ സാദ്ധ്വിയാകട്ടെ, ലേശവും പതറിച്ച കൂടാതെ കരലതയിൽത്തിളങ്ങുന്ന കഠോരമായ കഠാരികൊണ്ടു് കുഞ്ജരമസ്തകംപോലെ ദുൎദ്ധൎഷമായ കുഞ്ഞാലിയുടെ വക്ഷസ്സിൽ ഒരു കുത്തു കുത്തി! "ഹള്ളാ! പടച്ചോനെ!" എന്നു് ഉച്ചത്തിൽ അലറിയുംകൊണ്ടു് കുഞ്ഞാലി പക്ഷമററ പൎവ്വതംപോലെ നിലത്തലച്ചു വീഴുകയും ചെയ്തു.

അഹോ! മൃണാളമൃദുലമായ ആ യുവതിയുടെ കരലതികയെവിടെ? മാമലപോലെ ക്രൂരനായ മാപ്പിളയുടെ കരിങ്കല്ലുപോലുള്ള വക്ഷസ്സെവിടെ? പക്ഷെ, ആ നായർയുവതിയുടെ രക്തനാഡിയിൽക്കൂടിയും പടവെട്ടിനായർ രക്തമല്ലയോ പാഞ്ഞൊഴുകുന്നതു്?

"ഉള്ളാ നായർവധൂമണിക്കെരികയാർ പേർകേട്ട തൽപ്പൂൎവ്വികൎ-
ക്കുള്ള ക്ഷത്രിയരക്തമൊട്ടിടയുണൎന്നാൽപ്പാഞ്ഞിരിക്കാമതിൽ."

കുഞ്ഞാലിയുടെ നരകയാത്രയ്ക്കു സാക്ഷീഭവിച്ച പ്രസ്തുത രാത്രിയുടെ അതേ സമയത്തുതന്നെ നടന്നിട്ടുള്ള വേറെ ചില സംഭവങ്ങളിലേയ്ക്കു കൂടി വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൂട്ടി

ക്കൊണ്ടുപോയിട്ട് ഈ കഥയുടെ പരിണാമത്തിലേയ്ക്കു കടക്കാമെന്നു കരുതുന്നു.

കുഞ്ഞാലിയുടെ സംഘത്തിൽ പുതുതായി വന്നുചേൎന്ന പുള്ളിയായ മൊയ്തീയൻ ഏകദേശം നാലഞ്ചു ദിവസത്തോളമായി സംഘത്തിൽ സന്നിഹിതനാകാറില്ല. പ്രസ്തുത രാത്രിയിൽ ആ പുള്ളി പത്തുപതിനഞ്ചു പ്രഛന്നവേഷക്കാരോടുകൂടി കുഞ്ഞാലിയുടെ സങ്കേതമായ ഗൃഹാദ്വാരത്തിലേയ്ക്കു പുറപ്പെട്ടു. സങ്കേതത്തിൻെറ അതിൎത്തിയിൽ എത്തിയപ്പോൾ കൂട്ടുകാരെ അവിടെ നിൎത്തിയുംവെച്ച് മൊയ്തീയൻ ഏകാകിയായി അകത്തേയ്ക്കുപോയി. അവിടെച്ചെന്നപ്പോൾ ഒന്നുരണ്ടുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരെ വിളിച്ചുണൎത്തി കുഞ്ഞാലി എവിടെയെന്നു അന്വേഷിച്ചപ്പോൾ അമ്മിണിക്കുട്ടിയുടെ ഗൃഹത്തിലേയ്ക്കു പോയിട്ടുണ്ടെന്ന വിവരം മനസ്സിലായി. എന്നുമാത്രമല്ലാ, കുഞ്ഞുണ്ണിനായർ കുഞ്ഞാലിയെ കാത്തിരിക്കുന്നുണ്ടെന്നും പറഞ്ഞറിഞ്ഞു. നായർ തന്നോടു അങ്ങോട്ടു ചെല്ലാൻ പറഞ്ഞിട്ടുണ്ടെന്നും പറഞ്ഞു മൊയ്തീയൻ വേഗത്തിൽ പുറത്തേയ്ക്കുപോന്നു. അനുയായികളിൽ നാലുപേരെ വിളിച്ച് എന്തോ സ്വകാൎയ്യമായിപ്പറഞ്ഞ് അവരെ അകത്തേയ്ക്കും വേറെ നാലുപേരെ അമ്മിണിക്കുട്ടിയുടെ വീട്ടിലേയ്ക്കും പറഞ്ഞയച്ച് ബാക്കിയുള്ളവരോടുംകൂടി കുഞ്ഞുണ്ണിനായരുടെ വീട്ടിലേയ്ക്കു പുറപ്പെട്ടു. നായരുടെ സങ്കേതങ്ങളെപ്പററി നല്ല പരിചയമുള്ള മൊയ്തീൻ അനുചരന്മാരോടുകൂടി നായരുടെ പത്തായപ്പുരയിൽ ചെന്നെത്തി. കുഞ്ഞാലി അമ്മിണിക്കുട്ടിയേയും കൊണ്ടുവരുന്നതു കാത്തുംകൊണ്ട് അക്ഷമനായി സ്ഥിതിചെയ്യുന്ന നായർ മൊയ്തീൻ വരുന്നതു കണ്ടപ്പോൾ സന്തുഷ്ടനായി "അവരെവിടെ" എന്നു ചോദിച്ചു. ഇപ്പോൾ വരും എന്നുപറഞ്ഞുംകൊണ്ടു പിന്നീടു നായരുടെ കൎത്തവ്യങ്ങളെന്തൊക്കെയെല്ലാമാണെന്നു മൊയ്തീൻ ചോദ്യംതുടങ്ങി. അമ്മിണിക്കുട്ടിയെ പിടിച്ചതും കൊണ്ടുവരുന്നതും എങ്ങിനെയൊക്കെയാണെന്നറിയാനുള്ള ആഗ്രഹമാണ് നായൎക്ക് ഉണ്ടായിരുന്നത്. രണ്ടുപേരും കുറെ നേരം പല സംഗതികളെപ്പററിയും സംസാരിച്ചുകൊണ്ടിരുന്നു. ഇതിനിടയ്ക്കു നായർ കുഞ്ഞാലി വരുന്നതു കാണായ്കയാൽ തല ചൊറിഞ്ഞും കൈ തിരുമ്മിയും അക്ഷമനായി എണീററ് അങ്ങുമിങ്ങും നടന്നും പല ഗോഷ്ടികളും കാണിക്കുകയുണ്ടായി.

രാത്രി മണി മൂന്നായി. അപ്പോഴെയ്ക്കും ഒരു മുഹമ്മദീയൻ വന്നു മൊയ്ലിയനോട് എന്തോ കണ്ണുകാണിച്ചു പറഞ്ഞു. കുഞ്ഞാലിക്ക് സഹായത്തിനായി താൻ പോകുന്നുവെന്നു പറഞ്ഞ് മൊയ്ലിയൻ വന്ന ആളോടുകൂടി താഴത്തെയ്ക്കിറങ്ങിപ്പോന്നു. അവർ രണ്ടുപേരുംകൂടി കുറെ നേരം എന്തോ മന്ത്രിച്ചതിന്നുശേഷം കൂട്ടുകാരോടെല്ലാം ആംഗ്യസംജ്ഞകൊണ്ടു തന്നെ പിന്തുടരുവാൻ പറഞ്ഞിട്ടു മൊയ്ലിയൻ തന്റെ ഉടുപ്പു മാററിയുംവെച്ചു വീണ്ടും മാളികയിലേയ്ക്കു കയറിച്ചെന്നു. കോണിപ്പടിയിൽ കയറുന്ന ശബ്ദം കേട്ടപ്പോൾ തന്നെ അക്ഷമനായി 'എവിടെ വരുന്നില്ലെ?' എന്നു ഉൽക്കണ്ഠയോടെ പറഞ്ഞുകൊണ്ടു അങ്ങോട്ടു ദത്തദൃഷ്ടിയായിരുന്ന നായരുടെ ദൃഷ്ടിക്കു പൊല്ലീസ്സു ഇൻസ്‌പെക്ടർ കുട്ടിരാമപ്പണിക്കരാണു ഗോചരീഭവിച്ചത്. അയാളുടെ ഉള്ളിൽ ഒരു മിന്നൽ പൊലിഞ്ഞു ദൃഷ്ടികൾ അന്ധങ്ങളായി. "നീചാ! നിന്റെ ക്രൂരകൃത്യങ്ങൾക്കെല്ലാം ഇന്ന് കയ്യോടെ ഫലം വന്നിരിക്കുന്നു." എന്നു പറഞ്ഞ് ഇൻസ്‌പെക്ടർ നായരെ കൈവിലങ്ങുവെച്ച് കൂടെ കൊണ്ടുവരുവാനായി രണ്ടു കൺസ്റ്റബിൾമാരെ നിയോഗിച്ചു വേഗത്തിൽ അമ്മിണിക്കുട്ടിയുടെ ഗൃഹത്തിലേയ്ക്കു പുറപ്പെട്ടു.

ഗുഹാദ്വാരത്തിലേയ്ക്കു കടന്ന പ്രച്ഛന്നവേഷക്കാരായ പൊല്ലീസുകാർ അവിടെ ഉണ്ടായിരുന്ന കള്ളന്മാരെ കളവുസാധനങ്ങളോടുകൂടി പിടിച്ചു സ്റ്റേഷനിലേയ്ക്കു കൊണ്ടുപോയി.

നേരം പ്രഭാതമായപ്പോൾ കുഞ്ഞാലിയുടെ ദുർമ്മരണവാർത്ത നാടാകമാനം പരന്നു. അമ്മിണിക്കുട്ടിയുടെ ധീരതയെപ്പററി സകല ജനങ്ങളും പ്രശംസിച്ചുകൊണ്ടിരുന്നു. ഇൻസ്പെക്ടർ കുട്ടിരാമപ്പണിക്കർ സ്ഥലത്തെത്തി. 'മഹസ്സർ' തെയ്യാറാക്കി കുഞ്ഞാലിയുടെ പ്രേതത്തെ എടുപ്പിച്ചുംകൊണ്ടുപോയി. കുഞ്ഞുണ്ണിനായരെ ജാമ്യത്തിൽക്കൂടെ വിടാതെ ബന്ധനത്തിൽ വെയ്ക്കുകയും ചെയ്തു.

കുട്ടിരാമപ്പണിക്കർ സൂക്ഷ്മമായി കുഞ്ഞാലിക്കൂട്ടരുടെ സങ്കേതസ്ഥലം അന്വേഷിച്ചു കണ്ടുപിടിച്ച് കള്ളികൾ മുഴുവൻ മനസ്സിലാക്കുന്നതിന്നായി മൊയ്ലിയന്റെ വേഷത്തിൽ കള്ളസ്സംഘത്തിൽച്ചെന്നു ചേർന്നതായിരുന്നു. അടുത്ത നാലഞ്ചുദിവസങ്ങളിൽ

കാൎയ്യാന്തരഗൗരവം നിമിത്തം അദ്ദേഹത്തിന് സംഘത്തിൽ എത്തിച്ചേരുവാൻ സാധിക്കാതെ വന്നതിനാലാണ്, ആ രാത്രി കുഞ്ഞാലി അമ്മിണിക്കുട്ടിയുടെ അപഹരണത്തിനായി പുറപ്പെട്ട കഥ മുൻകൂട്ടി അറിയാതിരുന്നത്.

തലേദിവസം രാത്രി അമ്മ്യാർ കൊടുത്ത ലേഹ്യം കഴിച്ചതിനാൽ കല്യാണിഅമ്മ തലയ്ക്കുപിടിച്ചു ബോധം മറിഞ്ഞു് പിറേറന്നു വൈകിട്ടാണ് ശയ്യയിൽ നിന്നെണീററത്. അമ്മ്യാർ എല്പിച്ച ഭാണ്ഡം അഴിച്ചുനോക്കിയപ്പോൾ അതിനകത്തു ഒരു മനുഷ്യശിരസ്സാണ് കാണപ്പെട്ടത്. ഇൻസ്പെക്ടരുടെ ശ്രമത്താൽ കുഞ്ഞാലിയെ പിടിക്കുന്നവൎക്കു കൊടുപ്പാനായി പരസ്യം ചെയ്തിരുന്ന ൫൦൦ ക അമ്മിണിക്കുട്ടിക്കു കിട്ടിയെങ്കിലും ആ മനസ്ഥിതി അതു മേടിക്കുവാൻ മടിച്ചു.

അമ്മിണിക്കുട്ടിക്കും കുട്ടിരാമപ്പണിക്കൎക്കും പരസ്പരം കാണുന്ന അവസരങ്ങളിൽ അവരുടെ ഹൃദയത്തിന്റെ ഹൃദയത്തിനുള്ളിൽ ഒരു തരംഗ ലീല ഉണ്ടാകുമാറുണ്ടായിരുന്നു. അമ്മിണിക്കുട്ടിയുടെ അപ്പന്റെ മരുമകനായ കുട്ടിരാമപ്പണിക്കർ അവളുടെ വരനായി നിശ്ചയിക്കപ്പെട്ടിരുന്ന ആളാണ്. ചെറുപ്പത്തിൽ തന്നെ അന്യോന്യാനുരക്തരും ദൈവഗത്യാ പിന്നീട് വിദൂരിതരും വിഘടിതരുമായിത്തീൎന്ന അവരുടെ മേലിലുള്ള മനഃസ്ഥിതി മാന്യവായനക്കാർതന്നേ അനുമാനിച്ചുകൊള്ളുവിൻ!

(o)

ദീപിക

അഥവാ

സപത്നീപമാററം.

(ഈ കഥ മിസ്സ് ശാന്താചാററർജി എഴുതീട്ടുള്ളതിന്റെ പരിഭാഷയാകുന്നു.)

നാലുപാടും നെടുമരങ്ങൾ തിങ്ങിനിറഞ്ഞു നിരന്നു നിൽക്കുന്ന വലുതായ ഒരു കാട്ടിൽക്കൂടെ ചെന്നു മുട്ടുന്ന ചെറുതായ ഒരു ഒറ്റടിപ്പാത അതാ കാണുന്നു. കാടിന്റെ അററത്തേയ്ക്കു മാറിനില്ക്കുന്ന പെരു

മലയുടെ കൊടുമുടിക്കു പിന്നിൽ ആദിത്യദേവൻ അന്തർദ്ധാനം ചെയ്തുതുടങ്ങുന്നു. സായംസന്ധ്യയുടേ ശോണവർണ്ണമായ ചേതോഹരഛായ മന്ദമന്ദം മങ്ങി മാഞ്ഞുകൊണ്ടുവരുന്നു. അന്ധകാരനിര ചരാചരത്തെ മുഴുവൻ ഗ്രസിച്ചു. മലയുടേ ചെരുവിലുള്ള ഗുഹയുടേ ഉള്ളിൽനിന്ന് ഇടയ്ക്കിടയ്ക്കു മിന്നിക്കാണുന്ന ഒരു വെളിച്ചമല്ലാതെ വേറെ യാതൊരു പ്രകാശവും ആ പ്രദേശത്തില്ല.

ഈ സമയത്താണ് മേൽപ്പറഞ്ഞ ഇടുങ്ങിയ ഊടുപാതയിൽക്കൂടേ ചിത്രമെഴുത്തുകാരനായ സുപ്രിയൻ മന്ദമന്ദം കടന്നുപോയിക്കൊണ്ടിരുന്നത്. സുപ്രിയൻ പ്രായത്തിൽ ചെറുപ്പക്കാരനായിരുന്നുവെങ്കിലും കാഴ്ചയിൽ ഒരു വയസ്സനായിട്ടാണിരുന്നത്. മനഃക്ലേശത്തിനു മനുഷ്യനിൽ വരുത്താവുന്ന മാററങ്ങൾക്കെല്ലാം അയാൾ തികഞ്ഞ ഒരുദാഹരണമായിച്ചമഞ്ഞിട്ടുണ്ട്. ആ ചിത്രകാരന്റെ മൃദുലകോമളമായിരുന്ന ദേഹം ജീവിതഗതിയുടെ വിഷമമായ വിപരിവർത്തനത്തിൽ വന്നുകൂടിയിട്ടുള്ള ദുർഭരമായ ഭാരത്താൽ നമ്രമായിത്തീർന്നിരിക്കുന്നു. സുപ്രിയൻ നടന്നു വല്ലാതെ തളർന്നു വശംകെട്ടിരുന്നുവെങ്കിലും ഇരുട്ട് അധികപ്പെടുന്നതിനുമുമ്പായി നഗരത്തിലെത്താതെ നിവൃത്തിയുണ്ടായിരുന്നില്ല. അതുകൊണ്ട് അയാൾ ഒരുവിധത്തിൽ ഇഴഞ്ഞു വലിഞ്ഞുതടഞ്ഞു നടക്കുവാൻതുടങ്ങി.

കുറച്ചുമുമ്പ് വഴിക്കുവെച്ച് കണ്ടുമുട്ടിയ മറെറാരു മനുഷ്യൻ ഈ അവസരത്തിൽ സുപ്രിയന്റെ മുന്നിൽ പെട്ടെന്നു സന്നിഹിതനായി. സുപ്രിയൻ ഒന്നു പകച്ചു സൂക്ഷിച്ചു നോക്കീട്ട് 'ആരിതു്? വസുദത്തനോ?' എന്ന് ഒരു ക്ലിഷ്ടസ്വരത്തിൽ ചോദിച്ചു. പുതുതായി വന്ന മനുഷ്യൻ വായുമണ്ഡലം മാറെറാലി കൊള്ളത്തക്കവണ്ണം ഒന്നു പൊട്ടിച്ചിരിച്ച് 'അതേ ഞാൻ തന്നെ; സംശയമില്ല. പിന്നെ നിങ്ങളെന്താ ഈ അസമയത്ത് ഇതിലെ നടക്കുന്നതു്? നിങ്ങളിതേവരേയും എവിടെയായിരുന്നു?' എന്നു പകരം ചോദ്യം ചെയ്തു.

"ഞാൻ രാജമന്ദിരത്തിൽ നിന്നു മടങ്ങിവരികയാണിപ്പോൾ"

'ആട്ടെ, വല്ല ഗുണവും ഉണ്ടായോ?

'ഉവ്വ്; ഒരു ഛായാപടം എഴുതിക്കൊടുത്തു. ഇനി മറെറാന്നുകൂടി എഴുതിക്കൊടുക്കുവാൻ കല്പന ആയിട്ടുമുണ്ട്.

'കൊള്ളാം ആവട്ടെ, നിങ്ങളുടെ തിടുക്കം നിവൃത്തിക്കാൻ വഴിയായോ? എന്താ മുഖം ഇങ്ങിനെ വല്ലാതിരിക്കുന്നതു്?

നിങ്ങളുടെ മുഖവും ഈ രാത്രിയും തമ്മിൽ ഒത്തുനോക്കുമ്പോൾ രാത്രി പ്രഭാതമായിട്ടു തോന്നുന്നുണ്ടു്. എനിക്കെങ്ങാനുമാണു് ഇങ്ങിനെയുള്ള തക്കം ഒന്നു കിട്ടീട്ടുണ്ടായിരുന്നതെങ്കിൽ ഞാൻ ഇപ്പോൾ തലകുത്തിയിട്ടാണു് നടക്കുമായിരുന്നതു്.

സുപ്രിയൻ മുഖം തിരിച്ചു് മനോവേദന വഴിഞ്ഞൊഴുകുന്ന സ്വരത്തിൽ പ്രലപിച്ചു:—"സ്നേഹിതാ! ശരിതന്നെ. പക്ഷെ, തക്കം വന്നതു കുറെ വൈകീട്ടായിപ്പോയി.

വസുദത്തൻ, അതുകേട്ടു് നടുങ്ങി കുറച്ചുനേരത്തേയ്ക്കു് ഒന്നും മിണ്ടാതെ നിന്നു. അല്പം കഴിഞ്ഞപ്പോൾ ഇങ്ങനെ ചോദിച്ചു. 'എന്താണു് നിങ്ങൾക്കു് പററിയതു്? പറയൂ.'

"ഒന്നും ഇല്ല; മുട്ടുകൾ നിവൎത്തിക്കുന്നതിന്നു് വേണ്ട പണം കയ്യിൽ കിട്ടിത്തുടങ്ങുന്നതിന്നു മുമ്പുതന്നെ എനിക്കു് ലോകത്തോടു് അവസാനയാത്ര ചോദിക്കേണ്ടതായി വരുമെന്നു് കൊട്ടാരംവൈദ്യൻ എന്നോടു പറഞ്ഞിരിക്കുന്നു. അത്രേ ഉള്ളൂ" 'അതെന്തുകൊണ്ടു്,' എന്നു വസുദത്തൻ സംഭ്രമത്തോടുകൂടി ചോദിച്ചു.

ഞാൻ രാജസന്നിധിയിൽ നിന്നു പോന്ന ഉടനെ മോഹാലസ്യപ്പെട്ടു വീണു. പിന്നെ തന്റേടം വന്നപ്പോൾ ആണു് വൈദ്യൻ ഇതു പറഞ്ഞതു്.

വസുദത്തൻ തന്റെ സുഹൃത്തിന്റെ മുമ്പിൽ മൂകനായി നിശ്ചലം നിന്നതേ ഉള്ളൂ. തന്റെ സ്നേഹിതനെ ആശ്വാസപ്പെടുത്തുവാനുള്ള വാക്കൊന്നും അപ്പോൾ അയാളുടെ നിഘണ്ടുവിൽ ഉണ്ടായിരുന്നില്ല. സുപ്രിയൻ സ്നേഹിതന്റെ പരുങ്ങൽ മനസ്സിലാക്കിയിട്ടു പറഞ്ഞു:— 'പിന്നെ എന്നെച്ചൊല്ലി വ്യസനിക്കേണ്ട. അതുകൊണ്ടു ഫലമൊന്നുമില്ല." സുപ്രിയൻ ഇത്രയും പറഞ്ഞു്, വസുദത്തനെ അയച്ചുംവെച്ചു് കുതിച്ചു നടന്നു.

സുപ്രിയൻ വസതിയിൽ എത്തിയപ്പോഴേയ്ക്കും രാത്രി കുറെ ആയിരുന്നു. ആയാൾ വാതിൽക്കൽചെന്നു മുട്ടി 'ദീപികേ!' എന്നുച്ചത്തിൽ വിളിച്ചു.

വാതിൽ തുറന്നു. സുന്ദരിയായ ഒരു യുവതി കരതളിരിൽ ഒരു ചെറുവിളക്കുമായി സുപ്രിയന്റെ സന്നിധിയിൽ സന്നിഹിതമായി

അവരം ഉൽക്കണ്ഠയോടുകൂടി ചോദിക്കയാണ്:—"വരാൻ ഇത്ര വെകിപ്പോയതെന്തു്? ഞാൻ എത്രനേരമായി എന്തോ കാത്തിരിക്കാൻ തുടങ്ങീട്ടു്? അകത്തേയ്ക്കു പോവാം, ഇവിടെ നിൽക്കണ്ട. വലിയ തണുപ്പുണ്ടു്."

സുപ്രിയൻ അവളെ അനുഗമിച്ചു മുറിയിലേയ്ക്കു കടന്നു. മുറി ആകപ്പാടെ നഗ്നമാണെന്നുതന്നെ വേണം പറയുവാൻ. വലുതായ ഒരു പര്യങ്കം ഒരു മൂലയിൽ ഇട്ടിട്ടുണ്ടു്. അതിൻെറ തലയ്ക്കൽ ഭാഗത്തായി, ഭംഗിയായി കൊത്തി ഉണ്ടാക്കിയിട്ടുള്ള ഒരു ദീപശില്പശിലയും സ്ഥിതിചെയ്യുന്നുണ്ടു്. പിന്നെ അതിൽ ദൃഷ്ടിയെ ആകർഷിക്കത്തക്ക വല്ല സാധനവും ഒന്നുണ്ടെങ്കിൽ അതു് അത്ഭുതാംഗിയായ ഒരു യുവതിയുടെ ചേതോഹരമായ ഛായാപടം മാത്രമാണു്. നിറപ്പകിട്ടുള്ള ചായങ്ങളുടെ അഴകുകൊണ്ടു് ആ ഛായാപടത്തിന്നു തന്നെത്താൻ ഒന്നഭിമാനിക്കുന്നതിന്നു് അവകാശമില്ലെങ്കിലും, കൃത്രിമാലങ്കാരങ്ങളുടെ ആവശ്യകത ഉണ്ടാവാത്ത വിധത്തിൽ അതിൻെറ മുഖം അത്രയ്ക്കു നൈസർഗ്ഗികമായ ഭംഗി വരുത്തി മോഹനമായി എഴുതപ്പെട്ടിട്ടുള്ളതായിരുന്നു. ആ ചിത്രപടം ദീപികയുടേതാണു്.

സുപ്രിയൻെറ അച്ഛനും സുപ്രസിദ്ധനായ ഒരു ചിത്രകാരനായിരുന്നു. അയാൾ രാജപ്രീതിയെ സമ്പാദിച്ചിരുന്നതിനാൽ, ദാരിദ്ര്യത്തിന്റെ തിരനോട്ടത്തിൽക്കൂടിയും ആ ഭവനം വിഷയീഭവിച്ചിരുന്നില്ല. അച്ഛൻെറ ജോലിതന്നെ സ്വീകരിച്ചു് മകനും രാജാവിൻെറ ആനുകൂല്യത്തെ സമ്പാദിച്ചു. എന്നാൽ ചപലയായ ഭാഗ്യലക്ഷ്മി ഒരിടത്തും സ്ഥിരതരമായി സ്ഥിതിചെയ്യുക പതിവില്ലല്ലോ. ഒരു ഛായാപടത്തെപ്പററി രാജാവും സുപ്രിയനും തമ്മിൽ ഉണ്ടായ അഭിപ്രായവ്യത്യാസം സുപ്രിയന്നു് ദൌർഭാഗ്യഗർത്തത്തിലേയ്ക്കുള്ള വീഴ്ചയ്ക്കു വഴിവെച്ചു. രാജമന്ദിരത്തിൽ സുപ്രിയന്നുള്ള പ്രവേശദ്വാരങ്ങളെല്ലാം വേഗത്തിൽ അടഞ്ഞു വശമായി. പണ്ടു വളരെ വേണ്ടപ്പെട്ടവരായിരുന്ന സ്നേഹിതന്മാരൊക്കെ, ഇപ്പോൾ സുപ്രിയനെ കണ്ടാൽ അറിയാത്തവരായി തീർന്നു തുടങ്ങി. ആദ്യകാലങ്ങളിൽ ആയാൾ ചെറുപ്പത്തിലെ സ്വപ്രത്യയസ്ഥൈര്യം കൊണ്ടും, നിരാശയുമായി മല്ലിട്ടുകൊണ്ടിരിക്കുന്ന പ്രത്യാശയേയും അഭിമാനത്തേയും സൂക്ഷിച്ചുകൊണ്ടുതന്നെ വന്നു. നിറം കൂട്ടിവിള

ക്കിയ സുപ്രിയൻെറ പുഞ്ചിരി ദീപികയെ വഞ്ചിക്കുകയാണ് ചെയ്തിരുന്നതു്. പ്രിയതമൻെറ പുഞ്ചിരിയുടെ ശരിയായ ഉള്ളു കാണ്മാൻ അവൾക്കു സാധിച്ചിരുന്നില്ല.

പക്ഷേ ഒരാൾക്കും വളരെക്കാലം അങ്ങിനെ വെറും ആശയോടുകൂടി മാത്രം ജീവിക്കുവാൻ സാധിക്കയില്ലല്ലോ. തിടുക്കത്തിൻേറയും ദാരിദ്ര്യത്തിൻേറയും രുചി കുറെശ്ശ നല്ലവണ്ണം അറിയുവാൻ തുടങ്ങി. വീട്ടിൽ ഭൃത്യന്മാരുടെ എണ്ണം ക്രമേണ കുറഞ്ഞുകുറഞ്ഞുവന്നു. സുപ്രിയന്ന് സ്വന്തം ജീവിതത്തേക്കാൾ പ്രിയതരങ്ങളായിരുന്ന ഒന്നാംതരം ചിത്രങ്ങൾ പലതും ചുരുങ്ങിയ വിലയ്ക്കു് വല്ലവരുടേയും ഗൃഹഭിത്തികളെ അലങ്കരിക്കുവാൻ ആരംഭിച്ചു. ദീപികയുടെ ദീപ്യമാനങ്ങളായ മലർമെയ്യണിഭൂഷണങ്ങൾ മാത്രമല്ലാ, ഗൃഹദീപങ്ങളായിരുന്ന ശില്പവസ്തുക്കളും വിചിത്രപാത്രങ്ങളും കൂടിയും ദാരിദ്ര്യമരുഭൂമിയിലെ ചുടുമണലിൽ താണുമറഞ്ഞുപോയി. എന്നാൽ, അപ്പോഴും ബുദ്ധിമുട്ടുകൾ ആരംഭിച്ചുതുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. ഒരു ദിവസം സുപ്രിയൻ പകൽ മുഴുവനും നിരാഹാരനായി, പുറത്തെവിടെയോ പോയി മടങ്ങിവന്നിട്ട് രണ്ടുപേരുടേയും ശേഷിച്ച ആ യൌവ്വനത്തിനേപ്പോലെയുള്ള ദീപികയുടെ ഛായാപടം പതുക്കെ എടുത്തു വില്ക്കാൻ കൊണ്ടുപോകുന്നതിനായി തുനിഞ്ഞു. ദീപിക പ്രാണനാഥൻെറ കൈ കടന്നുപിടിച്ചിട്ട് അതു് കൊണ്ടുപോകുവാനയയ്ക്കാതെ തടുത്തു് ഉറക്കെ പറഞ്ഞു. "പാടില്ല; എന്തായാലും ഇതു വില്ക്കാൻ പാടില്ല. ഞാനിനി ഒരു കാലത്തും മുമ്പെത്തെപ്പോലെയാവുക ഉണ്ടാവില്ല. കഴിഞ്ഞകാലം എനിക്കിനി തിരിച്ചുകിട്ടില്ല. എന്നാൽ ഇതൊന്നു മാത്രമെങ്കിലും എല്ലാററിൻേറയും. ഓർമ്മയ്ക്കായി ഇവിടെ ഇരിക്കട്ടെ". തൻേറ അമ്മയുടെ വകയായിട്ടുള്ളതും തൻേറ ആഭരണവർഗ്ഗത്തിൽ ഒടുവിൽ ബാക്കിയായിട്ടുള്ളതുമായ ഒരു മോതിരം ഉണ്ടായിരുന്നതു് എടുത്തു കൊടുത്തിട്ട് ഒരു വിധത്തിൽ അവൾ ജീവിതനിർവ്വിശേഷമായ ആ ഛായാപടത്തെ രക്ഷിച്ചു.

ക്ഷണപ്രഭാചപലയായ ഐശ്വര്യലക്ഷ്മി വീണ്ടും ആ ഭവനരംഗത്തിൽ വന്ന് തിരനോട്ടം കഴിക്കുവാൻ തുടങ്ങി. ഒരുവേള വളരേക്കാലം താൻ സ്ഥിരനിവാസം ചെയ്തിട്ടുള്ള ആ സ്ഥലം ഒരു നോക്കു കാണുവാനുള്ള കൌതുകംകൊണ്ടായിരിക്കാം അവൾ

അങ്ങിനെ ചെയ്തു്. ഭാഗ്യദേവത സുപ്രിയനെ രാജമന്ദിരത്തിലേയ്ക്കു പിന്നേയും പറഞ്ഞയച്ചുതുടങ്ങി. അങ്ങിനെ അവിടെപ്പോയി മടങ്ങിവരുന്ന ആ അവസരത്തിലാണ് നാം ആയാളെ വഴിക്കുവെച്ചു കണ്ടുമുട്ടിയതു്. ആ ചിത്രകാരന്റെ തറവാട്ടിൽ നിന്നു് ദാരിദ്ര്യദുർദ്ദേവത യാത്രചോദിച്ചു പിരിഞ്ഞു. വേർപിരിഞ്ഞുപോയിരുന്ന ശ്രീയും സൌഭാഗ്യവും അവിടെ തിരിയെത്തന്നെ വന്നു. എന്നാൽ ദാരിദ്ര്യദുഷ്ടദേവത പിരിഞ്ഞുപോയ പോക്കിൽ മേലിൽ ഒരിക്കലും തിരിച്ചുകിട്ടാൻ നിവൃത്തിയില്ലാത്ത തരത്തിൽ രണ്ടെണ്ണം കൂടെ കൊണ്ടുപൊയ്ക്കളഞ്ഞു. ദീപികയുടെ ദീപ്യമാനമായിരുന്ന രൂപലാവണ്യം ഒരു കരിങ്കാർ നിരയിൽ മറഞ്ഞു മങ്ങിയും 'വിലോചനാസേചന'കമായ യൌവനം ക്ഷണത്തിൽ മങ്ങി മാഞ്ഞും കാണപ്പെട്ടു. ഒരു ദിവസം അവൾ ചുമരിന്മേൽ തൂക്കീട്ടുള്ള വലിയ കണ്ണാടിയുടെ മുന്നിൽ ചെന്നുനിന്നു സൂക്ഷിച്ചു നോക്കിയപ്പോൾ തന്റെ പനിനീർപ്പൂവുപോലെയിരുന്ന മുഖത്തിൽ ചില ചുളിവുകളും 'കാർമുകിൽപോലെ കറുത്തിരുണ്ട വാർകുന്തല'ത്തിനിടയിൽ ചില വെള്ളിശ്ശലാകകളും അവളുടെ നേത്രങ്ങൾക്കു ഗോചരീഭവിച്ചു. ദീപിക ആ കണ്ണാടിയെടുത്തു് നൂറായിരം ഖണ്ഡമായിത്തീരുമ്പടി വലിച്ചൊരു ഏറുകൊടുത്തു. വിയുക്തമായ തന്റെ രൂപലാവണ്യത്തിന്റെ സ്മാരകമായിട്ടുള്ള ആ പ്രതിമയുടെ മുമ്പിൽച്ചെന്നു വീഴുകയും ചെയ്തു. അവളുടെ ഹൃദയം ഭേദിച്ചു് രോദനം പുറപ്പെട്ടു.

ദീപികയുടെ ജീവിതത്തിന്റെ ജാജ്വല്യമാനമായിരുന്ന മദ്ധ്യാഹ്നത്തിൽത്തന്നെ സായാഹ്നവേളയിലെ അന്ധകാരം വന്നു കയറി ഇങ്ങിനെ ജയം നേടുവാൻ ആരംഭിച്ചു. സുപ്രിയൻ കുറേശ്ശ ഋജുമാർഗ്ഗത്തിൽനിന്നു് വ്യതിചലിക്കുവാൻ മുതിർന്നുവന്നു. ആയാൾ തന്നെപ്പററിയുള്ള ആ ഗൂഢവൃത്താന്തത്തെ കഴിയുന്നത്ര ഗോപനംചെയ്തിരുന്നു. ആയാൾ അടുത്തുതന്നെ മരണവിധിയെ വരണം ചെയ്യാൻ പോകുന്ന സംഗതി മറെറാരാളേയും മനസ്സിലാക്കിയിരുന്നില്ല. ദീർഘകാലമായി എവിടെയോ മറഞ്ഞുംകൊണ്ടിരുന്ന മന്ദഹാസലക്ഷ്മി വീണ്ടും ദീപികയുടെ മുഖകമലത്തിൽ വന്നു കേളിയാടിത്തുടങ്ങി. എന്നാൽ സുപ്രിയനു് അപ്പോൾ അങ്ങിനെ വിളങ്ങിക്കാണണമെന്നുള്ള മോഹം തീരെ ശൂന്യമായിരു

ന്നില്ല. അയാൾ അഹോരാത്രം ഒരുപോലെ പണിയെടുത്തുംകൊണ്ടു തന്നേയിരുന്നു. ദീപികയുടേ മുമ്പിൽ വച്ച് അവൾ അറിയാതെ എന്തെങ്കിലും ഒന്നിനേ ഗോപനംചെയ്യയെന്നുള്ളതു് ഉലോം ദുസ്സാധം തന്നേയായിരുന്നു. അതുകൊണ്ടു് ദീപികയുടേ സാമീപ്യമില്ലാത്ത തരത്തിൽ ഉള്ള ഒരു ജീവിതചര്യയേ സ്വീകരിക്കാൻ അയാൾ അത്യന്തം ആയാസപ്പെട്ടു.

11

സുപ്രിയൻ തന്റെ ചിത്രശാലയിൽ തിരക്കായി ഒരു ഛായാപടവും എഴുതിക്കൊണ്ടിരിക്കയാണ്. ഈ പടവും രാജാവിന്റെ കല്പനപ്രകാരം എഴുതി ഉണ്ടാക്കുന്നതാണ്. ഇതിന്റെ പണി കഴിയുന്ന വേഗത്തിൽ മുഴുമിക്കണമെന്നായിരുന്നു അയാളുടെ വിചാരം. തനിക്കു പണിയെടുക്കുവാനുള്ള ശക്തി അപകടം കൂടാതേ എത്ര കാലത്തോളം തുടന്നു നില്ക്കുമെന്നുള്ളതിനേപ്പററിയുള്ള ആശങ്ക അയാൾക്കു സാമാന്യത്തിലധികമുണ്ടായിരുന്നു. നല്ല ഗണ്യമായ ഒരു തുക ചിത്രപടത്തിനു വിലയായിക്കൊടുക്കാമെന്നു് ഏററിട്ടുണ്ടായിരുന്നു അത്രേ. ആ തുക വാങ്ങി ദീപികയ്ക്കു് കൊടുക്കുന്നതായാൽ തന്റെ മരണത്തിനുശേഷം, അവൾ പരാശ്രയംകൂടാതെ കഴിഞ്ഞുകൂടുവാൻ ശക്തയായിത്തീരുന്നതാണ്. അവൾക്കു പിന്നേ ഒരിക്കലും ഞെരുക്കംകൊണ്ടു ക്ലേശപ്പെടേണ്ടി വരുന്നതല്ല. പക്ഷേ, ക്ലേശം എന്നതു് ഞെരുക്കം ഒന്നുകൊണ്ടുമാത്രമല്ലല്ലൊ വരുന്നതു്. പല വിധത്തിൽ തന്റെ പത്നിക്കുണ്ടാവുന്ന ഘോരങ്ങളായ ഭാവിക്ലേശങ്ങളെ ഓൎത്തു് സുപ്രിയൻ കഠിനമായ വ്യഥയോടുകൂടി ഒന്നു നിശ്വസിച്ചു. അവളുടെ കഷ്ടപ്പാടുകൾ മാററുവാൻ മരുന്നു യാതൊന്നുമുണ്ടായിരുന്നില്ല. ഒരു പക്ഷേ തന്റെ ആസന്നമരണാവസ്ഥയേ മുൻകൂട്ടി തന്റെ പത്നിയേ അറിയിക്കുകയാണ് നല്ലതെന്നു് അയാൾക്കു തോന്നാതിരുന്നില്ല. ഒന്നുമില്ലെങ്കിൽ, അവൾ കരുതലോടുകൂടി മുൻകൂട്ടി തയ്യാറായിരിക്കുകയെങ്കിലും ചെയ്യുകയില്ലയോ? എന്നാൽ ദിവസമോരോന്നു കഴിയുന്തോറും അയാൾക്കു വിവരം വല്ലഭയെ അറിയിക്കുന്നതിനുള്ള മടി കൂടിക്കൂടി വരികയാണുണ്ടായതു്. കുസുമസുകുമാരഹൃദയയായ തന്റെ പ്രിയതമ അനിരോദ്ധ്യമായ അഭിഘാതത്തെ എങ്ങിനെ സഹിക്കും?

സുപ്രിയൻെറ രക്ഷിതാക്കന്മാർ അയാളുടേ ബാല്യദശയിൽ തന്നെ മരിച്ചുപോയി. അയാളുടെ ചെറുപ്പത്തിൽ ഒരു സ്ത്രീയുടേ മുഖം അയാറം കണ്ടിട്ടുണ്ടായിരുന്നില്ല. ലളിതകലയുടേ അധീശ്വരിയായ ദേവി മാത്രമേ അയാളുടേ യൌവനാരംഭദശയെ അലങ്കരിക്കുവാൻ ഉണ്ടായിരുന്നുള്ളു. ഒരു കലാരസികന്ന് ഏകാകിയായുള്ള ഒരു ജീവിതംകൊണ്ടു മാത്രം സംതൃപ്തിപ്പെട്ടു വാഴുവാൻ നന്നാ ഞെരുക്കമുണ്ട്. യൌവ്വനം കുറേക്കൂടി മൂത്തിന്നപ്പോറം സുപ്രിയൻെറ ഹൃദയം വിധി ഒരിക്കലും അത്ര ലോഭംക്രുടാതേ കൊടുക്കാറുള്ള ഒന്നിൻെറ ലാഭത്തിൽ തൃഷ്ണാകുലമായി പരിണമിച്ചു. അയാളിൽ ഇരിക്കുന്ന കേവല മനുഷ്യത്വവും കേവല ചിത്രകലാകുശലത്വവും തമ്മിൽ തീവ്രമായ ഒരു പോരാട്ടം തുടങ്ങി.

അതേ നാട്ടിൻെറതന്നേ മററൊരു മൂലയിൽ സുപ്രിയൻെറ സമാരാധനത്തിനായി മാത്രം തൻെറ വിലോഭനീയമായ രൂപലാവണ്യവും നവയൌവ്വനവുമാകുന്ന പൂജോപഹാരങ്ങളേന്തി അനാഥയായ ഒരു ബാലയുവതി കാത്തിരുപ്പുണ്ടായിരുന്നു. കവിതയുള്ള വിധത്തിൽ വിധി നിഷ്പ്രയാസം അവരേ സംഘടിപ്പിച്ചു. ലളിതകലാദേവി മാനവരിയായി മുഷിച്ചിട്ടെന്നവണ്ണം ചിത്രകാരനായ സുപ്രിയൻെറ ഹൃദയമണിസിംഹാസനത്തിൽ നിന്നിറങ്ങിപ്പോയി. തന്നേ ദൈവം സൃഷ്ടിച്ചിട്ടുള്ളത് എന്തിനായിട്ടാണെന്ന് ദീപികയും, തൻെറ ഹൃദയം എന്തൊരു വസ്തുവിന്ന് വേണ്ടിയാണ് തൃഷ്ണാകുലമായിരുന്നതെന്നു സുപ്രിയനും മനസ്സിലാക്കി. പക്ഷേ ആ നായികാനായകന്മാർ എപ്പോറം മുതൽ ലോകം തങ്ങറക്ക് തമ്മിൽ നഷ്ടപ്പെട്ടതായി കരുതുവാൻ തുടങ്ങിയോ, അപ്പോറം മുതൽ, ഹരനിയമിതാകുന്ന നായിക അസൂയാലുവായിത്തീരുവാൻ തുടങ്ങി.

സുപ്രിയൻ ജോലി ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ ഒന്നിന്ന മേഖലാന്നായി വിചാരപരമ്പരകറം അയാളുടെ ഹൃദയത്തിൽ കിടന്ന് തുള്ളിമറിയുവാൻ തുടങ്ങി. കയ്യിൽ ചിത്രശലാകയുംവെച്ചുംകൊണ്ട് അയാറം കുറെനേരം നിശ്ചലനായി ജനലിൽക്കൂടി പുറത്തേയ്ക്കു നോക്കിയിരുന്നു. നീലവർണ്ണമായ നഭോമണ്ഡലം ഹേമന്തകാലത്തിൻെറ ശൈത്യത്തിൽനിന്നും ഭയപ്പെട്ടിട്ടോ എന്നു തോന്നുമാറ്, മഞ്ഞാകുന്ന 'കാർപ്പാസക്കുർപ്പാസം'കൊണ്ട് മൂടി

ച്ചിരുന്നു. പ്രകൃതി വ്യസനഭാവത്തോടുകൂടി കണ്ണീർ ചൊരിയുന്നതായി സുപ്രിയനു തോന്നി. ഭൂമി മരതകമണിമഞ്ജുളമായ തന്റെ പച്ചഉടുപ്പു മാററി ഹിമധവളവസ്ത്രം ചാത്തിയതുപോലെ കാണപ്പെട്ടു. നോക്കുന്നിടത്തൊക്കെയും മൃത്യു തൻെറ വിജയവൈജയന്തിയുംകൊണ്ടു് സഞ്ചരിക്കുന്നതുപോലെ തോന്നിത്തുടങ്ങി. എവിടെ നോക്കിയാലും ഏതാകൃതിയിലും മരണത്തിൻെറ കരിമുഖമേ കാണ്മാനുള്ളു. സുപ്രിയൻ അങ്ങിനെ വളരെനേരം നിർവ്യാജമായി പ്രകൃതിയുടേ മുഖത്തു് നോക്കിക്കൊണ്ടിരുന്നു. ദീപിക തൻെറ സ്ഥാനത്തു് വന്നു് കയ്യേറുന്നതിന്നു് മുമ്പുതന്നെ പ്രകൃതി അയാളുടെ ജീവിതസർവ്വസ്വമായിത്തീർന്നിട്ടുണ്ടായിരുന്നു. തൻെറ നവയൌവ്വനവേളയിലെ പ്രണയ സർവ്വസ്വമായിരുന്ന അവളെ തൻെറ അന്തിമവിയോഗത്തിന്നുമുമ്പ് ഒരു നോക്കു നല്ലവണ്ണം കാണുന്നതു് അയാൾക്കു് അത്യാവശ്യകമായിരുന്നു, താൻ ഇനി എന്തിനേയാണു് അനുഗമിയ്ക്കേണ്ടതു് എന്നു നിശ്ചയമില്ലാതെ അയാൾ കുഴങ്ങി വശമായി. പക്ഷേ ദീപികയ്ക്കുകൂടി സ്ഥാനമില്ലാത്ത അവ്യക്തവും ശൂന്യവും ആയ ഏകാന്തതയേയായിരിക്കാം അയാൾ അനുഗമിക്കുന്നതു്.

സുപ്രിയൻ അങ്ങിനേ, സുപരിചിതമായ പ്രകൃതിമുഖത്തു നോക്കി തൻേറ അവസാനയാത്ര ചോദിച്ചുംകൊണ്ടിരുന്നപ്പോൾ, ദീപിക വാതിൽക്കൽ വന്നു്, തൻേറ ആത്മചൈതന്യം മുഴുവനും നിറഞ്ഞു കവിഞ്ഞ കണ്ണിണകൊണ്ടു് വല്ലഭനേ നോക്കിക്കൊണ്ടു് നില്ക്കുകയായിരുന്നു. മനോവ്യഥ അവളെ നശിപ്പിക്കുവാനുള്ള ഭാവത്തോടുകൂടി അവളുടേ അന്തഃകരണത്തേ കുത്തിമുറിച്ചുകൊണ്ടിരുന്നു. ഭർത്താവിനേക്കൊണ്ടു് സകല ക്ലേശങ്ങളും വിസ്മരിപ്പിക്കുവാൻ മതിയായിട്ടുള്ള ആനന്ദമയങ്ങളായ ഗൃഹജോലികൾ കൂടിയും അവൾക്കുണ്ടായിരുന്നില്ല. ധനികനായ ആ ചിത്രമെഴുത്തുകാരൻേറ ഭവനത്തിൽ ഭൃത്യവർഗ്ഗത്തിനു് കുറവൊട്ടുമുണ്ടായിരുന്നില്ല. പിന്നേ ആ ഗൃഹനായികയ്ക്കു് എന്തൊരു പണിയാണു് എടുക്കുവാനുള്ളതു്? അവൾ ഗൃഹനായികയായി ആ ഭവനത്തിൻേറ നടക്കല്ലിൽ കാലു വെച്ച ആ കാലത്തും, അവിടെ അവൾക്കു ചെയ്‌വാനുള്ള പണി യാതൊന്നുമുണ്ടായിരുന്നില്ല. എന്നാൽ, അന്നു് ഒരിക്കലും അവൾക്കു് സമയം ഒരു കനത്ത ഭാരമായി, നീങ്ങാതേ കയ്യിൽ തൂങ്ങി

നിൽക്കുന്നതായി തോന്നിയില്ല. അവളുടെ ജീവിതത്തിൽ ചൂടോടുകൂടി പാഞ്ഞുകൊണ്ടിരുന്ന സന്തോഷസ്രോതം നന്നചെറുതായ ഒരു ഭാഗംപോലും ഒഴിച്ചിട്ടിട്ടില്ലായിരുന്നു. പിന്നീടാണ് ദാരിദ്ര്യം വന്നണഞ്ഞതു്; അതിനും അവളുടെ ഹൃദയത്തിൽനിന്ന് സന്തോഷത്തെ കവൎന്നുകൊണ്ടുപോകുവാൻ സാധിച്ചിരുന്നില്ല: ദാരിദ്ര്യമാകുന്ന ചെന്നായുടെ രൂക്ഷമായ ഗൎജ്ജനസ്വരം അവളുടെ ഹൃദയമാകുന്ന വീണയുടെ സന്തോഷമയമായ സംഗീതസ്വരത്തെ ഒട്ടും കവിഞ്ഞു നില്ക്കുവാൻ ശക്തമായില്ല. എന്നാൽ ഇപ്പോൾ അവൾക്കെന്തു സംഭവിച്ചിരിക്കുന്നുവെന്ന് നോക്കുക—അവൾ മരീചികാവൃതമായ ഈ മരുഭൂമിയിൽ വന്നു പെട്ടതെങ്ങിനെ? ഇവിടെ അവൾക്കു യാതൊരു ഭയസ്ഥാനവുമില്ലെന്നോ? ഇതുവരെയും ദൈവികാനുഗ്രഹങ്ങളുടെ ഒരു തുറമുഖമായി തോന്നിയിരുന്ന ഭൎത്താവിന്റെ ചിത്രശാല ഇപ്പോൾ അവൾക്ക് വെറും ഒരു മരുഭൂമിയായിട്ടാണ് തീൎന്നതു്. അതിനുള്ളിലേയ്ക്കു് ഒന്നും കടന്നുചെല്ലുവാൻ തുടങ്ങിയാൽ അപ്പോൾ അവളുടെ ചില്ലിക്കൊടി ചുളിയും. പക്ഷെ അവൾക്ക് ആ സ്ഥലത്തുനിന്ന് വിട്ടുപോകുവാനൊട്ട് സാധിക്കുന്നതുമല്ല. ഒരു ശലഭത്തിന അഗ്നിജ്വാലയുടെ അടുത്തുനിന്നു വിട്ടുപിരിയുവാൻ സാധിക്കുമോ? സുപ്രിയൻ തന്റെ സാന്നിദ്ധ്യത്തെ ഗ്രഹിക്കുന്നില്ലെങ്കിലും അവൾ അവിടെത്തന്നേ നിൽക്കുകയാണ് ചെയ്യുന്നതു്.

പെട്ടെന്ന് വിളൎത്തു മെലിഞ്ഞ അവളുടെ കയ്യിൽനിന്നു കനകകങ്കണം ഊരി നിലത്തുവീണ് കണനനംചെയ്തു. സുപ്രിയൻ ഒന്നു പകച്ച് ദീപികയുടെ മുഖത്തേയ്ക്കു തുറിച്ചുനോക്കി. നിന്റെ പ്രിയതമൻ ഈ ക്ഷണത്തിലും കൂടി നിന്റെ നയനങ്ങൾക്കു മുന്നിൽ, ഉണ്ടായിട്ടും ഉൽക്കണ്ഠാകുലയായ ദീപികേ! നിന്റെ നേത്രങ്ങളിൽ അശ്രുധാര നിറയുന്നതെന്താണ്? നിൎഭാഗ്യയായ നീ എന്തുചെയ്‌വാനാണ്? ഹതവിധിയുടേ കളിപ്പാട്ടമായിത്തീൎന്നിട്ടുള്ള ഹേ മന്ദഭാഗ്യേ! നിന്റെ ഭൎത്താവിനെ മൃത്യു ഗ്രസിച്ചു തുടങ്ങിയിരിക്കുന്നതു നീ അറിയുന്നുണ്ടോ? ഇനി നിനക്കു സൌഭാഗ്യമെവിടേ?

സുപ്രിയന്റെ ഹൃദയം രക്തബാഷ്പം ചൊരിഞ്ഞു രോദനം തുടങ്ങി—എത്രയോ മുമ്പുതന്നേ അയാളുടെ കണ്ണുകൾ ഒരുതുള്ളി കണ്ണീർ പൊഴിക്കാൻപോലും വകയില്ലാത്തവയായിത്തീൎന്നിരി

ക്കുന്നു. ആയാൾ മുഖം തിരിച്ചു് "ദീപികേ, നിനക്കെന്താണു് ഇവിടേ വേണ്ടതു്?" എന്നു് ചോദിച്ചു:— ആയാളുടെ സ്വരം അപ്പോൾ സ്വന്തം ചെവികൾക്കുപോലും അപരിചിതമായിത്തോന്നുന്ന വിധത്തിലാണ് പുറപ്പെട്ടതു്.

അപ്പോൾ ദീപിക അവിടെ വരുന്നതിനു് തക്ക കാരണമൊന്നുണ്ടായിരിക്കണമെന്നുള്ളതു് രീച്ചുതന്നെ. വരണമെന്നുള്ള ആഗ്രഹംതന്നെയല്ലേ വരുവാനുള്ള ഒന്നാന്തരം കാരണം? 'ഒന്നുമില്ല' എന്നുമാത്രം അലസമട്ടിൽ പറഞ്ഞു് അവൾ അവിടെനിന്നു പോയി.

ആ സ്ത്രീ സ്വന്തം മുറിയിൽ വന്നു് നിലത്തുവീണു കമഴ്ന്നു കിടന്നു എളിമയേയും സങ്കടത്തേയും സഹിക്കവയ്യാതെ അവൾ കരഞ്ഞുതുടങ്ങി. വെറുമൊരു യാചകിയെപ്പോലെ അവൾ എന്തൊന്നു യാചിക്കുവാനാണ് ഭർത്തൃസന്നിധിയിൽ ചെന്നതു്? മുമ്പു തന്റെ ജിഹ്വാഭാഷയെക്കാൾ നന്നായിട്ടു് ഹൃദയഭാഷയേ മനസ്സിലാക്കിയിരുന്ന നിജവല്ലഭൻ ഇപ്പോൾ തനിക്കു നഷ്ടപ്പെട്ടിരിക്കുന്ന കഥ അവൾ എന്തുകൊണ്ടു് വിസ്മരിച്ചുകളഞ്ഞു?

പകലിന്റെ പ്രകാശം ക്രമേണ മാഞ്ഞുതുടങ്ങി. ശീതളമായ വടക്കൻകാററു്, ഇലകൾ കൊഴിഞ്ഞ മരങ്ങളുടെ ഇടയിൽക്കൂടേ ഉൽക്കടമായ ആടോപത്തോടുകൂടി 'ചടചട' രടിതം മുഴക്കിക്കൊണ്ടു് സഞ്ചരിച്ചു. നഭോമണ്ഡലത്തിന്റേ പശ്ചിമ വീഥിയിൽ വന്നു നിരന്ന കാർമേഘപടലങ്ങൾ,ബുഭുക്ഷയോടുകൂടി, അസ്തമയപർവതശിഖരത്തിൽ തങ്ങിനിൽക്കുന്ന ആദിത്യന്റേ അവസാനരശ്മികളേ പിടിച്ചുതിന്നുന്നതിനായി അന്ധകാരകരങ്ങളേ നീട്ടി. ദീപിക തന്റെ മുറിയിലേ തണുത്ത നിലത്തു നിന്നു് ഇനിയും എഴുന്നീററിട്ടില്ല. അവളുടേ കല്പനപ്രകാരം ദാസി വിളക്കുംകൊണ്ടു് അവിടെ സന്നിഹിതയായി.

ദാസി അകത്തേയ്ക്കുകടക്കാൻ മടിച്ചു്,വെള്ളിവിളക്കും കൈയിലെടുത്തു് വാതിൽക്കൽ നില്പായി. ദീപിക മിന്നൽവേഗത്തിൽ വന്ന കോപത്താൽ തരളിതയായിട്ടു് പെട്ടെന്നു് എണീററിരുന്നു് ദാസിയേ ശകാരിക്കാൻ തുടങ്ങി:-—"എന്താ നീ കുററിപോലേ അവിടേ നില്ക്കുന്നതു്? അവിടുന്നു കടന്നുപോകാൻ പറഞ്ഞില്ലേ? ദാസിപ്പെണ്ണു പേടിച്ചു വിറച്ചു് വിക്കിവിക്കി ഇങ്ങി

നേ പറഞ്ഞു:—"ഞാൻ പിന്നേ, കൊച്ചമ്മ പറഞ്ഞിട്ട്; അല്ലാ—എജമാനന്റെ മുറിയിൽ വിളക്കു കൊളുത്തി വെയ്ക്കാറായോ എന്ന് അറിയാൻ കാത്തുനിൽക്കുകയായിരുന്നു—ഇരുട്ടു കലശലായിരിക്കയാണ്."

ഭൃത്യന്മാർ ആവശ്യത്തിലധികമുണ്ടെങ്കിലും ആ മുറി അടിച്ചുവാരി വെടിപ്പാക്കാനും വിളക്കു കൊളുത്തിവെയ്ക്കാനും മററും ദീപികതന്നേയാണ് ഏറ്റെടുത്തിരുന്നത്. അത് ആ ദമ്പതിമാരുടേ ശയനമണിമന്ദിരമായിരുന്നു. ഗൃഹനായികയായി ആ ഭവനത്തിൽ പ്രവേശിച്ചതുമുതൽ, അതു അവൾക്ക് അത്യന്തം പരിശുദ്ധമായും പ്രിയമായും തീർന്നിട്ടുള്ളതാകുന്നു. അവൾ, ഭൃത്യരെ അതിനകത്തു ചവിട്ടാൻപോലും അനുവദിക്കാറില്ല. നിത്യവും വൈകുന്നേരത്ത് സ്വർണ്ണവിളക്കു കൊളുത്തിവെച്ചു സ്പൃഹണീയങ്ങളായ പല പൂർവ്വസ്മരണകളും പൂണ്ട് അവിടെ നില്ക്കുക പതിവായിരുന്നു.

ദീപിക, ദാസിയുടെ കൈയിൽ നിന്ന് ബലേന വിളക്കു വാങ്ങിയിട്ട് ബദ്ധപ്പെട്ട് ഭർത്താവിന്റെ ചിത്രശാലയിലേയ്ക്കു നടകൊണ്ടു. സ്വാമിനിയുടെ അസാധാരണമായ പെരുമാററം കണ്ട് അമ്പരന്ന് ദാസി അവിടെത്തന്നേ പകച്ചു നോക്കിക്കൊണ്ടു നിന്നു.

ചിത്രശാലയുടെ വാതിൽ അടച്ചിട്ടുണ്ടായിരുന്നു. ദീപിക കുറച്ചുനേരം, അകത്തേയ്ക്കു കടക്കാൻ മടിച്ചുംകൊണ്ട് വിളക്കുമായി പുറത്തുതന്നേ നിന്നു. വാതിൽക്കൽ ശ്രദ്ധിച്ചുംകൊണ്ടുനിന്നപ്പോൾ അനക്കം യാതൊന്നും കേൾക്കായ്കയാൽ അവൾ പതുക്കേ വാതിൽ ഉന്തിത്തുറന്ന് വിളക്കുംകൊണ്ട് അകത്തേയ്ക്കു കടന്നു.

സുപ്രിയൻ അപ്പോൾ അകത്തുണ്ടായിരുന്നില്ല. സുപ്രിയൻ ഇരുന്നു ജോലി ചെയ്യുന്ന സ്ഥാനത്ത് കിടന്നിരുന്ന അസാധാരണമായ ഒരു സാധനം ദീപികയുടെ ദൃഷ്ടികളെ ആകർഷിച്ചു. സിൽക്കുതുണി കൊണ്ട് വെടിപ്പായി പൊതിഞ്ഞിട്ടുള്ള ആ സാധനം എടുത്ത് അവൾ അഴിച്ചു നോക്കി.

അതാ അവളുടെ ദേഹത്തിൽ അടിതൊട്ടു മുടിവരേ ഒരു മിന്നൽ പാഞ്ഞു കയറുന്നു. കമനീയാംഗിയായ ഒരു തരുണീമണിയുടേ ചിത്രപടമാണ് ദീപികയുടെ ദൃഷ്ടിയിൽപ്പെട്ടത്.

അവരം ഏതാനും നിമിഷം കൈയ്യിൽ ചിത്രപടവുമേന്തി, "സ്തംഭോ"ഭയായവിടെ നിന്നനിലയ്ക്കു നിന്നു. ചിത്രപടസ്ഥയും അജ്ഞാതയുമായ സുന്ദരിയുടെ ശോഭനങ്ങളായ നേത്രങ്ങൾ, ദീപികയെസ്സംബന്ധിച്ചിടത്തോളം, വ്യാളീമുഖത്തിന്റെ കണ്ണുകൾ പോലെ രൌദ്രവികൃതങ്ങളായിട്ടാണിരുന്നതു്. ആരാണെവൾ? തന്റെ സ്ഥാനം അനാക്രമിച്ചു തന്നെ ഭ്രഷ്ടയാക്കി സുപ്രിയന്റെ ഹൃദയസാമ്രാജ്യത്തിൽ 'ചെങ്കോലു നടത്തി'ത്തുടങ്ങിയിട്ടുള്ള പുതിയ റാണിയായിരിക്കുമോ? ഖലയും തസ്കരയുമായ ഹേ! ദുഷ്ടതരുണി! നിന്റെ ഈ 'മുടിഞ്ഞ' കൊലപ്പുഞ്ചിരിയും തൊലിമിനുക്കം'കൊണ്ടു പോയിപ്പിടാൻ' ഇവിടല്ലാതെ വേറെ സ്ഥലമൊന്നും നീ കണ്ടില്ലേ? ദീപികയ്ക്കു ഈ ലോകത്തിൽ ഒന്നുകൂടി ജീവിതസർവ്വസ്വമായിട്ടുള്ളതു് നിനക്കും 'തട്ടി'ക്കൊണ്ടുപോവണമല്ലേ? എന്തായാലും നീ നല്ല മിടുക്കത്തി തന്നെ! സൌന്ദര്യവും യൌവനവും ഒക്കെ മങ്ങി ക്ഷയിച്ചുപോയി. ദീപിക എളുപ്പത്തിൽ തോല്പിക്കപ്പെടുവാൻ കഴിയുന്നവളായിത്തീർന്നിരിക്കുന്ന ഈ അവസരവും നോക്കി നീ കടന്നല്ലോ! ചിത്രകാരനായ സുപ്രിയന്റെ ഗൃഹദീപികയായ ദീപിക, സൌന്ദര്യദേവതപോലും നാണിച്ചുപോകത്തക്ക രൂപലാവണ്യത്തോടുകൂടി വിലസിച്ചിരുന്ന അക്കാലത്തു്, സുന്ദരിയായി ഞെളിയുന്ന നീ എവിടെയായിരുന്നു?

ഝടിതി ഒരു പാദവിന്യാസശബ്ദം ദീപികയുടെ കർണ്ണപുടത്തിൽ പ്രവേശിച്ചു. അവരം സംഭ്രമത്തോടുകൂടി നാലുപാടും നയനങ്ങൾ നടത്തി. ബലഹീനമായ കൈയ്യിന്റെ പിടിയിൽനിന്നു വിട്ടു് ചിത്രപടം താഴത്തു വീണു. അപ്പോഴേയ്ക്കും അവളുടെ ഉററ തോഴിയായ വാസന്തി, കിലുങ്ങുന്ന മണിഭൂഷണങ്ങളോടുകൂടി ബദ്ധപ്പെട്ടു മുമ്പിൽ വന്നുകഴിഞ്ഞു. വാസന്തി വന്ന ഉടനേ ദീപികയുടെ കൈയ്ക്കു കടന്നുപിടിച്ചുംകൊണ്ടിങ്ങനെ പറഞ്ഞുതുടങ്ങി:—"ഓ! നിങ്ങളൊക്കെ വലിയ ആളുകളായിപ്പോയില്ലേ? തോഴി, നിന്നെ ഒരു നോക്കു കാണാൻകൂടി കിട്ടുന്നില്ലല്ലോ. ഈ 'പാവ'ങ്ങളെയൊക്കെ തീരെ മറന്നുപോയിരിക്കും; അല്ലേ? പക്ഷേ എനിക്കങ്ങനെ പാടില്ലല്ലോ. നീ മറന്നുകളഞ്ഞാലും, വകവയ്ക്കാതിരുന്നാലും, നിന്നെ വിടാൻ സ്നേഹം എന്നെ അനുവദിക്കുന്നില്ല. ആകട്ടെ, അതൊക്കെ പോകട്ടെ; പിന്നെ നേരംപോകല്ലെ. ഇക്കൊല്ലത്തെ വസന്തോത്സവത്തിനു വരാമെന്നു നീ ഏററു

പറയണം. ഞാൻ എല്ലാററിനും നിന്നേയാണു കരുതിയിരിക്കുന്നതു്. നമുക്കു് അമ്പലത്തിലേയ്ക്കു എന്തെല്ലാം പൂജോപഹാരങ്ങളാണു കൊണ്ടുപോകേണ്ടതെന്നു നീ നിന്റെ ഭർത്താവുമായി ആലോചിച്ചു നിശ്ചയിക്കു."

ദീപികയുടെ തളിരൊളിമണിവായ്മലരിൽ ഒരു ചെറുപുഞ്ചിരി കളിയാടി. അവൾ പറയുകയാണു്:—"പ്രിയപ്പെട്ട തോഴി, വസന്തോത്സവത്തിന് എന്നെക്കൂടി നീ കൊണ്ടുപോകുന്നപക്ഷം തീർച്ചയായും പെട്ടെന്നു് അതു് ഹേമന്തോത്സവമായി പരിണമിക്കാതിരിക്കുകയില്ല. ഞാൻ ഇനി സ്നേഹരൂപിണിയായ ദേവിയുടെ ഭജനത്തിനല്ലാ മരണരൂപിണിയായ ദേവതയുടെ സേവനത്തിനാണ് പാകമായിട്ടുള്ളതു്." തോഴിയുടെ സ്നേഹപൂർണ്ണമായ ക്ഷണനത്തിനു കൊടുത്ത മറുപടി എത്ര കേമമായി? എന്താണിതു്? വെറും ഒരു നേരമ്പോക്കുമാത്രമായിരിക്കുമോ? എയ്! ഒരിക്കലുമില്ല, അതിന്റെ സ്വരം ഒരു നേരംപോക്കിന്റേതായിട്ടല്ലാ തോന്നുന്നതു്. വാസന്തി പരിഭ്രമത്തോടുകൂടി ചോദിച്ചു:—"എന്താ നിനക്കു ദീപികേ! ഇത്ര വെറുപ്പോടുകൂടി സംസാരിക്കുന്നതെന്താണ് നീ? നമ്മുടെ നാട്ടിൽ മഹാ ഭാഗ്യവതി എന്നു പറയുന്നതു നിന്നേയാണ്!"

"അതേ, ഞാൻ തന്നെയാണ് മഹാ ഭാഗ്യവതി" ദീപിക പ്രലപിക്കതന്നേയാണുണ്ടായതു്. "ഇതാ നോക്കു എന്റെ ഭാഗ്യം കണ്ടില്ലേ? ഇതാരാണെന്നു നോക്കൂ." എന്നുപറഞ്ഞു് അവൾ നിലത്തു കിടന്ന ചിത്രപടം എടുത്തു് പകച്ചുനോക്കിക്കൊണ്ടു നില്ക്കുന്ന വാസന്തിയുടെ നേരെ നിവർത്തിക്കാണിച്ചു.

"ആരാണിതു്? ഒ, ശരിതന്നേ; മനസ്സിലായി. കൊട്ടാരത്തിലേ ആട്ടക്കാരിപ്പെണ്ണായ ഇന്ദുലേഖയാണല്ലൊ ഇതു്. എന്താ ഇവളാണോ യഥാർത്ഥത്തിൽ ഭാഗ്യവതി എന്ന് നീ വിചാരിക്കുന്നതു്? നിനക്കു ഭ്രാന്താണ്. എത്ര അനർഘമായ ഒരാഭരണമാണ് നീ ധരിക്കുന്നതെന്നു നിനക്കറിയാമോ?" ആ നീയാണോ ഇങ്ങിനെ സംസാരിക്കുന്നതും! നാനാഭാഗത്തുനിന്നും പണം വന്ന് ഇവളുടെ കാൽത്തളിരിൽ വീഴുന്നുണ്ടായിരിക്കും. അതുകൊണ്ടിവൾ ഭാഗ്യവതിയാണെന്ന് നീ കരുതുകയും ചെയ്യുന്നു! ഞാൻ പറയുന്നതു് ഇവളെപ്പോലെ ഇത്ര ഭാഗ്യംകെട്ട ഒരു പെണ്ണ് ഭൂമിയിലില്ലെന്നാണ്."

ദീപിക പെട്ടെന്നു ചിത്രപടമെടുത്തു വലിച്ചെറിഞ്ഞു. അവളുടെ നേത്രങ്ങളിൽ നിന്നു് അരുവിപോലെ അശ്രുധാര ചാടിത്തുടങ്ങി. ഇതേവരെ ഒരു രാജ്ഞിയായിരുന്ന താനിപ്പോൾ വെറും ഒരു യാചകിയായിത്തീർന്നിരിക്കുന്നു. എന്നിട്ടു്, ജനങ്ങൾ അവളെ മഹാ ഭാഗ്യവതി എന്നു പറയുകയും ചെയ്യുന്നു.

അനുകമ്പാകുലയായി വാസന്തിയും കൂടെ കരഞ്ഞുതുടങ്ങി. തന്റെ സഖിയുടെ ദുഃഖത്തിനുള്ള വാസ്തവമായ കാരണം എന്താണെന്നു് അവൾക്കറിഞ്ഞുകൂടായിരുന്നു. എന്നാൽ, സ്ത്രീകളിൽവെച്ചു് കുറേ അസൂയ അധികമുള്ളവളായ ദീപികയുടെ ഈ വ്യസനഭാവം കാണുന്നതുതന്നെ, അവളുടെ കണ്ണിൽ വെള്ളം വരുത്തുവാൻ മതിയായിട്ടുള്ളതായിരുന്നു. വാസന്തി, അല്പം കഴിഞ്ഞപ്പോൾ, സാവധാനത്തിൽ ചോദിച്ചു:—"അപ്പോൾ എന്താണുണ്ടായതെന്നു പരമാർത്ഥം നീ എന്നോടു പറകയില്ലേ?"

ദീപിക ചേലാഞ്ചലംകൊണ്ടു് കണ്ണീരു തുടച്ചുകളഞ്ഞു. തന്നെപ്പോലുള്ള ഒരുത്തിയുടെ മുമ്പിൽ വച്ചു് താൻ ദുഃഖത്തിനു അടിമപ്പെട്ടതുകൊണ്ടുണ്ടായ പോരായ്മയെ അവളുടെ സ്വാഭാവസിദ്ധമായ അഭിമാനപ്രകൃതി മനസ്സിലാക്കിക്കളഞ്ഞു. അവൾ പണിപ്പെട്ടു് ഒന്നു മന്ദസ്മിതം ചെയ്തുംകൊണ്ടു്, വാസ്തവം മറച്ചുവച്ചിങ്ങനെ പറഞ്ഞു:— "തോഴീ! ഒന്നുമില്ല കേട്ടൊ. എനിക്കു ദേഹത്തിനു നല്ല സുഖമില്ല. എന്തോ ബുദ്ധിക്കു നല്ല സ്ഥിരതയും ഇല്ലാതായിരിക്കുന്നു. അത്രയല്ലാതെ ഒന്നുമില്ല."

പക്ഷേ, വാസന്തി അത്ര എളുപ്പത്തിൽ മറിച്ചാൽ മറിയുന്ന തരത്തിലുള്ളവളല്ലായിരുന്നു. അവൾ പറയുകയാണ:—"പിന്നേ തോഴി! ഇതൊന്നും എന്റെ അടുക്കൽ എടുത്തു കൂട്ടേണ്ട; കേട്ടൊ! ഇമ്മാതിരിയുള്ള ചൊലിശമായ സംസാരംകൊണ്ടു് എന്നെ വഞ്ചിച്ചുകളയാമെന്നു കരുതേണ്ട. ഞാനും ഒരു പെണ്ണുതന്നെയാണു്. വാസ്തവം മറച്ചുവെച്ചിട്ടു് എന്തൊരുപയോഗമാണുള്ളതു്? എനിക്കു് അറിയാൻ സാധിക്കില്ലെന്നോ, അറിഞ്ഞാൽ നിന്റെ ദുഃഖത്തിൽ പങ്കുകൊള്ളുകയില്ലെന്നൊ എന്താണ് നീ കരുതുന്നതു്? ശരിയാണ്, നീ ഒരു ഭാഗ്യംകെട്ട പെണ്ണുതന്നെ! അല്ലെങ്കിൽ, അത്ര നല്ല സ്വഭാവമുള്ള ഭർത്താവു നിന്നെ ഇങ്ങിനെ ദുഃഖത്തിലേയ്ക്കു നയിക്കുന്നതെങ്ങിനെ?"

ദീപിക ഒരക്ഷരവും ഉരിയാടിയില്ല. കുറച്ചു കഴിഞ്ഞപ്പോൾ വാസന്തി പിന്നെയും പറഞ്ഞുതുടങ്ങി:—"പക്ഷെ തോഴി, നീ അത്ര എളുപ്പം തോൽവിക്കു വശപ്പെട്ടുപോകാൻ പാടില്ല. സ്ത്രീകളായ നമ്മൾ എപ്പോഴും നമ്മുടെ അവകാശങ്ങൾക്കു വേണ്ടി യുദ്ധംചെയ്തുംകൊണ്ടുതന്നെ ഇരിക്കണം. നീ അറിഞ്ഞിട്ടുണ്ടോ? ഒരിക്കൽ, എന്റെ അമ്മയുടേ അനുജത്തിയുടെ മകളും ഇതേ സ്ഥിതിയിൽപ്പെടുകയുണ്ടായി. സുപ്രസിദ്ധനായ കാമന്ദകന്റെ ശിഷ്യനായ ആ മന്ത്രവാദിയെ നീ കേട്ടിട്ടുണ്ടോ? അയാൾ, അവൾക്കു മന്ത്രം ജപിച്ചു് ഒരു മരുന്നുകൊടുത്തു. മൂന്നേ മൂന്നുദിവസംകൊണ്ടു്, വെറുത്തു വെടിഞ്ഞുപോയിരുന്ന അവളുടെ ഭർത്താവു തിരിച്ചു വീട്ടിൽ വന്നു ചേർന്നു. കാമന്ദകനേ അറിയില്ലേ? അദ്ദേഹം ദേവതകളേയും രക്ഷസ്സുകളേയും കൂടി ചൊല്ലുടിക്കു നടത്തുന്ന അവരുടേ ചക്രവർത്തിയാണത്രേ! അദ്ദേഹത്തിന്നു അസാദ്ധ്യമായ യാതൊന്നുമില്ലെന്നാണു് ആളുകൾ പറയുന്നതു്."

ദീപിക അതിനു് ഒന്നും പറയാതെ ഒന്നു് പുഞ്ചിരിക്കൊള്ളുക മാത്രമേ ചെയ്തുള്ളു. അവളെ ദൈവം മറന്നു കളഞ്ഞിരിക്കുന്നു. എന്നിട്ടിപ്പോൾ സഹായത്തിന്നായി പിശാചുക്കളെ ശരണം പ്രാപിക്കുവാൻ പോകുന്നു!

കോപമാകുന്ന കൊടുങ്കാററു് ഊററമായടിച്ചു് അവളേ ഞെരുക്കിത്തുടങ്ങിയതു കണ്ടപ്പോൾ, വാസന്തി യാത്ര ചോദിക്കുക കൂടി ചെയ്യാതെ വേഗത്തിൽ അവിടെ നിന്നു പോയി. തോഴി പോയപ്പോൾ ദീപിക വാതിലടച്ചു് ചെന്നു നിലത്തു വീണു. ഭൃത്യരിൽ ആരും അവളെ ചെന്നു വിളിക്കുവാൻ ധൈര്യപ്പെട്ടില്ല.

തണുത്ത വെള്ളക്കാററു്, തുറന്നു കിടക്കുന്ന ജനലിൽക്കൂടെ മുറിയ്ക്കുള്ളിൽ കടന്നു്, താപാകുലയായ അവളെ വീശിത്തുടങ്ങി. മഴ നിലച്ചു വീണുകഴിഞ്ഞിട്ടില്ലെന്നേയുള്ളു. നഭോവീഥിയിൽ തടിച്ചു തിങ്ങിക്കൂടിയിട്ടുള്ള കാർമ്മുകിൽച്ചാർത്തു പ്രചണ്ഡമായ രൂപം പൂണ്ടു കാണപ്പെട്ടു. രാത്രി കുറെ അങ്ങിനെ കഴിഞ്ഞുകൂടി. ഏകാന്തമായ ഒരു നിശ്ശബ്ദത സർവ്വത്ര പരന്നുവശമായി. അപ്പോൾ സുപ്രിയനെവിടേയായിരുന്നു? ദീപിക എഴുന്നീററു പോയി സുപ്രിയന്റെ മുറിയുടെ വാതിൽക്കൽച്ചെന്നു കുറച്ചു നേരം ചെവിയോർത്തുംകൊണ്ടു നിന്നു. യാതൊരു ശബ്ദവും കേ

ട്ടില്ല. അവൾ മുറിയ്ക്കകത്തേയ്ക്കു കടന്നു. അവിടെ ഒരു വിളക്കു കത്തുന്നുണ്ടായിരുന്നു. അവൾ, ഹൃദയത്തെ കുത്തിത്തുരന്നും കൊണ്ടിരിക്കുന്ന ഏതോ ഒരു ഘോരമായ ആപത്തിൻെറ ചിന്തയാൽ വിറക്കൊള്ളുന്ന പദവിന്യാസങ്ങളോടുകൂടിയാണ് മുറിയിൽ പ്രവേശിച്ചതു്.

സുപ്രിയൻ പരിപൂർണ്ണസുഖലത്തു് കിടന്നുറക്കമായിരുന്നു. അയാളുടെ അരികത്തു തന്നെ ഇന്ദുലേഖയുടെ ചിത്രപടവും കിടക്കുന്നുണ്ടു്. അപഹൃതശിശുവായ വ്യാഘ്രിയുടെ ദൃഷ്ടികൾ പോലെ ദീപികയുടെ നേത്രങ്ങൾ ജ്വലിച്ചു് വശമായി. നാശഗത്തത്തിൻെറ വക്കത്തു നിന്നു് അവൾ എത്ര നേരം കഴിച്ചുകൂട്ടും?

ഭയാനകമായ ഏതോ ഒരു നിശ്ചയം ക്രമേണ അവളുടെ ഹൃദയത്തിൽ രൂപവൽഭവിച്ചു വന്നു. എന്തുതന്നെയായാലും ഈ നീച പിശാചിയോടു് സ്വന്തം ആയുധം കൊണ്ടുതന്നെ അവൾ എതിർത്തു നില്ക്കുവാൻ നിശ്ചയിച്ചു. അവൾ തിരിഞ്ഞുനോക്കാതെ, മുറിയിൽ നിന്നു പുറത്തേയ്ക്കു കടന്നു. സുപ്രിയൻെറ പാണ്ഡുരവർണ്ണമായ മുഖം നിദ്രയിൽ തീരെ നിർജ്ജീവമായിട്ടാണിരുന്നതു്. പക്ഷെ, അങ്ങോട്ടു നോക്കുവാൻ അപ്പോൾ അവൾക്കെങ്ങിനേ ക്ഷമ ഉണ്ടാകും? അവളുടെ ഹൃദയത്തിൽ ഈൎഷ്യാകാലുഷ്യം ജയഭേരി മുഴക്കിക്കൊണ്ടാണിരുന്നതു്. ഇന്ദുലേഖയുടെ കാമുകനായിത്തീർന്ന തൻെറ ഭർത്താവിൻെറ കാൎയ്യത്തിൽ അവളെന്തിനു ശ്രദ്ധവെയ്ക്കണം?

ദീപിക നിശ്ശബ്ദമായിരുന്ന ആ ഭവനം വിട്ടു പുറത്തേയ്ക്കു പോകുന്നു. കൊടുമ്പിരിക്കൊണ്ടടിക്കുന്ന കാററിനേയും വകവെയ്ക്കാതെ അവളതാ രാത്രിയുടെ അഗാധമായ അന്ധകാരത്തിൽ അന്തർഹിതയാകുന്നു.

III

പച്ചച്ചെടിപ്പടർപ്പുകൾ രണ്ടു ഭാഗത്തും തിങ്ങി നിന്നിരുന്ന ആ ഊടുവഴി കണ്ടാൽ അറിയാത്തവണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു. കൊടുങ്കാററിൻെറ ക്ഷോഭം നിമിത്തം, അതിൻെറ വനഗാംഭീൎയ്യവും ഭംഗിയും തീരെ നശിച്ചുപോയിരിക്കുകയാണു്. കാററത്തു മരങ്ങളുടെ കൊമ്പും തകരങ്ങളും പൊട്ടി ഞെരിഞ്ഞു

കൂട്ടരടിതത്തോട്ടുക്കൂടി മറിഞ്ഞു വീഴുന്നു. കുന്നിൻെറ മുകളിൽ നിന്നു വമ്പിച്ച ഉരുളൻകല്ലുകൾ ഉരുണ്ടുവന്ന് വഴിയുടെ അരികിലായി താഴത്തു വീണു ശബ്ദമുണ്ടാക്കുന്നു. സമീപസ്ഥമായ കാനനം ഭയങ്കരങ്ങളായ പലതരം ശബ്ദങ്ങൾകൊണ്ട് മുഖരമായി ചമഞ്ഞിരിക്കുന്നു. വെളിച്ചത്തിൻെറ ഒരു രേഖപോലും ആ ദിക്കോട്ടുക്കൂടിയില്ലാ എന്നു പറഞ്ഞാൽ, പക്ഷേ സത്യത്തിന്നു വിരുദ്ധമായിത്തീർന്നേയ്ക്കാം. എന്തുകൊണ്ടെന്നാൽ പ്രകൃതിയുടെ ആ ഭയങ്കര വേഷം വ്യക്തമാക്കുന്നതിനായിട്ടു മാത്രം, ഇടയ്ക്കിടയ്ക്ക് മന്നിൽപ്പിണർ മിന്നുന്നുണ്ട്.

ഭയങ്കരമായ ഈ ദേശാന്തരത്തിൽ മേൽ പറഞ്ഞ വഴിയിൽക്കൂടെ അവ്യക്തമായ ഒരു സ്വരൂപം കടന്നു പൊയ്ക്കൊണ്ടിരുന്നു. പെട്ടെന്നു പ്രകാശിച്ച മിന്നലിൽ ആ സ്വരൂപത്തിൻെറ ആകൃതി കുറേക്കൂടി അവ്യക്തമായിത്തീർന്നു. അതൊരു സ്ത്രീയുടെ രൂപമാണ്. ആരായാലും അവളെക്കണ്ടാൽ ഒരു മനുഷ്യസ്ത്രീയാണെന്നു ആർക്കും അപ്പോൾ തോന്നുകയില്ല. ആ കാടിനെ അടിച്ചു കീഴ്മേൽ മറിച്ചുംകൊണ്ടു നടമാടുന്ന കൊടുംകാററിൻെറ അവതാരമൂർത്തിയോ മററോ ആണോ അവളെന്നു തോന്നിപ്പോകും. അവളുടെ ദൃഷ്ടികൾ, കുന്നിൻെറ ചെരുവിലുള്ള ഗുഹയുടെ നേർക്കാണ് പായുന്നത്. ഗുഹയുടെ ഉള്ളിൽ നിന്ന്, അഭൌമമായ പ്രകാശം എന്നു വിശ്വസിക്കപ്പെട്ടുവന്നിരുന്ന ഒരു വെളിച്ചം മിന്നിമിന്നി കണ്ടിരുന്നു. ആ ഗുഹ അന്ധകാര രാജാവിൻെറ ഉററ ചങ്ങാതിയെപ്പോലുള്ള ഒരാളുടെ നിവാസസ്ഥലമാണെന്നാണ് അറിയപ്പെട്ടുവരുന്നത്.

പെട്ടെന്നു ഒരു സർപ്പം ദീപികയുടെ കാലിന്മേൽ ചുററി. അവൾ, "അയ്യോ" എന്നു അറിയാതെ ഒന്നു നിലവിളിച്ചുംകൊണ്ടു കാലുകുടഞ്ഞു്, നാലടി പിന്നോക്കം മാറി. ഭയസംഭ്രമകമ്പങ്ങൾ കലന്ന അവളുടെ ഹൃദയം കിടന്നു പിടച്ചു തുടങ്ങി. ഒന്നു രണ്ടു നിമിഷങ്ങൾ കഴിഞ്ഞപ്പോൾ, പ്രത്യുല്പന്നധൈര്യയായി അവൾ മുന്നോട്ടു തന്നെ കുതിച്ചു നടന്നു. ദുർബലമായ ഭീതിയ്ക്കും വശംവദയായി പിൻമാറി പോരുന്നതിനുള്ള ഒരു ഘട്ടമാണോ ഇതു്? അവൾ മരണദേവതയോടു പൊരുതി നില്ക്കുന്നതിന്നു തന്നേ സന്നദ്ധയായി. സാവിത്രി തന്റെ നഷ്ടപ്പെട്ട പ്രേമനിധിയെ മൃത്യുമുഖത്തിൽ

നിന്നു വീണ്ടെടുക്കുവാൻ വേണ്ടി ധൈര്യസമേതം പ്രവൎത്തിച്ചതെന്താണ്? പിന്നെ ദീപികയെ ഭീതി എങ്ങിനെ തടഞ്ഞു നിൎത്തും?

ഇപ്പോൾ അവൾ ഗുഹയുടെ ദ്വാരപ്രദേശത്തെത്തിയിരിക്കുന്നു. അവളുടെ പാദങ്ങളിൽ നിന്നു രക്തം പ്രവഹിച്ചിരുന്നു. വസ്ത്രം അവിടവിടെ കീറിയിട്ടുമുണ്ടായിരുന്നു. ഗുഹയ്ക്കകത്തു നിന്നു പുറപ്പെട്ട ഹിമശീതളമായ വെള്ളക്കാററു വിറപൂണ്ട അവളുടെ തളിർമേനിയെ തലോടി. അകത്ത് ഒരു മൂലയിൽ തീ കത്തുന്നുണ്ടെങ്കിലും അവിടവിടെ ഇരുട്ട് തിങ്ങിനിന്നിരുന്നു. അവൾക്ക് അവിടെ യാതൊന്നും കാണ്മാൻ സാധിച്ചില്ല. അവ്യക്തങ്ങളായ അസംഖ്യം സ്വരൂപങ്ങൾ തന്റെ ചുററും കൂടിയിട്ടുണ്ടെന്ന് അവൾക്കു തോന്നി.

എന്നാൽ ദീപിക ഭയപ്പെടുകയോ പിന്നാക്കം തിരിഞ്ഞു നോക്കുകയോ ഉണ്ടായില്ല. അവളുടെ മനോദൃഷ്ടിക്ക് മുന്നിൽ, ഇന്ദുലേഖയുടെ മുഖം കിടന്നു കളിച്ചിരുന്നതിനാൽ, അവളുടെ ഇഴഞ്ഞ നടത്തത്തിനു ശക്തിയും വേഗവും വർദ്ധിച്ചു. അവൾ ഗുഹയുടെ ഉള്ളിലേയ്ക്ക് ഓടി കടന്നുകഴിഞ്ഞു.

പെട്ടെന്ന് അമാനുഷമായ ഒരു ശബ്ദം പുറപ്പെട്ടു. 'അല്ലയോ സ്ത്രീ! നിനക്കെന്തു വേണം?'

ദീപിക നാലുപാടും നോക്കിത്തുടങ്ങി. ജ്വലിക്കുന്ന അഗ്നിയുടെ മുമ്പിൽ കനത്ത പുകയാകുന്ന കറുത്ത തിരശ്ശീല മറച്ചു നില്ക്കുന്നു. അതിന്നുള്ളിൽക്കൂടെ ചെന്തീപ്പൊരികൾ ചുററുപാടും ചിതറുന്നുണ്ട്. അഗ്നിജ്വാലയുടെ നടുവിൽ ഒരാൾ നില്ക്കുന്നുണ്ടായിരുന്നു. അയാളുടെ നേത്രങ്ങൾ ആ അഗ്നിജ്വാലയേക്കാളും ജാജ്വല്യമാനങ്ങളായിട്ടാണ് കാണപ്പെട്ടതു്. അന്ധകാരപ്പെരുമാളുടെ ബന്ധുവായ കാമന്ദകനാണ് ആ ആളെന്നു എളുപ്പത്തിൽ ദീപികയ്ക്കു മനസ്സിലായി. 'എന്താണ്, സ്ത്രീ, നിനക്കു വേണ്ടതു്?' എന്നുള്ള മുമ്പെത്തെ ചോദ്യം വീണ്ടും പുറപ്പെട്ടു.

ദീപിക യാതൊരു കൂസലും കൂടാതെ മറുപടി പറഞ്ഞു:—

"എന്റെ ജീവിതത്തിൽ ഞാൻ വളരെ സാരവത്തായും പ്രിയതരമായും വച്ചുംകൊണ്ടിരുന്ന വസ്തു ഇപ്പോൾ എന്നിൽ

നിന്ന് അപഹൃതമായിരിക്കുന്നു. അപഹർത്താവിൽ നിന്ന് എ‌നിക്കതു വേഗത്തിൽ തിരിച്ചു കിട്ടണം".

രാക്ഷസീയമായ ഒരു പൊട്ടിച്ചിരി ആ ഗുഹാന്തർഭാഗം മുഴുവൻ കിടന്നു മുഴങ്ങി മാറ്റൊലിക്കൊണ്ടു. കനത്ത ലോഹഖണ്ഡങ്ങൾ നിലത്തു വീണാൽ ഉണ്ടാകാറുള്ള നാദത്തോടുകൂടിയ അതേ ശബ്ദംതന്നെ പിന്നേയും മുഴങ്ങിക്കേട്ടു. "അപ്പോൾ നിനക്ക്, കള്ളനിൽ നിന്നു കിട്ടണം അല്ലേ? എന്നാൽ ഇങ്ങോട്ടു വരിക."

ദീപിക, ഉറച്ച കാൽവെപ്പോടുകൂടി മുന്നോട്ടു നടന്നു. അവൾ ജ്വലിക്കുന്ന അഗ്നിയുടെ അടുത്തെത്തിയപ്പോൾ, അസ്ഥിമാത്രാവശേഷമായ ഒരു ഹസ്തഖണ്ഡം പെട്ടെന്നു മുന്നോട്ടു നീട്ടപ്പെടുന്നതു കാണായി. അടുത്ത നിമിഷത്തിൽ, എല്ലുന്തിയ ഏതാനും കൈവിരലുകൾ തന്റെ കഴുത്തിൽ പതിയുന്നതായി അവൾക്കു തോന്നി. അവൾ ഗുഹയുടെ തണുത്ത തറയിൽ ബോധംകെട്ടു വീഴുകയും ചെയ്തു.

IV

പേമാരി എറിയുംപോലെ പെയ്യുന്ന മഴ വന്നു മുഖത്തടിച്ചു തുടങ്ങിയപ്പോൾ, ദീപിക ബോധക്ഷയം വിട്ട് ഉണർന്നു. അവൾ എണീററു കൺമിഴിച്ചു നോക്കിയപ്പോൾതന്നെ ഗുഹയിൽ നിന്നു പുറത്തേയ്ക്കു മാററിയിരിക്കുന്നതായി അവൾക്കു ബോധപ്പെട്ടു. കൂരിരുട്ടു സർവ്വത്ര തിങ്ങി നിറഞ്ഞു കൂടീട്ടുണ്ട്. കൊടുങ്കാററു നിലച്ച്, കൊടുമ്പിരിക്കൊണ്ടു വരുന്ന മഴയ്ക്കു വഴിയൊഴിച്ചു കൊടുത്തിരിക്കുന്നു.

അവൾ അവിടെനിന്ന് ഗുഹാമാർഗ്ഗത്തേയ്ക്കു സൂക്ഷിച്ചുനോക്കി. അകത്തുനിന്ന് ഒരു ശബ്ദം കേട്ടു. മടങ്ങിപ്പൊയ്ക്കൊൾക! നിനക്കു വേണ്ടതു കിട്ടിക്കഴിഞ്ഞിരിക്കുന്നു; പൊയ്ക്കൊൾക."

ദീപികയുടെ ഹൃദയത്തിൽ സന്തോഷജന്യമായ ചാഞ്ചാട്ടം ഒട്ടുംതന്നെ ഉണ്ടായില്ല. അല്ലെങ്കിൽ, അതു ഭാവിസൂചനകൊണ്ട് എടുത്താൽ പൊങ്ങാത്തവിധത്തിൽ കനത്ത ഒന്നായിത്തീരുമായിരുന്നു. അവൾ, അവിടെനിന്ന് ബദ്ധപ്പെട്ടു നഗരത്തിലേയ്ക്കു പുറപ്പെട്ടു.

ആ സാഹസരസികനഗരത്തിന്റെ അരികത്തിൽ വന്നപ്പോഴേയ്ക്കും, മഴ നിശ്ശേഷം ശമിച്ചിരിക്കുന്നു. ധവളനിറമായ ശശാങ്കകിരണങ്ങൾ, കരിമുകിൽനിരയാകുന്ന തിരശ്ശീല നീക്കി നഭോരംഗത്തിൽ വിലാസലാസ്യം തുടങ്ങി. അവർ പുറത്തേയ്ക്കു പോയപ്പോഴത്തേപ്പോലെ തന്നേ തിരിയേ വന്നപ്പോഴും ഭവനം തീരെ മൂകമായിട്ടു തന്നേയാണിരുന്നതു്. അവൾ തുടിക്കുന്ന ഹൃദയത്തോടുകൂടി ഒരു വിധത്തിൽ അവിടേ വന്നു്, വാതിൽ തുറന്നു അകത്തേയ്ക്കു കടന്നു വീണു.

ഗൃഹനിവാസികൾ സകലരും നിദ്രാവശഗരായി കിടക്കുന്നു. ദീപിക വലുതായ ആശ്വാസത്തോടുകൂടി നെടുതായൊന്നു നിശ്വസിച്ചു. തന്റെ സഹചാരികളുടെ ദൃഷ്ടികൾ മുന്നിൽ നിന്നിട്ടും അവൾക്കു് അത്രയധികം പരിഭ്രമമൊന്നും ഉണ്ടായില്ല. അവളുടെ 'തലയിലെഴുത്തിന്റെ വായാട്ടു' കാട്ടുന്ന ഘട്ടമാണിതു്. അവൾ ചെന്നു മെല്ലേ സുപ്രിയന്റെ മുറിയുടെ വാതിൽ തുറന്നു. തുറന്നിട്ടിരുന്ന ജനലിൽകൂടെ പാലാഴിവെള്ളംപോലെയുള്ള പൂനിലാവു് മുറിക്കുള്ളിൽ കടന്നു വിളയാടുന്നു. നിലത്തുകിടന്നുറങ്ങുന്ന സുപ്രിയന്റെ മുഖം കുളിർനിലാവുലാവുകയാൽ വെള്ളത്താമരപ്പൂപോലെ കാണപ്പെട്ടു. വെളുത്തു് നിർജ്ജീവമായി സ്ഥിതിചെയ്യുന്ന ആയാളുടെ മുഖം വാസ്തവത്തിൽ ഇങ്ങിനെയുള്ള ഒന്നായിരുന്നുവോ?

ദീപിക പതുക്കേ ഒരുവിധത്തിൽ ഭർത്താവിന്റെ അരികത്തു ചെന്നു് നിലത്തു വീണു. അവൾക്കു് അവിടെ ഒരു നിമിഷനേരവും നിൽക്ക വയ്യെന്നായി. ഹാ! അടഞ്ഞുകാണുന്ന ആ സുപ്രിയന്റെ കണ്ണുകൾ ഇനി ഒരിക്കലും തുറക്കയില്ലയോ! അവളുടെ ദേഹം മരവിച്ചു കഴിഞ്ഞു. അനങ്ങാൻവയ്യാത്ത ആ നില അവളേ കൊല്ലാതെ കൊന്നു. പ്രഭാതവേളയിലെ ശീതള വാതം പതുക്കേ മുറിക്കുള്ളിൽ കടന്നു ലാത്തിത്തുടങ്ങിയപ്പോൾ സുപ്രിയൻ മെല്ലെ കണ്ണുതുറന്നു. കണ്ണുതുറന്ന മാത്രയിൽ അയാൾ കണ്ടതു് തന്റെ നേർക്കു ചാച്ച ദീപികയുടെ വദനമായിരുന്നു. പ്രിയതമൻ തന്നേ സന്തോഷസമേതം മനസ്സിലാക്കുമെന്നുള്ള ആശാവേശം കൊണ്ടു് അവളുടെ മലർമേനി ആകമാനം കോൾമയിർക്കൊണ്ടു് വശമായിരുന്നു.

എന്നാൽ അപ്പോൾ സംഭവിച്ചത് എന്താണ്? സുപ്രിയൻ വിരോധഭാവത്തെ ദ്യോതിപ്പിക്കുന്ന ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് മുഖം തിരിച്ചു കളഞ്ഞു. ദീപിക വിറയ്ക്കുന്ന കൈകൾ നീട്ടി ഭർത്താവിൻെറ വശംകെട്ട ദേഹത്തെ താങ്ങുവാൻ തുടങ്ങി. അയാൾ വിരോധഭാവത്തിൽ ബലേന അവളുടെ കൈതട്ടി മാററീട്ട് ഇങ്ങിനെ രൂക്ഷസ്വരത്തിൽ ഗർജ്ജിച്ചു. പോ, എൻെറ മുമ്പിൽ നിന്നു കടന്നു പോ! എൻെറ ജീവിതത്തിൻെറ ഈ അവസാന ക്ഷണത്തിലും, പ്രേതം പോലെ നീ ചുററിപ്പററിക്കൂടുന്നതെന്തിന്? അസത്തേ! മറഞ്ഞു പോ. ദീപികേ, എൻെറ പ്രാണവല്ലഭയായ ദീപികേ! എൻെറ അടുത്തു വരണേ! ഇപ്പോഴെങ്കിലും ഒന്നു വരണേ! നിന്നോടു മാപ്പു ചോദിക്കുന്നതിനു എനിക്കിനി സമയമില്ല. പ്രിയേ! നിൻെറ ആ ഓമന മുഖം ഞാൻ ഒരിക്കൽക്കൂടി ഒരു നോക്കു കാണട്ടേ!

കേരള സാഹിത്യ അക്കാദമി

സുപ്രിയൻ ഇത്രയും പറഞ്ഞ് നിലത്തേയ്ക്കു ചെരിഞ്ഞു. ദീപിക പ്രിയതമനെ കൈകൊണ്ടു താങ്ങിയിട്ട് ഭ്രാന്തത്തിയെപ്പോലെ പുലമ്പിത്തുടങ്ങി. അവളുടെ നയനങ്ങളിൽ നിന്ന് അശ്രു, ധാരധാരയായി ഒഴുകി. "പ്രിയതമ! അവിടത്തേയ്ക്കു എന്നെ മനസ്സിലായില്ലേ? ഞാൻ ദീപികയാണ്. അവിടത്തെ പ്രിയപ്പെട്ട ദീപികയാണ്."

സുപ്രിയൻ, അല്പം മാത്രം ബാക്കിയുള്ള ശക്തിയോടുകൂടി ദീപികയുടെ ആശ്ലേഷത്തിൽ നിന്ന് പിടഞ്ഞു വേർപെട്ടിട്ട് പരുഷവും അസ്പഷ്ടവുമായ ശബ്ദത്തിൽ പറഞ്ഞു. ഹാ! അസത്തേ! തൊടാതെ മാറിപ്പോ പിശാചേ! എന്താ എനിക്കു നിന്നെ കണ്ടാൽ അറിയാൻ സാധിക്കയില്ലെന്ന് നീ കരുതിയോ? നീ ഇന്ദുലേഖയാണ്. പോ, എൻെറ കണ്ണിനു മുമ്പിൽ നിന്നേ കാണരുത്. ദീപികേ, പ്രിയേ! എൻെറ അടുത്തു വരൂ........."

അതേ, ദീപികേ എന്ന ത്ര്യക്ഷരവും ഉച്ചരിച്ചുംകൊണ്ട് സുപ്രിയൻ തൻെറ അവസാനശ്വാസം വലിച്ചു.

ദീപിക ഉറക്കെ മുറവിളിച്ചുംകൊണ്ട്, അവിടെ നിന്നെഴുന്നേററു പാഞ്ഞു. പോകുംവഴിക്കു ചുവരിന്മേൽ തൂക്കിയിരു

ന്ന വലിയ കണ്ണാടിയിൽ അവളുടെ കണ്ണുകൾ പതിച്ചു. തന്റെ സ്വരൂപം പ്രതിഫലിച്ച ആ കണ്ണാടിയിൽ അവൾ നയനമോഹനമായ ഇന്ദുലേഖയുടെ രൂപം പ്രകാശിച്ചു കണ്ടു.

ഉമ

അഥവാ

ഇതൊന്നോർമ്മിക്കണേ!

I

നേരം ഇനിയും നല്ലവണ്ണം പുലർന്നിട്ടില്ല. ചക്രവാളത്തിന്റെ പൂർവ്വഭാഗം ചാരനിറംകലൎന്നു കാണപ്പെട്ടു. ശംഭുചരന്റെ ഭവനത്തിന്റെ പിൻവശത്തുള്ള വാതിൽ പെട്ടെന്നു തുറന്നു. വഴിയെ വരഗാത്രിയായ ഒരു യുവതി, ദ്രുതവും മൃദുലവുമായ പാദവിന്യാസത്തോടുകൂടി പുറത്തേയ്ക്കു പുറപ്പെട്ടു. അവൾ വീട്ടിന്നരികിലുള്ള പുഴയുടെ കടവിലേയ്ക്കുള്ള റോഡിലേയ്ക്കിറങ്ങി. ആ തെളിയാത്ത വെളിച്ചത്തിൽ, അവളുടെ വിധവോചിതമായ വെളുത്ത വസ്ത്രവും നീണ്ടിരുണ്ട നിബരീസമായ കബരീഭാരവും അല്ലാതെ, മുഖമോ സ്വരൂപമോ വ്യക്തമായി ദൃശ്യമായിരുന്നില്ല.

പുഴയിലെ കുളിക്കടവു് അപ്പോഴും ഏകാന്തമായിരിക്കുന്നതേയുള്ളു. ആ യുവതീരത്നം കടവിലിറങ്ങി കാലുകൾ വെള്ളത്തിൽ മുട്ടത്തക്കവണ്ണം കല്പടിയിന്മേൽ ഇരിപ്പായി. അവളുടെ ശോകപൂർണ്ണമായ വിചാരധാരയെ വിച്ഛേദിക്കുന്നതിന്നു യാതൊരു ശബ്ദവും അവിടെയുണ്ടായിരുന്നില്ല. ഉമ—അതാണവൾക്കു പേർ—ഗ്രാമനിവാസികളായ ബ്രാഹ്മണപ്രമാണികളിൽ ഒരാളായ ശംഭുചരന്റെ ഏകപുത്രിയാണ്. അവൾക്കു ഒമ്പതുവയസ്സു പ്രായമായപ്പോൾ അമ്പതുവയസ്സുചെന്ന ഒരു വൃദ്ധബ്രാഹ്മണന്നായി വിവാഹംചെയ്തുകൊടുക്കപ്പെട്ടു. വിവാഹം നടന്ന വർഷത്തിൽത്തന്നേ അവൾ വിധവയായിത്തീർന്നു. അതിന്നുശേഷം അവളുടെ നിവാസം പിതൃഗൃഹത്തിൽത്തന്നേയാണ്.

ആകാശവീഥിയുടെ കിഴക്കേ അററം ചാരനിറം വിട്ട് ക്രമേണ പനിനീർപ്പൂവിന്റെ അരുണനിറം കയ്ക്കൊണ്ട് ലാലസിച്ചു. ഗ്രാമത്തിലെ വൃദ്ധ "വൈരാഗി" തന്റെ പുരാതനഗാനങ്ങളും പാടിക്കൊണ്ട് വിജനമായ റോഡിലൂടേ ആഗതനായി. ഉമ തന്റെ ദിവാസ്വപ്നത്തിൽനിന്നു പെട്ടെന്നു ഞെട്ടിയുണൎന്ന്, ദ്രുതഗതിയിൽ, നാലഞ്ചു മുങ്ങു മുങ്ങി ഒരു പിച്ചളപ്പാത്രത്തിൽ വെള്ളവും നിറച്ചെടുത്തുംകൊണ്ട് ഗൃഹത്തിലേയ്ക്കു തിരിച്ചു.

അപ്പോഴും ആ ഗൃഹം മുഴുവൻ നിദ്രവിട്ടുണൎന്നിട്ടില്ലായിരുന്നു. ഉമ പാത്രം അടുക്കളയിൽ വെച്ചിട്ട് പുറത്തേയ്ക്കു വന്ന് തന്റെ ഈറൻ വസ്ത്രം മുററത്തു രുതാരയിട്ടുംവെച്ച്, തിരിയേ ചെന്നു വെപ്പിന്നു വട്ടംകൂട്ടി. ഒരു ഹിന്ദുവിധവ നടത്തേണ്ട കൎത്തവ്യങ്ങളിൽ ബ്രാഹ്മണനിഷ്ഠാഗരനായ അവളുടെ അച്ഛൻ അടുക്കളഡിപ്പാർട്ടുമെന്റിലെ സകല ചാൎജ്ജും അവളേയാണേല്പിച്ചിരുന്നത്. ശാസ്ത്രങ്ങളിൽ വിധിച്ചിട്ടുള്ള വിധവാകൃത്യങ്ങളിൽ ഒന്നിലും ഉമ വിമുഖി ആയിരുന്നില്ല. വീട്ടുവേലകളെല്ലാം വേണ്ടതിന്മണ്ണം ചെയ്തുകഴിഞ്ഞിട്ട് കിട്ടുന്ന സ്വല്പമായ വിശ്രമസമയത്തെ അച്ഛന്റെ അടുത്തിരുന്നു പുരാണപാരായണം കേൾക്കുവാനോ, വിധവാധൎമ്മങ്ങളെക്കുറിച്ചു സംസാരിക്കുവാനോ ആയിട്ടേ അവൾ വിനിയോഗിച്ചിരുന്നുള്ളൂ.

അവളുടെ കനിഷ്ഠസോദരനായ വിഷ്ണു അടുക്കളയുടെ മുൻവശത്തു നട്ടുവളൎത്തിയ പാരിജാതമരം ചെന്തളിരുകൾ പൊതിഞ്ഞും വെളുത്ത പുഷ്പങ്ങൾ നിറഞ്ഞും കാഴ്ചയ്ക്കു കൌതുകകരമായി ശോഭിച്ചിരുന്നു. പുലർവേളയിലെ കുളിരിളംതെന്നൽ തട്ടി കൊഴിഞ്ഞു വീണിട്ടുള്ള പൂക്കൾ ഒരു വെള്ളപ്പട്ടു വിരിച്ചതുപോലെ തറയിൽ ചിന്നിച്ചിതറിത്തിങ്ങിക്കിടന്നിരുന്നു. ഉമ അടുക്കളയിൽ നിന്നു വന്ന്, കൊഴിഞ്ഞുകിടന്ന പൂക്കൾ പെറുക്കി വസ്ത്രാന്തത്തിലിടുവാൻ തുടങ്ങി.

പെട്ടെന്നു വലിയ ശബ്ദത്തോടേ വാതിൽതുറന്ന്, തടിച്ചു മദ്ധ്യവയസ്കയായ ഒരു സ്ത്രീ വെളിക്കുവന്നു. അവൾ ആരേയോ അന്വേഷിക്കുന്ന മട്ടിൽ ചുററും ഒന്നു നോക്കി. ഒടുവിൽ ഉമയെ

കണ്ടമാത്രയിൽ അവളുടെ വക്ത്രഗഹ്വരത്തിൽനിന്നു് ഉച്ചത്തിൽ ചില പരുഷശബ്ദങ്ങൾ ഉച്ചലിച്ചു:—"ഹും! എന്താ നീ കാലത്തു കുട്ടിക്കളി കളിക്കയാണല്ലേ? വെപ്പു് എത്രത്തോളമായി?"

ഉമ ഝടിതി എണീററുനിന്നു്, ശോകാകുലമായ മുഖഭാവത്തോടെ, "അമ്മേ! ഞാൻ നേരത്തെ വെപ്പുതുടങ്ങിയിരിക്കുന്നു. അരി അതാ അടുപ്പത്തു കിടന്നു തിളയ്ക്കുന്നു. ഇതാ ഞാനിപ്പോഴാണു് പുറത്തേയ്ക്കു പോന്നതു്" എന്നു പറഞ്ഞിട്ടു് അടുക്കളയിലേയ്ക്കുതന്നെ പോയി.

ആ സ്ത്രീ തന്റെ ശയന ഗൃഹത്തിലേയ്ക്കു തിരിച്ചു. അവൾ ശംഭുചരന്റെ രണ്ടാമത്തെ ഭാര്യയാണു്. ഉമയുടെ മാതാവു് മകൾ വിധവയായിക്കഴിഞ്ഞിട്ടൊരുമാസമാകാതെ തന്നെ പരലോകപ്രാപ്തയായി. ആ വിധവാബാലികയുടെ സംരക്ഷണത്തിന്നൊരാൾ അത്യാവശ്യമായി വന്നതിനാൽ ശംഭുചരൻ തന്റെ പ്രഥമപത്നിയുടെ മരണത്തിനു ശേഷം അയൽവീട്ടുകാരനായ നരോത്തമന്റെ മൂത്ത മകളെ വിവാഹം ചെയ്തു. ആ സ്ത്രീ വന്നു് ഉമാമാതാവിന്റെ ചാർജെടുത്തതോടുകൂടിത്തന്നെ വീട്ടുവേലകളുടെയെല്ലാം ചാർജ്ജ് ഉമയ്ക്കും കൈയേൽക്കേണ്ടിവന്നു.

ഒരു പെൺകിടാവിനെ മടിപിടിപ്പിക്കുന്നതിന്നു് ഒരിക്കലും അനുവദിച്ചുകൂട. ഒരു തൊഴിലുംകൂടാതെ മടിപൂണ്ടിരിക്കുമ്പോൾ അവൾ ആരും അറിയാതെ നോവൽവായനയിൽ ഏർപ്പെട്ടുതുടങ്ങും. നോവൽവായന പക്വതയില്ലാത്ത ചപലഹൃദയങ്ങളിൽ ബഹുലങ്ങളായ നീചവിചാരങ്ങളെ മുളപ്പിക്കാതിരിക്കുന്നതല്ല. വിധവയായിത്തീരുന്ന ഒരു യുവതിയുടെ ഹൃദയത്തിന്നുണ്ടാകാവുന്ന ഉൽക്കണ്ഠയെപ്പററി അനുഭവിച്ചവൎക്കു മാത്രമേ അറിയുവാൻ കഴികയുള്ളൂ. ദുൎമ്മാൎഗ്ഗത്തിൽച്ചെന്നു ചാടാതെയിരിക്കുന്നതിന്നു് അവളെ സനിഷ്കൃഷ്ടമായ മേൽനോട്ടത്തിൽ നിൎത്തുകയല്ലാതെ മററു യാതൊരു വഴിയുമില്ല. ഇതിങ്ങിനെ നിൽക്കട്ടേ.

പെറുക്കിയ പൂക്കളെ മടിയിൽത്തന്നെ കൂട്ടംവെച്ചു് നയനങ്ങളിൽ നിന്നൊഴുകുന്ന ബാഷ്പധാരയാൽ അഭിഷിക്തയായി ഉമയതാ അവിടെ ആ വെറും നിലത്തിരിക്കുന്നു! സ്വന്തം മാതാവി

ന്റെ മരണംമുതൽ ഇതുവരേയും പതിവായി അവൾ ചെറിയമ്മയുടെ നാരാചനിശിതങ്ങളായ ആ വാക്കുകൾ കേട്ടുവരുന്നുണ്ട്. ഇങ്ങിനേ എട്ടുകൊല്ലം മുഴുവനും പരിചയിച്ചിട്ടും അവയുടെ മൂൎച്ച അവൾക്കു സുസഹമായി ഭവിച്ചില്ല.

അടുക്കളയിലെ ചൂടേററു പുഷ്പങ്ങൾ ക്ഷണത്തിൽ വാടിത്തുടങ്ങി. എന്നാൽ ഉമയുടെ ബാഷ്പംനിറഞ്ഞ നയനങ്ങൾ അവയെ കാണുന്നതേയില്ല. സ്വന്തം ആളുകളിൽ നിന്നേല്ക്കുന്ന ചൂടിനാൽ ഉലോം വാടിത്തളൎന്നു വിവശയായിട്ടുള്ള ആ യുവതി അതേ അവസ്ഥയെ പ്രാപിച്ച ആ മൃദുലലളിതങ്ങളായ പുഷ്പങ്ങളുടെ ഒരു സഹോദരിയാണെന്നേ അപ്പോൾ അവളെപ്പററി ആൎക്കും തോന്നുകയുള്ളു.

ഗൃഹനായികയുടെ വിളികേട്ട് വീണ്ടും ഉമ അടുക്കളയിൽനിന്നു പുറത്തുവന്നു. ഇത്തവണ അവൾക്കു ശകാരമുണ്ടായില്ല. "പുറമെ ഒരാൾക്കുകൂടി അരിവെയ്ക്കണം" എന്നു ചെറിയമ്മയുടെ ആജ്ഞയെ അവൾ ഒരു ശിരഃകമ്പംകൊണ്ടാദരിച്ചിട്ട് അടുക്കളയിലേയ്ക്കുതന്നെ തിരിച്ചു.

ഒരുകെട്ടു പുസ്തകവും കക്ഷത്തിൽ വെച്ചുംകൊണ്ട് വളരേ ബദ്ധപ്പാടോടുകൂടി വിഷ്ണു അവിടെ ആഗതനായി. അവൻ സ്ഥലം ഹൈസ്കൂളിൽ വായിക്കുന്ന ഒരു വിദ്യാൎത്ഥിയാണ്. കുട്ടി പുസ്തകക്കെട്ട് നിലത്തിട്ടുംവെച്ച് "ചേട്ടത്തി! എനിക്കിപ്പോൾ തന്നേ ചോറുതരണം. ഞങ്ങളുടെ പുതിയ മാസ്റ്റർ വരുന്നുണ്ട്. അതുകൊണ്ടെനിക്കിന്ന് പതിവിൽ നേരത്തേ പോകേണ്ടിയിരിക്കുന്നു" എന്നു വിളിച്ചുപറഞ്ഞു.

ഉമ അവനെ പരിചരിക്കുവാൻ തുടങ്ങി. അവൾ പറഞ്ഞു:—"അപ്പോൾ, നിനക്കിന്ന് നേരത്തേ പോകണം അല്ലേ? കൂട്ടാൻ ഒന്നും കാലമായിട്ടില്ലല്ലൊ. ആട്ടെ, ഒരു പുതിയ മാസ്റ്റർ വന്നിട്ടുണ്ടോ? അദ്ദേഹം എപ്പോഴാ വന്നതു്?"

വിഷ്ണു ആ ചൂടുചോറും വായിൽ നിറച്ചുംകൊണ്ട് ഒരു പുച്ഛരസത്തോടുകൂടി ജ്യേഷ്ഠത്തിയേ നോക്കി ഇങ്ങനേ പറഞ്ഞു:—"അല്ലാ! ചേട്ടത്തി ഇതുകൂടി അറിഞ്ഞിട്ടില്ലെന്നോ? അദ്ദേഹം ഇന്നാണു വന്നതു്. അങ്ങോരു നമ്മുടെ വീട്ടിലാണല്ലൊ താമസി

പ്പാൻ പോകുന്നതു്. അച്ഛനു നമ്മുടെ സെമിൻഡാരുടെ ഒരു ശിപാർശിക്കത്തുംകൊണ്ടു വന്നിട്ടുണ്ടു്.” കുട്ടി സ്കൂളിൽ പോകുവാനുള്ള തിടുക്കത്തോടെ ആ ചുട്ടചോറു വേഗം വേഗം വാരി ഉണ്ടുതുടങ്ങി. പുതുതായി വന്നിട്ടുള്ള മാസ്റ്ററുടെ അടുക്കെ തന്റെ അറിവിനേയും സാമർത്ഥ്യത്തേയും പ്രകടനം ചെയ്തു സകല സഹപാഠികളേക്കാളും മേലെ വിജയിയാകുന്ന ആ ഭാഗ്യത്തെ അവൻ എങ്ങിനെ നഷ്ടപ്പെടുത്തും?

കുറേ കഴിഞ്ഞപ്പോൾ ശംഭുചരൻ ഒരു പുതിയ അതിഥിയോടുകൂടി ഉച്ചയിലെ ഭക്ഷണത്തിനായി അകായിലേയ്ക്കു വന്നു. ഉമയാണു് അവക്കു ഭക്ഷണം വിളമ്പിക്കൊടുത്തതു്. ഗൃഹനായിക ഗൃഹകൃത്യങ്ങളിൽ ഏർപ്പെടുന്ന പതിവു പണ്ടേ ഉണ്ടായിരുന്നില്ല. അവൾ ആ പുതിയ അതിഥിയെ ഒന്നു എത്തിനോക്കിയുംവെച്ചു് തിരിച്ചുപോയി. അതിഥിക്കു പ്രായം ഇരുപത്തഞ്ചിൽ ഒട്ടും കവിഞ്ഞിട്ടില്ല. അയാൾക്കും മുമ്പത്തെ മാസ്റ്ററായ വൃദ്ധഹരീഷനും തമ്മിൽ യാതൊരു വിധത്തിലും സാമ്യമുണ്ടായിരുന്നില്ല.

അതിഥിയുടെ വിനയവും നാണവുംകലർന്നുള്ള നില ശംഭുചരന്റെ ദൃഷ്ടിയിൽ എത്തുപെടാതിരുന്നില്ല. മധുരവും ഉപചാരപരവുമായ വാക്കുകളാൽ അയാൾ അതിഥിയെ ഉത്സാഹിതനാക്കുവാൻ തുടങ്ങി. “ശ്രീമൻ, ഞങ്ങളുടെ അടുക്കെ ഇത്ര ഉപചാരനിഷ്ഠയൊന്നും ആവശ്യമില്ല. നിങ്ങൾ ഈ വീട്ടിലെ ഒരാളാണെന്നുതന്നെ കരുതിയാൽ മതി” എന്നും മററും ‘ലോഗ്യം’ പൊടിപൊടിച്ചു. വാസ്തവത്തിൽ ശംഭുചരൻ ലോഗ്യത്തിലും ദയയിലും അത്ര ധാരാളിയായ ഒരാളല്ല. വിശ്വനാഥൻ എന്ന ആ യുവാവു് തന്റെ ജന്മിയായ സെമിൻഡാരുടെ സ്വന്തം മരുമകനായിരുന്നതിനാൽ അയാളുടെ അടുക്കെ ഇത്ര ഉപചാരവും ‘ലോഗ്യവും’ കാണിച്ചുവെന്നെയുള്ളു.

പേരും പെരുമയും ഉള്ള ഏററവും വലിയ കുടുംബത്തിലെ അംഗമായ വിശ്വനാഥൻ കേവലം ഒരു പള്ളിക്കൂടം വാദ്ധ്യാരുടെ ജോലിക്കു വന്നതു പക്ഷേ കുറേ അത്ഭുതമായിട്ടു തോന്നിയേയ്ക്കാം. എന്നാൽ വിശ്വനാഥനാവട്ടെ, പ്രമാണികളായ തന്റെ സംബന്ധികളുമായുള്ള കൂടിയാട്ടത്തിനായി പ്രിയപ്പെട്ട വാദ്ധ്യാർവേലയെ വെടിയുന്നതു തീരെ ദുസ്സഹമാണു്. അയാൾ അവരുടെ

കൂട്ടത്തിൽ ശുഷ്കകാന്തിയോടേ നട്ടു നനച്ചുവളത്തുന്ന നീലച്ചെടികളുടെയിടയിൽ പുളച്ചു വളരുന്ന ഒരു പാഴ്ച്ചെടിയെപ്പോലെയായിരുന്നു. തികഞ്ഞ തറവാട്ടിത്തവും, കവിഞ്ഞ മഹത്വവുമുള്ള തന്റെ ഭ്രാതാക്കളുടെ കൂട്ടത്തിൽ ചേരുന്നതിന് അയാൾ തീരേ അർഹനായിരുന്നില്ല. ഉന്നതവും സുദൃഢവുമായ ദേഹവും, ഒതുക്കിയാൽ ഒതുങ്ങാത്തതും പരുപരുത്തതുമായ തലമുടിയും കണ്ടാൽ അയാൾ ഒരു താഴ്ന്നജാതിയിൽ ജനിച്ചവനാണെന്നേ ആക്കും തോന്നുകയുള്ളൂ. സഹോദരന്മാരുടെ കുലീനതയ്ക്കും പ്രഭുത്വത്തിനും യോജിച്ചിട്ടുള്ള വിനോദങ്ങളിലൊന്നിലും പങ്കുകൊള്ളാതേ 'പ്രാകൃത'നായ ഒരു യുവാവിനെപ്പോലെ ഓട്ടക, ചാട്ടക, ഗുസ്തിപിടിക്കുക, നീന്തുക മുതലായ കായികവ്യായാമങ്ങളിലാണ് അയാൾ സന്തോഷവും സാമർത്ഥ്യവും പ്രദർശിപ്പിച്ചിരുന്നത്. എന്നാൽ അയാളൊരു ക്രൂരനോ മുട്ടാളനോ അല്ല. വിശ്വനാഥന്റെ മാതുലൻ തലയുടെ ഒരു 'സ്ക്രൂ' തെല്ലൊന്നു തിരിഞ്ഞിട്ടുള്ള തന്റെ മരുമകനെക്കൊണ്ടെന്തു ചെയ്യേണ്ടുവെന്നു വിചാരമില്ലാതേ വിഷാദിച്ചുവശായിരുന്നു.

വിശ്വനാഥൻ വേഗത്തിൽ എങ്ങിനേയോ എം. ഏ. പരീക്ഷ ചാടിക്കടന്നു. മേലിൽ സ്വപ്രയത്നംകൊണ്ടുതന്നേ സ്വന്തം ജീവിതം നയിക്കണമെന്നാണ് അയാൾ തീർച്ചപ്പെടുത്തിയതു്. പുരാതനവും ശ്രേഷ്ഠവുമായ ആ തറവാട്ടിൽ ഇന്നേവരേയും ഇങ്ങിനെയൊരു സംഗതി ഉണ്ടായിട്ടുള്ളതായി ആരും കേട്ടിട്ടില്ല. മകന്റെ ദൃഢനിശ്ചയം കേട്ടു് അമ്മ വളരെ മനസ്താപപ്പെട്ടു. തന്റെ തറവാട്ടിലുള്ള ഒരാൾക്ക് ഇങ്ങിനെ സ്വപ്രയത്നംകൊണ്ടു് കാലക്ഷേപം ചെയ്യണമെന്നുള്ള ദുബ്ബുദ്ധി ഉണ്ടായതിൽ അമ്മാമൻ വല്ലാതേ വിസ്മയിച്ചുപോയി.

വിശ്വനാഥൻ ആരുടേയും വിസമ്മതിയെ വകവെച്ചില്ല. തീരെ താഴ്ന്ന ജാതിക്കാരായ കുറെ സാധുക്കുട്ടികളേയും വിളിച്ചുകൂട്ടി സ്വഗൃഹത്തിൽവെച്ചുതന്നേ എഴുതുവാനും വായിക്കുവാനും പഠിപ്പിച്ചുതുടങ്ങി. അതു വേഗത്തിൽ ഉദ്ദേശിച്ചഫലം ഉളവാക്കുന്നതിനു പര്യാപ്തമായി. പുറത്തുപോയി ഉദ്യോഗജീവിതം സ്വീകരിക്കുന്നതിന്ന് അമ്മാമന്റെ അനുമതി കിട്ടുവാൻ ഏറെത്താമസമുണ്ടായില്ല. ആ ശരൽക്കാലത്തിൽത്തന്നെ പലാശപുരത്തിലേ ഗ്രാമം

സ്ക്കൂളിൽ ഒരൊഴിവും ഉണ്ടായി. അമ്മാമൻെറ ഒത്താശയിന്മേൽ വിശ്വനാഥന്ന് ജോലി കിട്ടി. അയാറം തൻെറ ജോലിസ്ഥലത്തേയ്ക്കു പുറപ്പെട്ടു.

അമ്മാമൻ മരുമകൻെറ താമസത്തിനുവേണ്ട എല്ലാ ഏർപ്പാടും ചെയ്തിട്ടുണ്ടായിരുന്നു. ശംഭുചരൻ തൻെറ ഹിതൈഷിയായ ജന്മിയുടെ പ്രീതിയെ പ്രതീക്ഷിച്ചിരിക്കുന്ന ഒരാളുമാണ്.

വിശ്വനാഥൻ തൻെറ പുതിയ പരിസരത്തോട് തുലോം വേഗത്തിൽ ഇണങ്ങിക്കഴിഞ്ഞു. അവിടെ വന്നതോടുകൂടി അയാളുടെ ജീവിതചരിത്രത്തിൽ വിചിത്രവും നവീനവുമായ ഒരദ്ധ്യായം ആരംഭിച്ചു.

വിഷ്ണു തൻെറ പുതിയ അദ്ധ്യാപകനോട് ഏററവും അടുത്തു പെരുമാറി. ആ കുട്ടിയുടെ ബഹുമാനത്തിനും പ്രസരിപ്പിനും ഒരളവുണ്ടായിരുന്നില്ല. ശംഭുചരൻ വിശ്വനാഥൻെറ കാര്യത്തിൽ പ്രത്യേകം ശ്രദ്ധാലുവായിരുന്നു. വലിയ പ്രൌഢിയും ഗൌരവവും നടിക്കുന്ന ഗൃഹനായികകൂടി തൻെറ വീട്ടിലെ നിവാസിയോടു സംസാരിക്കുന്നതിലും മററും തുലോം ദാക്ഷിണ്യം കാണിച്ചു.

ഉമയാവട്ടെ, ആദ്യകാലങ്ങളിൽ വിശ്വനാഥനോട് തീരെ ഉദാസീനവൃത്തിയായിരുന്നു. എന്നാൽ ആയാറം ഗ്രാമത്തിലേ സാധാരണ ചെറുപ്പക്കാരിൽ നിന്നു തീരെ വിലക്ഷണനാണെന്നു കണ്ടതോടുകൂടി ക്രമേണ ആയാളിൽ ഉളവായിക്കൊണ്ടിരുന്ന ആദരത്തെ അന്യഥാ ഭവിപ്പിക്കുന്നതിന് അവറം ശക്തയായില്ല. വിശ്വനാഥൻ മറെറാരു ലോകത്തിൽ ജീവിക്കുന്ന ആളാണെന്നത്രേ അവറംക്കു തോന്നിയത്. അവറം ഒരു യുവാവിനോടും അടുത്തു പരിചയിച്ചിട്ടില്ലെങ്കിലും താൻ കേട്ടിട്ടും കണ്ടിട്ടും ഉള്ള അനേകം യുവാക്കന്മാരിൽ ഒരാളോടെങ്കിലും തനിക്കൊരു ബഹുമാനമോ പ്രീതിയൊ ജനിക്കുക ഉണ്ടായിട്ടില്ല. സിഗററു വലിക്കുക, മുടി വെട്ടപ്പായി ചീകിമിനുക്കിവെയ്ക്കുക മുതലായവയിൽ കവിഞ്ഞ് ഒരുൽക്കർഷേച്ഛയുള്ളവനോ, നാക്കെടുത്താൽ നാനാവിധം പച്ചത്തെറി പറയാത്തവനോ ആയി അവരിൽ ഒരാളെ എങ്കിലും അവറം കണ്ടിട്ടില്ല. എന്നാൽ ഈ പുതിയ മനുഷ്യനാക

ട്ടെ തീരേ ആ മാതിരിയിൽപ്പെട്ട ഒരാളല്ല. വിശ്വനാഥൻ തന്റേ വിശ്രമസമയത്തെ ഒന്നുകിൽ പുസ്തകം വായിക്കുവാനോ, അല്ലെങ്കിൽ ശിഷ്യരുടെ കായികവിനോദങ്ങളിൽ പങ്കുകൊള്ളുവാനോ ആയിട്ടല്ലാതേ വിനിയോഗിക്കുന്നതായി അവൾ കേൾക്കുകയോ കാണുകയോ ചെയ്തിട്ടില്ല.

ഉമ എല്ലാ ദിവസവും ഭക്ഷണസമയത്തു് വിശ്വനാഥനേ നോക്കിക്കൊണ്ടിരുന്നു. ആയാൾ ആഹാരത്തിലത്ര ആഭിമുഖ്യം കാണിക്കാതെയിരുന്നതു് അവളുടെ ശ്രദ്ധയ്ക്കു വിഷയമായി. വിശ്വനാഥൻ അതിൽ കാണിച്ചിരുന്ന അമാന്തം ഉമയുടെ ഹൃദയത്തിൽ ഗാഢമായി തട്ടി. അവൾ അസ്വസ്ഥചിത്തയായി തന്നെത്താൻ ശപിച്ചു. പറയത്തക്ക ഫലമൊന്നും ഉണ്ടാകാതേ തന്നെ ആയാളുടെ ആഹാരം ആകർഷണക്ഷമമാകുന്നതിനായി അവൾ തനിക്കുള്ള ത്രാണി മുഴുവൻ വിനിയോഗിച്ചുനോക്കി.

പെട്ടെന്നു ഒരു ദിവസം വിശ്വനാഥൻ അവളുടെ ശ്രമത്തെക്കുറിച്ചു മനസ്സിലാക്കിയതിന്മണ്ണം, ഉമയുടെ മുഖത്തേയ്ക്കു നോക്കി ഒന്നു പുഞ്ചിരിച്ചുംകൊണ്ടു്, ലജ്ജയോടും പരിഭ്രമത്തോടും കൂടി, "നിങ്ങളുടെ ദയ എനിക്കു് ഏറ്റവും സ്മരണീയമായിട്ടുണ്ടു്" എന്നിങ്ങനെ തനിക്കുള്ള കൃതജ്ഞതയെ പ്രകാശിപ്പിച്ചു.

വിശ്വനാഥൻ അന്നു നടാടെയാണു് ഉമയോടു സംസാരിച്ചതു്. അവൾ ലജ്ജയാൽ നമ്രവും വിവർണ്ണവുമായ മുഖത്തോടെ അടുക്കളയ്ക്കുള്ളിൽ മറഞ്ഞു. അവൾ ഇങ്ങിനെ വിചാരിച്ചു: "അയാളെന്തൊരു മനുഷ്യനാണു്? അങ്ങിനേ എന്റെ മുഖത്തുനോക്കി ചിരിക്കേണ്ടിയിരുന്നുവോ? ആയാൾ മുഷ്ടമായി ഊണു കഴിക്കട്ടെ, കഴിക്കാതിരിക്കട്ടെ; അതിൽ എനിക്കെന്താണുള്ളതു്?"

ആവോ! അവൾക്കൊന്നുമില്ലയോ?

എന്നാൽ, പിറേറദിവസം അവൾ ആയാളെ സന്തോഷിപ്പിക്കുന്നതിനുള്ള തന്റെ ശ്രമത്തേ നിർത്തൽ ചെയ്തുവോ? ഇല്ല. വീടുവിട്ടു് വിദേശത്തിൽ വസിക്കുന്ന വിശ്വനാഥനു് ആകുന്നിടത്തോളം സൌകര്യവും, സുഖവും ഉണ്ടാക്കിക്കൊടുക്കുന്നതു് അവൾക്കു ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒന്നായിരുന്നു. പക്ഷേ, അവളുടെ ശക്തി പരിമിതവും ക്ലിപ്തവുമാണല്ലോ. ആ

യാൾക്കു വേണ്ടി ആഹാരം നന്നാക്കിക്കൊടുക്കുന്നതിൽ ശ്രദ്ധാലുവായി അവൾക്കെന്തു ചെയ്യാൻ കഴിയും? വിശ്വനാഥൻ തന്റെ ശ്രമത്തെ അറിഞ്ഞു കൃതജ്ഞതയോടെ അഭിനന്ദിക്കുന്നുണ്ടെന്നുള്ളതു് അവളുടെ ഹൃദയത്തിനു് ഇലോം ആശ്വാസവും കൃതാൎത്ഥതയും ഉളവാക്കി. കവിതാരീതിയിലല്ലാതെ തന്നെ അവൎക്കു് അന്യോന്യം ശരിക്കു മനസ്സിലാക്കുവാൻ സാധിച്ചു. 'കണ്ടാമണി' പിടിച്ച ഒരു സിവിൽക്കേസ്സിൽ ചെന്നു ചാടിയതിനാൽ ശംഭുചരൻ തന്റെ വിധവയായ പുത്രിയുടെ ജീവിതരീതിയെ പരിശോധിക്കുവാനോ സംസ്കരിക്കുവാനോ സാധിക്കാതെയായി. വീട്ടിലുള്ളവർ ഓരോരുത്തരും ഭക്ഷണം കഴിഞ്ഞാൽ ഓരോ ജോലികൾക്കായി പുറത്തു പോവുക പതിവാണു്. ഗൃഹനായികയാണെങ്കിൽ ഉച്ചഭക്ഷണം കഴിഞ്ഞാൽ ഉറങ്ങാനും പോകും.

ഉമ ഉച്ചയ്ക്കുള്ള വിശ്രമസമയത്തു്, തന്റെ മുറിയിൽ ജനലിന്റെ അടുത്തായി പഴയ രാമായണ പുസ്തകവും മടിയിൽ മലൎത്തിവെച്ചു കുറേനേരം നോക്കിക്കൊണ്ടിരിക്കും. അവൾ പ്രത്യേകം വല്ല പ്രതിപത്തിയും ഉള്ളതുകൊണ്ടല്ലാ ആ പഴയ ഇതിഹാസ പുസ്തകം നോക്കിക്കൊണ്ടിരിക്കാറുള്ളതു്. അവളുടെ സ്ഥിതിക്കു് ആ പുസ്തകമല്ലാതെ മറ്റൊന്നും സുലഭമായിരുന്നില്ല. അവളുടെ മദ്ധ്യാഹ്നചൎയ്യ മിക്കപോഴും ഇങ്ങിനെയാണു കഴിഞ്ഞു കൂടിയിരുന്നതു്.

ഒരു ദിവസം വിഷ്ണു ഒരു പുതിയ നോവൽപ്പുസ്തകവും കൊണ്ടുവന്നു. ഈശ്വരൻ തനിക്കായി കൊടുത്തയച്ചിട്ടുള്ളതാണു് അതെന്നത്രേ ഉമ വിചാരിച്ചതു്. നോവൽ കൈയ്യിൽ വന്നതോടുകൂടി അവൾക്കു് അന്യചിന്തയില്ലാതായി. ചെറിയമ്മയുടെ നിശിതമായ ശബ്ദത്തിനു മാത്രമേ അവളെ നോവൽ വായനയിൽ നിന്നു നിവൎത്തിപ്പിക്കുവാൻ കഴിയാറുള്ളു.

ആ നോവൽപ്പുസ്തകം വിശ്വനാഥന്റേതായിരുന്നു. അയാൾ തന്റെ പുസ്തകം അന്വേഷിച്ചു തുടങ്ങിയപ്പോൾ വിഷ്ണു തന്റെ ചേട്ടത്തിക്കു വായിപ്പാൻ കൊടുത്തിരിക്കയാണെന്നു പറഞ്ഞു. ആ പഴയ രാമായണംപുസ്തകം ഉമയുടെ മുറിയിൽ

നിന്നു പിണങ്ങിപ്പിരിഞ്ഞുപോയി. വിശ്വനാഥന്റെ ഗ്രന്ഥശാലയിലുള്ള ബങ്കാളിനോവല്‍ബുക്കുകഠം പതിവായി ആ വിധവയുടെ മുറിയില്‍ എങ്ങിനേയോ ആരും അറിയാത്ത നിലയില്‍ വന്നും പോയ്ക്കും കൊണ്ടിരുന്നു.

വിശ്വനാഥന്‍ സ്വതവേ ഒരു ശുദ്ധചിത്തനായിരുന്നുവെങ്കിലും പെട്ടന്ന് എങ്ങിനേയോ അത്ഭുതകരമായ വിധത്തില്‍ തന്റെ പരിസരത്തില്‍ ഒരു മനുഷ്യജീവി ഉച്ഛ്വസിക്കുന്നുണ്ടെന്ന് മനസ്സിലാക്കി. പ്രതിഫലമായിട്ട് മര്‍മ്മഭേദകങ്ങളായ ശകാരങ്ങളും കേട്ടുകൊണ്ട് ആ വീട്ടിലേ സകല ജോലികളും ചെയ്തു കഷ്ടപ്പെടുന്ന സുന്ദരീരത്നമായ ആ യുവതിയില്‍ വിശ്വനാഥന്നു വലുതായ സഹതാപം ജനിച്ചു തുടങ്ങി. ഇപ്പോഠം ആയാഠം ആ വീട്ടിലേ ഒരാളായിട്ടുതന്നെയാണു ഗണിക്കപ്പെട്ടുവരുന്നത്. അതിനാല്‍ അയാളുടെ സാന്നിദ്ധ്യത്തെ വീട്ടുകാര്‍ ഒന്നിനും പ്രതിബന്ധമായിക്കരുതുന്നില്ല.

ചെറിയമ്മ കൂടക്കൂടെ വിശ്വനാഥന്റെ മുമ്പില്‍ വെച്ചു തന്നേ ഉമയെ കഠിനമായി ഭത്സിച്ചിരുന്നു. ആ സാധുവായ പെണ്‍കുട്ടി തന്റെ കരച്ചിലും ശോച്യദശയും ആ അന്യപുരുഷന്റെ ദൃഷ്ടിയില്‍ നിന്നു മറയ്ക്കുവാനായി കഴിയുന്നത്ര ശ്രമം ചെയ്തു. പക്ഷേ അവഠംക്കു വിശ്വനാഥന്റെ നേത്രങ്ങളെ വഞ്ചിക്കുവാന്‍ സാധിച്ചില്ല. ഉമയെ സംബന്ധിച്ചിടത്തോടളം ആയാളുടെ ദൃഷ്ടി അസാധാരണമായ സൂക്ഷ്മഗ്രഹണശക്തിയുള്ളതായിരുന്നതിനാല്‍ അവളുടെ ശ്രമം വന്ധ്യമാവുകതന്നേ ചെയ്തു.

തന്റെ മുമ്പില്‍ വെച്ച്, നിശിതങ്ങളായ വാക്ശരങ്ങഠം കൊണ്ട് ഉമയേ തേജോവധം ചെയ്യുന്ന ഗൃഹനായികയോടു വിശ്വനാഥന്നു വലിയ വിദ്വേഷവും രോഷവും ജനിച്ചു. തന്റെ കോപവും താപവും അവളുടെ ക്ലേശങ്ങളെ വര്‍ദ്ധിപ്പിക്കുവാനല്ലാതേ, കുറച്ചെങ്കിലും കുറയ്ക്കുന്നതിന്നു പര്യാപ്തമായിത്തീരുന്നവയല്ല എന്ന് ആയാഠംക്കു നല്ലവണ്ണം അറിയാമായിരുന്നു. എന്നാല്‍ ആ അന്യായവും കണ്ടു മിണ്ടാതേ അടങ്ങിയിരിപ്പാന്‍ ആയാഠംക്കു സാധിക്കുകയുമില്ല. ഉമയുടെ നേക്കുള്ള അനുകമ്പയ്ക്കും സഹതാപത്തിനും ആണെങ്കില്‍ അതിരുമളവുമില്ലാതെയായി.

എന്നാൽ ആയാൾക്ക് ആ സാധു യുവതിയോട് തോന്നിയിരുന്ന ആ മനോഭാവം കേവലം ഒരു സഹതാപം മാത്രമായിരുന്നുവോ? ആയാളുടെ പെരുമാററങ്ങൾ കണ്ടാൽ അവ ബലവത്തരമായ ഏതോ ഒരു ചേതോവികാരത്താൽ ഉത്തേജിതങ്ങളാണെന്നാണ് തോന്നുക. ആയാൾ ഉമയെ രക്ഷിക്കുന്ന വിഷയത്തിൽ തീരെ അശക്തനും, ആ വീട്ടിലെ സകല പേരുടേയും നേരെ കുപിതനും ആയിത്തീൎന്നു.

വിഷ്ണുവും അവന്റെ ഒരിളയ സഹോദരനും വിശ്വനാഥനോടുകൂടി, ഉറങ്ങുന്നതിനും മററുമായി ഒരേ മുറിയാണുപയോഗിച്ചുവന്നതു്. അവൎക്കു ശയ്യ തെയ്യാറാക്കിക്കൊടുക്കുന്നതു് ഉമയുടെ ചുമതലയാണു്. വിശ്വനാഥൻ ഒരു ദിവസം സ്ക്കൂളിൽനിന്നു മടങ്ങിവന്നപ്പോൾ ഗൃഹനായികയുടെ ലഹളയാണു് കേട്ടതു്.

“ഉമേ! നിന്റെ ബുദ്ധിയേപ്പററി ഞാൻ അത്ഭുതപ്പെടുന്നു! ആ മുറിയൊന്നു വൃത്തിയാക്കിയിടുന്നതിനു് നിനക്കു കുറച്ചെങ്കിലും ശ്രദ്ധ വെച്ചുകൂടയോ? നിനക്കു നാണമാകുന്നില്ലല്ലോ. അതാ! ആ മുറിയിലേയ്ക്കു ഒന്നു നോക്കു!” എന്നിങ്ങിനെ ശങ്കരന്റെ ഭാൎയ്യ ഒരു കാൎയ്യമില്ലാതെ ഉമയോടു് ‘തട്ടിക്കയറുന്നതു’ കേട്ടു വിശ്വനാഥനു പന്തിയല്ലാതെ ദ്വേഷ്യം വന്നു. ആയാൾ അകത്തു കടന്ന ക്ഷണേന കോസടിയും പായയും എല്ലാം വാരി [redacted]

വാൻ സാധിക്കുകയില്ലെങ്കിലും സഹായിക്കേണമെന്ന വിചാരം ബലവത്തരമായി വിശ്വനാഥനുണ്ടെന്ന് ഉമയ്ക്കറിയാമായിരുന്നു.

ആ വീട്ടിലെ നന്ന ചെറിയ കുട്ടികൾ ഉമയുടെ ചെറിയമ്മയുടെ മക്കളായ നാണുവും തുണുവുമായിരുന്നു. ആ കുട്ടികൾ, അന്നു കാലത്തുണർന്നതിനെ അറിയിച്ചതു് പ്രാതലിന്നായുള്ള നിലവിളി കൊണ്ടാണ്. ഏകാദശിയായിരുന്നതിനാൽ തലേദ്ദിവസം മുഴവനും ഉപവാസം അനുഷ്ഠിച്ചിരുന്നതുകൊണ്ടു് കുട്ടികൾക്കു യാതൊന്നും കൊടുക്കുന്നതിന്നു് ഉമയ്ക്കു സാധിച്ചില്ല. ഏകാദശിനാളിൽ ഒരു ഹൈന്ദവവിധവ ആഹാരം തൊടുകയേ പാടില്ലെന്നാണു് ശാസ്ത്രവിധി. കുട്ടികൾ പ്രാതലുകിട്ടാതെ നിലവിളി കലശലാക്കിത്തുടങ്ങിയപ്പോൾ, ഗൃഹനായിക അമോഘവീര്യമായ തന്റെ ആയുധവുംകൊണ്ടു് യുദ്ധരംഗത്തിൽ സന്നിഹിതയായി. ധാരധാരയായൊഴുകുന്ന കണ്ണീരിൽ 'കുളികുളിച്ച' മുഖത്തോടേ ഉമ അടുക്കളയിലേയ്ക്കും തിരിച്ചു. വിശ്വനാഥൻ തന്റേ ശയനഗൃഹത്തിൽ ഇരുന്നുകൊണ്ടു്, തുറന്നുകിടന്ന ജനാലിലൂടെ ഇതെല്ലാം നോക്കിക്കണ്ടു. ആ കരയുന്ന കുട്ടികളുടേയും 'കടകെട്ട' ചേട്ടയായ തള്ളയുടേയും 'കരിമുഖങ്ങൾ' കുത്തിപ്പറുത്തുന്നതിന്നു തക്കവണ്ണം വിശ്വനാഥന്നു ദേഷ്യംതോന്നി. ആയാൾ അതുചെയ്യുന്നതിന്നു പകരം അവിടെ നിന്നു പോവുകയും, അവിടവിടെ കുറേ ചുററിനടന്നു് തിരിയേ വരികയും ചെയ്തു.

അടുത്ത ഏകാദശിയും വന്നുകഴിഞ്ഞു. ഇത്തവണ വഴക്കിന്നു വഴിയുണ്ടാകരുതെന്നു ഉമ കാലേകൂട്ടി നിശ്ചയിച്ചിരുന്നു. തക്ക സമയത്തേയ്ക്കു സകലതും ഒരുക്കിവെച്ചു. അതിന്നുവേണ്ടി അവൾ മരിക്കുന്നതിന്നുകൂടി തെയ്യാറാണ്. വീട്ടിൽ ആരും ഉണർന്നു കഴിഞ്ഞിട്ടില്ല. ഉമ വെള്ളത്തിനായി തന്റെ പിച്ചളപ്പാത്രവും എടുത്തു പുഴയ്ക്കു പുറപ്പെട്ടു. പുറത്തിറങ്ങിയപ്പോഴേയ്ക്കും വിശ്വനാഥൻ കുട്ടികൾ കിടന്നുറങ്ങുന്ന മുറിയുടെ ജനലിന്നരികത്തു ചെന്നുനിന്നു. "നാണൂ! തുണൂ! എണീക്കിൻ! ഇതാ! ഞാൻ നിങ്ങൾക്കു കൊണ്ടുവന്നിട്ടുള്ളതെന്താണെന്നു നോക്കിൻ! വേഗം എണീററു വരുവിൻ! നിങ്ങൾ ഇന്നലേ വേണമെന്നു പറഞ്ഞ താമരപ്പൂവ് ഇന്നു നിങ്ങൾക്കു ഞാൻ പറിച്ചുതരാം" എന്നു പതുക്കേ പറയുന്നതു കേട്ടു. കുട്ടികൾ വലിയ സന്തോഷത്തോടെ എണീ

റവു ചാടിപ്പുറപ്പെട്ടു. അവർ പ്രാതലിൻെറ കഥയെ മറന്നുകള ഞ്ഞു. വിശ്വനാഥൻ കുട്ടികളേയും കൂട്ടിക്കൊണ്ടു പോറുകയും ചെയ്തു.

ഉമ തിരിയേ തൻെറ മുറിയിൽവന്ന് ആ തണുത്ത നിലത്തു വീണു. അവളുടെ ഹൃദയരോദനം തുടന്നു. സ്നേഹശൂന്യവും അതി ക്രൂരവുമായ ഒരു ലോകത്തിൽ തന്നേ വെടിഞ്ഞുംവെച്ച് തൻെറ മാതാവ് പരലോകം പൂകിയതിനുശേഷം, ഉമ വിടാതെ വേല ചെയ്യുന്നതിന്നായി നിമ്മിക്കപ്പെട്ടിട്ടുള്ള ഒരു സചേതനയന്ത്രമാ യിട്ടാണ് ഗണിക്കപ്പെട്ടുവന്നിരുന്നത്. എന്നാൽ അവളുടെ അമ്മ അവളെ തീരെ വിസ്മരിച്ചുകളഞ്ഞിട്ടില്ല. വിശ്വനാഥൻ എന്ന ആ യുവാവ് ദുഃഖപൂണ്ണയായ തൻെറ മകളുടെ ആശ്വാസനത്തി ന്നായി മാതാവിനാൽ അയയ്ക്കപ്പെട്ടിട്ടുള്ള ഒരാൾ തന്നെയല്ലയോ? ആരേയാണ് താൻ വന്ദിക്കുന്നതെന്നു തനിക്കുതന്നേ നല്ല നിശ്ചയ മില്ലാതേ അവൾ നിലത്തുവീണ് സാഷ്ടാംഗനമസ്കാരം ചെയ്തു.

ഉമ പുഴയിൽ നിന്നു വെള്ളവുംകൊണ്ടു മടങ്ങിവരുന്നതിന്നു കുറേ താമസിച്ചു. റോഡിൽ അങ്ങുമിങ്ങും ഉലാത്തിക്കൊണ്ടി രുന്ന വിശ്വനാഥൻ പതിവുപോലെ കളിക്കുന്നതിന്നായി കുളക്കട വിലേയ്ക്കു ചെന്നു. വിശ്വനാഥനെ കണ്ട മാത്രയിൽ ഉമയുടെ നയനനളിനങ്ങൾ ജലപൂണ്ണങ്ങളായി. ആയാൾ അനിമിത്ത മായി തൻെറ ദയനീയദശയിൽ അനുശോചിക്കുന്നതോത്തു അ വളുടെ ഹൃദയത്തിൽ കൊടുങ്കാററടിയുണ്ടായതുപോലെ കാണ പ്പെട്ടു. ആ അകാരണബന്ധുവിൻെറ പാദപാംസുക്കൾ തലയി ലണിഞ്ഞു് ഒന്നു നമസ്കരിച്ചാൽ കൊള്ളാം എന്നുള്ള ആഗ്രഹം അവളെ മുന്നോട്ടു നയിക്കാതെയിരുന്നില്ല. പക്ഷെ ലജ്ജവന്നു തടഞ്ഞു പിന്നോട്ടു തള്ളിയതിനാൽ, അയാൾക്കു കടന്നുപോകുന്ന തിന്നായി ഒതുങ്ങി നിന്നു വഴി മാറിക്കൊടുക്കുക മാത്രമേ അവൾ ചെയ്തുള്ളു. വിശ്വനാഥൻ കടന്നു പോകാതെ അവിടെത്തന്നെ നിന്ന്, "ഉമ എന്തിനാണ് ഇത്ര നേരത്തെതന്നേ ഇറങ്ങിയ ത്? ഇതുവരേയും ഉപവാസത്തിൻെറ പാരണ കഴിഞ്ഞിട്ടില്ല ല്ലോ!" എന്നു ചോദിച്ചതിന്ന്, "അങ്ങയ്ക്കു് സ്കൂളിൽ പോ കാറാകുന്നതിന്നു മുമ്പ് ഊണ് കാലമാക്കേണ്ടിയിരിക്കുന്നു" എന്ന് അവൾ ഒഴികഴിവായ ഒരു മറുപടി പറഞ്ഞു: വി

ശ്വനാഥൻ കുറച്ചു പരുഷമായ ഒരു സ്വരത്തിൽ ഇങ്ങിനേ ഉരചെയ്തു:—"എന്റെ സ്വന്തം സൌകര്യത്തിനായി അന്യരേ ഉപദ്രവിക്കുന്ന സ്വഭാവം എനിക്കില്ല. എനിക്കു് ഒരു കുളിരും പനിയും പിടിപെട്ടിരിക്കുന്നതിനാൽ ഇന്നു തീരേ സുഖം തോന്നുന്നില്ല. അതുകൊണ്ടു് എനിക്കിന്നു ഭക്ഷണമൊന്നും വേണ്ട."

ഇത്രയും പറഞ്ഞു് വിശ്വനാഥൻ അവിടെനിന്നു നടകൊണ്ടു. ഉമ വേഗത്തിൽ വീട്ടിലേയ്ക്കു തിരിച്ചു. വിശ്വനാഥന്നു പെട്ടെന്നുണ്ടായ ആ പനിയുടെ അർത്ഥം അവൾക്കു നല്ലവണ്ണം അറിയാമായിരുന്നു. ദുഃഖമാണു് അവരെ വാസ്തവത്തിൽ അന്യോന്യം ഘടിപ്പിച്ചിരിക്കുന്നതു്. സന്തോഷമായിരുന്നുവെങ്കിൽ അവരേ അകററിനിർത്തുകയേ ചെയ്യുമായിരുന്നുള്ളു.

"കേട്ടോ, ഉമേ, ഇന്നു നിനക്കു ജോലിക്കിത്തിരി വേഗംവേണം. എന്റെ അനുജനും അനുജത്തിയും ഇന്നിവിടേ വരുന്നുണ്ടു്. അവക്കു ഭക്ഷണവും മററും കുറച്ചു 'ഭേദമായിട്ടു' കൊടുക്കണം."

ചെറിയമ്മയുടെ ശക്തിയേറിയ ഈ ശാസനമാണു്, വിചാരധാരയിൽ മുഴുകിയിരുന്ന ഉമയേ ബാഹ്യലോകത്തിലേയ്ക്കു് തിരിച്ചുകൊണ്ടുവന്നതു്. അവൾ തന്റെ വിചാരധാരയേ വിച്ഛേദിച്ചു്, വീട്ടുജോലികളിൽ വ്യാപൃതയായി.

വിശ്വനാഥൻ സ്കൂൾവിട്ടുവന്നു സ്വന്തം മുറിയിലേയ്ക്കു കടന്നപ്പോൾ, തന്റെ ശയ്യയിൽ പുകവലിച്ചുകൊണ്ടൊരു പുതിയ മനുഷ്യൻ ഇരിക്കുന്നതു കണ്ടു. പുതുപരിഷ്കാരത്തിനൊത്ത വേഷപ്പകിട്ടും, നെററിയുടെ നേരെ നടുവിൽക്കൂടേ ഒരു റോഡു വെട്ടിത്തെളിച്ചുകൊണ്ടു് ചീകിമിനുക്കിവെച്ചിട്ടുള്ള തലമുടിയും ആ മനുഷ്യൻ ഒരു നാഗരികനാണെന്നു വിളിച്ചുപറഞ്ഞിരുന്നു. വിശ്വനാഥൻ ഗൌരവം വിടാതേ ആ മനുഷ്യനേ നോക്കിയുംവെച്ചു് അവിടെ നിന്നുപോയി. വിശ്വനാഥൻ പോയിക്കഴിഞ്ഞപ്പോൾ ആ പുതിയ മനുഷ്യൻ, 'ഇതാണൊ നിന്റെ പുതിയ മാസ്റ്റർ?' എന്നു വിഷ്ണുവിനോടു ചോദിച്ചു. എന്നിട്ടായാൾ ഇങ്ങിനേ 'റിമാക്കു' ചെയ്കയുംചെയ്തു:—"ഓ! എന്തൊരു ഗൌരവനിലയാണു്! ആയാളുടെ മട്ടുംഭാവവും കണ്ടാൽ ആയാൾ ഒരു സ്കൂൾ മാസ്റ്ററൊന്നുമല്ലെന്നുതന്നേ തോന്നിപ്പോവും. എത്ര ഗൌരവത്തോടുകൂടിയാണു് ആയാളെന്നേ ഒന്നു നോക്കിയതു്!"

ഈ പുതിയ മനുഷ്യന്റെ പേർ സുരേശൻ എന്നാണ്. ഉമയുടെ, അഥവാ ഗൃഹനായികയുടെ, സോദരനാണ് സുരേശനെന്ന സംഗതി വഴിയെ വെളിപ്പെട്ടു. സുരേശൻ സാധാരണ വീട്ടിൽനിന്നു പുറത്തുപോയാൽ പല കാരണങ്ങളാലും മടങ്ങിവരുന്നതു് വളരെയധികം വൈകിയിട്ടായിരിക്കും. സഹോദരിയുടെ ഭവനത്തിൽ വന്നിട്ടും, ആയാൾ ആ പതിവിന് മാററം ഒന്നും വരുത്തുകയുണ്ടായില്ല. വൈകുന്നേരത്തു് കുട്ടികളുടെയെല്ലാം ഊണുകഴിഞ്ഞു. ചെറിയമ്മയുടെ കല്പനപ്രകാരം ഉമ സുരേശനുള്ള ആഹാരം അവരുടെ മുറിയിൽ കൊണ്ടുപോയി വെച്ചിട്ടു മടങ്ങിപ്പോന്നു. അല്പം കഴിഞ്ഞപ്പോൾ ഗൃഹനായികയുടെ തലച്ചോറിൽ വേറൊരു തരത്തിലുള്ള വിചാരംകൂടി കടന്നുകൂടി. "വിശ്വനാഥനുള്ള ഭക്ഷണവും അവിടെത്തന്നേ കൊണ്ടുവന്നുവച്ചാൽ മതി; അവക്ക് ഒന്നിച്ചിരുന്നുണ്ണുന്നതു സന്തോഷമായിരിക്കും" എന്ന് അവർ ഉമയേ വിളിച്ചു പറഞ്ഞു.

ഉമ പറഞ്ഞതുപോലെയെല്ലാം ചെയ്തിട്ടു് തന്റെ ലഘുതരമായ ഭക്ഷണത്തിനു ചെന്നിരുന്നു. സുരേശൻ മടങ്ങിയെത്തി. അപ്പോഴേയ്ക്കും മണി പതിനൊന്നു കഴിഞ്ഞിരിക്കുന്നു. ആയാൾ കള്ളനെപ്പോലെ പതുങ്ങിനിന്ന് പുറവും എത്തിച്ചുനോക്കിയിട്ടു് പതുക്കേ ഉമയുടെ മുറിയുടെ മുമ്പിൽ ചെന്നുനിന്നു. ഉമ സുരേശനെ കണ്ടപ്പോൾ ഒരു ഞെട്ടലോടുകൂടി പെട്ടെന്നു പിടഞ്ഞെഴുനീററു. ധൂർത്തനായ സുരേശനാവട്ടെ തെല്ലുപോലും ശങ്കകൂടാതെ പതിഞ്ഞ ഒരു 'പച്ച ശൃംഗാരച്ചിരി' ചിരിച്ചുംകൊണ്ടു് ഉമയേ നോക്കി ഇങ്ങനെ ജല്പിച്ചു:—"ശ്രീമതി, എന്താണ് എന്നോടിത്ര പരിചയക്കേടു് നടിക്കുന്നതു്? എന്റെ നേരെ നിങ്ങൾക്ക് കുറച്ചു് ദയ ഉണ്ടായിരുന്നാൽ കൊള്ളാം."

ഉമയുടെ നേത്രങ്ങളുടെ നിറമൊന്നു പകന്നു. അവൾ ഒരക്ഷരവും ഉരിയാടാതെ, നിശിതമായ ഒരു നോട്ടം നോക്കിയുംവെച്ചു് വേഗത്തിൽ വാതിലങ്ങു കൊട്ടിയടച്ചു. അവഹേളിതനായിത്തീൎന്ന ആ സ്ത്രീലമ്പടനാവട്ടേ 'ഇളിഭ്യ'നായിട്ടു് അവിടെ നിന്നുപോന്ന് പ്രതികാരക്രിയയ്ക്കുള്ള വഴികളേപ്പററി വിചിന്തനം ചെയ്വാൻ ആരംഭിച്ചു. ആഹാരത്തിനു തന്റെ കല്പനാശക്തികൊ

ന്റെ സൃഷ്ടിച്ചുണ്ടാക്കുവാൻ സാധിക്കുന്നിടത്തോളം കുററങ്ങൾ സൃഷ്ടിച്ചു പറഞ്ഞു. തന്റേ അനാരോഗ്യത്തെക്കുറിച്ച് തന്റേ സ്വന്തം ആളുകൾക്കു തന്നേ യാതൊരു ചിന്തയുമില്ലാതായിത്തീന്നാൽ എന്താണു ചെയ്യുന്നതെന്നും ഇമ്മാതിരിയുള്ള ഭക്ഷണവും കഴിച്ച് കഴിച്ചുകൂട്ടുന്നത് എങ്ങിനെയാണെന്നും മററും ആയാൾ പരാതിപറയുവാൻ തുടങ്ങി. ആയാളുടെ കൂടെ വന്ന വിധവയായ സഹോദരി ആയാളെ പിന്താങ്ങുകയും ചെയ്തു.

ഗൃഹനായിക വല്ലാതെ വിഷമിച്ചു വശമായി. പുതുതായി ആഹാരമെന്തെങ്കിലും തയാറാക്കിക്കൊടുത്തുകളയാമെന്നു വെച്ചാൽ, അതിനു നേരം വളരേ വൈകുകയും ചെയ്തിരിക്കുന്നു. തന്റേ ഭത്തൃഗൃഹത്തിൽവെച്ച് നല്ലൊരു തറവാട്ടുകാരനായ ആ വിശ്വനാഥൻകൂടി കേൾക്കത്തക്കവണ്ണം തന്റേ സ്വന്തം ആളുകൾ ഇങ്ങിനേ 'ചെററത്തരം' പറയുന്നതോത്ത് അവർ വല്ലാതേ ലജ്ജിതയായിത്തീന്നു.

സുരേശനാണെങ്കിൽ ഒട്ടും 'വിട്ടുന്ന പുള്ളിയല്ല'. ഉമയേ വിളിച്ചുവരുത്തി സ്വകൃത്യത്തിൽ അമാന്തം കാണിച്ച വകയ്ക്കു് മമ്മഭേദകങ്ങളായ വാക്ശരങ്ങൾകൊണ്ട് അവളെ ശിക്ഷിക്കുന്നതുവരേയും ആ മനുഷ്യൻ വിടാതേ വഴക്കു പറഞ്ഞുകൊണ്ടിരുന്നു. ഉമ തന്റേ ഭക്ഷണംകൂടി മുഴുവനാക്കാതെ, പുതുതായി ആഹാരം തയ്യാറാക്കുവാനായിട്ടു പോയി എന്നു കണ്ടപ്പോൾ സുരേശൻ ജയഭേരി മുഴക്കുന്ന മട്ടിൽ ഒന്നു മന്ദസ്മിതം തൂകി.

"എന്തു് 'കടകെട്ട' ഒരു സ്വഭാവമാണിവളുടെ? വിധവകളായാൽ ഇങ്ങിനേയുള്ള ഒരു ഭാവമാണോ കാണിക്കേണ്ടതു്? ഞങ്ങളും വീട്ടിൽ ഉദിച്ചാൽ അസ്തമിക്കുംവരെ മുറയ്ക്കു പണിയെടുക്കുന്നവരാണ്".

ഗൃഹനായികയുടെ വിധവാ സോദരി ഇങ്ങിനെ 'ഒന്നിടം കോലിട്ടു' കൊടുക്കുകയും ചെയ്തു.

വിശ്വനാഥൻ ഒരുത്തമകുലീനന്റെ ഗൌരവത്തോടും ശാന്തതയോടുംകൂടി മിണ്ടാതേ, ഇതെല്ലാം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. എന്തെങ്കിലും ഒരു ഒഴികഴിവു പറഞ്ഞു പിന്മാറുവാൻ ഒരു നിവൃത്തിയുമില്ലാതിരുന്നതുകൊണ്ടു മാത്രമായിരുന്നു ആയാൾ

സുരേശനുമൊരുമിച്ചു ഭക്ഷണത്തിനിരുന്നതു്. വിശ്വനാഥൻ 'ഭക്ഷണംകഴിച്ചു എന്നു വരുത്തിയുംവെച്ചു്' അവിടേനിന്നു് എണീററുപോയി. സുരേശൻ അവിടേ ഇരുന്നു മൂക്കുമുട്ടേ ഊണുകഴിക്കുകയും ചെയ്തു.

വിശ്വനാഥന്നു് അന്നത്തേ രാത്രി വല്ലാത്ത ഒന്നായിരുന്നു. ഉറക്കം തീരെ ഉണ്ടായില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നു് ഒരുവിധത്തിൽ ആ രാത്രി പുലൎത്തിക്കൂട്ടി. നേരം കഷ്ടിച്ചു പുലൎന്നപ്പോൾ ആയാൾ എഴുനീററു് പുറത്തേയ്ക്കിറങ്ങി. ആയാൾ പുഴവക്കിലുള്ള റോഡിൽ കുറേ നടന്നിട്ടു് നേരേ പുഴക്കടവിലേയ്ക്കു തിരിച്ചു. കടവിൽ ആരും ഉണ്ടായിരിക്കുകയില്ലെന്നായിരിക്കാം ആയാൾ വിചാരിച്ചതു്. ചെന്നുനോക്കുമ്പോൾ കുളക്കടവിലുണ്ടു് ഒരാൾ ഇരിക്കുന്നു. പുലൎവേളയിലെ കുളിരിളംകാററു് ആ ആളുടെ വെള്ള വസ്ത്രത്തിന്റേ മടക്കുകളേ കുറേശ്ശ ചലിപ്പിച്ചുകൊണ്ടിരുന്നു. ഇരുണ്ടു ചുരുണ്ടുള്ള ഒരു നീണ്ട തലമുടി അഴിഞ്ഞിഴഞ്ഞു് പടവിന്മേൽ ചിന്നിക്കിടക്കുന്നുണ്ടായിരുന്നു. വിശ്വനാഥൻ അടുത്തുചെന്നിട്ടു് "ഉമേ" എന്നു ഒന്നു വിളിച്ചു.

ലളിതമായ ഒരു ശിലാപ്രതിമപോലെ നിശ്ചലയായി അവിടേ ഇരുന്നിരുന്ന ഉമ വിശ്വനാഥന്റെ വിളികേട്ട മാത്രയിൽ ഒന്നു തിരിഞ്ഞുനോക്കുകയും, പെട്ടെന്നു പൊട്ടിക്കരയുകയും ചെയ്തു. ശബ്ദനിൎഗ്ഗമത്തേ നിരോധിക്കുന്ന നിലയിൽ പുറപ്പെട്ട നിശ്വാസങ്ങളുടെ തള്ളലോടുകൂടി അവളതാ ഇരുന്നേടത്തു നിന്നു വീഴുന്നു! വിശ്വനാഥൻ അവളുടെ അരികത്തുചെന്നിരുന്നു. അവളെ ആശ്വസിപ്പിക്കുന്നതിനുള്ള വാക്കുകൾ ഒന്നും അപ്പോൾ തന്റെ നിഘണ്ടുവിൽ ആയാൾ കണ്ടെത്തിയില്ല. അഴിഞ്ഞിഴഞ്ഞു ചിതറിക്കിടക്കുന്ന ഉമയുടേ വാൎകുഴലിൽ നാലഞ്ചു തുള്ളി ബാഷ്പങ്ങൾ പതിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ പിന്നെയും ആയാൾ 'ഉമേ' എന്നു വിളിച്ചു. ഒരു മറുപടിയും പുറപ്പെട്ടില്ല. അവളുടേ തളിരൊളിമേനിയിൽ ഒന്നാകേ ഒരു വിറയലുണ്ടായി. അവളുടെ തലമുടിയിൽ ആരുടെ കയ്യാണു് കടന്നുചെല്ലുന്നതു്? ഉമയുടേ ഉള്ളിൽക്കൂടെ ഊക്കോടുകൂടി ഒരു വൈദ്യുതവീചി കടന്നുപോയി.

വിശ്വനാഥൻ തന്റെ കയ്യിനേ വെച്ച ദിക്കിൽനിന്നു് അനക്കിയില്ല. പരിഭ്രമത്തോടുകൂടി ആയാൾ ഇങ്ങിനെ പറഞ്ഞു:—

"ഉമേ, ദുസ്സഹമായ ഭവതിയുടേ ഈ സ്ഥിതി ഇനിയും നീണ്ടു നിൽക്കുവാൻ പാടില്ല. എനിക്കിതു് കണ്ടുംകൊണ്ടു കഴിച്ചുകൂട്ടുവാൻ കഴിയാതായിരിക്കുന്നു."

വിശ്വനാഥൻ ഒന്നു നിശ്വസിച്ചു് കലശലായ നെഞ്ചിടിപ്പോടുകൂടി ഇടനു പറഞ്ഞു:—"ഭവതി എൻേറകൂടെ വരിക. പണവും പെരുമയും പൂണ്ട ഒരു പദവിയിലേയ്ക്കൊന്നുമല്ല ഞാൻ ക്ഷണിക്കുന്നതു്. എന്നാൽ എൻെറ കൂടെ വരുന്നപക്ഷം, പണത്തേക്കാളും പെരുമയേക്കാളും മേത്തരമായ ഒന്നു് ഭവതിക്കു് കാണുവാൻ കഴിഞ്ഞുവെന്നു വരേണ്ടാം."

ഉമയ്ക്കു് കുറച്ചുസമയത്തേയ്ക്കു് സ്വബുദ്ധി തന്നേവിട്ടു് എങ്ങോട്ടോ പോയതുപോലെ തോന്നി. അവൾ അവിടേ നിന്നൊണീററു് വിശ്വനാഥൻേറ നേരെ ഭയവും ക്രോധവും കലന്നു ഒരു നോട്ടവും നോക്കി, മിന്നൽ വേഗത്തിൽ അവിടെ നിന്നു് അന്തർദ്ധാനം ചെയ്തു. ഉമ തൻെറ മുറിയിൽ ചെന്നെത്തിയതും, ബോധമററു നിലത്തു പതിച്ചതും ഒന്നിച്ചു കഴിഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ അവൾ ആ മതിമയക്കത്തിൽ നിന്നുണന്നു. അപരാധത്തിൻേറയും ലജ്ജയുടേയും ബലഹീനമായ ഒരു ബോധം അവളുടെ ഹൃദയത്തിൽ കടന്നുകൂടി. അവൾക്കു തൻേറ ശ്വാസഗതിയേ ആരോ തടഞ്ഞു നിൎത്തുന്നതുപോലെ തോന്നിത്തുടങ്ങി. കുടിലയായ ഒരു ലടയേപ്പോലെ 'തോന്ന്യാസം' കാണിച്ചിട്ടു് തന്നത്താൻ ദുഷിപ്പിച്ചു കളഞ്ഞ തനിക്കിപ്പോൾ എങ്ങിനേ ലജ്ജയുണ്ടായി? താൻ വിധവയായിത്തീന്ന തിയ്യതി മുതൽ തൻെറ അച്ഛൻ തന്നെക്കൊണ്ടു് നിഷ്കൃഷ്യായി അനുഷ്ഠിപ്പിച്ചു വന്നിട്ടുള്ള വിധവാചൎയ്യകളുടെയെല്ലാം പരിണാമത്തിലും ഇങ്ങിനേയാണോ? വിധവയായ തൻേറ മുഖത്തുനോക്കി ഒരു പുരുഷനു് വിവാഹത്തേപ്പററി സംസാരിക്കുന്നതിനു താൻ ഇടകൊടുത്തില്ലയോ? മതാചാരനിഷ്ഠയിൽ വൎത്തിക്കുന്ന മഹത്തരമായ ഒരു ബ്രാഹ്മണകുലത്തിൽ ജനിച്ച ഒരു ബ്രാഹ്മണൻെറ പുത്രിക്കു്—അതിലും വിശേഷിച്ചു് വിധവയായിത്തീൎന്നിട്ടുള്ള ഒരു ബ്രാഹ്മണസ്ത്രീക്കു്—വിവാഹം എന്ന വാക്കുതന്നേ വിഷംപോലെ വിവൎജ്ജനീയമായിരിക്കേണ്ടതല്ലയോ? വിവാഹം എന്ന ആ മൂന്നക്ഷരം എങ്ങിനേ തൻെറ കണ്ണ

ങ്ങളിൽക്കൂടി കടന്നുപോയി? തൽക്ഷണം തന്റെ തല നൂറായിരം നുറുങ്ങായി പൊട്ടിത്തെറിച്ചു പോവേണ്ടതല്ലയോ? ആ അക്ഷരങ്ങൾ പുറത്തു പുറപ്പെടുന്നതിനു മുമ്പിൽത്തന്നെ എന്തുകൊണ്ടു് താൻ മരിച്ചില്ല? തന്നെ ഇത്രമേൽ ലജ്ജിതയും നീചയും ആക്കിത്തീർത്ത ആയാൾ എന്തൊരുത്തനാണ്!"

ഈ വക വിചാരങ്ങൾ ഒന്നുകൊന്നു മേലായി മുന്നോട്ടു കുതിച്ചുവന്നപ്പോൾ അവൾ തന്റെ കയ്യിലുള്ളേടത്തോളം കോപത്തേയും വെറുപ്പിനേയും വിളിച്ചുവരുത്തുവാൻ നോക്കി. ആ നീതിലംഘകന്റെ നേരേ അവൾ തന്റെ ഹൃദയത്തെ കഴിയുന്നതും കഠോരമാക്കിത്തീർക്കുവാൻ നിശ്ചയിക്കുകയും ചെയ്തു. പക്ഷേ ആ നിശ്ചയത്തിന് എത്രത്തോളം ഉറച്ചുനിൽക്കുവാൻ സാധിക്കും? കുലീനയായ ഒരു പെൺകിടാവിന്റെ പരിശുദ്ധമായ ആദർശമല്ലേ അശുദ്ധപ്പെടുത്തപ്പെട്ടിരിക്കുന്നതു്? ആവോ, അങ്ങിനെ തന്നേയാണോ? ആണെങ്കിൽത്തന്നേ അതിനവൾ ആരേയാണ് ശിക്ഷിക്കുന്നതു്? വിശ്വനാഥൻ തനിക്കാകാവുന്നിടത്തോളം പാതകത്തിൽ അവളെ ചാടിച്ചുകൊള്ളട്ടേ; എന്നാലും, ആയാളേ ശിക്ഷിക്കുന്നതിനു പോയിട്ട്, കടുത്തൊരു വാക്കു പറയുന്നതിനുകൂടിയും തനിക്കു ശക്തിയില്ല എന്ന് ഉമയ്ക്കറിയാം. ഈ ലോകത്തിൽ തന്നെച്ചൊല്ലി ഒരുതുള്ളി കണ്ണീർപൊഴിക്കുന്നതിനു വിശ്വനാഥനല്ലാതെ ആരാണുള്ളതു്? ആ ആളുടെ നേർക്കാണോ അവൾ തന്റെ ഹൃദയത്തെ കർക്കശമാക്കിത്തീർക്കേണ്ടതു്? തന്റെ മനസ്സിന്റെ ദൌർബ്ബല്യവും ചാപല്യവുമാണ് തന്നേ ഈ ദുരവസ്ഥയിൽ അകപ്പെടുത്തിയിരിക്കുന്നതു് എന്നു അവൾക്കറിയാം. തന്റെ മനോവേദനയേ അവൾ മറച്ചുവെയ്ക്കാതെ പുറത്തേയ്ക്കു വിട്ടുകളഞ്ഞു. പക്ഷേ, അതിൽ ഒരു പങ്കു പററുന്നതിന് ഒരാളും ഉണ്ടാവുകയില്ലെന്നായിരുന്നു അവൾ വിചാരിച്ചുപോയതു്. എന്നാൽ അതിനു നേരേ വിപരീതമായ വിധത്തിൽ ഒരാൾ വന്ന് സന്തോഷപൂർവ്വകം അതിൽ ഒരുഭാഗം വാങ്ങുന്നതിനു സന്നദ്ധനായിത്തീർന്നിരിക്കുന്നു. രോഗമെന്തെന്നും, അതിനുള്ള ചികിത്സാവിധി ഇന്നതാണെന്നും അവൾക്കറിയാം; പക്ഷേ, ചികിത്സിക്കുന്നതിനുമാത്രം അവൾ ശക്തയല്ല. ഇതിന് അവൾ തന്നെയാണ് അപരാധിനി. അതുകൊണ്ട് അവൾതന്നെ വേണം ശിക്ഷയനുഭവിക്കുവാൻ.

ഉമ തന്റെ മുറിയുടെ ജനലിന്നിടയിൽക്കൂടെ പുറത്തേയ്ക്കു നോക്കിയപ്പോൾ, ലോകം മുഴുവൻ നിറയത്തക്കവണ്ണമുള്ള മനോവ്യഥയും പ്രേമവായ്പും വഴിയുന്ന നോട്ടത്തോടെ നിൽക്കുന്ന വിശ്വനാഥന്റെ മുഖമാണ് കണ്ടതു്. അവൾ പെട്ടന്നെഴുനീറ്റു് നെടുതായൊന്നു നിശ്വസിച്ചുകൊണ്ടു്, കൊടുതായ കിതപ്പോടെ എന്തോ ചില അക്ഷരങ്ങൾ പുറത്തേയ്ക്കു വിട്ടു. "എന്നേ ഇനിയും പാപക്കുഴിയിൽ പിടിച്ചു താഴ്ത്തേണ്ട" എന്നു് അവസാനത്തിൽപ്പറഞ്ഞ വാക്കുകൾമാത്രം വിശ്വനാഥൻ വ്യക്തമായിട്ടു കേട്ടു.

വിശ്വനാഥൻ വിഹ്വലവും വിവൎണ്ണവുമായ മുഖഭാവത്തോടുകൂടി അവിടെ നിന്നുപോയി. അവരിരുവരുടേയും ഈ വക അഭിനയങ്ങൾ രംഗത്തുവരാതെ ഒളിച്ചുനിന്നു നോക്കിക്കണ്ട മൂന്നാമതൊരാൾ തന്റെ ജോലി തീൎന്നതിനാൽ തൽക്ഷണം അവിടെ നിന്നു നിൎഗ്ഗമിച്ചു.

കേരള സാഹിത്യ അക്കാദമി

സുരേശന്റെ ജ്യേഷ്ഠസോദരിയായ ഗൃഹനായിക കാലത്തു് ഉറക്കമുണൎന്നെണീറ്റു് പുറത്തുവന്നു നോക്കുമ്പോൾ സോദരനായ സുരേശൻ മുറയ്ക്കുവിടെ ഹാജർകൊടുത്തിട്ടുണ്ടു്. സോദരന്റെ അൎത്ഥഗൎഭമായ പച്ചച്ചിരി കണ്ടപ്പോൾ കാൎയ്യമെന്തോ ഒന്നുണ്ടെന്നു് മനസ്സിലാക്കിയ ഗൃഹനായിക സംഗതി എന്താണെന്നു് ആയാളോടു ചോദിച്ചു:—"സംഗതിയോ? വളരെയധികമുണ്ടു്. ആവശ്യംകഴിച്ചു വേണമെങ്കിൽ പുറത്തേയ്ക്കു കൊടുപ്പാൻ കൂടിയുണ്ടു്. ചേട്ടത്തി! ഞാൻ വിചാരിച്ചിരുന്നതു് ലോകത്തിൽ കള്ളൻ ഞാനൊരുത്തനേ ഉള്ളുവെന്നായിരുന്നു. എന്നാൽ ഇപ്പോൾ അതേ തോണിയിൽത്തന്നേ അനേകംപേരുണ്ടെന്നു് എനിക്കു മനസ്സിലായി."

ഗൃഹനായിക ഇതുകേട്ടു തന്റെ പ്രഭാതകൃത്യങ്ങൾ വിസ്മരിച്ചുപോയി. അവർ ഉൽകണ്ഠയോടുകൂടി ഇങ്ങിനേ ചോദിച്ചു:—"എന്നാൽ പറയൂ. എന്താണുണ്ടായതു്?"

"അങ്ങിനേ വേണ്ടതിന്മണ്ണം ചോദിക്കൂ. പറയാം. നിങ്ങളുടെ പൂൎവ്വസന്ന്യാസിയായ ആ സ്കൂൾമാസ്റ്ററില്ലേ? ആയാൾ........."

സുരേശൻ അര മണിക്കൂറോളം നേരം സ്വൈരമായിരുന്നു സംസാരിക്കുവാൻ തീൎച്ചപ്പെടുത്തി.

III

അന്നത്തേ സന്ധ്യാസമയം നിശ്ശബ്ദവും അന്ധകാരമയവു മായിരുന്നു. ആകാശവീഥിയിൽ കാർമേഘപടലങ്ങൾ വന്നു തിങ്ങിക്കൂടി. ഘോരമായ ഒരു പെരുമഴ പൊട്ടിപ്പുറപ്പെടുന്നതിനുള്ള വട്ടം എപ്പോഴും ഉണ്ടായിരുന്നു. ആകാശത്തിൽ ആകമാനം വ്യാപിച്ച കഠിനമായ കാളിമാവ് ആ ഗൃഹത്തിലുള്ള സകലരുടേയും മുഖങ്ങളിൽ പ്രതിഫലിച്ചു കാണപ്പെട്ടു. എല്ലാവരും അവരവരുടെ ജോലികളിൽ ഏർപ്പെട്ടിരുന്നുവെങ്കിലും ആരും ഒരക്ഷരമെങ്കിലും ശബ്ദിച്ചിരുന്നില്ല. ഇത്രത്തോളം ഏകാന്തമായ നിശ്ശബ്ദത ഉണ്ടായിരുന്നില്ലെങ്കിൽക്കൂടിയും ആ വീട്ടുകാരുടെ ഹൃദയങ്ങളിൽ തിങ്ങിയിരുന്ന വികാരങ്ങളുടെ ബലവത്തരമായ ബഹിഃപ്രവാഹം ദൃഷ്ടിഗോചരമാകുന്നതായിരുന്നു. ആ വീട്ടിലെ ഈ വക മാററമൊന്നും ബാധിക്കാത്തവരായ രണ്ടു കുട്ടികൾ മുററത്തിരുന്ന് 'മണ്ണു കളിക്കുന്ന'തു മാത്രമെ അവിടെ സാധാരണ നിലയിൽ നിന്നു തെററാതെ കണ്ടിരുന്നുള്ളു.

ഉമയുടെ ചെറിയമ്മയായ ഗൃഹനായിക തന്റെ സഹോദരിയൊരുമിച്ചിരുന്ന് എന്തോ ചിലതു 'ചിന്തിക്കുകയും മന്ത്രിക്കുകയും' ചെയ്തുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ മൂത്ത സഹോദരി ഇപ്രകാരം പറഞ്ഞു:—"എന്നാൽ ഇതാണ് നല്ലതു്;" അപ്പോൾ ഇളയസഹോദരി പറഞ്ഞു:—"അതേ, അതുതന്നെയാണ് വേണ്ടതു്. സംശയമുണ്ടോ? നമുക്കെല്ലാം വേണ്ടതുപോലെ ചെയ്യാം" ഇത്രയും പറഞ്ഞിട്ട് ആ സ്ത്രീ മുററത്തു കളിച്ചുകൊണ്ടിരുന്ന കുട്ടികളെ ശാസിച്ച് ബലേന പിടിച്ചുവലിച്ചുകൊണ്ടു പോന്നു. കൊടുങ്കാററടിയോടുകൂടി പെരുമഴ തകർത്തു പെയ്തുതുടങ്ങി. കാററടിയേററ് കതകുകളും ജനവാതിലുകളുമെല്ലാം തന്നെത്താനടഞ്ഞു. ഉമ അപ്പോൾ തന്റെ മുറിയുടെ വാതിൽ തുറന്നിട്ട്, പുറത്തു നടക്കുന്ന പ്രകൃതിയുടെ 'പേക്കൂത്തും' നോക്കിക്കൊണ്ടിരിക്കുകയായിരുന്നു.

കാററും മഴയും കൊണ്ടുപിടിച്ചു തകർക്കുന്നുണ്ട്. ഘോരരൂപിണിയായ വർഷാരാക്ഷസി ധൃഷ്ടമായി അട്ടഹാസം മുഴക്കിക്കൊണ്ട് നഗ്നവേഷത്തിൽ നൃത്തമാടുന്നതു കണ്ട് സകല ചരാചരങ്ങളും നടുങ്ങിപ്പോയതുപോലെ കാണപ്പെട്ടു. ഉമ, താഴത്തേ

യ്ക്കിറങ്ങിവരുന്ന കാർമുകിൽച്ചാർത്ത് തിങ്ങി ക്രൂരതുളടഞ്ഞിട്ടുള്ള ആകാശമണ്ഡലത്തിന്റെ ചുവട്ടിൽ ചെന്നുനിന്നു. ആകാശത്തിന്റെ ആ കരിമുഖമാണ് അവൾക്ക് അപ്പോൾ സ്വന്തം വീട്ടുകാരുടെ മുഖങ്ങളേക്കാൾ സൌമ്യങ്ങളായിട്ടു തോന്നിയതു്.

'ചെറിയമ്മ വിളിക്കുന്നു' എന്നു ഒരു വാലിയക്കാരത്തിവന്ന് ഉമയോടു പറഞ്ഞു:—അവൾ ഒന്നും പറയാതെ ചെറിയമ്മയുടെ അടുക്കലേയ്ക്കു ചെന്നു. ചെറിയമ്മ അവരുടെ സഹോദരിയോടു കൂടി ഗൃഹനായികയുടെ പ്രൌഢിയിൽ വലിയ ഗൌരവഭാവം പൂണ്ടിരിക്കുകയാണ്. ഉമ അടുത്തെത്തിയപ്പോഴയ്ക്കും ഗൃഹനായികയുടെ വക്ത്രഗഹ്വരത്തിൽനിന്നു ഗംഭീരമായ ഗർജ്ജനം പുറപ്പെട്ടുകഴിഞ്ഞു. "ഉമേ, നിന്റെ സാമാനങ്ങളെല്ലാം എടുത്തുകെട്ടി തെയ്യാറാക്കി വെച്ചുകൊൾക. നാളത്തെ വണ്ടിക്ക് നീ ഇവിടുന്നു പോണം."

ലേശവും പതറിച്ചകൂടാതെ ഉമ ധൈര്യപൂർവ്വകം ഇങ്ങിനെ ചോദിച്ചു:—"അമ്മേ! എന്തിനാണ് എന്നെ ഇവിടുന്നയയ്ക്കുന്നതു്? ഞാനെങ്ങട്ടാണ് പോവേണ്ടതു്? ഞാനെന്തു പിഴച്ചു?"

"എന്റെ കുട്ടി! ഒന്നും അറിവില്ലാത്ത പച്ചപ്പരമാത്ഥിയുടെ ഭാവം ഇനി നീ നടിക്കണമെന്നില്ല. അതിന്റെ സമയം തീരെ തെററിക്കഴിഞ്ഞിരിക്കുന്നു."

വിധവാസഹോദരി കടന്നു പറഞ്ഞു:—"ഹേ മയ്യാക്കാരത്തി! ഞാനൊന്നു പറഞ്ഞോട്ടേ? കേട്ടോ? നിന്റെ ചെമ്പു തെളിഞ്ഞുപോയി! ഇനി നിരപരാധഭാവം നടിക്കേണ്ട. കാളിന്ദിയും ഗംഗയും തമ്മിൽച്ചേരുന്ന പുണ്യസ്ഥലത്തുചെന്ന് സ്നാനം കഴിക്കുന്നതിനു ഞാൻ നാളെ പ്രയാഗയ്ക്കു പോവുന്നു. അവിടുന്ന് കാശിക്കുകൂടി പോവണമെന്നുണ്ട്. നീയും എന്റെ ഒരുമിച്ച് വരണം. നിന്റെ ദുശ്ചരിതങ്ങളായ പാപങ്ങൾക്ക് എന്തെങ്കിലും ഒരു പരിഹാരമുണ്ടാകട്ടേ. എന്താ നീ എന്നെ തുറിച്ചുനോക്കുന്നതു്? ഒഴിവുകഴിവു പറഞ്ഞു പിന്മാറുവാൻ നോക്കേണ്ട. ഞാൻ ഇത്രയും ചെയ്‌വാൻ പുറപ്പെട്ടതുതന്നെ നിന്റെ അച്ഛൻ പറഞ്ഞിട്ടാണ്. അല്ലാതെ, നിന്നെപ്പോലെ ഇത്ര ഗുണശാലിനിയായ ഒരു പെൺകിടാവിന്റെ കൂട്ടുപിടിച്ചാൽ കൊള്ളാമെന്നു വെച്ചിട്ടൊന്നുമല്ല."

ഉമ തന്റെ മുറിയിലേയ്ക്കു മടങ്ങി. തുറന്നുകിടന്ന ജനലിൽക്കൂടേ അകത്തേയ്ക്കു കടന്ന മഴ ആ മുറിമുഴുവൻ നനച്ചു. ആ വക യൊന്നും അവളുടെ ദൃഷ്ടിയിൽ പെട്ടില്ല. അതുവരേയും നിത്യസഹവാസംചെയ്തു അതിപരിചിതവും പ്രിയതരവുമായിത്തീർന്നിട്ടുള്ള തന്റേ പരിസരങ്ങളോടെല്ലാം അവൾ യാത്രപറഞ്ഞു പിരിഞ്ഞു പോവേണ്ട സമയമാണ് ഇവിടെ സന്നിഹിതമായിരിക്കുന്നതു്. പരമാർത്ഥത്തിൽ, വിധവയായിത്തീർന്നിട്ടുള്ള അവൾക്ക് യാതൊരു വസ്തുവിനേയും വിട്ടുപിരിയുന്നതിൽ സങ്കടംമാത്രം ഉണ്ടാകുവാൻ പാട്ടുള്ളതല്ല. അങ്ങിനേ സങ്കടമുണ്ടാവുകയാണെങ്കിൽ അതു് അവൾ വിശുദ്ധയായ ഒരു വിധവയല്ല എന്നു മാത്രമേ വിശദപ്പെടുത്തുകയുള്ളൂ. പക്ഷേ, അവളും ഒരു സ്ത്രീതന്നെയല്ലയോ?

അതാ എവിടെ നിന്നോ വലിയ ഒരു ശബ്ദംകേൾക്കുന്നു! ശംഖചരൻ പരിഭ്രമിച്ച് ദ്രുതഗതിയിൽ വീട്ടിന്നകത്തേയ്ക്കുകടന്നു. ഗൃഹനായിക സംഭ്രമത്തോടുകൂടി 'സംഗതി എന്താണ്' എന്നു ചോദിച്ചു:—ശംഖചരൻ പറഞ്ഞു:—"വല്ലാത്ത അശുഭവത്തമാനം! വല്ലാത്ത വ്യസനകരമായ വത്തമാനമാണ്! അയാളുടെ അമ്മാവനോട് ഞാനെന്താണ് പറയുക! വിശ്വനാഥനേ നിങ്ങളാരെങ്കിലും കണ്ടുവോ?" അതാ ഉമയുടെ ശ്രോത്രങ്ങൾ അങ്ങോട്ടു പാഞ്ഞുചെല്ലുന്നു! ശംഖചരന്റെ ഭാര്യ ഇങ്ങിനേ പറഞ്ഞു:—"വിശ്വനാഥനേ ഇവിടെയെങ്ങും കണ്ടില്ല. എന്താ അയാൾക്ക് പററിയതു്? ഇന്നു വീട്ടിലേയ്ക്കു പോവുന്നുണ്ടെന്നു പറയുന്നതു കേട്ടു. ഒരുപക്ഷേ അങ്ങിനേ ചെയ്തിരിക്കാം."

"വീട്ടിലേയ്ക്കു പോവുകയൊ? ഈ മഴയത്തു് എങ്ങിനേ വീട്ടിലേയ്ക്കു പോവും? പോവണമെങ്കിൽ തോണി വേണ്ടയോ? തോണികയറിയെങ്ങാനും പോയിട്ടുണ്ടെങ്കിൽ കാര്യം എല്ലാം ശരിയായി! ഇതാ ഇപ്പോഴാണ് യാത്രക്കാരോടുകൂടി ഒരു വള്ളം മുങ്ങിപ്പോയി എന്നുകേട്ടതു്."

ചെറിയമ്മയുടെ കറുത്ത ഒരു വാക്കുകേട്ടാൽപ്പോലും ധാരധാരയായി കണ്ണീരുപൊട്ടി പ്രവഹിക്കുന്ന ഉമയ്ക്കു് ഇപ്പോൾ ഒരു തുള്ളിക്കണ്ണീരു പൊഴിക്കുന്നതിന്നുണ്ടായില്ല. അവൾ ഒരു ശിലാപ്രതിമപോലേ നിശ്ചലം നിലകൊണ്ടു. കാററും മഴയും അപ്പോഴും

നിലച്ചിട്ടില്ല. 'നേരം നിശീഥമോടടുത്തുതുടങ്ങി'യപ്പോൾ വിഷ്ണു പരിഭ്രാന്തനായി ഓടിവന്ന് വാതിൽ ഉന്തിത്തുറന്ന്, തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ട് ഗദ്ഗദസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:—

"ചേട്ടത്തി, വിശ്വനാഥദാദാ (ചേട്ടൻ) വെള്ളത്തിൽ മുങ്ങി മരിച്ചുപോയല്ലോ! നമ്മുടെ ബോധയാണ് പറഞ്ഞത്. ഞാൻ വാസ്തവം അറിവാൻവേണ്ടി കടവത്തു പോയിരുന്നു. അയ്യോ! ചേട്ടത്തി! എല്ലാവരും അങ്ങിനേതന്നെയാണ് പറയുന്നത്. വിശ്വനാഥദാദാ തോണി മുങ്ങിയപ്പോഴല്ലത്രേ വെള്ളത്തിൽ മുങ്ങിയത് അപ്പോൾ നീന്തി കരയ്ക്കുകയറിപോൽ! പിന്നീട്, പുഴയിൽക്കൂടേ ഒലിച്ചുപോയിരുന്ന ഒരു പെൺകുട്ടിയേ പിടിച്ചു കയററി രക്ഷപ്പെടുത്തുവാൻ ശ്രമിച്ചപ്പോഴാണ് ഒരു ചുഴിയിൽപ്പെട്ടു മുങ്ങിത്താണുപോയത്. ആ കുട്ടി ഇത്രയും പറഞ്ഞ് കഠിന ശോകത്തോടുകൂടി ആ നിലത്തുവീണു കേണുതുടങ്ങി. അവൻെറ സഹോദരിയാവട്ടേ അനങ്ങാതേ ഇരുന്നതേയുള്ളു.

പിറേറന്നു നേരം പുലർച്ചയായപ്പോൾ സുരേശനും ആയാളുടെ വിധവാസോദരിയും യാത്ര പുറപ്പെട്ടു. ഇരുട്ട് അപ്പോഴും നല്ലവണ്ണം നീങ്ങിക്കഴിഞ്ഞിട്ടില്ല. അവർ ഉമയേ കാണാനായി അവളുടെ മുറിയിൽച്ചെന്നു നോക്കിയപ്പോൾ അവിടെയെങ്ങും അവളെ കാണ്മാനുണ്ടായിരുന്നില്ല. വിഷ്ണു ആ നനഞ്ഞ നിലത്തു കിടന്നുറങ്ങുന്നുണ്ട്. വീട്ടുകാരെല്ലാം ഉൽക്കണ്ഠയോടുകൂടി ഉമയേ തിരച്ചിൽതുടങ്ങി. ശംഭുചരൻെറ ഭാര്യ ചെന്ന്, കൂക്കുംവലിച്ചു കിടന്നുറങ്ങിയിരുന്ന ഭർത്താവിനേ പണിപ്പെട്ടു വിളിച്ചുണർത്തി.

എല്ലാവരുംകൂടി ഉമയേ തിരയുവാൻ തുടങ്ങി. അപ്പോൾ വേലക്കാരത്തി വന്ന് ഇങ്ങിനേ പറഞ്ഞു:—"കുറച്ചു മുമ്പ്, വീട്ടിൻെറ പിൻവശത്തുള്ള വാതിൽ തുറക്കുന്നതുപോലെ ഒരു ശബ്ദം കേൾക്കുകയുണ്ടായി. പൂച്ചയായിരിക്കാമെന്ന് വെച്ച് ഞാനപ്പോൾ അത്ര ശ്രദ്ധവെച്ചില്ല."

ശംഭുചരൻ വിളക്കുംകൊളുത്തിയെടുത്ത്, 'ഞാൻ അവളെ തിരയുവാൻ പോവുകയാണ്, ആരും എൻെറ കൂടെ വരേണ്ട,' എന്നു പറഞ്ഞു അവിടെ നിന്നു നടകൊണ്ടു. അപ്പോഴയ്ക്കും ഞെട്ടിയുണർന്ന് കൊട്ടിപ്പിടഞ്ഞെണീററു വന്ന വിഷ്ണു അച്ഛൻ

കാണാതെ ഇരുട്ടിൽ മറഞ്ഞു് അച്ഛൻെറ പിന്നാലെ പോയി. ശംഭുചരൻ വീട്ടിന്നടുത്തുള്ള കുററിക്കാടുകളിലും പടർപ്പുകളിലും എല്ലാം കുറെ തിരഞ്ഞുനോക്കിയിട്ടു് ഒടുവിൽ പുഴക്കടവിൽ ചെന്നുനോക്കി. അവിടെ കല്പടവിന്മേൽ, മിക്കവാറും വെള്ളവസ്ത്രംകൊണ്ടു മറഞ്ഞിട്ടുള്ള ഒരു സ്വരൂപം ഇരിക്കുന്നതു കണ്ടു. അതു ഉമയല്ലാതെ മററാരുമായിരുന്നില്ല. കലങ്ങിമറിഞ്ഞു് ഘോരമായ ഇരമ്പലോടുകൂടി ഒഴുകിക്കൊണ്ടിരിക്കുന്ന ആ മഹാനദി മരണദേവതയെപ്പോലെ ഭയങ്കരമായി, അവളുടെ മൃദുലങ്ങളായ പാദങ്ങളിൽ അലച്ചടിച്ചുകൊണ്ടു് പാഞ്ഞുപോകുന്നതു് അവൾ അറിയുന്നതേയില്ല. കഠോരമായടിക്കുന്ന കാററത്തു് ചലിച്ചുകൊണ്ടിരിക്കുന്ന ശംഭുചരൻെറ വിളക്കിൻെറ വെളിച്ചം, ഇരുട്ടടഞ്ഞ ആ പ്രദേശത്തു് ഉരകല്ലിലെ സ്വർണ്ണരേഖപോലെ മിന്നി. ആകാശത്തിൽ നിന്നു കൊടുങ്കാററടിച്ചു താഴത്തു തള്ളിയിട്ടിട്ടുള്ള സായന്തനനക്ഷത്രം ആണോ എന്നു തോന്നാവുന്ന ഉമയുടെ അടുക്കൽച്ചെന്നു് ശംഭുചരൻ ഇങ്ങിനെ ഗർജ്ജിച്ചു:—"ഉമേ, അവിടുന്നെണീക്കു്—പുറപ്പെടാനുള്ള സമയമായി."

ഉമ ഒന്നും പറയാതെ അവിടെനിന്നെഴുന്നീററു് പിതാവിനെ പിന്തുടന്നു. വിഷ്ണു അവളുടെ കയ്യിൽ കടന്നുപിടിച്ചിട്ടു്, "ചേട്ടത്തി, ഇതുവരെ എവിടെയായിരുന്നു?" എന്നു ചോദിച്ചു. ശംഭുചരൻ അവനെ പിടിച്ചു മാററിയിട്ടു്, 'പോ, നിൻെറ ചേട്ടത്തിയോടു നിനക്കിനി സംസാരിപ്പാൻ പാടില്ല. വിട്ടുപോ' എന്നു ശാസിച്ചു.

അധികം താമസിക്കാതെ തന്നേ താൻ ജനിച്ചുവളന്ന തൻേറ പ്രിയപ്പെട്ട മാതൃഭൂമിയോടു പിരിഞ്ഞു് ഉമ ഏററവും അപരിചിതമായ ഒരു പുതിയ ലോകത്തിലേയ്ക്കു യാത്ര പുറപ്പെടുവാൻ നിർബ്ബന്ധയായിത്തീൎന്നു. അന്നത്തേ വണ്ടിയിൽ സ്ത്രീകൾക്കിരിക്കുവാനുള്ള മുറിയിൽ ആൾത്തിരക്കു് അധികമുണ്ടായിരുന്നതിനാൽ ഇരിക്കുന്നതിന്നിടം തീരേയുണ്ടായിരുന്നില്ല. ഉമ വണ്ടിയുടെ ജനലിന്നടുത്തു് ഒരിടത്തു് ഞെരുങ്ങിക്കൂടി. അവൾ, ജനലിൽക്കൂടെ തല പുറത്തേയ്ക്കു നീട്ടിക്കൊണ്ടു്, ക്രമേണ കാഴ്ചയിൽ നിന്നു മറഞ്ഞുതുടങ്ങുന്ന തൻെറ ജന്മഭൂമിയായ ഗ്രാമത്തേ മുഴുത്ത മനോവികാരത്തോടുകൂടി നോക്കിക്കൊണ്ടിരുന്ന ഉമയുടെ

കൂടെയുണ്ടായിരുന്ന രണ്ടു സ്ത്രീകൾ, മര്യാദയ്ക്കു്, ഇരിപ്പാൻ സ്ഥലം കൊടുക്കാതെയിരുന്ന മററുള്ള സ്ത്രീയാത്രക്കാരോട് 'യുദ്ധം വെട്ടി'ക്കൊണ്ടുമിരുന്നു.

IV

നേരം സന്ധ്യയോടു സമീപിച്ചു. ഗംഗയിലേയും യമുനയിലേയും പ്രവാഹങ്ങൾ തമ്മിൽ മേളിച്ചു് ഒന്നായി ഓളംവെട്ടി ഊക്കോടെ കടലിലേയ്ക്കു പായുന്നു. ഗംഗ തന്റെ തരളങ്ങളായ തരംഗകരങ്ങൾകൊണ്ടു്, അടുക്കൽ വരുന്ന കാളിന്ദിയെ കൈയ്ക്കുപിടിച്ചു് കൂട്ടിക്കൊണ്ടുപോകുന്ന ആ കാഴ്ച തുലോം കൗതുകജനകംതന്നെയാണു്. തീർത്ഥയാത്രക്കാരുടെ ബാഹുല്യത്താൽ തിക്കുംതിരക്കുമായി, പകൽ മുഴുവനും പഴുതില്ലാതെയിരുന്ന സ്നാനഘട്ടങ്ങളെല്ലാം ക്രമേണ ശൂന്യങ്ങളായിത്തീർന്നുതുടങ്ങി. ആ സമയത്തു് മൂന്നു സ്ത്രീകൾ ഒരു സ്നാനഘട്ടത്തിന്നടുക്കൽ വന്നുനിന്നു. മൂന്നുപേരും വൈധവ്യസൂചകമായ വെള്ളവസ്ത്രമാണു് ധരിച്ചിട്ടുള്ളതു്. ഒന്നാമത്തെ സ്ത്രീ ഒരു വേലക്കാരത്തിയാണെന്നു് പ്രഥമദൃഷ്ടിയിൽതന്നെ മനസ്സിലാക്കാം. രണ്ടാമത്തെ സ്ത്രീ ഒരു പൃഥുലവിഗ്രഹയും ഗംഭീരാകൃതിയുമാണു്. മൂന്നാമതു കാണുന്ന സ്ത്രീ ഒരു ചെറുപ്പക്കാരിയാകുന്നു. അവളുടെ നീലങ്ങളായ നീണ്ട നയനങ്ങൾ നാലുപാടും ചഞ്ചലമായ നോട്ടങ്ങളാണു് വിട്ടുകൊണ്ടിരിക്കുന്നതു്.

തടിച്ച മധ്യവയസ്കയായ സ്ത്രീ കർക്കശമായ സ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:— "ആ കാശിനുകൊള്ളാത്ത കിഴവൻ ശാസ്ത്രി ബ്രാഹ്മണൻ എവിടെപ്പോയി? ഒരു ക്ഷുരകനെ അന്വേഷിച്ചു പോയിട്ടു് നാഴിക നാലായി. നമ്മളിനി എപ്പഴാണു് വീട്ടിലെത്തുക? ഞാൻ ബുദ്ധിമുട്ടപ്പെട്ടുകയാണു്!"

തൽക്ഷണം വൃദ്ധനായ ഒരു 'ശാസ്ത്രി' ബ്രാഹ്മണൻ, വഴിനീളെ തെണ്ടിയലഞ്ഞുനടക്കുന്ന ക്ഷുരകന്മാരിൽ ഒരുത്തനേയും കൂട്ടിക്കൊണ്ടു് അവിടെ വന്നു. ഗംഗയും യമുനയും തമ്മിൽ മേളിക്കുന്ന പാവനമായ ആ പുണ്യസ്ഥലത്തു് വെച്ചു് ശിരോമുണ്ഡനം ചെയ്യുന്നതു തുലോം പുണ്യകരമായ ഒരു കർമ്മമാണുപോൽ! ക്ഷുരകൻ ഒരററത്തിരുന്നു് തന്റേ തോൽസഞ്ചിഎടുത്തുവെച്ചു തുറന്നു് ജോലിക്കു വേണ്ട സാമഗ്രികൾ എടുത്തു പുറത്തു വെച്ചു.

ഉടനെ അവരിൽ പ്രായംകൂടിയ സ്ത്രീ, ചെറുപ്പക്കാരിയായ സ്ത്രീയെ നോക്കി, "ഒന്നു വേഗം ആട്ടെ; നമുക്കു് പോവാൻ വൈകി" എന്നുപറഞ്ഞു.

ആ യുവതിയായ സ്ത്രീയാവട്ടെ, കരുതിക്കൂട്ടി കേൾക്കാത്ത ഭാവവും നടിച്ചു് യമുനയിലെ നീലിമ തിരണ്ട തിരമാലകൾ ഗംഗയുടെ വെണ്മപൂണ്ട വക്ഷോഭാഗത്തേയ്ക്കു് സന്തോഷസമേതം ചെന്നുവീഴുന്നതും നോക്കിക്കൊണ്ടു നിന്നു. സംഘത്തിലെ നായികയായ സ്ത്രീ അവളുടെ ആ നില കണ്ടു് കുപിതയായി മുമ്പോട്ടു ചെന്നു് അവളെ ക്ഷുരകനിരിക്കുന്നേടത്തേയ്ക്കു പിടിച്ചുവലിച്ചുകൊണ്ടു ചെന്നു. ക്ഷുരകൻ ഒരു കയ്യിൽ കത്തിരിയെടുത്തു്, മറേറക്കയ്യുകൊണ്ടു് അവളുടെ അഴിഞ്ഞുപിന്നിയ തലമുടിയിന്മേൽപ്പിടിച്ചു. യുവതിയാകട്ടെ, കഠിനമായ വിറയലോടെ ക്ഷുരകന്റെ കയ്യിൽനിന്നു് തന്റെ തലമുടി വലിച്ചു വേർപെടുത്തിക്കൊണ്ടു് "തന്റെ മുടി തൊടരുതു്" എന്നു ഗൌരവമായി ശാസിച്ചു. വിശ്വനാഥന്റെ കരപല്ലവസ്പർശത്താൽ പരിശുദ്ധമായിത്തീർന്നിട്ടുള്ള തന്റെ തലമുടിയെ തന്നിൽ നിന്നു് വേർപെടുത്തിക്കളയുകയോ, മറെറാരുത്തന്റെ കരസ്പർശത്താൽ അശുദ്ധമാക്കിത്തീർക്കുകയോ ചെയ്യുന്നതു് അവൾ എങ്ങിനെ അനുവദിക്കും? അവളുടെ കൂട്ടുകാരുടെ മുഖങ്ങൾ കോപത്താൽ കലുഷിതങ്ങളായിത്തീർന്നു. വൈദികബ്രാഹ്മണൻ കോപതാമ്രാക്ഷനായി അവളുടെ അടുത്തേയ്ക്കു ചെന്നു. നിരാധാരയായ ആ യുവസുന്ദരിയുടെ നേത്രങ്ങൾ ക്രൂരന്മാരായ നായാട്ടുകാർ ആട്ടിയോടിച്ചുകൊണ്ടുപോവുന്ന ഭീതയായ മാന്പേടയുടെ കണ്ണുകൾപോലെ ഭയത്താൽ വിഹ്വലങ്ങളും, സംഭ്രമത്താൽ ചഞ്ചലങ്ങളും ആയിച്ചമഞ്ഞു. അവൾ വിത്രസ്തയായി നാലുപാടും ഒന്നു നോക്കി. ക്രൂരങ്ങളും നിർദ്ദയങ്ങളുമായ നോട്ടങ്ങളല്ലാതെ, അനുകമ്പയുടെ ഒരു നിഴൽപോലും അവളെവിടെയും കണ്ടില്ല.

അന്ധകാരം ക്രമേണ ലോകത്തെ ഗ്രസിച്ചുതുടങ്ങി. ഭയങ്കരമായ ഒരു നിശ്ശബ്ദത എങ്ങും വ്യാപിച്ചു. വൈദികബ്രാഹ്മണൻ അവിടുത്തെ ആ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു് ഉമയെ ബലേന പിടിച്ചുവലിച്ചു. അവൾ ആ പിടിയിൽ പെടാതെ, ആയാളെ തട്ടി നീക്കി, ഊക്കോടുകൂടി കുതിച്ചു് നദിയിലേയ്ക്കു് താ കഷ്ടം!

എടുത്തുചാടി!!..
....

...........തിരമാലകളുടെ മേലെ തുള്ളിമറിയുന്ന വെള്ളത്താമരപ്പൂപോലെ ലാലസിച്ചിരുന്ന ഉമയുടെ കോമളമായ മുഖം സന്ധ്യയിലെ മങ്ങിയ വെളിച്ചത്തിൽ ഒരുതവണ കൂടി വെളിയിൽ കാണപ്പെട്ടു. ഉത്തരക്ഷണത്തിൽ, കറുത്തിരുണ്ട ഒരു തിരമാല വന്ന് അവളുടെ ശിരസ്സിനെ അടിച്ചു താഴ്ത്തി വെള്ളത്തിൽ മുക്കിക്കളഞ്ഞു!.

(൦)

എന്റെ പുനർവിവാഹം

കേരള സാഹിത്യ അക്കാദമി

എന്റെ അച്ഛൻ എന്നെ ചെറുപ്പത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനല്ലാ ഏർപ്പെടുത്തിയത്. അച്ഛൻ ഒരു സംസ്കൃതപണ്ഡിതനായിരുന്നതുകൊണ്ട്, എന്നേയും സംസ്കൃതം പഠിപ്പിക്കണമെന്നു നിശ്ചയിച്ച്, പ്രസിദ്ധപണ്ഡിതനായ ഭട്ടാചാര്യരുടെ അടുക്കെ കൊണ്ടുപോയാക്കി. ഈ ഭട്ടാചാര്യർ അക്കാലത്തു വടക്കൻദിക്കുകളിലെങ്ങും സുപ്രസിദ്ധനും സർവ്വതന്ത്രസ്വതന്ത്രനുമായ ഒരു വിദ്വാനായിരുന്നു. ഞാനദ്ദേഹത്തിന്റെ അടുക്കേ ആദ്യം ചില കാവ്യങ്ങളും നാടകങ്ങളുമൊക്കെ പഠിച്ചു. പഠിപ്പിൽ അത്യധികം ശ്രദ്ധയും ഉത്സാഹവും പ്രദർശിപ്പിച്ചിരുന്നതിനാൽ ഗുരുനാഥന്ന് എന്റെ പേരിൽ വലിയ പ്രതിപത്തിയായി. എന്റെ പാഠത്തിൽ അദ്ദേഹം വളരെയധികം നിഷ്കർഷ കാണിച്ചുവന്നു. ക്രമത്തിൽ വ്യാകരണം, അലങ്കാരം, തർക്കം മുതലായ ശാസ്ത്രങ്ങൾ വായിച്ചുതുടങ്ങി. ഭട്ടാചാര്യരുടെ അനുഗ്രഹത്താൽ എന്റെ വിദ്യാഭ്യാസം ഒരുവിധം തൃപ്തിപ്പെടത്തക്കതായിരുന്നു. അല്പകാലംകൊണ്ട് ഞാൻ കാവ്യനാടകാലങ്കാരാദികളിൽ പ്രശംസനീയമായ വ്യുല്പത്തി സമ്പാദിച്ചു. ഗുരുനാഥന്റെ അനുമതിയോടുകൂടി പതിനെട്ടാമത്തെ വയസ്സിൽ വിദ്യാഭ്യാസം മതിയാക്കി സ്വദേശത്തേയ്ക്കുതന്നെ പോന്നു.

വിദ്യാഭ്യാസം മതിയാക്കി ഗൃഹത്തിൽ വന്നതിൻെറ ശേഷം എനിക്കു വർത്തമാനപ്പത്രങ്ങളിലേയ്ക്കു ലേഖനമെഴുതുന്നതിൽ വലിയ 'കമ്പ'മായിത്തീൎന്നു. ഇന്ദുകാന്തഭട്ടാദീക്ഷിതരവർകൾ നടത്തിയിരുന്ന "സിദ്ധാന്തചന്ദ്രിക" എന്ന പത്രത്തിലേയ്ക്കു ലേഖനങ്ങൾ എഴുതിത്തുടങ്ങി. പലേ പുസ്തകങ്ങളും വായിച്ചു ശ്രദ്ധയോടേ എഴുതിയിരുന്ന എൻെറ ലേഖനങ്ങളെല്ലാം സാരഭൂയിഷ്ഠങ്ങളായിരുന്നു. തന്നിമിത്തം പത്രാധിപൎക്കെന്നിൽ വലിയ സ്നേഹമായി. "സിദ്ധാന്തചന്ദ്രിക"യോടൊപ്പം എൻെറ കീൎത്തിചന്ദ്രികയും ദിക്കൊക്കെ സഞ്ചരിച്ചുതുടങ്ങി.

എനിക്കു വയസ്സിരുപതായി. യൌവനം എന്നെ ഗൃഹസ്ഥാശ്രമത്തിലേയ്ക്കു ക്ഷണിച്ചുതുടങ്ങി. അച്ഛൻ എനിക്ക് അനുരൂപയായ വധുവിനെ തേടിത്തിരഞ്ഞു വിഷമിച്ചു. ഒരു സഹൃദയനായ എൻെറ ഭാൎയ്യയായിരിക്കത്തക്ക പഠിപ്പും യോഗ്യതയും തികഞ്ഞ കന്യകകൾ അക്കാലത്തു് അവിടങ്ങളിൽ ദുർല്ലഭം തന്നെയാണെന്നു പറയാം. അച്ഛനും ഗുരുനാഥനുംകൂടി ആലോചിച്ചു് ബങ്കാളത്തിലെങ്ങും സുപ്രസിദ്ധനായ സത്യകാന്തഭട്ടാരക ദീക്ഷിതരുടെ മകൾ "സരോജിനി" എന്നു കന്യകയെ എനിക്കു ഭാൎയ്യയായി തിരഞ്ഞെടുത്തു. ഇതിൽ ഗുരുനാഥനാണ് മുൻകടന്നുത്സാഹിച്ചതെന്നുകൂടി പറഞ്ഞുകൊള്ളട്ടേ. പറയത്തക്ക വിദ്യാഭ്യാസമൊന്നുമില്ലെങ്കിലും, സൌഭാഗ്യം, സൌശീല്യം, കുലീനത മുതലായ ഗുണങ്ങളാൽ "സരോജിനി" എനിക്കനുരൂപയാണെന്നു പലരും പറയുന്നതു ഞാൻതന്നേ കേട്ടിട്ടുണ്ട്. ഏറെത്താമസിയാതേ അടുത്ത ഒരു ശുഭമുഹൂൎത്തത്തിൽ വിവാഹം സാഘോഷമായി നടത്തപ്പെട്ടു. സരോജിനിയെ കണ്ടപ്പോൾ നാട്ടുകാർ പറയുന്നതു ഏതാണ്ടു യഥാൎത്ഥമാണെന്നു എനിക്കും തോന്നി. ശൈശവസാമ്രാജ്യത്തിൽ മഹാരാജ്ഞീപദമലങ്കരിച്ചിരുന്ന "സരോജിനി" എൻെറ മാനസഭൃംഗത്തിന്നൊരു സരോജിനിതന്നെയായിരുന്നു.

വിവാഹത്തിനു ശേഷം എൻെറ താമസം വിരാടത്തിലും ഭാൎയ്യയുടെ താമസം ബങ്കാളത്തിലുമാണ്. വിവാഹിതയായിട്ടും വധു പിതൃഗൃഹത്തിൽത്തന്നേയാണ് താമസിച്ചിരുന്നതു്. ശൈശവവിവാഹത്തിൻെറ പ്രത്യക്ഷഫലങ്ങളിൽ ഒന്നാണല്ലോ ഇതു്! എത്രതന്നേ ആഗ്രഹിച്ചിട്ടും എനിക്കു സരോജിനിയെ ഒരു നോക്കു കാ

ണ്മാൻ സാധിച്ചിരുന്നില്ല. വിനോദത്തിനുവേണ്ടി "സിദ്ധാന്തചന്ദ്രിക"യെത്തന്നെ നിരന്തരം ആശ്രയിച്ചുപോന്നു. വിരഹികൾക്കു ചന്ദ്രിക ഉൽക്കണ്ഠോജ്ജനകമാണെങ്കിലും, സഹൃദയനും, കവിയുമായിരുന്ന എന്നെസ്സംബന്ധിച്ചിടത്തോളം അതു വിനോദോപായമായിട്ടുതന്നെയാണ് പരിണമിച്ചത്. ഭാര്യ അനഭിജ്ഞയാണെന്നു വന്നപ്പോൾ എന്റെ സാഹിത്യപരിശ്രമം നിഷ്ഫലമാണെന്നു തോന്നിത്തുടങ്ങി; അതോടുകൂടി എനിക്കു സ്ത്രീവിദ്യാഭ്യാസത്തിൽ ഒരു പുച്ഛമാണ് ജനിച്ചത്. തനിക്കു കിട്ടാൻ ഇടയില്ലെന്നുള്ളതിൽ അപരാഗം ജനിക്കുന്നതു സാധാരണമാണല്ലോ. തന്റേതു നല്ലതാണെന്നു വിചാരിക്കുന്നതും ഒട്ടും അപ്രകൃതമല്ല. എന്റെ ഭാര്യ വിദ്യാഭ്യാസവിഹീനയായതുകൊണ്ട് സ്ത്രീവിദ്യാഭ്യാസം നിന്ദ്യമാണെന്നു ഞാൻ "സിദ്ധാന്തചന്ദ്രിക"യിൽ പലകുറിയും പ്രബലമായുപന്യസിച്ചു.

പത്രരംഗത്തിൽ കയറി അരങ്ങേററം കഴിച്ച തിയ്യതിമുതൽക്ക് ഇന്നോവരെ എനിക്കൊരു പ്രതിദ്വന്ദിയുണ്ടായിട്ടില്ല. ഇപ്പോൾ, അതാ, ഇദംപ്രഥമമായി ഒരു അബല എന്നെ സാഹിത്യപ്പോരിന് വിളിച്ചിരിക്കുന്നു! വിദുഷിയായ അവളുടെ പേർ "നന്ദിനി" എന്നാണ്. ചെറുപ്പത്തിലെ ചോരത്തിളപ്പുനിമിത്തം പോരിനു വിളിച്ചതു് അബലയാണെങ്കിലും ഞാനൊട്ടും പിന്നോക്കമൊഴിച്ചില്ല. ശരിയായി കളരിയിൽ പയററി അഭ്യാസദാർഢ്യം വരുത്തിയ എനിക്കു നന്ദിനിയും തൃണവും തുല്യമായിത്തോന്നി. എന്റെ ലേഖനങ്ങൾക്കു മറുത്തെഴുതിയ നന്ദിനിയുടെ ലേഖനങ്ങളെ മുഴുവൻ ഞാൻ പ്രത്യുദ്ധം തൊടുത്തു ഖണ്ഡിച്ചു. അബലയാണെങ്കിലും നന്ദിനിയൊട്ടും ഒഴിക്കുന്ന വകയില്ല. ലേശവും പതറാതെ അവളും എഴുതിക്കൊണ്ടിരുന്നു. "പരിഷ്കൃതവും, പരിശുദ്ധവുമായ വിജ്ഞാനം സിദ്ധിക്കാതെ ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിച്ചവരാണെന്നു നടിക്കുന്ന പുരുഷന്മാർ, ദുരഭിമാനംകൊണ്ടും അസൂയയാലുമാണ് സ്ത്രീവിദ്യാഭ്യാസത്തെ പഴിക്കയും പരിഹസിക്കയും ചെയ്യുന്നതെന്നും" മറുമായി അവൾ പുരുഷവർഗ്ഗത്തെ അടച്ചു പരുഷമായാക്ഷേപിച്ചുതുടങ്ങി. ഞാനൊട്ടും കുറഞ്ഞില്ല. "ചന്ദ്രിക"യുടെ ഒരു ഭാഗത്തു് പുരുഷന്മാരേ നിന്ദിച്ചു നന്ദിനിയും, ഒരുഭാഗത്തു സ്ത്രീവർഗ്ഗത്തെ ദുഷിച്ചു ഞാനും കടന്നുകൂടി. ഇങ്ങിനെ മാസങ്ങൾ കുറേ കഴിഞ്ഞു. ഇനിയും ഞങ്ങളുടെ വാദപ്രതി

വാദം നിലച്ചിട്ടില്ല. ഒരുതവണ ഞാൻ സ്ത്രീകളെ ദൂഷിക്കുന്ന കൂട്ടത്തിൽ ഇത്രയും ഉപന്യസിച്ചിരുന്നു:—"സ്ത്രീവിദ്യാഭ്യാസം കുറേശ്ശ നടപ്പിലിരിക്കുന്നതുകൊണ്ടാണ്, സ്ത്രീകളിൽ ചിലരിങ്ങിനെ ദൂഷിച്ചുപോകുന്നത്. "ന സ്ത്രീസ്വാതന്ത്ര്യമർഹതി" എന്നതെല്ലാം പണ്ടായിരുന്നു. ഇപ്പോൾ അത് ഏട്ടിൽ മാത്രമേയുള്ളു. ഇവക്കെല്ലാമൊക്കെ അറിവാൻ സാധിച്ചാൽപ്പിന്നെ പാണ്ഡിത്യത്തിലുള്ള ദുരഭിമാനത്തിന്നൊരു കയ്യുംകണക്കുമില്ല. "മൃച്ഛകടിക"ത്തിലെ വിദൂഷകൻ പറഞ്ഞതുപോലെ സ്ത്രീകൾ സംസ്കൃതം പഠിക്കുന്നതു കാണുമ്പോഴാണ് എനിക്കു വല്ലാതെ ചിരി വരുന്നത്. സംസ്കൃതം സംസാരിക്കുന്ന സ്ത്രീയും, മൂക്കുകുത്തി കയറിട്ട കടിഞ്ഞിൽ പശുവും ഒരുപോലെയായിട്ടാണ് എനിക്കു തോന്നീട്ടുള്ളത്." ഇത്രയും പറഞ്ഞപ്പോഴേയ്ക്കു നന്ദിനിയുടെ മട്ടൊക്കെയൊന്നു മാറി. അടുത്ത ലക്കത്തിൽത്തന്നെ അതാ, അവൾ ചൊടിച്ചെഴുതുന്നു! ഇതെന്തൊരക്രമം? മഹതികളായ മഹിളമാരുടെ മാഹാത്മ്യത്തിന്നു മാലിന്യം വരുത്തുന്നതിന്നായി പുരുഷവൃഷഭന്മാർ എന്നു നടിക്കുന്ന കൂട്ടർ കാണിക്കുന്ന പരാക്രമം കേമംതന്നെ! ആവട്ടേ, തരക്കേടില്ല. ഈ നന്ദിനിയെ "നഃ കേവലാനാം പയസാംപ്രസൂതിമവേഹിമാം കാമദുഘാം പ്രസന്നാം" എന്നുതന്നെ കരുതിക്കൊള്ളണം. എന്താ, വിദൂഷകൻ പറഞ്ഞതിന്റെ അവശിഷ്ടം മറന്നുപോയോ? ഞാൻ പറഞ്ഞുതരാം; പുരുഷൻ വീണവായിക്കയും പാട്ടുപാടുകയും ചെയ്യുന്നതു കാണുമ്പോഴാണ് എനിക്കു വല്ലാതെ പുച്ഛം തോന്നുന്നത്. പാട്ടു പാടുന്ന പുരുഷനും ഉണക്കപ്പൂമാല കഴുത്തിലിട്ടു മന്ത്രമുച്ചരിക്കുന്ന വൃദ്ധപുരോഹിതനും ഒരുപോലെയാണ്." ഇങ്ങിനെ എഴുതി നന്ദിനി എന്നെ കണക്കിലധികം ഞാധിക്ഷേപിച്ചു.

ഞങ്ങളുടെ വാദപ്രതിവാദത്തിന്റെ പര്യവസാനം ഇങ്ങിനെയാണ്. നന്ദിനിക്കു സിദ്ധിച്ച താദൃശമായ മനഃപരിഷ്കാരവും വിജ്ഞാനവുമോർത്തപ്പോൾ, ശത്രുപക്ഷത്തിലുള്ള എനിക്കുപോലും വലിയ വിസ്മയവും ബഹുമതിയും ജനിച്ചു. ചന്ദ്രികാപത്രാധിപർ എന്റെ സ്നേഹിതനാണെങ്കിലും ഇക്കാര്യത്തിൽ നന്ദിനിയുടെ ഭാഗത്താണ് നിന്നത്. ഈ യുദ്ധത്തിൽ വിജയം നേടിയതു നന്ദിനിയാണെന്നു പറഞ്ഞു, പത്രാധിപരവർകൾ സ്ത്രീപ്

ദ്യാഭ്യാസം ശുഭോദർക്കമായി പരിണമിക്കുമെന്നതിലേയ്ക്കു നന്ദിനിയെത്തന്നെ ദൃഷ്ടാന്തമായി ഒരുപാടു പ്രശംസിച്ചെഴുതിയിരുന്നു.

ഇന്നേവരെയും ഒരു ദിക്കിൽ നിന്നും പരാജയം നേരിടാതെ നല്ല വിലയും നിലയും നേടിയ ഞാൻ ഇപ്പോളിതാ, ഒരബലയോടു പിടിച്ചു തീരെ തോററുപോയിരിക്കുന്നു. ആകപ്പാടെ എൻെറ കാര്യം 'എടുപ്പാനും കൊടുപ്പാനുമില്ലാതായി.' പററിപ്പോയ പരാജയവും പരിവാദവും ഓർത്തോർത്തു് എനിക്കു വലിയ വെറുപ്പും വ്യസനവും ലജ്ജയുമായി. നന്ദിനിയോടുള്ള വെറുപ്പുമൂലം സ്ത്രീലോകത്തിലാകേ എനിക്കു വിദ്വേഷം തോന്നി. അതു സരോജിനിയിൽ ഉണ്ടായിരുന്ന അനുരാഗത്തേയും ഒന്നിളക്കിമറിക്കാതിരുന്നില്ല. അക്കാലത്തു് എനിക്കു ഏതൊരു ദശയാണോ അത്യന്തദുസ്സഹമായി തോന്നിയിരുന്നതു്, നിരങ്കുശമായ ദൈവം ആ ദശയെത്തന്നെ എത്തിച്ചു. സരോജിനിയുടെ "ഋതുശാന്തിമുഹൂർത്തം" സമീപിച്ചു. ആ സന്ദർഭത്തിൽ പൌരോഹിത്യം വഹിച്ചതു് എൻെറ ആചാര്യൻ തന്നെയാണു്. ഞാൻ നന്ദിനിയോടു തോററ സംഗതി വടക്കൻദിക്കുകളിൽ മുഴുവൻ പ്രസിദ്ധമായിരുന്നതുകൊണ്ടു് ആചാര്യൻെറ മുഖത്തു നോക്കാൻ പോലും ഞാൻ ലജ്ജിതനായിത്തീൎന്നു. അദ്ദേഹമാവട്ടെ ഒന്നും അറിയാത്ത ഭാവത്തിൽ ശാന്തിമുഹൂർത്തത്തിനു വേണ്ട കർമ്മങ്ങളെല്ലാം നിർവ്വഹിച്ചു. ഋതുശാന്തി കഴിഞ്ഞതിൻെറ ശേഷം, ഗുരുകല്പനയാൽ വധുവിനോടുകൂടി ഞാൻ ഗൃഹത്തിലേയ്ക്കു പുറപ്പെട്ടു.

സരോജിനിയോടുകൂടി ഗൃഹത്തിലേയ്ക്കു മടങ്ങിവന്ന എനിക്കു ലോകമാകപ്പാടേ ഒന്നു പുത്തനായിത്തോന്നി. നന്ദിനീക്കേസ്സൊക്കെ സ്മരണയിൽനിന്നു മറഞ്ഞു. നവയൌവ്വനാവസ്ഥയിലിരുന്ന സരോജിനി, ബാലാരുണ കിരണങ്ങളേററുല്ലസിച്ച സരോജിനിയേപ്പോലെ എൻെറ കണ്ണുകൾക്കു കൌതുകം വളർത്തി. ലജ്ജാവിവശയായ ഭാര്യയോടു സമേതനായ എനിക്കു് അന്നത്തേ ദിവസങ്ങളിൽ മഹോത്സവം തന്നെയായിരുന്നു. "ദൃഷ്ടാദൃഷ്ടി മധോമുഖി കുരുതേ നാലാപമാഭാഷിതാ ശയ്യായാം പരിവൃത്യതിഷ്ഠതി ബലാലാലിംഗിതാ വേപതേ" എന്ന നിലയിലുള്ള സരോജിനിയെ എത്രതന്നെ നോക്കീട്ടും എൻെറ നേത്രങ്ങൾക്കു തൃപ്തിവന്നില്ല.

ഒരു സഹൃദയനായിരുന്നതുകൊണ്ടു്, നല്ല കവിതകൾ പലതും എനിക്കു മുഖപാഠമായിരുന്നു. ഞാനതു് ഇടയ്ക്കിടയ്ക്കു സരോജിനിയുടെ അടുക്കലും പ്രയോഗിക്കാതിരുന്നില്ല. പക്ഷെ, 'പോത്തിന്റെ ചെവിയിൽ വീണ വായിക്കുന്നതുപോലെ'യാണു് അതു പരിണമിച്ചതു്. ഞാൻ ശ്ലോകങ്ങൾ ചൊല്ലുമ്പോഴൊക്കെയും അവൾ സഹജമായ ലജ്ജവിട്ടു പരിഹാസപൂർവകം എന്നെ നോക്കിച്ചിരിക്കുക പതിവായിരുന്നു. എനിക്കതും അപ്പോൾ രസംതന്നെ. അനഭിജ്ഞയായ അവൾക്കുണ്ടോ അവയുടെ രസമറിവാൻ സാധിക്കുന്നു? എന്തായാലും അവളിൽ എനിക്കു പ്രതിദിനം പ്രേമം വർദ്ധിച്ചു തന്നെ വന്നു.

സരോജിനിയുടെ കാര്യത്തിൽ ഒരു ന്യൂനതമാത്രമേയുള്ളു. അതു മറെറാന്നുമല്ല. രൂപലാവണ്യവതിയായ അവൾക്കു് 'ഭാവത്തിൽ തെളിവാനു ഭാരതി വശത്തില്ലാ'ത്തതു തന്നെ. ഒരു സരസനും സഹൃദയനും ആയ എനിക്കു തീരെ അനഭിജ്ഞയായ ഭാര്യയുടെ ലാഭം ഒരു ഗണ്യമായ വൈകല്യം തന്നെയാണു്. സരോജിനിയാവട്ടെ, നിരതിശയമായ രാഗത്താൽ എന്റെ മനം കവന്നിരിക്കുന്നു. ഞാൻ "പ്രകാശാശ്ചാപ്രകാശാശ്ചാ ലോകാലോക ഇവാചലഃ" എന്ന മട്ടിലായി. ഞാനിടയ്ക്കു വിചാരിക്കാറുണ്ടു്. സരോജിനിയെ എന്റെ ശിഷ്യയാക്കി കുറെ പഠിപ്പിച്ചാലെന്താണു വിരോധം? പക്ഷെ, അതു നാട്ടുനടപ്പിന്നു പററാത്തതല്ലയോ? നാട്ടുകാരെ ഭയപ്പെട്ടു എന്റെ ആ വക മനോരഥങ്ങളെല്ലാം ആദ്യം എന്നിൽത്തന്നെ ലയിക്കയാണു് ചെയ്തതു്. വീണ്ടും ഇടയ്ക്കിടയ്ക്കു ഞാനിതിനെപ്പററി ആലോചിക്കാതിരുന്നില്ല. സരോജിനിയിലുള്ള പ്രേമാതിരേകം നിമിത്തം ഒടുവിൽ, "വരുന്നതു വരട്ടെ" എന്നുകരുതി അവളെ പഠിപ്പിപ്പാൻ നിശ്ചയിച്ചു. സരോജിനിയാവട്ടെ, അതിലത്ര ആദരം കാണിച്ചില്ലെങ്കിലും, തീരെ നിഷേധിച്ചതുമില്ല. ആദ്യം "അകാരാന്തഃ പുല്ലിംഗഃ രാമഃ—രാമൌ—രാമാഃ" എന്നു പഠിപ്പാൻ തുടങ്ങി. രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ അവൾ നെററി ചുളിച്ചു കടക്കണ്ണുകൊണ്ടേറു തുടങ്ങി. അല്പദിവസങ്ങൾക്കുള്ളിൽ അവൾക്കെന്റെ പേരിൽ കുറേശ്ശ നീരസം ജനിച്ചുകണ്ടു എന്നുതന്നെയല്ലാ, പാഠസമയമായാൽ സരോജിനി ആ ദിക്കോട്ടു കൂടിയില്ല! വല്ലപ്പോഴും കണ്ടെത്തിയാൽത്തന്നെ വിലാസങ്ങളും

തീക്ഷ്ണമായ കടാക്ഷവിക്ഷേപങ്ങളുമായി. അവയാൽ മതിമറന്ന എനിക്ക അവളോട് അഹിതം പറവാനും വയ്യ. പാഠം എന്ന വാക്കുപോലും അവൾക്ക കേട്ടുകൂടാതായി. പഠിപ്പിച്ചു പഠിപ്പിച്ചൊടുവിൽ ഭാൎയ്യയെ ഒരു നോക്കു കാണ്മാൻകൂടി പ്രയാസമായിട്ടാണ് കലാശിച്ചത്! പഠിപ്പിപ്പാൻ പുറപ്പെട്ട എനിക്ക മടിപ്പുതുടങ്ങി. വീണ്ടും സ്ത്രീവിദ്യാഭ്യാസത്തെപ്പററിയുള്ള ഓൎമ്മ വന്നു. ഇപ്പോൾ സ്ത്രീവിദ്യാഭ്യാസം അത്യാവശ്യകമാണെന്നത്രേ എനിക്ക തോന്നിയത്. സരോജിനിയോടുകൂടി വിഹരിച്ചിരിക്കയാൽ ഇക്കാലത്ത് "സിദ്ധാന്ത ചന്ദ്രിക"യുടെ കഥതന്നെ മറന്നുപോയിരിക്കുന്നു. ആവശ്യം നേരിട്ടപ്പോൾ ഓൎമ്മിച്ചു 'കാൎയ്യകാലേ സ്മരിക്ക' എന്നതു മനുഷ്യസാധാരണമാണല്ലോ. സരോജിനീനിമിത്തമായിട്ട് ആദ്യം സ്ത്രീവിദ്യാഭ്യാസം പാടില്ലെന്നുപറഞ്ഞു ദൂഷിച്ചിരുന്ന ഞാൻ, ഇപ്പോൾ സരോജിനീ നിമിത്തമായിട്ടുതന്നേ മറിച്ചും പറഞ്ഞുതുടങ്ങി. സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പററി ഞാൻ ചില ലേഖനങ്ങൾ എഴുതി. "സ്ത്രീവിദ്യാഭ്യാസം ഒരിക്കലും ഒഴിച്ചുകൂടാവുന്ന ഒന്നല്ല. ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ച പുരുഷന്മാൎക്ക വിദ്യാഭ്യാസ വിഹീനകളായ സ്ത്രീകളെ ഭാൎയ്യമാരായി കിട്ടുന്നതിലധികം പ്രാണസങ്കടം മറെറാന്നില്ല. പുരുഷന്മാരുടെ യോഗ്യതകൊണ്ടോ പഠിപ്പുകൊണ്ടോ അറിവുകൊണ്ടോ യാതൊരു പ്രയോജനമില്ല. പണ്ടു സ്ത്രീവിദ്യാഭ്യാസത്തെ ദൂഷിക്കയും നിഷേധിക്കയും ചെയ്ത ഞാൻതന്നെ ഇപ്പോൾ അതു അത്യാവശ്യകമാണെന്നു പറഞ്ഞു പ്രശംസിക്കുന്നതു കാണുമ്പോൾ പലരും പലതും വിചാരിക്കുമായിരിക്കാം. എന്നാൽ ഈ സംഗതിയേ സംബന്ധിച്ചിടത്തോളം ഞാൻ തെററുകാരനല്ല. "ക്ഷണപരിവൎത്തിതോഹിഭാവഃ ജ്ഞതേ ചിതിശക്തേഃ" എന്നല്ലേ പൂജ്യനായ കപിലാചാൎയ്യരരുളിച്ചെയ്തിട്ടുള്ളത്? ഏതു പദാൎത്ഥത്തിന്റേയും സ്വഭാവം പ്രതിക്ഷണം മാറിക്കൊണ്ടിരിക്കുന്നു. ആ സ്ഥിതിക്കു ഞാനിപ്പോളിങ്ങിനേയും അഭിപ്രായപ്പെട്ടതിൽ അത്ഭുതപ്പെടാനില്ലല്ലോ" എന്നിത്രയും പ്രസ്താവിച്ചിരുന്നു.

അപ്പോഴയ്ക്കതാ, പണ്ടത്തെ നന്ദിനി തിരശ്ശീല നീക്കി പത്രരംഗത്തിൽ പ്രവേശിക്കുന്നു! നന്ദിനി പേനയെടുത്തപ്പോൾ ഞാനെന്റെ തൂലികയെ പ്രതിസംഹരിച്ചു. അവളുടെ പേനയ്ക്കു

മുമ്പേത്തേതിൽ പതിന്മടങ്ങു മൂർച്ഛ കൂടിയിരിക്കുന്നു. നന്ദിനിയുടെ പരുഷമായ ഗർവിൻേറ ഗൌരവം മുഴുവൻ ഉണ്ടായിരുന്ന ആ ഉപന്യാസങ്ങളിലെ ഒന്നരണ്ടു വരികൾ എങ്കിലും ഇവിടെ പകർത്തിക്കാണിക്കാതിരിപ്പാൻ മനസ്സു വരുന്നില്ല. "ഹാ! ഇതാണ് ധൈര്യം! ഇതാണ് പൌരുഷം! അന്നങ്ങിനേയൊക്കെ കൊട്ടിഘോഷിച്ചിട്ട് ഇപ്പോൾ ഇങ്ങിനേ നേരേ മറിച്ചും പറഞ്ഞതു പൌരുഷത്തിന്നു ചിഹ്നം തന്നെ! ഏതായാലും ഞാൻ വിചാരിക്കുന്നതിങ്ങിനെയാണ്...... സ്ത്രീ വിദ്യാഭ്യാസത്തെ ആക്ഷേപിച്ചുപന്യസിച്ചപ്പോൾ, നമ്മുടെ ലേഖകനു ഭാര്യയുണ്ടായിരുന്നില്ല. അതുകൊണ്ടാണ് അന്നങ്ങിനെ പത്രലോകത്തിൽ കയറി പരുഷമായി പരാക്രമം കാണിച്ചതു്. ദൈവമല്ലേ ആള്! ഇപ്പോൾ മൂപ്പക്കൊരു ഭാര്യയെ കിട്ടീട്ടുള്ളതു് വിദ്യാഭ്യാസമുള്ള ദിക്കിലേയ്ക്കുപോലും തിരിഞ്ഞു നോക്കിയിട്ടുണ്ടാവില്ല. ഇപ്പോൾ മാത്രമേ ലേഖകന്നു സ്ത്രീവിദ്യാഭ്യാസമില്ലാത്തതിനാലുണ്ടാകാവുന്ന ഫലം അറിവാൻ സാധിച്ചിട്ടുള്ളൂ. വാക്കു മാറിപ്പറയുന്ന വിദ്യാഭ്യാസമുള്ള പുരുഷനെക്കാൾ, വിദ്യാഭ്യാസം ഇല്ലാത്ത സ്ത്രീ എത്രയോ ഭേദമാണ്! നമ്മുടെ ധീരപുരുഷൻെറ വീര്യവും, ധൈര്യവും, സ്ഥൈര്യവുമൊക്കെ ഇപ്പോളെവിടേയാണ്? ഹാ! അന്നെന്തൊരു ധീരനായിരുന്നു! എന്തൊരു ധാടിയും പ്രൌഢിയുമായിരുന്നു! ഇനിക്കിതെല്ലാം കാണുമ്പോൾ പ്രസ്തുതലേഖകൻെറ പേരിൽ പരിഹാസത്തേക്കാളധികം അനുകമ്പയാണുതോന്നുന്നതു്. അല്ലാ, ഇനിയും അദ്ദേഹം പണ്ടത്തേപ്പോലെ വാക്കുമാറുകയാണെന്നു വരട്ടേ! എന്നാൽ ഞാനൊന്നും പറഞ്ഞിട്ടുമില്ല. പത്രബന്ധുക്കളൊന്നും കേട്ടിട്ടുമില്ല."

ഹാ! നന്ദിനിയുടെ ഈ ലേഖനം കണ്ടപ്പോൾ എനിക്കുണ്ടായ വികാരത്തേപ്പററി ഞാൻ പറഞ്ഞറിയിക്കുന്നതിൽ ഭേദം; വായനക്കാർ സ്വയം ഊഹിച്ചറിയുകയാണ്. ഹാ! ഞാനൊരു സ്ത്രീക്കു ദയനീയനായിത്തീർന്നില്ലേ? ഏറിയ കാലം സാഹിത്യസാഗരത്തിൽ മുഴകിക്കിടന്നതിൻെറ ഫലം ഇങ്ങിനേയല്ലേ കലാശിച്ചതു്? എന്നിങ്ങിനെ, പലേ വിചാരങ്ങളാലും ഞാൻ സ്നാനപാനാദികളിൽപ്പോലും തീരെ വിരക്തനായി. സരോജിനീനിമിത്തമായിട്ടാണ് ഇങ്ങിനെ രണ്ടുതവണയും ഞാൻ പരാജിതനായിപ്പോയ

തെന്നു തോന്നിയപ്പോൾ അവളുടെ പേരിലും എനിക്കു ബഹുവെ
റുപ്പായി. എൻെറ പരാജയത്തിന്നും മാനഭംഗത്തിന്നും ഹേതുഭൂ
തയായ അവളെ പലവുരു മനസ്സുകൊണ്ടു ശപിച്ചു. ക്രമേണ
എനിക്കു സരോജിനിയെ കാണുന്നതുപോലും ദുസ്സഹമായിത്തീ
ൎന്നു. "യ ഏവമേജനഃപൂൎണ്ണമാസീമൃത്തോമഹോത്സവഃ ക്ഷതേ
ക്ഷാരമിവാസഹ്യം ജാതന്തസ്യൈവദൎശനം" എന്ന കണക്കിലായി.
സരോജിനിയായുള്ള കൂട്ടുകെട്ടു വിടാൻ വേണ്ടി സ്വഗൃഹത്തിൽ
നിന്നു പാൎപ്പു മാററി, എൻെറ സ്നേഹിതനായ കമലാകാരഭ
ട്ടൻെറ ഗൃഹത്തിൽ പാൎപ്പാക്കി. എന്നിട്ടും എൻെറ മനസ്സു
സ്വസ്ഥമായില്ല. ഒരു വിദുഷിയായ സ്ത്രീയെ ഭാൎയ്യയായി സ്വീക
രിച്ചേ ഇനിമേൽ ജീവിതമുള്ളുവെന്നു നിശ്ചയിച്ചു. കമലാകാരഭ
ട്ടൻ മുഖേന ഈ സംഗതി അച്ഛൻ മുതലായ സംബന്ധികളേ
അറിയിച്ചു് ഒരുവിധം അനുവാദം വാങ്ങി. ഗുരുനാഥനെ അറി
യിച്ചപ്പോൾ അദ്ദേഹത്തിന്നും വിരോധമുണ്ടായിരുന്നില്ല. വിവാഹ
വൎത്തമാനം നാടൊക്കെ പരന്നു പാട്ടായി. സരോജിനിയുടെ ക
ണ്ണിൽ വെള്ളമുറന്നുതുടങ്ങി. ശാവരം കണ്ണീരും കയ്യുമായി കൂടി.
അതാ, "ചന്ദ്രികയിലൊരു പരസ്യം സ്ത്രീവിദ്യാഭ്യാസത്തെ ഖ
ണ്ഡിച്ചും മണ്ഡിച്ചും ലേഖനങ്ങളെഴുതി എന്നോടു് വാദപ്രതി
വാദത്തിൽ പരാജിതനും, അനഭിജ്ഞയായ ഭാൎയ്യയുടെ ലാഭത്താൽ
അനുതപിച്ചു കിംകൎത്തവ്യതാമൂഢനും ആയിരിക്കുന്ന 'ഗോവൎദ്ധ
മിശ്രൻ' അവൎകൾക്കു ഞാൻ വിദുഷിയായ ഒരു ഭാൎയ്യയെ കൊ
ടുപ്പാൻ തീൎച്ചപ്പെടുത്തിയിരിക്കുന്ന വിവരം എല്ലാവരേയും അ
റിയിച്ചുകൊള്ളുന്നു.

എന്നു് 'നന്ദിനി' (ഒപ്പു്)"

ഇതാണു് പരസ്യത്തിലെ വിഷയം. എൻെറ വിവാഹവ
ൎത്തമാനം കേട്ടപ്പോൾ എന്നൊയൊന്നു കളിയാക്കണമെന്നു വെ
ച്ചാണു് നന്ദിനി ഇങ്ങിനെയൊരു പരസ്യം പ്രസിദ്ധപ്പെടുത്തിയ
തെന്നു വിശിഷ്യ പറയണമെന്നില്ലല്ലോ. ഏതായാലും ഇതുകണ്ട
പ്പോൾ വാശി മുഴുത്തു; വിവാഹാനന്തരം മാത്രമേ നന്ദിനിയോടു
പൊരുതാൻ ഭാവമുള്ളു എന്നു തീൎച്ചപ്പെടുത്തി. പുനൎവ്വിവാഹ
ത്തിനു ധൃതിക്കൂട്ടി. ചന്ദ്രികാപത്രാധിപരും ഗുരുനാഥരും കൂടി ആ
ലോചിച്ചു വിദുഷിയായ ഒരു കന്യകയെ വേളിക്കു നിശ്ചയി

ച്ചിരിക്കുന്നു. വിവാഹത്തിന്റെ തലേനാൾ ഞാൻ ഗൃഹത്തിൽ പോയി സരോജിനിയേ സാന്ത്വനവാക്കുകൾ പറഞ്ഞു സമാശ്വസിപ്പിച്ചു. താൻ മൂലമാണ് ഭർത്താവിന്നിങ്ങിനെ രോഗം പിണഞ്ഞതെന്നറിഞ്ഞപ്പോൾ അവൾ "കഷ്ടിവിഷ്ടു" സമ്മതിക്കാതിരുന്നില്ല.

ഇന്നു വിവാഹദിവസമാണ്. വിരാടത്തിൽ സുപ്രസിദ്ധമായ "ജഗന്മോഹനം" എന്ന ഹാളിൽ വിവാഹത്തിന്നു വേണ്ടുന്ന ഏർപ്പാടുകളൊക്കെ ചെയ്തുകഴിഞ്ഞിരിക്കുന്നു. പുതിയ പരിഷ്കാരമനുസരിച്ചാണു രണ്ടാമത്തേ വിവാഹം. ഇതു അനുരാഗം വഴിക്കു നടക്കുന്ന വിവാഹമാകയാൽ മന്ത്രകർമ്മങ്ങളൊന്നും ആവശ്യമില്ലെന്നു ഗുരുനാഥൻ മന്ദഹാസപൂർവ്വകം അഭിപ്രായപ്പെട്ടു. ബന്ധുക്കളും സ്നേഹിതന്മാരും മററുമായി അസംഖ്യം ജനങ്ങൾ ഹാജരായിട്ടുണ്ട്. പാണിഗ്രഹണമുഹൂർത്തം അടുത്തു. അതാ, ശരീരമാസകലം മൂടുപുടവയാൽ മറച്ച് ഒരു കന്യകാരത്നം മന്ദമന്ദം വിവാഹമണ്ഡപത്തിൽ വന്നുചേരുന്നു. എന്നാൽ, എനിക്കൊരു പുതുമ തോന്നിയില്ല. പുറമേയ്ക്കു കാണുന്ന വിരലുകളുടെ കാന്തിവിശേഷത്താൽത്തന്നെ ആ സഭാതലം ആകപ്പാടെയൊന്നു പ്രശോഭിതമായിത്തീർന്നിരിക്കുന്നു. ഏതായാലും വൈദുഷ്യത്തിനൊപ്പം സൌന്ദര്യമുണ്ടെന്നു ഞാൻ സന്തോഷിച്ചു. "കാസീ ദവതുണ്ഠനവതീ നാതിപരിസ്ഫുട ശരീരലാവണ്യാ" എന്ന ശാകുന്തളത്തിലെ പദ്യം എനിക്കു ഓർമ്മവരാതിരുന്നില്ല. വൈദികൻ പതുക്കെ മൂടുപടം നീക്കി. അപ്പോഴല്ലേ ഞാൻ മലച്ചുപോയതു്! എന്റെ പുതിയ വധു പഴയ സരോജിനിതന്നേയാണ്! ഞാൻ "നിലകെട്ടു പകച്ചുനിന്നുപോയി" "സ്വപ്നമോ? മായയോ? മന്മതിഭ്രാന്തിയോ?" എന്നെനിക്കു തിരേ വിവരമില്ലാതായി. അപ്പോൾ ആചാര്യൻ പുഞ്ചിരിക്കൊണ്ട് എല്ലാവരും കേൾക്കേ അത്യുച്ചത്തിൽ ഇങ്ങിനേ പറഞ്ഞു:—"ഈ സരോജിനി എന്റെ ശിഷ്യയാണ്. ഗോവർദ്ധനനേപ്പോലേ ഇവളേയും ഞാൻ നല്ലവണ്ണം പഠിപ്പിച്ചിട്ടുണ്ട്. ഗോവർദ്ധനനിർവ്വിശേഷമായ പാണ്ഡിത്യവും ഇവൾക്കുണ്ട്. എന്റെ ഉത്സാഹത്താലാണ് ഇവളെ ഗോവർദ്ധനനെക്കൊണ്ടുതന്നെ വേൾപ്പിച്ചതു്. ഈ സരോജിനി തന്നേയാണ് "സിദ്ധാന്തചന്ദ്രിക"യിൽ ഗോവർദ്ധനനോടെതിരിട്ട "നന്ദിനി." ഈ സംഗതി സരോജിനിക്കും ഗോവർദ്ധനന്റെ

സംബന്ധികൾക്കും അറിയാവുന്നതാണ്. ദ്വിതീയവിവാഹം നിഷ്പ്രയാസം അനുവദിക്കപ്പെട്ടതിന്റെ രഹസ്യവും അതുതന്നെ. ഇത്രയുംകാലം ഇതെല്ലാം ഒളിച്ചുവെച്ചതിന്റെ ഉദ്ദേശം മറ്റൊന്നുമല്ല. ശിഷ്യവിനോദം മാത്രമാകുന്നു. ഏതായാലും അനുരൂപവധൂവരന്മാരായ നിങ്ങൾ രണ്ടുപേരും, ഐക്യത്തോടും പരസ്പരസഹകരണത്തോടും കൂടി വർത്തിക്കണം. നിങ്ങളുടെ വിചിത്രമായ ദാമ്പത്യം ലോകത്തിന്നൊരു മാതൃകയായിത്തീരണം. സരോജിനിയുടെ നാമം ഇനി മേൽ നന്ദിനി എന്നുതന്നെയാവട്ടെ. ആ പേരാണ് സ്ത്രീവിദ്യാഭ്യാസത്താലുളവാകുന്ന ഗുണഗണങ്ങളെ പൊതുജനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ പര്യാപ്തമായിട്ടുള്ളതു്. രണ്ടുപേരും സഹധർമ്മം ആചരിക്കുവിൻ" എന്നരുളിച്ചെയ്തു ഗുരു ഞങ്ങളെ ആശീർവ്വാദപുരസ്സരം യാത്രയാക്കി.

എന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അനഭിജ്ഞയാണെന്നു കരുതിയ ഭാര്യ വിദുഷിയാണെന്നു വന്നതിനാലുള്ള സന്തോഷം; ഞാനവളെ പഠിപ്പിപ്പാൻ പുറപ്പെട്ടതും, ചതുരംഗത്തിൽ വെച്ചു പോരാടിയതും, അതിൽ പരാജിതനായതും ഓർക്കുമ്പോഴുള്ള ലജ്ജ, ഇന്നേവരേയും 'കള്ളി' വെളിച്ചത്താകാതെ കഴിച്ചുകൂട്ടിയ ഭാര്യയുടെ ധൈര്യമോർക്കുമ്പോഴുണ്ടാകുന്ന വിസ്മയം, അവളുടെ സാമർത്ഥ്യവും വൈദുഷ്യവുമോർക്കുമ്പോഴുള്ള ബഹുമാനം, എന്നിവയെല്ലാം കൂടിയൊരു വല്ലായ്മ, ഇങ്ങിനെ ഭാവശബളാവസ്ഥപൂണ്ട ഞാൻ ഭാര്യയോടുകൂടി സ്വഗൃഹത്തിലേയ്ക്കു മടങ്ങിവന്നു. എനിക്ക് ലജ്ജയാൽ അയൽപക്കക്കാരുടേയും ഭാര്യയുടേയും മുഖത്തുനോക്കാൻ സാധിക്കുന്നില്ല. സരോജിനി ഇതാ ഇടയ്ക്കിടയ്ക്കു എന്നെ നോക്കിച്ചിരിക്കുന്നു. വിവാഹം മുതൽ ഇന്നേവരെ നടന്ന സംഭവങ്ങളെ ചന്ദ്രികയിലേയ്ക്കെഴുതാൻ തുടങ്ങുന്ന എന്റെ പേനയെ, ഇതാ സരോജിനി അല്ലെങ്കിൽ നന്ദിനി തടഞ്ഞുനിർത്തുന്നു!

——— (0) ———

നികഷോപലം.

ഫുല്ലബാലയ്ക്കു് ഇന്നിത്ര ബദ്ധപ്പാടു കാണുന്നതെന്തു്? മദ്ധ്യാഹ്നഭക്ഷണം മുഴുവനാക്കുന്നതിനുകൂടി ഇടയില്ലാതെ, അവൾ അതാ ദ്രുതഗതിയായി കോണിപ്പടി കയറിപ്പോവുന്നു! മുകളിലേയ്ക്കു പകുതി കയറിച്ചെന്നപ്പോഴേയ്ക്കും പെട്ടെന്ന് ഉള്ളിലുദിച്ച ഏതോ ഒരു വിചാരം അവളുടെ ആ സത്വരഗതിയേ ഝടിതി തടഞ്ഞുനിർത്തി. അവൾ അവിടെനിന്നു് തന്നെത്താൻ ശപിച്ചുംകൊണ്ടു് പറയുകയാണു്:—"ഛേ! എനിക്കെന്തൊരു മറവിയാണ്! അടുക്കളവാതിൽ തുറന്നു മലർത്തിയിട്ടിട്ടാണല്ലോ ഞാൻ പോന്നതു്! ബദ്ധപ്പെട്ടു് എന്തെങ്കിലുമൊന്നു ചെയ്യുമ്പോഴൊക്കെയും എനിക്കിങ്ങിനേ എന്തെങ്കിലും 'ഒരമിളി' പററുക പതിവാണ്."

ഫുല്ലബാല തിരിയേ താഴത്തേയ്ക്കുതന്നെ ഇറങ്ങിവന്നു. ആവശ്യമില്ലാത്ത ഊക്കോടുകൂടി അടുക്കളവാതിൽ തള്ളിയടച്ചു. അതു് അവൾക്കു എന്തോ വലുതായ ഒരാശ്വാസം നൾകിയതുപോലെ തോന്നി. തിരിച്ചു തന്റെ മുറിയിലേയ്ക്കു പോയപ്പോൾ അവളുടെ മുഖത്തു് പ്രത്യേകമൊരു പ്രസന്നത വിളയാടിക്കൊണ്ടിരുന്നു. സാധാരണമായി മാതൃപദം പ്രാപിച്ചിട്ടില്ലാത്ത യുവതികളുടെ വിലാസമണിമന്ദിരങ്ങൾപോലെതന്നേ ഫുല്ലബാലയുടെ മുറിയും വളരേ വെടിപ്പോടും 'വിലാസ'ത്തോടുംകൂടി സമുല്ലസിച്ചിരുന്നു. മനോഹരങ്ങളായ മുത്തുച്ചിപ്പികളും മൃദുലമായ മാർബ്ബിൾ കൊണ്ടുണ്ടാക്കിയിട്ടുള്ള ചില കളിസ്സാമാനങ്ങളും, മററനേകം മനോജ്ഞവസ്തുക്കളും ആ മുറിയിൽ ഒരു ചില്ലലമാറിയിൽ വെടിപ്പായി നിരത്തിവെച്ചിരിക്കുന്നു. ഭംഗിയായി നിറംപിടിപ്പിച്ചിട്ടുള്ള രണ്ടുമൂന്നു സാരികളും, പിംഗളവർണ്ണത്തിലുള്ള ഇഴകൾ ഇടതൂർന്നു മിന്നുന്ന മിനുസപ്പെട്ട മുലപ്പടങ്ങളും ആ മുറിയ്ക്കു് പ്രത്യേകമൊരു രാമണീയകം കൈവളർത്തിയിട്ടുണ്ടു്. മുറിയുടെ ഒരററത്തു കിടപ്പുള്ള ഒന്നാന്തരം ഒരു മേശയിന്മേൽ ഉടുക്കുന്നതിനും അണിയുന്നതിനുമുള്ള ഉപകരണങ്ങൾ എല്ലാം ഒരുക്കിവെച്ചിരിക്കുന്നു. മിനുപ്പും മുഴപ്പും ഉള്ള വെള്ളമെത്തയേ അലങ്കരിച്ചിട്ടുള്ള ഉപധാനം തെല്ലു മെഴുക്കുപററി കറുത്തതാന്നു മങ്ങിച്ചുമങ്ങിയിട്ടുണ്ടു

കേരളസാഹിത്യ അക്കാദമി

ങ്കിലും ഒരു വിലാസമണിമച്ചിൻേറ അന്തസ്സിനൊട്ടും കുറവുവരുത്തിയിട്ടില്ല.

ഫുല്ലബാല മുറിയിൽ കടന്നു ചില പരിമളപദാർത്ഥങ്ങളെടുത്തുപയോഗിച്ചതിനുശേഷം, സുഗന്ധദ്രവ്യങ്ങൾ ചേർത്ത് ആസ്വാദ്യമാക്കിയിട്ടുള്ള ഒന്നുരണ്ടു വെററിലച്ചുരുളുകൾ എടുത്തു മുറുക്കിക്കൊണ്ട് മെത്തമേൽപ്പോയി മലർന്നുകിടന്നു. മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞാലുള്ള സുഖനിദ്രയ്ക്കായിട്ടുള്ളതല്ലാ അവളുടെ ആ കിടപ്പെന്ന് അവളുടെ സ്വസ്ഥമല്ലാത്ത ഭാവത്തിൽനിന്നു മനസ്സിലാക്കാം. അവൾ കുറച്ചു കഴിഞ്ഞപ്പോൾ അവിടെ നിന്നെണീററു ചുമരിൽ തൂക്കിയിട്ടുള്ള കണ്ണാടിയുടെ മുന്നിൽച്ചെന്നു നിമിഷനേരം അതിൽ നോക്കിക്കൊണ്ടു നിന്നു. കോമളഗാത്രിയായ അവളുടെ മുഖകമലത്തിൽ കൃതാർത്ഥത കലർന്നുള്ള ഒരു മന്ദസ്മിതലക്ഷ്മി ലാലസിച്ചു. പല്ലവപേലവമായ അവളുടെ പാടലാധരത്തിൽ നിന്നു ചിന്തുന്ന കാന്തിധാര കണ്ടുളവായതായിരിക്കാമത്. അവൾ അറയിൽനിന്നു പുറത്തേയ്ക്കു കടന്നു.

അടുത്ത മുറിയുടെ വാതിൽ പെട്ടെന്നു തുറന്നു. ഫുല്ലബാല മുറിയുടെ മുൻഭാഗത്തുചെന്ന് മുഖത്തു കയ്യുംകൊടുത്തുനിന്നിങ്ങിനെ പറഞ്ഞു:—"നിങ്ങളുടെയെല്ലാം യാത്രയ്ക്കുള്ള ഒരുക്കം ഇങ്ങിനേയാണല്ലേ? കൊള്ളാം; ഇതിനാണോ ഇയ്യുള്ളവളേ ഇത്ര ബദ്ധപ്പെടുവിച്ചു ബുദ്ധിമുട്ടിച്ചതു്?"

അകത്ത് നാലുപേർ വട്ടമിട്ടിരുന്നു വാശിപിടിച്ചു ശീട്ടുകളിക്കുകയാണ്. മാറത്തൊരു നോവൽപ്പുസ്തകവും തുറന്നുവെച്ചുകൊണ്ട് ഒരു സ്ത്രീ മുറയ്ക്കു കിടന്ന് 'കുംഭകർണ്ണസേവ' ചെയ്യുന്നു. എല്ലാവരിലും പ്രായംകൂടിയ സ്ത്രീയാവട്ടെ, തിരക്കായി തുന്നൽപ്പണിയിൽ ഏർപ്പെട്ടിരിക്കുകയാണ്. ഒരു പെൺകുട്ടി മൂക്കിലായി ചുമരുംചാരി ഇരിക്കുന്നുണ്ട്.

ഫുല്ലബാലയുടെ ധൃതിക്കൂട്ടൽ സകലരേയും സ്വകൃത്യങ്ങളിൽനിന്നു വിരമിപ്പിച്ചു. ശീട്ടുകളിച്ചിരുന്നവർ ശീട്ടും വലിച്ചെറിഞ്ഞു ചമച്ചിലിന്നായി അവിടെനിന്നു പോയി. ഏകദേശം ഒരു ൧൪-വയസ്സു പ്രായംചെന്ന സുകുമാരിയായ ഒരു കുമാരി അക്ഷമയേ സൂചിപ്പിക്കുന്ന ചടുലനോട്ടത്തോടുകൂടി മധുരസ്വരത്തിൽ ഇങ്ങിനേ പറഞ്ഞു:—

"ഈ അമ്മായിയേപ്പോലെ ഇത്ര ധൃതഗതിയുണ്ടായിട്ടു് ഞാനൊരാളേ കണ്ടിട്ടില്ല. എന്തു സംഗതിക്കും ആവശ്യമില്ലാതേ 'പരക്കംപാച്ചിൽ' പിടിച്ചുതുടങ്ങും. ഇപ്പോഠം മണി മൂന്നേ ആയിട്ടുള്ളു. രണ്ടരമണിക്കു മുമ്പായി ജ്യേഷ്ഠനൊട്ടു വരികയുമില്ല. ഇത്രയും സമയംകൊണ്ടു് നിങ്ങഠംക്കു ചമഞ്ഞൊരുങ്ങുവാൻ സാധിക്കില്ലേ? ഇല്ലെങ്കിൽ ആ 'ചമച്ചിൽ' തീച്ചയായും വല്ലാത്ത ഒന്നു തന്നേയാണു്!"

ഫുല്ലബാല 'ഉരുളയ്ക്കുപ്പേരി'പോലെ ചൊടിച്ചു മറുപടി കൊടുത്തു. "എന്റെ കുട്ടീ, അതങ്ങിനെതന്നെയാണു്. എന്നാൽ, കഴിഞ്ഞ തവണത്തേ യാത്രയ്ക്കു്, ചമച്ചിൽ തീരാതെ മുക്കാൽ മണിക്കൂറോളം സമയം വണ്ടിയെ വെറുതേ താമസിപ്പിക്കേണ്ടി വന്നതു് എനിക്കല്ലല്ലോ. പുതുമോടിയിൽ തലമുടി മിനുക്കി, സിൽക്കുനാടകൊണ്ടു് ഭംഗിയായി പിന്നിക്കെട്ടുന്നതിനു പാടുപെട്ടു് നേരം വൈകിച്ച ആളാരാണെന്നു് എനിക്കു നല്ലവണ്ണം അറിയാം. പക്ഷേ ആരു് അപരാധം ചെയ്താലും അതിന്റെ ഭാരം വെച്ചുകെട്ടുന്നതു് ഇയ്യുള്ളവരുടെ തലയിലാണല്ലോ. പാവപ്പെട്ട ഇജ്ജന്മം ഭൂമിയിൽ ജനിച്ചതുതന്നെ അതിനായിട്ടാണെന്നു തോന്നുന്നുണ്ടു്."

ആ പെൺകുട്ടി 'കുറിക്കുകൊള്ളുന്ന' മറുപടി വെച്ചുകൊടുക്കുവാൻ തുടങ്ങിയപ്പോഴേയ്ക്കും യുവതിയായ മറ്റൊരു സ്ത്രീ ഇടയിൽ കടന്നുപറഞ്ഞു:— "ചാരു, ദയചെയ്തു് സംസാരം നിത്തു; ഒരു കാൎയ്യവുമില്ലാതേയുള്ള ഇത്തരം ശൃംഖലതൎക്കത്തിനായിട്ടു സമയം കളയുന്നുവല്ലോ! സ്കൂഠംപഠിപ്പുകൊണ്ടും നിന്റെ സ്വഭാവത്തിന്നു് യാതൊരു മാററവും വന്നില്ലല്ലോ എന്നാണു് ഞാൻ വിചാരിക്കുന്നതു്! വരൂ; അന്നു നീ കാണിച്ചതന്നാ രീതിയിൽ ഇന്നു് എന്റെ തലമുടി ഒന്നു കെട്ടിത്തരൂ." ഇത്രയും പറഞ്ഞു് ആ സ്ത്രീ ചാരുവിനെ അവിടെ നിന്നു് പിടിച്ചു വലിച്ചുകൊണ്ടു പോയി.

ഈ തരുണീസമാജത്തിന്റെ ഉച്ചത്തിലുള്ള ഒച്ച ഉറങ്ങിക്കിടന്ന ആളേ ഉണൎത്തിവിട്ടു. ഉണൎന്നു കൺതുറന്നു് പാടേ ആ സ്ത്രീ ദേഷ്യപ്പെട്ടു്, രൂക്ഷസ്വരത്തിൽ ഈ പെൺകിടാങ്ങളെ ശാസിക്കുവാൻ തുടങ്ങി:—"ലഹള കൂട്ടുന്നതിന്നു് നിങ്ങഠം ഈ

സ്ഥലമല്ലാതെ വേറെയൊന്നും കണ്ടില്ല്യേ? ഉറങ്ങിക്കിടന്നവരെ വൃഥാ ഉണത്തിവിടുന്നതെന്തിനാണ്? പിന്നേ, തിരക്കുകൂട്ടാനിവിടെയല്ല. കടന്നുപോവിൻ!" അവർ തുടൻ പറഞ്ഞു:—"താക്കൂർജീ! (ഭർത്തൃസോദരി) ഞാൻ നിങ്ങളോട് ചോദിക്കയാണ്. ലഹളകൂട്ടീട്ട് എന്നെ ഉണത്തരുതെന്ന നിങ്ങൾക്കെങ്കിലും 'ഇവററ'യോടൊന്ന പറയായിരുന്നില്ല്യേ? അത്ര ജോലിത്തിരക്ക് എന്താണ് നിങ്ങൾക്കുണ്ടായിരുന്നത്?"

ഭർത്തൃസഹോദരിയാവട്ടെ, അതു കേട്ടപ്പോൾ തുന്നുന്നതിൽ നിന്ന് ദൃഷ്ടി എടുത്ത് ശാന്തഗംഭീരമായ ഭാവത്തോടുകൂടി ഇങ്ങിനെ പറഞ്ഞു:—"ഞാനെന്തിന് ശാസിക്കണം? അവരവരുടെ നിലയും വിലയും സൂക്ഷിക്കുവാൻ അവരവർതന്നേ വേണം. ഇവിടത്തെ ഒരാശ്രിതയേപ്പോലെ കഴിഞ്ഞുകൂടുന്ന ഇയ്യുള്ളവൾ വല്ലതും പറഞ്ഞാൽ ഇവരാരെങ്കിലും വകവെയ്ക്കുമെന്ന നിങ്ങൾ വിചാരിക്കുന്നുണ്ടോ? പറഞ്ഞാൽ കേൾക്കാത്ത കൂട്ടരോട് വല്ലതും പറവാൻ പോയിട്ട് ബാക്കിയുള്ളവരെന്തിന വെറുതേ മാനംകെട്ട പോവുന്നു? നിങ്ങൾക്കാണ് ശാസിക്കുവാൻ അധികാരമുള്ളത്. ഗൃഹനായിക നിങ്ങളല്ലേ?"

ഗൃഹനായിക അതു കേട്ടപ്പോൾ കുറച്ചു പ്രസന്നയായിത്തീൎന്നു. അവർ വീണ്ടും കിടന്നുറങ്ങുകയാകുന്ന തന്റേ ജോലിയിൽ ഏൎപ്പെട്ടു.—മറേറ സ്ത്രീ തന്റേ തുന്നൽസ്സാമാനങ്ങളും എടുത്തുകൊണ്ട് മററൊരു മുറിയിലേയ്ക്കും പോയി. ആ പെൺകുട്ടി മാത്രം മുമ്പത്തേപ്പോലെ അനക്കംകൂടാതെ അവിടെ ഇരിക്കുന്നുണ്ട്.

മുറിയുടെ വാതിലിന്നടുത്തുനിന്ന പിന്നെയും ഒച്ച പൊങ്ങിത്തുടങ്ങി. എന്നാൽ, ഇപ്പോഴത്തെ സംഭാഷണം മുമ്പേത്തേപ്പോലേ അത്ര ഉച്ചത്തിലായിരുന്നില്ല. ഫല്ലബാലയുണ്ട് പറയുന്നു:—"ഇത് മനഃപൂൎവ്വമായ നിർദ്ദയതയല്ലാതെ മററൊന്നുമല്ല. അവൾ പകൽസമയത്ത് ഒരിക്കലും അമ്മായിയേ കാണ്മാൻ പോവാറില്ല. ഇന്ന് അവൾക്ക് ആ വൃദ്ധയുടെ നേരേ ഇത്ര സ്നേഹം തോന്നുവാൻ കാരണം എന്താണെന്ന എനിക്കു നല്ലവണ്ണം അറിയാം. എല്ലാവരുംകൂടി അങ്ങോട്ടുപോയാൽപ്പിന്നേ ദാസി വരുമ്പോൾ വാതിൽ തുറന്നുകൊടുപ്പാൻ ആരാണുണ്ടായിരിക്കുക? വെ

പ്പുകാരിക്ക് സാമാനങ്ങൾ എടുത്തുകൊടുക്കുന്നതാരാണ്? കഷ്ടം! എന്നെപ്പോലെ ഇത്ര ഭാഗ്യംകെട്ട ഒരു പെണ്ണ് ഇതുവരെ ജനിച്ചിട്ടില്ല. ദിവസേന ഇങ്ങിനെ നാടകത്തിനും മററും പോകാറുണ്ടോ? പിന്നെ, ആണ്ടിലൊരിക്കൽ എങ്ങാനും ഒന്നു പോവുകയാണെങ്കിൽ അതു വേണ്ടതു തന്നെയാണ്."

ചാരുവിന് തുലോം അനുകമ്പതോന്നി അവൾ പറഞ്ഞു:—"നമ്മൾ നാടകത്തിനു പോവുന്നതു് അവർ കല്പിച്ചുകൂട്ടി മുടക്കുകയാണ്. അതവൎക്കു നല്ലതിനല്ല. നമ്മൾ പോവുന്നുണ്ടെന്ന് കേട്ടതുമുതൽ അവർ പിറുപിറുക്കുവാൻ തുടങ്ങിയിരിക്കുന്നു. ഞാൻ പോയി ഗൃഹനായികയെ വിളിച്ചുണൎത്തട്ടെ."

ഭയങ്കരമായ ആ അഭിപ്രായപ്രകടനം എല്ലാവരേയും ഒന്നു ഞെട്ടിച്ചുകളഞ്ഞു്. എല്ലാവരും നടുക്കത്തോടുകൂടി ചോദിക്കുന്നു:—"എന്തു്? ചാരു, നിനക്കിത്ര ധൈൎയ്യമുണ്ടോ? ഒരൊററ നാടകത്തിന്നു വേണ്ടി ഇത്ര കടന്നു പ്രവൎത്തിക്കുവാൻ വകയില്ല. ഞാനൊരു നൂറുതവണ സ്ത്രീയായിട്ടു ജനിച്ചാലും ഇതിൻെറ കലാശം കേൾക്കുവാൻ എനിക്കു ശക്തി ഉണ്ടാവില്ല. എന്തിന് വെറുതെയിരുന്നു വഴക്കുണ്ടാക്കുന്നു?"

പ്രസാദസുഭഗങ്ങളായിരുന്ന അവരുടെ മുഖമണ്ഡലങ്ങൾ പെട്ടെന്നു വിവൎണ്ണങ്ങളായി. വിധവയായ അമ്മായിഅമ്മ വീട്ടുകാൎയ്യങ്ങളിൽ തീരെ ദൃഷ്ടിവെയ്ക്കുന്നതല്ലാത്തതുകൊണ്ടു് ആ യുവതികളിൽ ആരെങ്കിലും ഒരാൾ വീട്ടുജോലി സംബന്ധിച്ച ആവശ്യങ്ങൾക്കായി അവിടേ ഇരിക്കുന്നതു് അത്യാവശ്യമാണ്. എന്നാൽ ആരാണ് അവിടേ ഇരിക്കുക? നാടകം കാണാൻ പോകുന്നതിനു എല്ലാവരും ചമഞ്ഞു പുറപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നാടക സ്ഥലത്തുവെച്ചു പല തോഴിമാരേയും കാണുന്നതിനും അവരുമായി കൂടിയാട്ടുന്നതിനും ഇടയാവുന്നതോൎക്കുമ്പോൾ, നാടകത്തിനു പോവേണ്ട എന്നു വെയ്ക്കുന്നതിന് അവരിൽ ആൎക്കുകഴിയും? വീട്ടിലിരിക്കുന്ന കാൎയ്യത്തെപ്പററി സംസാരിക്കുന്നതുതന്നെ ഓരോരുത്തൎക്കും മനശ്ശല്യമായിത്തീൎന്നിരിക്കുന്നു.

ചാരുവിൻെറ 'വിളഞ്ഞ' തലച്ചോറിനുള്ളിൽ തൽക്കാലോചിതമായ ഉപായം എന്താണെന്നുള്ള ബോധം ഉദിക്കുന്നതിന് അധികമൊന്നും താമസമുണ്ടായില്ല. അവളിങ്ങിനെ അഭി

പ്രായപ്പെട്ടു: —"പിന്നെ, നമ്മളൊരു കാൎയ്യം ചെയ്യുക. നമ്മുടെ സരോജമില്ലേ? അവളെ അടുക്കളക്കാവലിന്നു പിടിച്ചിരുത്താം. പിന്നെ അടുക്കളവാതിൽ തുറന്നിട്ടുകൊണ്ടു തന്നെ പോകാം. കലവറയുടെ താക്കോൽ അവളുടെ കയ്യിലേല്പിച്ചുകൊടുക്കണം. വെപ്പുകാരിക്കു് വേണ്ട സാമാനങ്ങളെന്തെല്ലാം എന്നു് അറിയാവുന്നതുമാണ്. ആവശ്യമുള്ളവ സരോജം എടുത്തു കൊടുക്കട്ടെ."

ആ ബാലയുവതീമണ്ഡലത്തിന്റെ മുഖകമലങ്ങൾ പെട്ടെന്നു തെളിഞ്ഞു വികസിച്ചു. ഇമ്മാതിരിയുള്ള വിഷമഘട്ടങ്ങളിൽ തക്കതായ നിവൃത്തിമാൎഗ്ഗം കണ്ടുപിടിക്കുന്നതിനു ചാരുവിനെപ്പോലെ സാമൎത്ഥ്യമുള്ളവർ വേറെയാരുമില്ല. ചാരുവിന്നു തന്നെയും അതിൽ തന്നെപ്പററി ഒരഭിമാനം ഇല്ലേ എന്നു ഇതെഴുതുന്ന ആൾക്കു് സംശയമില്ലാതില്ല. അവൾ അഭിമാനസംവലിതമായ ഒരു സന്തുഷ്ടിയോടു കൂടിയാണു് തന്റെ മുറിയിലേയ്ക്കു പോയതു്. സരോജം അപ്പോഴും പഴയപടി അവിടെ ഒരു മൂലയിൽ ചാരി ഇരിപ്പുണ്ടു്. ചാരു അരികത്തു ചെന്നു് ചെവിയിൽ എന്തോ ചിലതു മന്ത്രിച്ചിട്ടു് അവളെ മുറിയിൽ നിന്നു പുറത്തേയ്ക്കു പിടിച്ചു കൊണ്ടുപോന്നു.

സരോജത്തിന്റെ പ്രായം നിൎണ്ണയിക്കുക എന്നുള്ളതു് തീരെ ദുസ്സാധമായതാണ്. അവളുടെ ഭംഗിയുള്ള മുഖം കണ്ടാൽ അവൾ ഒരു ചെറുപെൺകിടാവാണെന്നു ആരും കരുതും. എന്നാൽ ഹ്രസ്വമായ ആകൃതിയാവട്ടെ, നേരെ വിപരീതമായ ഒരു ബോധമാണുണ്ടാക്കുക. അവൾ ആ തറവാട്ടിലെ കാരണവന്റെ മരുമകളാണ്. അവൾ നന്നെ കുട്ടിയായിരിക്കുന്ന കാലത്തു് ഒരിക്കൽ അവൾക്കു് നന്നെ ഉയരത്തു നിന്നു് ഒരു വീഴ്ച പററിപ്പോയി. ആ വീഴ്ചയിൽ അവളുടെ ഇടതുഭാഗം മുഴുവൻ തകൎന്നു് തളൎന്നു വശംകെട്ടുപോയി. നല്ല നിരപ്പുള്ള ഭൂമിയിൽ മാത്രം കഷ്ടിച്ചു താനേ നടക്കുവാൻ സാധിക്കുമെങ്കിലും മുകളിലേയ്ക്കു കയറുക, കീഴ്പോട്ടു ഇറങ്ങുക മുതലായ കൃത്യങ്ങൾക്കു് അവൾക്കു് പരാപേക്ഷ അത്യന്താപേക്ഷിതമാണ്. സംസാരിക്കുന്നതിനുള്ള ശക്തി കുറഞ്ഞിരിക്കുന്നു. ശബ്ദം തീരെ തളൎന്നു വ്യക്തമല്ലാതെയായി തീൎന്നുപോയി.

ആ യുവതികൾ സരോജത്തിന്റെ ചുററും വളഞ്ഞു നിന്ന് അവളെക്കൊണ്ട് അവൎക്കുള്ള ആവശ്യമെന്തെന്ന് അവളെ മനസ്സിലാക്കുന്നതിലേയ്ക്കായി അഹമഹമികയാ പരിശ്രമം ചെയ്തുതുടങ്ങി. ഫുല്ലബാല ഒരുകെട്ടു താക്കോൽക്കൂട്ടം എടുത്ത് അതിൽ നിന്ന് ഒരെണ്ണം തിരിഞ്ഞെടുത്തു നീട്ടിക്കാണിച്ചുംകൊണ്ട് ആംഗികസംജ്ഞയാൽ കലവറയുടെ താക്കോലാണിത് എന്ന് അവളെ ധരിപ്പിക്കുവാൻ ശ്രമിച്ചു. അതിന്റെ ഫലം ഒട്ടും ആശാജനകമായിരുന്നില്ല. സരോജം അമ്പരപ്പും സംശയവും സൂചിക്കുന്ന വിധത്തിൽ പകച്ചു തുറിച്ചുനോക്കിക്കൊണ്ടിരിക്കുക മാത്രം ചെയ്തു.

ഇതിനിടയിൽ ആരോ പുറത്തു തെരുവിലേയ്ക്കുള്ള ദ്വാരപ്രദേശത്തിൽ നിന്ന് ഇങ്ങിനെ വിളിച്ചുപറയുന്നതു കേട്ടു. "ചാരു! നിങ്ങളെല്ലാവരും ഒരുങ്ങി ഇരുന്നുകൊൾവിൻ! ഞാൻ പോയി ഒരു വണ്ടി ശട്ടംകെട്ടി വരട്ടെ; തിരിച്ചു വരുമ്പോഴേയ്ക്കും നിങ്ങൾ തയാറായിരുന്നില്ലെങ്കിൽ, ഞാൻ പറയുന്നതെയ്ക്കാം, നിങ്ങളാൽ ചിലർ യാത്രയ്ക്കുണ്ട് എന്നതന്നെ ഞാൻ വിചാരിക്കുക ഉണ്ടാവില്ല; അത്ര തന്നേ."

ചാരു ജനലിന്റെ ഇരുമ്പഴികൾക്കു മേൽ കുറഞ്ഞൊന്നുയൎന്നു മാറിടം അമൎത്തിനിന്നു് പുറത്തേയ്ക്കുതലയിട്ടുംകൊണ്ട് പുഞ്ചിരി തൂകി ഇങ്ങിനേ പറഞ്ഞു:—"എന്താ പറഞ്ഞതു്? പിന്നേ! അതിനെപ്പററി ഇവിടെ ആൎക്കും അശേഷം ഒരു പരിഭ്രമമില്ല. വല്ലതും താമസം വരികയാണെങ്കിൽ അതു് ഞങ്ങൾ നിമിത്തമായിരിക്കില്ല. തീൎച്ചയാണ്."

അവർ പിന്നെയും സരോജത്തിന്റെ ചുററും ചെന്നുകൂടി. ചാരു അക്ഷമയോടുകൂടി സരോജത്തിന്റെ ചുമലിൽ പിടിച്ചു കുലുക്കിക്കൊണ്ട് ഇങ്ങിനേ പറഞ്ഞു:—"സരോജം! ഞങ്ങൾ പറയുന്നതു് നിന്റെ 'മരമണ്ട'യിൽ തീരേ കയറുന്നില്ലല്ലോ! കഷ്ടം! നീ വകയ്ക്കുകൊള്ളാത്ത വിഡ്ഢിതന്നേ. ഇതാ കേൾക്കൂ! കലവറയുടെ താക്കോലാണിതു്. ഇതു് വെപ്പുകാരി വരുമ്പോൾ അവളുടെ കയ്യിൽ കൊടുക്കണം" ഇത്രയും പറഞ്ഞു് അവൾ തന്റെ കൂട്ടുകാരെ നോക്കിയിട്ടു പറഞ്ഞു:— "നമുക്കിവളേ താഴത്തേയ്ക്കു കൊണ്ടുപോവാം. അവൾ അടുക്കളയിൽ കാവലിരുന്നു കൊള്ളും. നിങ്ങളൊട്ടും സംശയിക്കേണ്ട. നാം പറയുന്നതെല്ലാം അ

വരംക്ക മനസ്സിലാകുന്നുണ്ട്. അവരംക്കുള്ളേടത്തോളം മണ്ടത്തം ഇല്ല!"

അവരെല്ലാവരുംക്കൂടി ആ 'മുടക്കച്ചെരക്കിനേ' എടുത്ത് താഴത്തുകൊണ്ടുവന്നു വെച്ചു. അപ്പോഴെയ്ക്കും പുറത്ത് വണ്ടിച്ചക്രത്തിന്റെ 'കടകട'ശബ്ദം കേട്ടുതുടങ്ങി. ഉടനേതന്നെ സുകുമാരാകാരനായ ഒരു യുവാവ്, വണ്ടിയിൽനിന്ന് ചാടിയിറങ്ങി അവരുടെ സമീപത്തു വരികയും ചെയ്തു. ആഗതനായ യുവാവിന്ന് ആ സ്ത്രീകളുടെ ഉദ്യമം തീരേ ഹൃദ്യമായില്ല എന്ന് ആയാളുടെ ചില്ലിചുളിച്ചുള്ള നോട്ടം വിളിച്ചുപറഞ്ഞു. ആയാരം രൂക്ഷഭാവത്തിൽ ചോദിക്കുന്നു:—"ചാരു, എന്താണ് സാധു സരോജത്തേ ഒരിക്കലെങ്കിലും നിങ്ങരം കൂട്ടത്തിൽ കൊണ്ടുപോകാതിരിക്കുന്നത്? ഇതു തീരേ കൊള്ളാത്തതാണ് കേട്ടോ?"

ചാരു, സരോജത്തേ ഒരിടത്തിരുത്തുവാൻവേണ്ടി ശ്രമിക്കുകയായിരുന്നു. അവരം ചടുലലീലയോടേ തിരിഞ്ഞുനോക്കിക്കൊണ്ടു പറഞ്ഞു:—"ഛേ, ദയചെയ്ത് ഒന്നു കലശൽക്കൂട്ടാതിരിക്കണേ! ഇതുകൊണ്ട് ഒരു കാര്യവുമില്ല. കൃത്യബോധംകൊണ്ടു ഞങ്ങരംക്കു ബഹുമതി ഉണ്ടാക്കുകയാണ് വേണ്ടത്. എന്ത്? സരോജത്തേ കൂട്ടത്തിൽ കൊണ്ടുപോവുകയെന്നോ? നന്നായി! പിന്നേ! വേണ്ടതെന്തെന്ന് എനിക്കും കുറേശ്ശയൊക്കെ അറിയാം. ഞങ്ങരം സരോജത്തേ ഇവിടെ നിർത്തിയിട്ടാണ് പോവാൻ നിശ്ചയിച്ചിരിക്കുന്നത്."

"സരോജം! ഇതാ നിണക്ക് പടങ്ങളുള്ള ഒരു നല്ല പുസ്തകം!" അവരം, സരോജത്തിന്നു പടങ്ങളുള്ള ഒരു പുസ്തകം വലിച്ചെറിഞ്ഞുകൊടുത്തിട്ട് വേഗത്തിൽ വണ്ടികയറാൻ പോയി. വഴിയേ മററുള്ളവരും അവളെ പിന്തുടന്നു. സരോജം മടിയിൽ ചിത്രപുസ്തകവും മലത്തിവെച്ച് നോക്കിക്കൊണ്ടിരിക്കുകയാണ്. അത്തരം ചിത്രപുസ്തകങ്ങരം ആ വീട്ടിൽ അധികമില്ലാത്തതിനാൽ സരോജം അത് ഒരു നൂറുതവണ തിരിച്ചും മറിച്ചും നോക്കി. സരോജത്തിനേ സന്തോഷിപ്പിക്കുന്നതിന്, ഒരു ചിത്രപുസ്തകം എടുത്ത് അവരംക്കു വലിച്ചെറിഞ്ഞിട്ടുകൊടുക്കുകയാണ് വീട്ടുകാർ കണ്ടുപിടിച്ചിട്ടുണ്ടായിരുന്ന ഒരു മാർഗ്ഗം. ചാരു ചിലപ്പോഴൊക്കെ സരോജത്തിന്റെ സന്നിധിയിൽ ചെന്നിരുന്ന് കഥ പറഞ്ഞുകൊ

ട്ടുക്കുക പതിവായിരുന്നു. അവളെ മുമ്പിൽ പിടിച്ചിരുത്തി, "ഒരു ദിക്കിൽ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിനു രണ്ടു ഭാൎയ്യമാരുണ്ടായിരുന്നു" എന്നിങ്ങിനെ കഥപറഞ്ഞു തുടങ്ങുമ്പോഴേയ്ക്കും അവളുടെ മുഖത്തു് സന്തോഷം നിറഞ്ഞുകഴിഞ്ഞു! മനുഷ്യരെ പിടിച്ചുതിന്നുന്ന രാക്ഷസന്മാരുടേയും മറ്റും കഥകൾ പറയുമ്പോൾ അവൾ അക്ഷമയായി, 'ഉം, ഉം' എന്നു 'തെരുതെരെക്കനെ' മൂളിത്തുടങ്ങും. ചാരു ചിലപ്പോൾ ഇന്ത്യൻകഥകൾ വിട്ടു്, താൻ ആകാംക്ഷയോടുകൂടി വായിച്ചിട്ടുള്ള ചില ഇംഗ്ലീഷുനോവലുകളിലെ കഥകൾ പറഞ്ഞുകൊടുക്കും. സരോജത്തിനു് അവയിൽ അങ്ങുമിങ്ങും ചില അംശങ്ങൾ മാത്രമേ മനസ്സിലാക്കുവാൻ സാധിച്ചിരുന്നുള്ളു. കഥ പറഞ്ഞുംകൊണ്ടിരിക്കുന്ന അവസരത്തിൽ, എപ്പോഴെങ്കിലും മനസ്സിലാവാത്തതിന്റെ ലക്ഷണം വല്ലതുമൊന്നു് അവളുടെ മുഖത്തു കാണുന്നതായാൽ തൽക്ഷണംതന്നെ ചാരു കഥ നിൎത്തി അവളുടെ 'മടയത്ത'ത്തെപ്പറ്റി കുത്തുവാക്കു പറഞ്ഞുംകൊണ്ടു് അവിടെ നിന്നെണീറ്റു പോയ്ക്കളയും. സൌന്ദൎയ്യാഭിമാനവും വെടിമത്സരഗൎവ്വും കുറച്ചുള്ള ആ ബാലയുവതിക്കു് തന്റെ ദയാലുത്വത്തെ അത്ര ധാരാളമായി എടുത്തു ചെലവഴിക്കുവാൻ മനസ്സുണ്ടാവുകയില്ലല്ലോ.

എല്ലാവരും നാടകത്തിനു പോയതിനാൽ തനിച്ചായിരുന്ന സരോജത്തിന്റെ അനാഥമായ ഹൃദയത്തിൽക്കൂടി ഇരുട്ടത്തു് പുഴയിൽക്കൂടെ ചെറുവള്ളങ്ങളെന്നവണ്ണം അവ്യക്തമായ വിചാരങ്ങൾ പലതും കടന്നുപോയിക്കൊണ്ടിരുന്നു. ചാരു പറഞ്ഞുകൊടുത്തിട്ടുള്ള ചില കഥകളിലെ കഥാപാത്രങ്ങളുടെ ഇടയിലെങ്ങോ കുടുങ്ങിപ്പോയ അവളുടെ മനസ്സു് അവിടെക്കിടന്നു ഭ്രമണംചെയ്യുവാൻ തുടങ്ങി. ചാരുവിന്റെ കഥകളിൽ അവിടെയും ഇവിടെയും ചില ഭാഗങ്ങൾമാത്രമേ അവളുടെ മനസ്സിൽ പതിഞ്ഞിട്ടുള്ളുവെന്നു് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ അവൾ സ്വന്തം ഭാവനാശക്തിയുടെ സഹായംകൊണ്ടു് അവയിൽ ഇടയ്ക്കുവിട്ട വിസ്തൃതങ്ങളായ പഴുതുകളെ രസകരമായ വിധത്തിൽ അടച്ചു വിട്ടിട്ടുണ്ടായിരുന്നു. ഭാവനാമന്ത്രത്തിന്റെ ശക്തികൊണ്ടു് പ്രത്യേകമൊരു സങ്കല്പലോകം അവൾ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ആ ലോകത്തിലെ ആളുകൾ അവളെപ്പോലെ

ഒന്നിനും കൊള്ളാത്ത അചേതനപദാൎത്ഥങ്ങളായിരുന്നില്ല. അവക്ക് മധുരമായി ചിരിപ്പാനും, കൌതുകകരമായി കളിപ്പാനും, ഹാർദ്ദമായി സ്നേഹിപ്പാനും അറിയാം. അവിടുത്തെ സ്ത്രീപുരുഷന്മാർ അന്യോന്യം ആകൎഷിക്കുകയും അന്യോന്യം സ്നേഹിക്കുകയും ചെയ്യുന്നവരാണ്. ധീരതയും കരുത്തുമുള്ള വീരപുരുഷന്മാർ കാമിനീമണികളുടെ 'ചിത്തവല്ലിച്ചെറുചില്ലക'ളിൽ സൈ്വരമായി ചാഞ്ചാടിക്കൊണ്ടിരിക്കുന്നു. ആ കമനീയലോകത്തിലെ അബലാമണികൾ കാഴ്ചയിൽ, കുസുമങ്ങളാണെങ്കിൽ തങ്ങളുടെ പ്രാണവല്ലഭന്മാരുടെ സേവനത്തിൽ വൈദ്യുതശക്തികളാണ്. കരിങ്കൽക്കൂടങ്ങളെപ്പോലെ അകക്കരുത്തുള്ള അവിടുത്തെ പുരുഷകേസരികളത്രയും മധുമൊഴിമാരുടെ മന്ദാക്ഷമന്ദസ്മിതങ്ങൾക്കു മുമ്പിൽ 'പ്രവാൎശഷ്പ' (കാത്തിളകുന്ന ഇളമ്പുല്ല്) ങ്ങളെപ്പോലെ തല കുനിക്കുന്നവരാകുന്നു. ശരൽക്കാലത്തിൽ ആകാശമണ്ഡലം 'അദഭ്രശുഭ്രം' തന്നെയാണ്. 'വാനിൽ നവരത്നതോരണം കെട്ടുന്ന വാർമഴവില്ലും' അവിടെ ചിലപ്പോൾ കണ്ടുവെന്നു വന്നേയ്ക്കാം. ഇങ്ങിനെയുള്ള ഒരു മനോഹരലോകത്തിലാണ് സരോജത്തിന്റെ മനസ്സ് ലയിച്ചിരുന്നത്.

ഗൃഹത്തിന്റെ മുൻവശത്തേയ്ക്കുള്ള വാതലിന്റെ കൊളുത്തുചങ്ങല പെട്ടെന്ന് ഒന്നു കിലുങ്ങി. വെപ്പുകാരിയോ, വേലക്കാരിയോ ആരെങ്കിലുമൊരാൾ വരുന്നുണ്ടാവാം. സരോജം ഉൽക്കണ്ഠയോടുകൂടി അങ്ങോട്ടു നോക്കി. അവളുടെ നോട്ടത്തിനു ലക്ഷ്യമായിത്തീൎന്ന കാഴ്ച അമ്പരപ്പും ഭയവും ജനിപ്പിക്കുന്ന ഒന്നായിരുന്നു. അവൾ പേടിച്ചു വിറച്ചുപോയി. അപരിചിതനായ ഒരു യുവാവ് അവളുടെ മുമ്പിൽ ആവിർഭവിച്ചു. കഠിനായാസം നിമിത്തം അയാളുടെ കോമളമായ മുഖം ചെമ്പരുത്തിപ്പൂവുപോലെ തുടുത്തുവശമായിരിക്കുന്നു. നെററിയിൽ നിന്ന് വിയർപ്പുതുള്ളികൾ ഇററിററു വീഴുന്നുണ്ട്. മൊട്ടുകൾവരെ പൊടിപുരണ്ടിട്ടുള്ള പാദങ്ങളിൽ ഒന്നിൽ രക്തം ഒഴുകുന്നു. വസ്ത്രം കീറിപ്പറിഞ്ഞു മുഷിഞ്ഞും വേഷം വല്ലാതെ മലിനമായുമിരിക്കുന്നു. ആ മനുഷ്യൻ മുററത്തിന്റെ അററത്തു വന്നുനിന്ന്, നായാട്ടുകാരുടെ നടുക്കപ്പെട്ട മാൻകുട്ടിയുടെ സംഭ്രമകമ്പങ്ങളോടുകൂടി ചുററുപാടും ഒന്നുററുനോക്കി. സരോജത്തിന്റെ അധരപുടത്തിൽ അറിയാതെ അവ്യക്തമായ ഒരു ആക്രന്ദനം പുറപ്പെട്ടു.

സരോജത്തിൻെറമുഖത്തുനിന്നു് ഒരു ശബ്ദംപുറപ്പെടേണ്ട താമസമേ ആ പരിചിതനായ ആ യുവാവു് അവളുടെ കാൽക്കൽ ചെന്നു വീഴുന്നതിനു് ഉണ്ടായിരുന്നുള്ളു. അയാൾ നമസ്കരിച്ചതിന്നുശേഷം എഴുന്നീററുനിന്നു് ദയനീയമായ നോട്ടത്തോടുകൂടി അവളെ നോക്കിപ്പറഞ്ഞു:—"രക്ഷിക്കണേ, രക്ഷിക്കണേ! നിങ്ങളല്ലാതെ ഇപ്പോൾ എന്നെ രക്ഷിക്കുന്നതിനു മററാരുമില്ല. ഞാൻ വലുതായ ഒരാപത്തിൽ അകപ്പെട്ടിരിക്കുന്നു. പോലീസ്സുകാർ തന്നെ ഇപ്പോൾവന്നു പിടിക്കും. അതാ അവരുടെ ലഹള നിങ്ങൾക്കു കേൾക്കാനില്ലേ? നിങ്ങളൊരു കാൎയ്യംചെയ്യണം; അധികമൊന്നും നിങ്ങൾ ചെയ്യേണ്ട ആവശ്യമില്ല. ഞാൻ ആ കാണുന്ന പൊക്കിക്കെട്ടിൻെറ പിന്നിൽ ഒളിച്ചിരിപ്പാൻ പോകുന്നു. പോലീസുകാർ വന്നന്വേഷിച്ചാൽ ദയചെയ്തു് അവരേ വിവരം ധരിപ്പിക്കരുതു്. അത്രയേ വേണ്ടു."

സരോജത്തിനു് ഒരക്ഷരവും സംസാരിക്കുവാൻ സാധിച്ചില്ല. യുവാവു് പതുക്കേ പൊതിക്കെട്ടിൻെറ പിന്നിൽ നൂണുകിടന്നിരുന്നു. അതാ, പുറത്തുനിന്നു് ഒരു 'കളകളം' കേൾക്കുന്നു! സരോജം തൽക്ഷണം ഏതാണ്ടു് മരിച്ചു മട്ടിലായിത്തീൎന്നു. പോലീസ്സുകാർ എങ്ങാനും കടന്നുവന്നാൽ താൻ ആ സാധുമനുഷ്യനേ എങ്ങിനേ രക്ഷിക്കും? ആയാളാണെങ്കിൽ താണുകേണപേക്ഷിച്ചുകൊണ്ടാണു് സ്വരക്ഷയേത്തന്നേ ഭരമേല്പിച്ചിരിക്കുന്നതു്! സരോജമോ? ഒന്നിനുംകൊള്ളാത്ത ഒരു മൂൽപ്പിണ്ഡം! ആയാളാവട്ടേ മറെറവിടേയും പോവാതേ അവിടെത്തന്നെ അഭയംപ്രാപിക്കുകയും ചെയ്തിരിക്കുന്നു! അവളുടെ ഹൃദയത്തിൽനിന്നു് എന്തോ ഒന്നു പുറത്തുവരുന്നതിനുവേണ്ടി ആയാസപ്പെട്ടുകൊണ്ടു് അവളേ ഇട്ടു ഞെക്കിഞെരുക്കുന്നതുപോലെ അവൾക്കു തോന്നി. നേത്രത്തിൽനിന്നു രണ്ടു ബാഷ്പകണം വീണു് അവളുടെ കവിൾത്തടം നനച്ചു. എന്തുചെയ്തും അവൾ ആ അഭയാഗതനേ സംരക്ഷിക്കുകതന്നെ വേണം. അല്ലെങ്കിൽ ദൈവം എന്തിനായിട്ടു് ആയാളേ അവളുടേ അടുത്തേയ്ക്കുതന്നേ അയച്ചു? ലോകത്തിൽ വേറേ ആരുമില്ലാതായിട്ടാണോ? അതും, മറെറാരു ഭൃത്യരും ഇല്ലാത്ത ഈ അവസരത്തിൽത്തന്നേ വേണമെന്നുണ്ടോ? സരോജം നെടുതായൊന്നു നിശ്വസിച്ചു. അവൾ തനിക്കുള്ള ശക്തി അത്രയും ഉപയോഗിച്ചു് ഇരുന്നെടത്തുനിന്നെഴുന്നീററു് കാലിടറിയും തട്ടിത്തടഞ്ഞും ഒരുവിധത്തിൽ നടന്നുപോയി അടുക്കളവാതിൽ അടച്ചു.

പുറത്തുകേട്ട ശബ്ദകോലാഹലം ക്രമേണ ശാന്തമായ്ത്തീൎന്നു. യുവാവ്, ഒളിച്ചിരുന്ന സ്ഥലത്തുനിന്നു പതുക്കെ പുറത്തേയ്ക്കു വന്നു. കൃതജ്ഞതയോടുകൂടി ആയാരം സരോജത്തിന്റെ മുഖത്തു നോക്കി ഇങ്ങിനെ പറഞ്ഞു:—“നിങ്ങൾ ഇപ്പോൾ എനിക്കു ലോകത്തിലേയ്ക്കുവെച്ച് ഏററവും വലിയ ഒരുപകാരമാണ് ചെയ്തുതന്നിട്ടുള്ളതു്. എന്നാൽ ഇതുകൊണ്ടും എന്റെ ബുദ്ധിമുട്ടിക്കൽ അവസാനിച്ചിട്ടില്ല. നിങ്ങൾ എനിക്ക് ചെറുതായ ഒരുപകാരംകൂടി ചെയ്തുതരണം. എനിക്കു കുറച്ചുപണം വേണം. അതു കിട്ടിയാൽ ഈ നാട്ടിൽ നിന്ന് എങ്ങിനേയെങ്കിലും ചാടിക്കടന്നുപോയി പിഴച്ചുകൊള്ളാം. എന്റെ കയ്യിൽ യാതൊന്നുമില്ല. നിങ്ങൾ എനിക്ക് കുറച്ചു പണം കടം തരണം. ഞാൻ ദൈവത്തെച്ചൊല്ലി ആണയിടുന്നു. കഴിയുന്ന വേഗത്തിൽ അതു മടക്കിത്തന്നുകൊള്ളാം.”

ആ സാധുപ്പെൺകുട്ടിയുടെ കയ്യിൽ പണമെവിടെ? അവൾക്ക് തന്റെ സ്വന്തമെന്ന നിലയിൽ യാതൊന്നുമില്ല. എന്നാൽ ഒരുവിധത്തിലും ആ യുവാവിനെ ഭഗ്നാശനാക്കി മടക്കിയയപ്പാൻ അവളൊട്ടു ശക്തയുമല്ല:—അഭയംപ്രാപിച്ച ഒരു സഹജീവിയേ ഒരത്യാപത്തിൽനിന്ന് രക്ഷപ്പെടുത്തി എന്നുമാത്രമല്ല; ഇതുവരേയും മിഥ്യാഭൂതമായിത്തന്നിട്ടുള്ള തന്റെ ജീവിതത്തേ ഒരിക്കലെങ്കിലും പ്രയോജനവത്താക്കിത്തീൎക്കുക ഉണ്ടായി എന്നുമാണ് ഇതുകൊണ്ടു വരുന്നതു്. കാൎയ്യമൊക്കേ ശരി; അവൾ പണത്തിനെവിടെപ്പോകും? അവളുടെ കയ്യിലുണ്ടോ പണം? സരോജത്തിന്റെ മൃദുലമായ ഹൃദയം അസ്വാധീനതയിൽപ്പെട്ടു കിടന്ന ദേഹത്തിന്റേ നിരുപയോഗത്വവുമായി മല്ലിട്ടുതുടങ്ങി. കുറച്ചു പണത്തിന്നുവേണ്ടി ഇപ്പോൾ ആ വീടു മുഴുവനും തിരയേണ്ടിവന്നിരിക്കുന്നു. യുവാവ് ആവശ്യപ്പെട്ട തുകയാണെങ്കിൽ തുലോം തുച്ഛമായ ഒന്നാണ്. പക്ഷേ, ഹേ നിൎഭാഗ്യരാശിയായ മനുഷ്യ! ഇത്ര ‘പാപ്പ’രായിട്ടുള്ള ഒരു ‘പുള്ളി’യുടെ അടുക്കലാണല്ലോ താൻ യാചിക്കുവാൻ വന്നതു്!

അവൾ കഷ്ടപ്പെട്ടെഴുനീററ് പതുക്കേ ചുമരു പിടിച്ചു നടന്നുംകൊണ്ട് പുറത്തേയ്ക്കു കടന്നു. എങ്ങിനേയോ ഉരുണ്ടുപിരണ്ട് ഒരു വിധത്തിൽ കോണിച്ചുവട്ടിലെത്തി. അവിടേ നിന്ന്

മേല്പോട്ടു കയറിപ്പോവണമെന്നുണ്ടെങ്കിൽ മററാരുടെയെങ്കിലും സഹായം അത്യാവശ്യമാണു്. യുവാവു് അവളെ അനുഗമിച്ചു. സരോജം ഫുല്ലബാല ഏല്പിച്ച താക്കോൽക്കൂട്ടം എടുത്തു് മുകളിൽ ചൂണ്ടിക്കാണിച്ചു് ആ യുവാവിന്റെ കയ്യിൽ കൊടുത്തു. ആയാൾക്കു് കാര്യം മനസ്സിലായിയെങ്കിലും തനിച്ചു മുകളിലേയ്ക്കു് കയറിപ്പോകുവാൻ വലിയ ശങ്ക തോന്നി. സരോജം ഹസ്തസംജ്ഞകൊണ്ടു് ആയാളെ നിർബന്ധിച്ചു. യുവാവു് നാലുപാടും ഒന്നു സൂക്ഷിച്ചുനോക്കിയിട്ടു് ക്ഷണത്തിൽ കോണി കയറി മുകളിലെത്തി. ഫുല്ലബാലയുടെ മുറി തുറന്നു കിടക്കുകയാണു്. ആയാൾ വേഗത്തിൽ അതിനകത്തു കടന്നു് അലങ്കാരമേശയുടെ അടുത്തുചെന്നു് ഒരു താക്കോൽ തിരഞ്ഞെടുത്തു് അതുകൊണ്ടു് തുറക്കുമോ എന്നു പരീക്ഷിച്ചുനോക്കുന്നതിനായി മേശയുടെ വലിപ്പു പിടിച്ചു വലിച്ചപ്പോൾ അതു നിഷ്പ്രയാസം തുറന്നു കാണപ്പെട്ടു. അകത്തു് ഒരു നൂറായിരം സാമാനങ്ങൾ കിടന്നിരുന്നതിന്നിടയിൽ തിരഞ്ഞുനോക്കിയപ്പോൾ ഒരു ചെറുമടിശ്ശീല കണ്ടെത്തി. വേഗത്തിൽ അതെടുത്തു തുറന്നു് അതിൽനിന്നു രണ്ടുറുപ്പിക എടുത്തു് മടിശ്ശീല യഥാസ്ഥാനത്തുതന്നേ വെച്ചു് വലിപ്പു നീക്കിയടച്ചു പൂട്ടിയുംവെച്ചു് തിരിയേ താഴത്തേയ്ക്കിറങ്ങിപ്പോന്നു.

സരോജം വലിയ സംഭ്രമത്തോടുകൂടി മേല്പോട്ടു നോക്കി, കോണിച്ചുവട്ടിൽ കാത്തുനില്ക്കുകയായിരുന്നു. യുവാവു് അടുത്തുചെന്നു് താൻ എടുത്ത പണം കാണിച്ചുകൊടുത്തു് ഇങ്ങിനേ പറഞ്ഞു:—"ഭദ്രേ! ഇതിൽ കൂടുതലായി ഒരു പൈപോലുമെടുത്തിട്ടില്ല. നിങ്ങൾ ചെയ്ത വിലയേറിയ ഈ ഉപകാരത്തിനു് നന്ദിപറയുന്നതും കാണിക്കുന്നതും എങ്ങിനേയാണെന്നു് എനിക്കു രൂപമാകുന്നില്ല. കഴിയുന്ന വേഗത്തിൽ ഇതു് മടക്കിത്തന്നുകൊള്ളാം. ഇതാ ഈ മോതിരം നിങ്ങടെ കയ്യിലിരിക്കട്ടേ; നിരാധാരനായ ഒരു സഹജീവിയെ സംരക്ഷിച്ച ഈ മഹാമനസ്കതയേ അല്പമെങ്കിലും ഒന്നാരാധിക്കുവാൻ ഇതിനു സാധിക്കുമെങ്കിൽ ഒരു 'സ്മാരക'മായി ഇതു നിങ്ങളുടേ കയ്യിലിരിക്കട്ടേ."

യുവാവു് ആ മോതിരത്തെ അവളുടെ വിറപൂണ്ട കയ്യിലേയ്ക്കു് നീട്ടിയിട്ടുകൊടുത്തിട്ടു് ചുററുപാടും ഒന്നു് ഉററുനോക്കി മിന്നൽവേഗത്തിൽ അവിടെനിന്നു് അന്തർദ്ധാനം ചെയ്തു.

സരോജം പൂർവ്വസ്ഥാനത്തുവന്ന് മോതിരവും മടിയിൽവെച്ചു കൊണ്ടിരുപ്പായി. കുറച്ചുനേരത്തേയ്ക്ക്, ഇക്കഴിഞ്ഞതെല്ലാം ഒരു സ്വപ്നപ്രായമായിട്ടാണ് അവളുടെ ഇരുളടഞ്ഞ ഹൃദയത്തിന്നു തോന്നിയത്. ആ മോതിരം സൂക്ഷിച്ചുവെയ്ക്കുന്നതിന് തക്കതായ ഒരു സ്ഥലം അവൾ കണ്ടില്ല. വീട്ടുകാരിൽനിന്നുള്ള ഭീതിനിമിത്തം അത് കൈവിരലിലിട്ടുകൊള്ളുന്നതിന്നും അവൾ അശക്തയാണ്.

അപ്പോഴേയ്ക്ക് വെപ്പുകാരിയും വേലക്കാരിയുംകൂടി ഉച്ചത്തിൽ 'കൂട്ടംകൂടി'ക്കൊണ്ട് അവിടെ എത്തിക്കഴിഞ്ഞു. സരോജം സംഭ്രമത്തോടുകൂടി മോതിരം ഉടുപ്പിന്നുള്ളിൽ ഒളിച്ചുവെച്ചു. വേലക്കാരി അവിടവിടെ കിടന്ന പാത്രങ്ങളെല്ലാം പെറുക്കി ഒരിടത്തു നേരെ ഒതുക്കിവെച്ചിട്ട് ഇങ്ങിനെ പറഞ്ഞു:—

"ആഹാ, അപ്പോൾ അവരെല്ലാം സരോജത്തേ ഇവിടെ തനിച്ചിട്ടുംവെച്ചാണല്ലേ നാടകത്തിന്ന പൊയ്ക്കളഞ്ഞത്? വല്ലാത്ത ഒരു കൂട്ടരുതന്നെ! കണ്ടില്ലെ, വാതിൽ തുറന്നു മലർത്തിയിട്ടിരിക്കുന്നത്? ഇക്കൂട്ടർക്ക് ഒരുവിചാരവും പേടിയുമില്ലെന്നോ?" അപ്പോൾ വേലക്കാരി, തന്റെ അനതിനിർമ്മലമായ മേൽവസ്ത്രം അഴിച്ച് ജനാലയുടെ പടിയിൽവെച്ചു ഇപ്രകാരം പറഞ്ഞു:— "ഇപ്പോഴത്തെ പെൺകിടാങ്ങളുടെ കാര്യത്തെപ്പറ്റി ഒന്നും പറയേണ്ട. അവരുടെ കഥ ബഹു വിചിത്രമാണ്! നമ്മളും ഒരു കാലത്ത് പെൺകുട്ടികളായിരുന്നിട്ടുതന്നെയല്ലേ വളന്നത്? നമ്മളന്ന് ഉദയംമുതൽ അസ്തമയംവരെ വേലയെടുക്കേണ്ടുന്നവരായിരുന്നു. വല്ലതുമൊരു കാഴ്ചയൊ വേലയൊ കാണ്മാൻ പോവുന്നതിനേപ്പറ്റി നമുക്കന്ന് വിചാരിപ്പാൻപോലും നിവൃത്തിയുണ്ടായിരുന്നുവോ? പക്ഷെ ഇന്നത്തേയ്ക്ക അതു മട്ടെല്ലാം മാറിപ്പോയി! എന്തിന്ന പറയുന്നു? സരോജം, താക്കോലിങ്ങോട്ടു തരൂ. കഷ്ടം! ആ വയസ്സത്തിയായ അമ്മായിഅമ്മകൂടി നിന്നെ ഇവിടെ ഇട്ടേച്ചു പോയ്ക്കളഞ്ഞുവല്ലൊ! അവരു് മനുഷ്യരാണോ? നോക്കി ഞാൻ അത്ഭുതപ്പെടുകയാണ് ചെയ്യുന്നത്."

ഈ പരിചാരികമാക്കിരുവക്കും സരോജത്തെ വലിയ കാര്യമാണ്. സരോജത്തിന്റെ സാന്നിദ്ധ്യത്തേ അവർ ഒന്നിന്നും ഒരു തടസ്ഥമായിട്ടു കരുതിയിരുന്നില്ല. 'ഒരുവക' വിവരമില്ലാത്ത

ആ 'പാവ'പ്പെട്ട ബാലികയ്ക്കു് വീട്ടിലുള്ളവരുടെ അടുക്കെ ഒന്നും 'കൊളുത്തിക്കൊടുക്കുവാൻ' വയ്യാതെയിരുന്നതിനാൽ അവൾ കേൾക്കവേതന്നെ, അവർ വീട്ടുകാരുടെ കുററം മുറയ്ക്കു പറയുക പതിവായിരുന്നു.

നാടകം കാണ്മാൻ പോയിരുന്നവർ മടങ്ങിവരുന്നതുവരേയും സരോജം കണ്ണോളചിമ്മാതേ കാത്തു കുത്തിരുന്നു. ഏകദേശം പാതിര കഴിഞ്ഞപ്പോഴേയ്ക്കും അവർ വന്നെത്തി. സരോജത്തിന്റെ നിലമാറാത്ത ആ ഇരുപ്പു കണ്ടു് ചാരു പറകയാണ്:— "നോക്കൂ! നമ്മുടെ സരോജം ഉറങ്ങാതെ കാത്തിരിക്കുന്നതു കണ്ടുവോ? ഇങ്ങിനെ കഥ കേൾപ്പാൻ കൊതിയുള്ള ഒരു കുട്ടിയേ ഞാൻ കണ്ടിട്ടില്ല. പറഞ്ഞുകൊടുക്കുന്ന കഥകളിൽ ഒരക്ഷരമെങ്കിലും അവൾക്കു മനസ്സിലാകുന്നുണ്ടോ എന്നു ദൈവം കണ്ടു.

വീട്ടിൽ വന്നെത്തിയ ആ യുവതികൾക്കു് സ്വന്തം ജോലിചിലതുണ്ടായിരുന്നതിനാൽ ആക്കും സരോജത്തിന്റെ കാര്യത്തിൽ ശ്രദ്ധ ചെലുത്തുവാൻ സൌകര്യം സിദ്ധിച്ചില്ല. നാടകാഭിനയത്തെപ്പററി അവരവക്കുള്ള പ്രതീതി (Impression) കളേ വർണ്ണിച്ചുംകൊണ്ടു് എല്ലാവരും ഒരേ സമയത്തു തന്നേ പറയുന്നതന്യോന്യം കേൾക്കാതേ 'പൊടിപാറി' പ്രശംസിച്ചുതുടങ്ങി. ഫുല്ലബാല തന്റേ മുറിയിൽ കടന്നതോടുകൂടി സരോജത്തിന്റേ മട്ടുകൾ മാറിച്ചമഞ്ഞു. അതുകൊണ്ടു് ചാരു ചോദിച്ചു:— "സരോജം, നിനക്കെന്തുപററി? എന്താ ഇങ്ങനേ കുണ്ഠിതപ്പെട്ടിരിക്കുന്നതു്? സുഖക്കേടു വല്ലതുമുണ്ടോ?"

അവൾ നിഷേധഭാവത്തിൽ തലകുലുക്കി. വീട്ടിലുള്ളവർ ഊണുകഴിഞ്ഞുകിടക്കുന്നതുവരെയും അവൾക്കു കഠിനമായ പരിഭ്രമമുണ്ടായിരുന്നു ഫുല്ലബാലയുടെ മുറിയിൽ നിന്നു വല്ല ശബ്ദവും കേൾക്കുന്നുണ്ടോ എന്ന ശങ്കയും ഭീതിയും അവളെ വല്ലാതേ പീഡിപ്പിച്ചു. ശയ്യയിൽ അങ്ങോട്ടുമിങ്ങോട്ടും കിടന്നുരുണ്ടും ചെരിഞ്ഞും മറിഞ്ഞും കണ്ണടയ്ക്കാതെതന്നേ അവൾ ആ 'കാളരാത്രി' പുലത്തിക്കൂട്ടി.

ആ കുടുംബത്തിലേ പതിവുകാര്യങ്ങളിൽ വിശേഷവിധിയൊന്നുമുണ്ടാക്കാതെ തന്നേ നാഴികമണിയിലേ സൂചികളെന്ന

വണ്ണം ദിവസങ്ങളങ്ങിനെ മുറയ്ക്കു് മുന്നോട്ടു കടന്നുപോയി. ആ വീട്ടിൽ നടന്ന അന്നത്തെ കളവു് —അതു കളവാണെങ്കിൽ— ആരുടേയും, വിശിഷ്യ ഫുല്ലബാലയുടെ തന്നെയും അറിവിൽപ്പെട്ടുക ഉണ്ടായില്ല. അവർ തന്റെ മടിശ്ശീല പരിശോധിച്ചുനോക്കുന്നതു് തുലോം ദുർല്ലഭമായേ ഉണ്ടായിരുന്നുള്ളു. ചിലപ്പോൾ രണ്ടു മൂന്നു മാസത്തേയ്ക്കു് മടിശ്ശീല കൈകൊണ്ടു തൊടുകപോലും ചെയ്തില്ലെന്നു വന്നേയ്ക്കാം.

അന്നത്തെ 'കള്ളൻ' മടിശ്ശീലയിൽ നിന്നു മാത്രമല്ലാ കളവു നടത്തിയതു്; അന്ധകാരാവൃതമായിരുന്ന ഒരു നിശ്ശബ്ദഹൃദയത്തിൽ നിന്നുകൂടി ആയാൾ മോഷണം നടത്തുക ഉണ്ടായി. സരോജത്തിനു്, യൌവ്വനവിലാസം വിളയാടുന്ന ഒരു കോമളമുഖം ഒഴിച്ചു ബാക്കിയുള്ള ബാഹ്യപ്രപഞ്ചം മുഴുവൻ അന്ധകാരമയവും ശൂന്യവുമായിട്ടു തോന്നി. കുറെ കഴിഞ്ഞപ്പോൾ അവളുടെ മുന്നിൽ ലോകം ഒരു പുതിയ വേഷത്തിൽ പ്രത്യക്ഷപ്പെട്ടു. മുമ്പു് അവൾക്കു തന്നെപ്പോലെ മൂകവും ചൈതന്യവിരഹിതവുമായിത്തോന്നിയിരുന്ന ലോകം, ഇപ്പോൾ, സൌന്ദര്യസമ്പത്തിക്കു വേണ്ടി ചായം തേച്ചു നിറം കയററലും മിനുക്കുപണിയും ആരംഭിച്ചിരിക്കുന്നതായിത്തോന്നി. ശ്രുതിമധുരമായി കൂജനംചെയ്യുന്ന ചെറുപറവകളുടെ കളസരളമായ നിനാദംമുഖേന നാദബ്രഹ്മം അവളോടു് പാട്ടു പാടുവാൻ പറഞ്ഞുതുടങ്ങി. ആകാശം ഒരു സജീവ വസ്തുവായിത്തീൎന്നു്, തന്നെ കൈകളിലെടുത്താട്ടികൊണ്ടു് നിശ്ശബ്ദഗീതാമൃതം പൊഴിച്ചുകൊണ്ടു് തന്റെ കണ്ണുപുടങ്ങളിൽ ഏതോ രഹസ്യമായി മന്ത്രിക്കുവാൻ തുടങ്ങിയതുപോലെ അവൾ വിഭാവനം ചെയ്തു. സരോജം തന്റെ ഹൃദയത്തിൽ അമൎത്തി നിൎത്തുവാൻ വയ്യാത്ത വിധത്തിലുള്ള ഒരു മൃദുസ്തോഭത്തോടുകൂടി വഹിച്ചുകൊണ്ടുവരുന്ന ആ നികഷോപലം (ഉരകല്ലു്) അവൾക്കു് മണ്ണിനെ മാററു് ഏറുന്ന പൊന്നായി മാററിക്കാണിച്ചുകൊടുത്തു.

കളവുപോയതെന്നോ, അല്ലെങ്കിൽ കടം വാങ്ങിയതെന്നോ പറയാവുന്ന ആ പണം തിരിച്ചുകിട്ടുകയുണ്ടായില്ല. ഫുല്ലബാലയുടേ മേശയിൽനിന്നു് തന്റെ സഹായത്തോടുകൂടി കള്ളൻ തോല്പിച്ചുകൊണ്ടുപോയ പണം തിരിയേ വെയ്ക്കുവാൻ സാധി

കേരള സാഹിത്യ അക്കാദമി

ക്കാതെ വന്നതിനാൽ, സരോജത്തിന്ന് സമാധാനം തീരേ ഇല്ലാതായിത്തുടങ്ങി. അവളുടെ ഹൃദയമണിപീഠത്തിൽ ഉജ്വലമായി വിളങ്ങിക്കൊണ്ടിരുന്ന ആ സുന്ദരവദനത്തേ ശ്യാമളമായ ഒരു നിഴൽ വന്നു മൂടുവാൻ ആരംഭിച്ചു. എന്നുതന്നേയല്ല, ആ നിഴൽ മുള്ളുപോലേ അവളുടെ മൃദുഹൃദയത്തെ കുത്തിമുറിച്ചു വേദനപ്പെടുത്തുവാനും തുടങ്ങി. ആ മനുഷ്യൻ കൊണ്ടുപോയ പണം എന്തുകൊണ്ട് മടക്കിക്കൊണ്ടുവന്നു തന്നില്ല? അഥവാ ആ സാധു പിന്നെയും വല്ല അപകടത്തിലും ചെന്നു ചാടിപ്പോയിരിക്കുമോ? അതോ, അന്നു കണ്ടതെല്ലാം വെറും തട്ടിപ്പു വിദ്യയായിരിക്കുമോ? ഛെ! ഒരിക്കലും അങ്ങിനേ വരാനിടയില്ല. കാഞ്ചനം കാചമായിത്തീരുകയോ? അത്ര ദൎശനീയാകൃതിയായിട്ടുള്ള ഒരാൾ ഒരു വിധത്തിലും ഒരു അസത്യവാദിയായിരിക്കുകയില്ല. അങ്ങിനേതന്നെയായി വരട്ടേ; ദൈവം തന്റേ പാവപ്പെട്ട ഒരു സൃഷ്ടിയെ അത്രത്തോളം വഞ്ചിച്ചു വിടുകയില്ലതന്നേ. ഗൂഢമായി സൂക്ഷിച്ചുവെച്ചിരുന്ന ആ മോതിരം കയ്യിലെടുത്തു നെററിത്തടത്തോടു ചേൎത്തു കുറച്ചുനേരം വെച്ചുകൊണ്ടിരുന്നപ്പോൾ അവളുടെ ശങ്കയും ഭീതിയുമൊക്കേ നിശ്ശേഷം നീങ്ങിപ്പോയി. എന്തുകൊണ്ടെന്നാൽ, ആ മോതിരം അവളുടെ മനോസൃഷ്ടമായ ലോകത്തിന്റേ വാതിൽ തുറക്കുവാനുള്ള താക്കോലായിരുന്നു.

പിറേറന്നു രാവിലേ ഗൃഹനായിക ഉറക്കമുണൎന്ന്, നിദ്രാസുഖം സൂചിപ്പിക്കുന്ന മട്ടിൽ ഒന്ന് 'കോട്ടുവായിട്ട്' 'മുരിനിവൎന്ന്' കിടന്ന കിടപ്പിൽ നിന്നെണീററപ്പോഴെയ്ക്കും, അവരുടെ ഭൎത്തൃസോദരി അസാധാരണമായ താപവും ഗൌരവവും കലൎന്ന മുഖഭാവത്തോടുകൂടി ശയ്യാഗൃഹത്തിൽ ആവിൎഭവിച്ചു. ഗൃഹനായിക ഉദ്വേഗത്തോടുകൂടി അവരുടെ മുഖത്തേയ്ക്കു നോക്കി. ഭൎത്തൃസോദരി പറഞ്ഞു:—"സരോജത്തിനു കലശലായ പനിയാണ്. ഇന്നലെ രാത്രി അവൾ എത്ര കഷ്ടപ്പെട്ടാണ് കഴിച്ചുകൂട്ടിയതെന്നു പറവാൻ പ്രയാസമാണ്. ഞാനിന്നലെ കണ്ണിന്റെ പോള കൂട്ടീട്ടില്ല. ഒരു ഡോക്ടരെ വിളിച്ചുകൊണ്ടുവരണം. അല്ലെങ്കിൽ ഇഷ്ടംപോലെ ചെയ്യു. എന്റെ ഭാരം ഞാൻ തീൎത്തു. ആ സ്ത്രീ ഇത്രയും പറഞ്ഞു് ഒന്നു നെടുവീൎപ്പിട്ട് ഗൃഹനായികയുടെ മുഖത്ത് നോക്കിക്കൊണ്ടുനിന്നു.

എന്നാൽ ആ വർത്തമാനം കേട്ട ആർക്ക് അശേഷവും ഒരു 'കലുക്ക'മുണ്ടായില്ല. എന്നുതന്നെയല്ല, അതറിയിച്ചതു തീരെ രസമായില്ലെന്നു നോട്ടംകൊണ്ടു വെളിപ്പെടുത്തുകയും ചെയ്തു. ഈ തറവാട്ടിലേ 'ശവ'ങ്ങളുടെ കാര്യങ്ങൾക്കൊക്കെ ചുമതല വഹിക്കേണ്ടതു ഞാനാണോ? ഈ ദ്രോഹിപ്പെണ്ണുങ്ങൾക്കു ചത്തുപോയപ്പോൾ സ്വന്തം മക്കളേക്കൂടി അങ്ങു കൂടെ കൊണ്ടുപോകായിരുന്നില്ലേ? ഞാൻ 'അദ്ദേഹ'ത്തോടു പറയാൻ പോകയാണ്. സ്വന്തം മരുമക്കളുടെ ചുമതലയെല്ലാം സ്വയംതന്നെ ഏറ്റുകൊള്ളട്ടെ. എനിക്കു വിഷമമാണ്. എന്റെ കുട്ടിയെ ഇനി ഞാനെങ്ങോട്ടു മാററി രക്ഷിക്കേണ്ടു? പനിയാണെങ്കിൽ സർവ്വത്ര പകരുന്നതുമാണ്.

ആ വീട്ടിന്റെ മട്ടു പെട്ടെന്നു ഒന്നു വ്യത്യാസപ്പെട്ടു. എല്ലാവരുടേയും മുഖങ്ങളിൽ അസ്വാസ്ഥ്യസൂചകമായ ഒരു കാളിമാവ് പരന്നു. അതിനുകാരണം ആ പാവപ്പെട്ട പെൺകുട്ടിയുടെ സുഖക്കേടായിരിക്കുമോ? ഒരിക്കലുമല്ല; ആ പകരുന്ന പനിയിൽനിന്നു തങ്ങളെ രക്ഷിക്കുന്നതിലുള്ള ഒരു പരിഭ്രമം എല്ലാവർക്കും കലശലായി കാണപ്പെട്ടു. കുട്ടികളെയെല്ലാം രോഗിമന്ദിരത്തിൽനിന്നു കഴിയുന്നത്ര അകററിത്താമസിപ്പിച്ചു. ഒരു വിധത്തിൽ പോകാതെ കഴിക്കാമായിരുന്നുവെങ്കിൽ മുതിർന്നവരിൽത്തന്നേയും ചിലർ അങ്ങോട്ടു തിരിഞ്ഞുനോക്കുമായിരുന്നില്ല. ഡോക്ടർവന്നു ചികിത്സ നിശ്ചയിച്ചുപോയപ്പോൾ ആ പകർച്ചപ്പനിയിൽ നല്ലവണ്ണം സൂക്ഷിച്ചിരിക്കണമെന്നു എല്ലാവരേയും തെര്യപ്പെടുത്തിയിട്ടുണ്ടായിരുന്നു.

സരോജത്തിന്റെ മൂത്ത മാതുലനായ ഗൃഹനായകൻ 'മുടക്കച്ചുരക്കായി'ത്തീർന്നു തന്റേ മരുമക്കളുടെ നേരേ വളരെ വാത്സല്യമുള്ള ഒരാളാണ്. എന്നാൽ സ്വന്തം 'പരിഗ്രഹ'ത്തിന്റെ കഠിനമായ ശാസനയ്ക്കു കീഴിൽ അമർന്നുവരുന്ന അദ്ദേഹത്തിനു അതു വേണ്ടിടത്തോളം പുറത്തേയ്ക്കു കാണിക്കുവാനുള്ള സന്ദർഭം ചുരുക്കമായേ സിദ്ധിച്ചിരുന്നുള്ളു. അദ്ദേഹം ആഫീസ്സിൽനിന്നു മടങ്ങിവന്നതിനുശേഷം വളരേനേരം സരോജത്തിന്റേ അടുത്തുചെന്നു നോക്കിക്കൊണ്ടിരുന്നു. അവൾക്കപ്പോൾ ആളെ അറിയുന്നതിനുള്ള 'പ്രജ്ഞ'യുണ്ടായിരുന്നില്ല. അവൾ ശയ്യയിൽ അങ്ങോട്ടു

മിങ്ങോട്ടും കിടന്നുരുളുന്നതിന്നിടയിൽ ദീനവും അവ്യക്തവുമായ സ്വരത്തിൽ എന്തോ പുലമ്പിക്കൊണ്ടിരുന്നു. അതെന്തെന്നു മനസ്സിലാക്കുന്നതിനായി മാതുലൻ തലകുനിച്ചു ചെവിയുംകൊടുത്തു് ശ്രദ്ധിച്ചിരുന്നു. സരോജം പിന്നേയും പുലമ്പുന്നു. "പണം, പണം, ആ പണമെവിടേ?" അദ്ദേഹം കീശയിൽനിന്നു നാലഞ്ചു രൂപ്പിക എടുത്തു് 'ഇതാ പണം' എന്നു പറഞ്ഞു്, വിളർത്തു മെലിഞ്ഞ അവളുടെ കയ്യുപിടിച്ചു് അതിൽ വെച്ചുകൊടുത്തു. സരോജമാകട്ടേ, ഉറുപ്പിക കിട്ടിയമാത്രയിൽ കയ്യുവലിച്ചു് മുറുകേ മടക്കിപ്പിടിച്ചുകളഞ്ഞു. അവൾ തെല്ലൊന്നു് ആശ്വാസയായി അല്പനേരം കണ്ണടച്ചു മയങ്ങുകയും ചെയ്തു.

രാത്രി ഒരുകോപ്പ പാലുകൊടുക്കുന്നതിനായി ഫുല്ലബാല അവളുടെ അരികത്തു ചെന്നിരുന്നു. അവൾ പെട്ടെന്നു കിടന്നേടത്തുനിന്നെണീററിരുന്നു്, ഫുല്ലബാലയുടെ കോപ്പപിടിച്ചിരുന്ന കയ്യു് പിടിച്ചുണച്ചു് തൻെറ കയ്യിൽ മുറുകേപ്പിടിച്ചിരുന്ന പണം അതിനകത്തിട്ടുകൊടുത്തു. ഫുല്ലബാല അത്ഭുതപ്പെട്ടു നിൽക്കവേ പിന്നിൽനിന്നിരുന്ന ചാരു ചിരിച്ചുംകൊണ്ടു പറഞ്ഞു:—"സരോജം വലിയ ധർമ്മിഷ്ഠയായിരിക്കണം. അമ്മായി! നിങ്ങൾ വലിയ ഭാഗ്യവതി തന്നേ. ഞാനിവൾക്കു കഷായവും കഞ്ഞിയുമൊക്കേ കൊണ്ടുവന്നു കൊടുക്കുക പതിവുണ്ടെങ്കിലും എനിക്കു പണം തരിക ഉണ്ടായില്ല."

സരോജത്തിന്നു് അധികംനാൾ രോഗത്തിൽപ്പെട്ടു കഷ്ടപ്പെടേണ്ടിവന്നില്ല. അവളുടെ ലഘുവായ ജീവിതനാടകം, ആ രംഗത്തിൽ പത്തുദിവസം അഭിനയിച്ചു കഴിഞ്ഞപ്പോഴെയ്ക്കു് തമോമയമായ തിരശ്ശീല ഝടിതി വീണു കഴിഞ്ഞുപോയി!

നമ്മുടേ കഥാരംഗമായ ഭവനത്തിന്നു് ഏററവും അടുത്തായി ഇലോം വലുതായ ഒരു മൂന്നുനില മാളിക നിലകൊള്ളുന്നുണ്ടു്. അതു് കോളേജുവിദ്യാൎത്ഥികൾ താമസിക്കുന്ന മന്ദിരം (Boarding house) ആയിരുന്നു. അതിനകത്തു് വായിച്ചുംകൊണ്ടിരുന്ന വിദ്യാൎത്ഥികൾ അടുത്തുനിന്നു കേട്ട "ഹരിബോൽ, ഹരിബോൽ" (ബങ്കാളത്തിൽ ആരെങ്കിലും ഒരാൾ മരിച്ചാൽ ശേഷക്കാർ ദുഃഖസൂചകമായി വിലാപിക്കുന്നതിൽ ഉപയോഗിക്കുന്ന ഈശ്വരനാമം) എന്നുള്ള ആൎത്തനാദവും, കരുണമായ മുറ

വിളിയും കൂടിച്ചേൎന്നു ഘോരമായിത്തീൎന്ന ഒരു ശബ്ദത്താൽ പെട്ടെന്ന് പുറത്തുള്ള വരാന്തയിലേയ്ക്കു ആകൃഷ്ടരായി ഓരോരുത്തരും അതെന്തെന്നറിയുന്നതിനായി ഉദ്വേഗത്തോടുകൂടി തിക്കിത്തിരക്കി വരാന്തയുടെ ഇരുമ്പുകമ്പികൾക്കിടയിൽക്കൂടെ തലയിട്ടു നോക്കിത്തുടങ്ങി. അപ്പോൾ അതിൽ ഒരു വിദ്യാൎത്ഥി ഇങ്ങിനേ പറഞ്ഞു:—"കൂട്ടരേ, അയൽവീട്ടിലുണ്ടായിരുന്ന വാതം പിടിച്ച ആ പെണ്ണിനെ നിങ്ങൾ അറിയില്ലേ? അവൾ മരിച്ചുപോയത്രേ! പക്ഷേ, അങ്ങിനെയുള്ള ആളുകൾ വേഗത്തിൽ മരിച്ചുപോവുക തന്നേയാണ് നല്ലത്."

അതുകേട്ട ക്ഷണത്തിൽ കൂട്ടത്തിലുണ്ടായിരുന്ന സുഭഗനായ ഒരു യുവവിദ്യാൎത്ഥി ഇടയിൽക്കൂടേ തിക്കിത്തിരക്കി മുമ്പോട്ടു കടന്നുവന്നു നിന്നു പറഞ്ഞു:—"എന്ത്? ആ പെണ്ണു മരിച്ചുപോയി എന്നോ? ഞാൻ വ്യസനിക്കുന്നു. ഒരിക്കൽ ഒരു പന്തയത്തിൽ ജയം നേടുന്നതിന് ആ സാധു പെൺകിടാവിന്റെ സഹായം എനിക്കു വളരേ അധികം ഉപകരിച്ചിട്ടുണ്ടായിരുന്നു. ഹേ! അന്ന് അവളോടു മേടിച്ച പണം ഇന്നുവരെ ഞാൻ മടക്കിക്കൊടുക്കുകയുണ്ടായില്ല!! ദിവസേന കൊടുക്കണമെന്നു കരുതാറുണ്ടായിരുന്നുവെങ്കിലും എങ്ങിനേയോ തിരിഞ്ഞുമറിഞ്ഞു എനിക്കതു് സാധിച്ചില്ല എന്നേ പറയേണ്ടു. ഏതായാലും അതു് ഇന്നുതന്നെ അവളുടെ വീട്ടിലേയ്ക്കു് എത്തിച്ചു കളയാം."

തൽക്ഷണം സകലരും കൂടി ലഹളകൂട്ടിക്കൊണ്ടു് അയാളെ വളഞ്ഞുകഴിഞ്ഞു. "ഏതു പന്തയം? എന്തു പന്തയം? നിങ്ങൾ അതിൽ എങ്ങിനേ ജയിച്ചു? അവൾ നിങ്ങൾക്കു് സഹായിച്ചതെങ്ങിനേ?" എന്നു് ഉൽക്കണ്ഠയോടുകൂടി അവർ ചോദിച്ചുതുടങ്ങി. യുവാവ് ചിരിച്ചു മറുപടി പറഞ്ഞു:—"ഓ! അത്ര പറയത്തക്കവണ്ണമൊന്നുമില്ല; എങ്കിലും കേൾക്കുവിൻ. ഒരു ദിവസം നമ്മുടെ ഹരൻ വലിയൊരു നിരൂപകനേപ്പോലെ മേലേക്കിടയിൽനിന്നു പറകയാണ്. "ചില നോവലെഴുത്തുകാർ ചവറു പോലെ എഴുതിത്തള്ളിവിടുന്ന ക്ഷുദ്രകൃതികൾക്കു് കയ്യും കണക്കുമില്ലാതായിരിക്കുന്നു. ഏതു നോവൽ എടുത്തു വായിച്ചുനോക്കിയാലും സുമുഖനും ഭാഗ്യവാനും ഇംഗ്ലീഷ്പരീക്ഷാബിരുദധാരിയുമായ ഒരു നായകൻ, ഇംഗ്ലീഷിലും, സംസ്കൃതത്തിലും, നാട്ടു

ഭാഷയിലും, നല്ല വിദുഷിയും സംഗീതം, സാഹിത്യം, തുന്നൽപ്പണി എന്നിവയിൽ തുലോം കുശലയും സൌന്ദൎയ്യസൌശീല്യങ്ങളുടെ കുലഭവനവുമായ ഒരു നായികയെ കണ്ടുമുട്ടുന്ന മാത്രയിൽത്തന്നെ മങ്ങിച്ചെന്നു അവളുടെ അടുക്കെ ശൃംഗാരപ്രാൎത്ഥന ചെയ്യുന്നതും കവിയാൽ ഹഠാദാകൃഷ്ടമായിട്ടുള്ള ഒരത്യാപത്തിൽപ്പെട്ടു കുഴങ്ങുന്ന നായകനെ നായിക തന്റെ ജീവിതസൎവ്വസ്വവും ബലി കഴിച്ചു സംരക്ഷിക്കുന്നതും മററും സുലഭദൎശനങ്ങളായിരിക്കുന്നു. ഇതിൽ യാഥാൎത്ഥ്യത്തിന്റെ ഒരു കണികപോലും ഉണ്ടോ എന്നു നോക്കുക. നോവൽലോകത്തിലുള്ള അത്തരം ആളുകളെപ്പോലെ ഈ ദൃശ്യലോകത്തിലുള്ള നിങ്ങളാരെങ്കിലും ഒരു സുന്ദരിയുടെ സന്നിധിയിൽ മണ്ടിച്ചെന്നു നോക്കുക. അപ്പോൾ കാണാം ആ പൊൻകാപ്പണിക്കൈകളിൽനിന്നു ചൂലുകൊണ്ടോ ചട്ടികൊണ്ടോ ഉള്ള ഏറുവന്നു നിങ്ങളുടെ തലമണ്ടയ്ക്കു വീഴുന്നതു്! അല്ലെങ്കിൽ ലാൽബസാറിലേ പോലീസ്സൈന്യം മുഴുവൻ ഓടി എത്തത്തക്ക വിധത്തിൽ നിങ്ങൾ നിലവിളിക്കൂട്ടത്തക്കവണ്ണമായിരിക്കും അവൾ നിങ്ങളുടെ അടുക്കെ പെരുമാറുക. ഇഷ്ടംപോലെ ഏതെങ്കിലും ഒരു നായികയെ തിരഞ്ഞെടുത്തു്, അവളുടെ സഹായത്താൽ ഒരപകടത്തിൽ നിന്നു മോചിക്കുവാൻ സാധിക്കുന്നതായി നിങ്ങൾക്കാൎക്കെങ്കിലും തെളിയിക്കുവാൻ സാധിക്കുമെങ്കിൽ കാണട്ടെ. ആ ആൾക്കു ഞാൻ ൧൦ ക സമ്മാനംകൊടുക്കുന്നതിന്നുപുറമെ, സ്വന്തം പണം ചിലവാക്കി ബിജൌനാടകക്കമ്പനിക്കാരുടെ രണ്ടുകളി കാണിച്ചുകൊടുക്കുകയും ചെയ്യാം.

ഹരന്റെ വാദകോലാഹലം കേട്ടപ്പോൾ, ഒന്നു പരീക്ഷിച്ചുകളയാമെന്നുറച്ചു ഞാൻ പന്തയമേററു നമ്മുടെ അയൽപക്കത്തു കാണുന്ന ആ വീടുതന്നെ എന്റെ രംഗസ്ഥലമായി നിശ്ചയിച്ചു. ആദിയിൽ വീടിന്റെ സ്ഥിതികളും സ്വഭാവങ്ങളുമൊക്കെ സൂക്ഷിച്ചുനോക്കി മനസ്സിലാക്കി. കുറച്ചുനാൾകൊണ്ടു് ആ ഗൃഹവാസികളുടെ സ്ഥിതികളെപ്പററി കുലങ്കഷമായ ഒരറിവു സമ്പാദിക്കുവാൻ സാധിച്ചു. സ്ത്രീകളും പുരുഷന്മാരും എത്രയുണ്ടെന്നും അവർ എപ്പോഴാണു് പുറത്തേയ്ക്കിറങ്ങുക എന്നും പരിജനങ്ങൾ ഒഴിഞ്ഞിരിക്കുന്നതെപ്പോഴാണെന്നും, നഗരവീഥിയിലേയ്ക്കുള്ള വാതിൽ എപ്പോഴും തുറന്നിരിക്കുമെന്നും എല്ലാം എളുപ്പത്തിൽ മനസ്സിലാക്കി. ഒരുദിവസം, വീട്ടിലെ പുരുഷന്മാരെല്ലാം കാൎയ്യാൎത്ഥമായി പുറത്തേ

യ്ക്കു പോയതും പരിജനങ്ങളാരുമില്ലാതെ വന്നതും എന്റെ വിജയസിദ്ധിക്കു തക്കതായ സൌകൎയ്യം ഉളവാക്കിത്തന്നു. ഞാൻ തരം നോക്കി വീട്ടിന്നകത്തേയ്ക്കു കയറിച്ചെന്നു. എന്റെ വിജയത്തിന്നു പിന്നെ അധികം താമസമുണ്ടായില്ല. നമ്മുടെ ഹരനം നവേന്ദ്രവും പോലീസുകാരുടെ വേഷംധരിച്ചു് അവരുടെ മട്ടിലും സ്വരത്തിലും ചില അധികാരശബ്ദങ്ങളും ശാസനകളും പുറപ്പെടുവിച്ചു് കുറച്ചൊന്നു സഹായിച്ചു. വാസ്തവം പറയുകയാണെങ്കിൽ എനിക്കു കിട്ടിയ നായിക ആ സ്ഥാനത്തിനു് തീരെ അനൎഹയായിരുന്നില്ല. ഞാൻ ചില ജാടകളെല്ലാം എടുത്തുകൂട്ടി അവളെ പറഞ്ഞു പററിച്ചു മൂന്നാണയ്ക്കുള്ള ഒരു പിച്ചളമോതിരം പണയം കൊടുത്തു പണം കയ്ക്കലാക്കി. ആകപ്പാടെ എനിക്കു് ഉറുപ്പിക ഇരുപതോളം കയ്യിൽ കിട്ടി. ഇതാണ് ആ കഥ.”

ആ സാധുപ്പെണ്ണിന്നു ആ പിച്ചള മോതിരം എങ്ങിനേയോ ലോകത്തിലേയ്ക്കുവെച്ചു വളരെ വിലപിടിച്ച ഒന്നായിട്ടാണ് തീൎന്നതു്. ഈ ജാലവിദ്യയുടെ രഹസ്യം സൂക്ഷിച്ചൊളിച്ചുവെച്ചിരുന്ന ആ ഹൃദയം—കഷ്ടം! എന്നന്നേയ്ക്കുമായി നിശ്ശബ്ദനില അടഞ്ഞുംകഴിഞ്ഞു!

ശ്മശാനത്തിലേയ്ക്കു ശവവുംകൊണ്ടുള്ള യാത്ര, ഇടയ്ക്കിടയ്ക്കുണ്ടായിരുന്ന “ഹരിബോൽ, ഹരിബോൽ” എന്നുള്ള ആൎത്തനാദത്താൽ ഏററവും കരുണമയമായ ഒരു കാഴ്ചയായിരുന്നു. വിദ്യാൎത്ഥിവൃന്ദം സ്തോഭത്തോടുകൂടി മൌനാവലംബികളായി കണ്മറയുന്നതുവരേയും ശ്മശാനയാത്ര നോക്കിക്കൊണ്ടുനിന്നു. ഉത്തരക്ഷണത്തിൽ അവരുടെ ശ്രദ്ധ സംഭാഷണത്തിൽത്തന്നേ പതിയുകയും ചെയ്തു.

"ചെറിയമ്മേ!"

[രോഗശയ്യയിൽ കിടക്കുന്ന ജ്യോതീന്ദ്രബാബുവും, അയാളുടെ ചെറിയമ്മ (മാതൃസഹോദരി) യുമാണ് ഇതിലെ പ്രധാന പാത്രങ്ങൾ]

"ചെറിയമ്മേ!"

"ഉറങ്ങാൻ ശ്രമിക്കു. ജ്യോതീന്ദ്ര, രാത്രി അതിക്രമിച്ചിരിക്കുന്നു."

"അതിനു സാരമില്ല. എനിക്കിനി അധികംനാൾ പാർപ്പില്ലല്ലൊ. മണി അവളുടെ അച്ഛന്റെ വീട്ടിൽ പോയിക്കൊള്ളട്ടെ എന്നു വിചാരിക്കുകയായിരുന്നു. അദ്ദേഹം ഇപ്പോൾ എവിടെയാണ്? എനിക്കോർമ്മയില്ല."

"സീതാരാമപുരത്ത്."

"അതേ, അവിടെത്തന്നേ. അവളേ അങ്ങയയ്ക്കണം. ഒരു രോഗിയുടെ അടുത്ത് ഇനിയും അവൾ താമസിക്കേണ്ട. പോരെങ്കിൽ അവൾ ദുർബ്ബലയുമാണല്ലൊ."

"നിന്റെ ഈ കിടപ്പു കണ്ടിട്ട് അവൾ എങ്ങനേ പോകും?"

"അപ്പോൾ വൈദ്യന്മാർ പറഞ്ഞ വിവരം അവളറിഞ്ഞൊ?"

"അതെന്തിന്?അവൾക്കവളുടെ കണ്ണുകൊണ്ടു കണ്ടുകൂടെ? ഇന്നാളൊരിക്കൽ അച്ഛന്റെ അടുത്തു പോകണമെന്നു പറഞ്ഞപ്പോൾ അവൾ കരഞ്ഞു കലശൽ കൂട്ടി—"

ചെറിയമ്മ ഇപ്പോൾ ഈ പറഞ്ഞത് സത്യത്തിനു വിരുദ്ധമായിരുന്നു എന്നു വായനക്കാരോടു പറയാതിരിപ്പാൻ തരമില്ല. ജ്യോതീന്ദ്രന്റെ പത്നിയായ മണിയും ചെറിയമ്മയും തമ്മിൽ നടന്ന സംഭാഷണം താഴേ കാണുന്ന പ്രകാരമായിരുന്നു.

ചെ:—"കുഞ്ഞേ, നിന്റെ അച്ഛന്റെ അടുത്തുനിന്ന് അനാഥൻ വന്നിരുന്നല്ലൊ. അവിടെ വല്ലതും വിശേഷമുണ്ടോ?"

"ഉണ്ട്. അടുത്ത വെള്ളിയാഴ്ച എന്റെ കുഞ്ഞനുജത്തിയുടെ ചോറൂണടിയന്തിരമാണ്. അതുകൊണ്ട് ഞാൻ—"

"അതിനെന്താണ്? കുഞ്ഞിനു സമ്മാനമായി സ്വർണ്ണമാല കൊടുത്തയച്ചുകൂടേ? അമ്മയ്ക്കതു സന്തോഷമായിരിക്കുമല്ലൊ?"

"ഞാൻ പോകണമെന്നുകൂടി വിചാരിക്കുന്നു. ആ കുഞ്ഞിനെ ഞാൻ ഇതുവരേ കണ്ടിട്ടില്ല. കാണാൻ എനിക്കു വലിയ മോഹമുണ്ട്."

"നീ എന്താണിപ്പറയുന്നത്? ജ്യോതീന്ദ്രനെ തനിച്ചാക്കീട്ടു നീ എങ്ങിനെ പോകും? ഡാക്ടർ പറഞ്ഞവിവരം നീ അറിഞ്ഞില്ലേ?"

"പക്ഷെ ഇപ്പോൾ ഭയപ്പെടാനൊന്നുമില്ലെന്നല്ലേ, അദ്ദേഹം അഭിപ്രായപ്പെട്ടത്."

"അഭിപ്രായപ്പെട്ടതെന്തായാലും അവന്റെ സ്ഥിതി നീ കാണുന്നില്ലെ?"

"മൂന്നാൺകുട്ടികൾ കഴിഞ്ഞിട്ട് ഒരു പെൺകുട്ടിയുണ്ടായതാണിത്. എല്ലാവരും വലിയ 'ചെല്ല'മാക്കി വച്ചിരിക്കുകയുമാണ്. അടിയന്തിരം അവരെ കേമമായിരിക്കുമെന്നാണ് പറഞ്ഞതും. ഞാൻ ചെന്നില്ലെങ്കിൽ അമ്മയ്ക്കു വളരെ—"

"അമ്മയുടെ പ്രകൃതം എനിക്കറിഞ്ഞുകൂട. എന്നാൽ ജ്യോതീന്ദ്രനേ ഈ നിലയിൽ കണ്ടുംവച്ച് നീ അങ്ങോട്ടു ചെന്നാൽ നിന്റെ അച്ഛൻ കണക്കിനു ദേഷ്യപ്പെടുമെന്നെനിക്കറിയാം."

"അതിനു കൊച്ചമ്മ ഒന്നു ചെയ്താൽമതി. ഒന്നു കുറിച്ചുതന്നയയ്ക്കൂ. ഇപ്പോൾ കലശലൊന്നും ഇല്ലെന്നും അഥവാ ഞാൻ പോയാലും—"

"അതേ, അതു ശരിയാണ്. നീ പോയാലും വലിയ നഷ്ടമൊന്നും വരാനില്ല. പക്ഷേ ഞാൻ നിന്റെ അച്ഛനെഴുതുകയാണെങ്കിൽ സത്യമെ എഴുതുകയുള്ളു.

"എന്നാൽ കൊച്ചമ്മ എഴുതേണ്ട. ഞാൻ എന്റെ ഭർത്താവിനോടു ചോദിച്ചാൽ അദ്ദേഹം തീർച്ചയായും—"

"കുഞ്ഞെ, ഞാൻ പറയുന്നതു കേൾക്ക്. നീ പ്രവർത്തിക്കാറുള്ളതെല്ലാം ഞാൻ സഹിച്ചുവരുകയാണ്. എന്നാൽ ഇതു നീ

പ്രവൃത്തിക്കുന്നപക്ഷം അതു ഞാൻ ഒരുനിമിഷമെങ്കിലും ക്ഷമിക്കുകയില്ല. നിന്നെ നിൻെറ അച്ഛന് നല്ലപോലെ അറിയാവുന്നതുകൊണ്ട് അദ്ദേഹം നിൻെറ ചതിയിൽ ഉൾപ്പെടുകയുമില്ല."

ഇത്രയും പറഞ്ഞിട്ട് ആ ഗുണവതി അവിടെ നിന്നും പോയി. മണി പിണങ്ങി അവളുടെ മെത്തയിൽ ചെന്നു കമഴ്ന്നു കിടപ്പുമായി. ഈ അവസരത്തിൽ മണിയുടെ ചങ്ങാതിയായ അടുത്ത വീട്ടിലെ ഒരു യുവതി വന്ന്, മണിയുടെ കിടപ്പു കണ്ടു് അതിൻെറ ഹേതുവെന്തെന്നു ചോദിച്ചതിന് "കേൾക്കണേ! എന്തു കഷ്ടമാണിതു്? എൻെറ ഏകസഹോദരിയുടെ അന്നപ്രാശനമാണ് വരുന്നതു്. ഇവർ പറയുന്നതു ഞാൻ പോകേണ്ടാ എന്നാണ്" എന്നാണ് മറുപടിപറഞ്ഞതു്.

ചങ്ങാ:—"നിൻെറ ഭർത്താവ് ഈ കിടപ്പു കിടക്കുമ്പോൾ നീ പോകണമെന്നു വിചാരിക്കുകപോലുമില്ലല്ലൊ."

"ഭർത്താവിനുവേണ്ടി ഞാനൊന്നും ചെയ്യാറില്ല. ചെയ്യണമെന്നു വിചാരിച്ചാൽ സാധിക്കയുമില്ല. ഈ വീട്ടിൽക്കഴിച്ചുകൂട്ടുന്നതുതന്നെ എനിക്ക് അസഹ്യമായ സങ്കടമായിരിക്കുന്നു."

"ആഹാ! നീയൊരസാധാരണ 'പുള്ളി'യാണല്ലൊ."

"എനിക്കു നിങ്ങൾ ചിലരെപ്പോലെ അന്യന്മാരെ ബോധിപ്പിക്കാൻ വേണ്ടി വിഷാദം കൈക്കൊള്ളാനറിഞ്ഞുകൂട."

"ആകട്ടേ, പിന്നെ നിൻെറ ഉദ്ദേശമെന്താണ്?"

"എനിക്കു പോകണം. ആരും മറുത്തു പറയരുത്."

"കഷ്ടം! നീ ഇത്ര തന്നിഷ്ടക്കാരിയോ?!"

മണിയുടെ അസാധാരണമായ ഈ പ്രകൃതിയിൽ കഠിനമായ നീരസത്തോടുകൂടി ആ സ്ത്രീ അവിടെനിന്നും കടന്നുപോയി.

II

വീട്ടിലേയ്ക്കു പോകണമെന്നു സൂചിപ്പിച്ചപ്പോൾത്തന്നെ മണി കരഞ്ഞു കലശൽ കൂട്ടി എന്നു കേട്ട് ജോതിനൻ ആശ്ചര്യത്തോടെ മെത്തയിൽ എഴുന്നേററിരിക്കുകയും തലയിണ സമീപത്തേയ്ക്കു നീക്കി അതിൽ ചാരുകയും ചെയ്തിട്ട് ഇങ്ങനെ പറഞ്ഞു:—"ചെറിയമ്മെ, ഈ ജനൽ കുറച്ചുകൂടി തുറന്നിട്ടു വിളക്കെടുത്തുകൊണ്ടുപോകണം."

പ്രശാന്തമായ നിശ ആത്മാന്തഹീനനായ ഒരു തീൎത്ഥയാത്രക്കാരനെപ്പോലെ നിശ്ശബ്ദനായി ജനലിന്നരികെ നിൽക്കുന്നതുപോലെയും, ലോകാരംഭംമുതൽ നടന്നുവരുന്ന നിരവധി മരണങ്ങൾക്കു സാക്ഷ്യം വഹിക്കുന്ന താരഗണങ്ങൾ തന്നെ സൂക്ഷിച്ചുനോക്കുന്നതു പോലെയും ജ്യോതിന്നു തോന്നി.

ഇരുട്ടിന്റെ പുറകിൽ തന്റെ മണിയുടെ മഞ്ജുളവദനം ചിത്രീകരിച്ചിരിക്കുന്നതും, അതിൽ കാണുന്ന വിരിഞ്ഞ കരിമീൻ കണ്ണുകൾ അശ്രുസമ്പൂൎണ്ണങ്ങളായി ജ്വലിക്കുന്നതും അയാൾ കണ്ടു.

ജോതിനൻ അനങ്ങാതിരിക്കുന്നതുകണ്ട് ഉറങ്ങുകയായിരിക്കാമെന്നു കരുതി ആ സാദ്ധ്വി ആശ്വസിച്ചു. എന്നാൽ പെട്ടെന്ന് അയാൾ എഴുന്നേററിരുന്നു പറഞ്ഞുതുടങ്ങി:—"ചെറിയമ്മെ, നിങ്ങളെല്ലാം വിചാരിച്ചിരുന്നത് മണിക്കു 'തീരെ കഥയില്ലെന്നും' അവൾക്കിവിടെ താമസിക്കുന്നതു വെറുപ്പാണെന്നുമല്ലെ? എന്നാൽ ഇപ്പോൾ—"

"അതെ അപ്പനെ; എന്നാൽ ഇപ്പോൾ എനിക്ക് ആ തെററിദ്ധാരണയെല്ലാം പോയി. ഉരച്ചുനോക്കുമ്പോളല്ലെ മാറററിയുന്നത്?"

"ചെറിയമ്മെ!"

"ഒന്നുറങ്ങാൻ നോക്കരുതെ, ജോതിനാ".

"ഞാൻ ഒന്നാലോചിക്കട്ടെ. എനിക്കു കുറെ സംസാരിക്കാനുണ്ട്. ദേഷ്യപ്പെടല്ലെ!"

"ആകട്ടെ."

"മണിയുടെ മനസ്സ് എന്റെ മനസ്സുമായി ആദ്യം രഞ്ജിച്ചില്ല. എങ്കിലും ഞാനെല്ലാം സഹിച്ചുവന്നു. എന്നാൽ ചെറിയമ്മ—"

"ഇല്ല കുഞ്ഞെ, നീയതു പറയേണ്ടാ. ഞാനും ക്ഷമിച്ചിരുന്നു."

"ഞങ്ങളുടെ ഹൃദയങ്ങൾ കൈകൊണ്ടു വാരിയെടുക്കാവുന്ന മണ്ണാങ്കട്ടയും മററും അല്ല. മണിക്കുതന്നെ അവളുടെ ഹൃദയം അറിഞ്ഞുകൂടെന്നു ഞാൻ ആദ്യം വിചാരിച്ചു. ഒരുദിവസം എന്തോ സംഭ്രമജനകമായ സംഭവമുണ്ടായ—"

"നീ പറയുന്നതു ശരിതന്നെ."

"അതുകൊണ്ട് ഞാന്‍ അവളുടെ സിദ്ധാന്തശീലത്തെ അത്ര ഗണ്യമാക്കിയില്ല."

മാതൃസമാനയായ ആ സാദ്ധ്വി ഒരു നെടുവീര്‍പ്പിനെ അമര്‍ത്തിക്കൊണ്ട് നിശ്ശബ്ദയായിരുന്നു. ഒരിക്കലെന്നല്ല, പലപ്പോഴും ജോതിനന്‍ രാത്രികാലങ്ങളില്‍ കിടക്കമുറിയില്‍പ്പോയി കിടക്കാതെ മഴപെയ്തു ഈറപ്പുമുള്ള വരാന്തയില്‍ കഴിച്ചുകൂട്ടുന്നതു് അവര്‍ കണ്ടിട്ടുണ്ട്. അയാള്‍ക്കു കൂടക്കൂടെ വരാറുള്ള അസഹ്യ തലവേദനനിമിത്തം സങ്കടമനുഭവിച്ചുകൊണ്ടു കിടക്കാറുള്ള വേളകളില്‍ മണി നാടകം കാണാന്‍ പോകുന്നതിനു യാത്ര ഒരുങ്ങുന്നതും ഒന്നോ രണ്ടോ തവണയല്ല അവരുടെ കണ്ണിനു ലാക്കായിട്ടുള്ളതു്. തലവേദന വരുമ്പോള്‍ മണി നെററി ഒന്നു തലോടിയാല്‍ കൊള്ളാമെന്ന് ജോതിനന്‍ എത്രമാത്രം ആഗ്രഹിക്കാറുണ്ടെന്നും അവര്‍ക്കറിയാമായിരുന്നു. ഇത്തരം സന്ദര്‍ഭങ്ങളില്‍ ആ മാതൃസഹോദരി വീശുവാനൊ മററൊ ചെന്നാല്‍ അതിനു സമ്മതിക്കാതേ അവരോടു പൊയ്ക്കൊള്ളാന്‍ പറയുന്ന അവസരത്തില്‍ ജോതിനന്‍ അനുഭവിക്കാറുള്ള മനോവൈക്ലബ്യവും അവര്‍ നിശ്ചയമുണ്ടായിരുന്നു. ജോതിനനോട് "ആ കഥയില്ലാത്ത പെണ്ണുകാണിക്കുന്നതൊന്നും നീ വകവയ്ക്കരുതു്. അവള്‍ക്കു കുറെക്കൂടി ലോകപരിചയം വരാനുണ്ട്" എന്നു പറയണമെന്ന് ചെറിയമ്മ പലപ്പോഴും ആഗ്രഹിച്ചുവെങ്കിലും അയാള്‍ തെററിദ്ധരിച്ചേയ്ക്കുമൊ എന്നു ശങ്കിച്ച് ഒരിയ്ക്കലും പറയുകയുണ്ടായില്ല. ജോതിനന്‍ തന്റെ ഹൃദയക്ഷേത്രത്തില്‍ മണിദേവിയെ പ്രതിഷ്ഠചെയ്തിരുന്നു. രാഗമാകുന്ന മധുവില്‍ തന്റെ ഭാഗം തുളുമ്പിപ്പോയതായ ദുര്‍വ്വിധിയെപ്പററി ചിന്തിക്കാന്‍പോലും ആ സാധു ശക്തനായിരുന്നില്ല. അതുകൊണ്ട് വരലംഭത്തിലുള്ള ആശയെ ത്യജിക്കാതെ പ്രാര്‍ത്ഥനയും പൂജകളും തുടര്‍ന്നുകൊണ്ടിരിക്കുകതന്നെ ചെയ്തു.

വീണ്ടും ജോതിനന്‍ ഉറങ്ങുകയായിരിക്കാമെന്ന് ആ ചെറിയമ്മ വിചാരിച്ചുകൊണ്ടിരിക്കുന്നതിനിടയില്‍ ആയാള്‍ പെട്ടെന്ന് "മണിയോടുകൂടിയുള്ള എന്റെ ദാമ്പത്യജീവിതത്തില്‍ എനിക്കു സുഖമില്ലെന്നു കരുതി നിങ്ങള്‍ അവളോടു നീരസപ്പെട്ടിരിക്കുന്ന വസ്തുത എനിക്കറിയാം. എന്നാല്‍ ചെറിയമ്മെ, സൌഖ്യം ആ

കാണുന്ന നക്ഷത്രങ്ങളെപ്പോലെയാണ്. അവ അന്ധകാരത്തെ പൂൎണ്ണമായി നീക്കുന്നില്ല. ഇരുട്ടടഞ്ഞ ഇടകൾ ധാരാളമുണ്ട്. ജീവിതത്തിൽ നാം അബദ്ധങ്ങൾ പ്രവൎത്തിക്കുകയും മൂഢവിശ്വാസങ്ങൾ വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവെങ്കിലും, സത്യം തെളിഞ്ഞുപ്രകാശിക്കുന്നതിനു ധാരാളം ഇടകൾ ഉണ്ട്. ഈ രാത്രിയിൽ എന്റെ ഹൃദയത്തിൽ നിറഞ്ഞു തുളുമ്പുന്ന ഈ ആനന്ദം എവിടെനിന്നു വന്നതാണെന്ന് എനിക്കു നിശ്ചയമില്ല.

ചെറിയമ്മ ജോതിനന്റെ നെററിയിൽ വാത്സല്യസമേതം ഒന്നു തലോടി. അവരുടെ കണ്ണിൽനിന്നും ഒഴുകുന്ന അശ്രുക്കൾ ഇരുട്ടിൽ അയാൾ കണ്ടില്ല.

"ചെറിയമ്മെ, അവൾക്കെത്ര ചെറുപ്പമാണ്. ഞാൻ പോയാൽ അവൾ ഭൎത്തൃരഹിതയായി കഴിച്ചു കൂട്ടുന്ന കാൎയ്യം ഞാൻ ഓൎക്കുകയായിരുന്നു—"

"ചെറുപ്പമൊ ജോതിനാ! അവൾക്കു പ്രാപ്തിയായില്ലെ? എന്റെ ജീവനാഥൻ എന്നെ പിരിഞ്ഞപ്പോൾ എനിക്കും ചെറുപ്പമായിരുന്നു. ബാഹ്യമായിപ്പിരിഞ്ഞ അദ്ദേഹം എന്റെ ഹൃദയത്തിൽ എന്നേയ്ക്കുമായി സ്ഥിരവാസം ചെയ്യുകയത്രെ ചെയ്യുന്നതു്. അതൊരു നഷ്ടമായി എനിക്കു തോന്നുന്നില്ല. അതിനും പുറമെ ആനന്ദം അത്രകണ്ട് ആവശ്യമായ ഒന്നാണൊ?"

"ചെറിയമ്മെ മണിയുടെ മനസ്സ് ഉണരാൻ ഭാവിക്കുമ്പോളാണ് ഞാൻ..............."

"അതിനെപ്പററി വിഷാദിക്കരുതു് കുഞ്ഞേ! അവളുടെ മനസ്സ് ഉണരുകയാണെങ്കിൽ അതു പോരെ?"

ഇതു കേട്ടപ്പോൾ താൻ പണ്ട് ഒരു ഗ്രാമീണഭിക്ഷു പാടിക്കേട്ടിട്ടുള്ള പാട്ടിന്റെ ചിലഭാഗം ജോതിനന്റെ ഓൎമ്മയിൽപ്പെട്ടു. അതിപ്രകാരമാണ്:—

"എന്നുടെഹൃദയത്തിലാവാസമുറപ്പിച്ച
ധന്യനെൻകവാടത്തിനാരികേ വന്നനേരം
ഹാ ജഡഹൃദയമേ! നീയുണൎന്നതുമില്ല
കേവലം വിവേകവിഹീനനായുള്ളോരു നീ

പിന്നെയൊ? പ്രേമത്തിനപാത്രമായീട്ടും പുമാ-
നെൻടെപടികടന്നീട്ടന്ന കാലൊച്ചയിൽ
നീയുണൎന്നല്ലൊ! ഹാഹാ! ഘോരാന്ധകാരത്തിൽ നീ-
യാവശ്യമില്ലാതുള്ള വേളയിൽത്താനുണൎന്നു!"

"ചെറിയമ്മേ, ഇപ്പോഠം നേരമെന്തായി?"
"ഒൻപതുമണിയായിരിക്കണം."

"അത്രേ ആയുള്ളോ? എന്തു്? ഞാൻ വിചാരിച്ചതു രണ്ടു മണിയൊ മൂന്നമണിയൊ മററൊ കഴിഞ്ഞിരിക്കുമെന്നല്ലെ? എന്റെ അൎദ്ധരാത്രി സന്ധ്യാരംഭത്തിലാണു് തുടങ്ങുന്നതു്. പിന്നെ ഞാൻ ഉറങ്ങാൻ ഇത്ര ധൃതിയെന്താണു്?"

"ഇന്നലെ രാത്രിമുഴുവൻ വൎത്തമാനം പറഞ്ഞുകൊണ്ടിരുന്നു് ഉറക്കമൊഴിഞ്ഞതു് ഓൎമ്മയില്ലെ? അതുകൊണ്ടു് ഇന്നു നേരത്തെ ഉറങ്ങണം."

"മണി ഉറക്കമോയൊ?"

"ഉറങ്ങുകയൊ? അവഠം നിനക്കു സൂപ്പു തയാറാക്കുകയത്രെ."

"അതായിരിക്കുമൊ! അവഠക്കതു പരിചയമില്ലായിരുന്നല്ലൊ ചെറിയമ്മെ?"

"തീൎച്ചയായും അവളല്ലെ നിന്റെ മരുന്നുകളും മററും ശരിയാക്കുന്നതു്?"

"ഞാൻ വിചാരിച്ചതു് മണിക്കു പാചകവിദ്യ................"

"ഒരു സ്ത്രീക്കു് അത്തരം കാൎയ്യങ്ങഠം പഠിക്കുവാൻ അധികകാലം വേണ്ടിവരുകയില്ല. ആവശ്യം നേരിടുമ്പോഠം തന്നെത്താൻ വശമായിക്കൊള്ളും."

"ഞാൻ രാവിലെ കഴിച്ച മീൻ സൂപ്പിന്റെ രുചികൊണ്ടു്, അതു് ചെറിയമ്മ പാകപ്പെടുത്തിയതാണെന്നല്ലേ ഞാൻ വിചാരിച്ചതു്?

"നിനക്കു വേണ്ട കാൎയ്യങ്ങഠം ഞാൻ നടത്തുവാൻ മണി സമ്മതിക്കുമെന്നു കരുതുന്നൊ? നിന്റെ മുണ്ടുകളും മററും അടിച്ചുനനയ്ക്കുന്നതു് അവഠം തന്നെയാണു്. ശുചികേടായി യാതൊന്നും കി

കേരള സാഹിത്യ അക്കാദമി

ടക്കുന്നതു് നിനക്കിഷ്ടമല്ലെന്നു് അവൾക്കറിയാം. നീ ഇരിക്കുന്ന മുറി ചെന്നു നോക്കുമ്പോളറിയാം അവളെത്ര വൃത്തിയായിട്ടതിനെ വച്ചിരിക്കുന്നു എന്നു്. നിന്റെ ഈ രോഗശയ്യയുടെ സമീപം അവളെ ശുശ്രൂഷിക്കാനാക്കിയെങ്കിൽ കാണാമായിരുന്നു അവളുടെ പാടവം. അതാണിപ്പോളവളുടെ ആവശ്യം."

"അപ്പോൾ മണിയുടെ ശരീരസ്ഥിതി............................"

"ഡാക്ടറന്മാരുടെ അഭിപ്രായം അവൾ കൂടക്കൂടെ ഈ മുറിയിൽ വരരുതെന്നാണ്. അവൾ വളരെ മൃദുമാനസയാണ്."

"ചെറിയമ്മെ, നിങ്ങളെങ്ങനെയാണ് അവളുടെ ഇങ്ങോട്ടുള്ള വരവിനെ വിഘ്നാതപ്പെടുത്തുന്നതു്?"

"അതൊ, അവൾ എന്റെ ഉപദേശത്തെ അക്ഷരംപ്രതി അനുഷ്ഠിക്കും. നിന്റെ അപ്പോളപ്പോളത്തെ സ്ഥിതി ഞാൻ അവളെ അറിയിക്കുകയും വേണം."

നക്ഷത്രജാലങ്ങൾ ആകാശദേശത്തു്, അശ്രുബിന്ദുക്കൾ പോലെ വിളങ്ങി. പിരിയാറായ തന്റെ ആത്മാവിനു് കൃതജ്ഞതാപൂർവ്വം അയാൾ തല കുമ്പിടുകയും, ക്രൂരിരുട്ടിൽ മരണപിശാച് അതിന്റെ വലത്തുകൈ തന്റെ നേരെ നീട്ടിയപ്പോൾ വിശ്വാസത്തോടുകൂടി അതിനെ ഗ്രഹിക്കുകയും ചെയ്തു.

ദീർഘമായി ഒന്നു നിശ്വസിച്ചിട്ടു് ജോതിനൻ അല്പം അക്ഷമനടിച്ചിങ്ങനെ പറഞ്ഞു:—"ചെറിയമ്മെ! മണി ഉറക്കമായിട്ടില്ലെങ്കിൽ—ഏതാനും നിമിഷത്തേയ്ക്കുമാത്രം......................"

"ആകട്ടെ. ഞാൻ പോയി അവളെ വിളിച്ചുകൊണ്ടു വരാം."

"ഞാൻ അവളെ നിറുത്തിത്താമസിപ്പിക്കുകയില്ല. വിശേഷാലൊരു കാര്യം പറയാനാണ്. അതഞ്ചുനിമിഷത്തിനുള്ളിൽ പറഞ്ഞുതീർക്കാം."

ഒരു നെടുവീർപ്പോടുകൂടി ചെറിയമ്മ മണിയെ വിളിക്കാനായിപ്പോയി. ജോതിനന്റെ നാഡി പിടയ്ക്കുവാൻ തുടങ്ങി. തന്റെ പ്രേയസിയുമായി ഒരിക്കലെങ്കിലും സൈ്വരസല്ലാപം ചെയ്യാൻ സാധിക്കാത്തതിനെപ്പററി അയാൾ ആലോചിച്ചു. വിരുദ്ധമായി കൂട്ടിയിണക്കിയിട്ടുള്ള രണ്ടു സംഗീതോപകരണങ്ങൾ കൊണ്ടു്

ശരിയായി ഗാനംചെയ്യാൻ സാധിക്കുന്നില്ലല്ലൊ. മണി അവളുടെ സമവയസ്കകളായ ചങ്ങാതികളുമായി സോല്ലാസം സംസാരിക്കുന്നതും ചിരിക്കുന്നതും കേട്ട് ആ സാധുവിനു കൂടക്കൂടെ കലശലായ അസൂയ തോന്നീട്ടുണ്ട്. ഇക്കാര്യത്തിലും ജ്യോതിനൻ തന്നെത്തന്നെയാണ് കുററപ്പെടുത്താറുള്ളത്. അവരെപ്പോലെ നമ്മസാഭാഷണം ചെയ്യാൻ തനിക്കെന്തുകൊണ്ടു വശമായിരുന്നില്ല? അയാൾക്കതിനു ശേഷിക്കുറവുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ അയാടെ യുവസ്നേഹിതന്മാരുമായി വിവിധവിഷയങ്ങളെ പുരസ്കരിച്ച് അയാൾ സരസമായി സംഭാഷണം ചെയ്യാറുണ്ടായിരുന്നു. അഥവാ പുരുഷന്മാരെ രസിപ്പിക്കുന്ന മാതിരിയുള്ള സംഭാഷണം സ്ത്രീകൾക്കു രുചിക്കയില്ലായിരിക്കും. തത്വശാസ്ത്രസംബന്ധമായ ഒരു വിഷയത്തെപ്പററിയാണെങ്കിൽ ശ്രോതാക്കളാരുമില്ലെങ്കിൽ തന്നെത്താൻ ആത്മഗതം ചെയ്യാം. പക്ഷെ ചില്ലറക്കാര്യങ്ങളെപ്പററി വർത്തമാനം പറയുന്നതിനു രണ്ടുപേരെങ്കിലും ആവശ്യമാണ്.

സായാഹ്നവേളകളിൽ വെളിയിലുള്ള വരാന്തയിൽ മണിയുമൊന്നിച്ചിരിക്കാറുള്ളപ്പോൾ അവളോട് വല്ലതും സംസാരിച്ചാൽ കൊള്ളാമെന്ന് എത്ര വളരെ പ്രാവശ്യം ജ്യോതിനൻ ആഗ്രഹിച്ചിട്ടുണ്ട്. ഇതറിഞ്ഞു് സന്ധ്യയുടെ നിശ്ശബ്ദതയ്ക്കുപോലും ലജ്ജ തോന്നീട്ടുണ്ട്. തൻെറ സമീപത്തുനിന്നും കടന്നുകളയുവാൻ മണിയ്ക്കു ധൃതിയായിരിക്കുമെന്നു ജ്യോതിനനറിയാമായിരിക്കും. ഇങ്ങനെയിരിക്കുമ്പോൾ മൂന്നാമതായി ഒരാൾ അവിടെ വന്നാൽ കൊള്ളാമെന്ന് ജ്യോതിനൻ ആഗ്രഹിക്കാറുണ്ട്. തമ്മിൽ സംസാരിക്കാൻ തരമില്ലാത്ത രണ്ടുപേരുടെ അടുത്തു മൂന്നാമതായി ഒരാൾ വന്നാൽ കുറെ ഭേദമുണ്ടല്ലൊ.

തൻെറ ഹൃദയേശ്വരി അവിടെ വരുമ്പോൾ പറയേണ്ടതെന്താണെന്നതിനെപ്പററി ജ്യോതിനൻ ആലോചിക്കാൻ തുടങ്ങി. പക്ഷെ അത്തരം കൃത്രിമമായ സംഭാഷണം അയാളെ തൃപ്തിപ്പെടുത്തുകയില്ല. ഇന്നത്തെ രാത്രിയിലെ അഞ്ചുനിമിഷം വൃഥാകളയേണ്ടിവരുമോ എന്നയാൾ ഭയപ്പെടുകയാണ്. എങ്കിലും നമ്മസംഭാഷണം ചെയ്യാനും മററും ഇനി ഏതാനും നിമിഷങ്ങളെ ഉള്ളുവല്ലൊ.

III

"കുഞ്ഞെ, ഇതെന്തു്? നീയെങ്ങും പോകുകയല്ലല്ലൊ?"

"അതെ. ഞാൻ സീതാരാമപുരത്തേയ്ക്കു പോകുന്നു."

"നീ പറയുന്നതിൻെറ സാരമെന്തു്? നിന്നെക്കൊണ്ടുപോകുന്നതാരാണു്?

"അനാഥൻ."

"അയ്യൊ! ഇന്നു പോകരുതു്. ഇനി ഒരുദിവസമാകട്ടെ."

"പക്ഷെ തീവണ്ടിയിൽ പ്രത്യേക മുറിയെല്ലാം ഏൎപ്പാടു ചെയ്തുകഴിഞ്ഞല്ലൊ."

"അതുകൊണ്ടെന്തു്? അതു സഹിക്കാവുന്ന നഷ്ടമല്ലെ. നാളെ രാവിലെ പോകുകയും ചെയ്യാം."

"ചെറിയമ്മെ, ഞാൻ ഈ ദുരിതത്തിൽ കിടക്കണമെന്നു വിചാരിക്കുന്നില്ല. ഇന്നു തന്നെപ്പോയാലെന്തു്?

"ജോതിനന്ദ് നിന്നോടു ചിലതു സംസാരിക്കാനുണ്ടെന്നു പറഞ്ഞു."

"ഇനിയും കുറച്ചുകൂടി സമയമുണ്ടല്ലൊ. ഞാൻ പോയി കണ്ടുകളയാം."

"നീ പോകുന്ന വിവരം അവിടെ പറയരുതു്."

"പറയാതിരിക്കാം. എന്നാൽ അവിടെ അധികം സമയം നിൽക്കുവാൻ എനിക്കു തരമില്ല. നാളെ എൻെറ കൊച്ചനുജത്തിയുടെ അന്നപ്രാശനമാകയാൽ ഇന്നുതന്നെ എനിക്കു പോകണം."

"എൻെറ മകളല്ലെ? ഞാൻ പറയുന്നതു കേൾക്കു. കുറച്ചുനേരത്തേയ്ക്കു നീ സമാധാനത്തോടുകൂടി അവൻെറ സമീപം ഇരിക്കണം. നിൻെറ ഈ ധൃതിയൊന്നും അവൻ കാണരുതു്."

"ഞാനെന്തുവേണം? തീവണ്ടി എനിക്കുവേണ്ടി നില്ക്കുമോ. പത്തുമിനിട്ടിനകം അനാഥൻ തിരിയെ വരും. അതുവരെ അവിടെ ഇരിക്കാം."

"ഛെ, അതു പോര. ഈ മനസ്ഥിതിയോടുകൂടി നീ അവൻെറ സമീപത്തു ചെല്ലാൻ ഞാൻ സമ്മതിക്കുകയില്ല. നീയെ

ന്തൊരു മൂധേവി! നീ ദണ്ഡിപ്പിക്കുന്ന ആ സാധു ഇഹലോകവാസം വെടിയാറായി! എന്നാൽ ഞാൻ പറയുന്നു! ഇന്നത്തെ കാര്യം നിൻെറ അവസാനദിവസംവരെ നിനിക്കിരുന്നൊണ്ണുന്നതിനു പര്യാപ്തമായിട്ടുള്ളതാണ്! സർവ്വശക്തനും സർവ്വസാക്ഷിയുമായി ഈശ്വരൻ എന്ന് ഒരാളുണ്ടെന്നു നിനക്കു ക്രമേണ മനസ്സിലാക്കാനും കഴിയും!!"

"അയ്യൊ! ചെറിയമ്മെ, എന്താണെന്നെ ഇത്ര നിർദ്ദയമായി ശപിക്കുന്നതു്?"

"എൻെറ പൊന്നോമനപ്പുത്രാ! എൻെറ വത്സാ! നീ ജീവിച്ചിരുന്നാൽത്തന്നെ എന്തു ഫലം? ഈ മഹാപാപത്തിനു അവസാനമില്ല, എന്തു വരികിലും എനിക്കതു തടുക്കാൻ ശേഷിയുണ്ടൊ?"

കുറേക്കൂടി കഴിഞ്ഞതിൻെറ ശേഷം ജോതിനൻ ഉറങ്ങിയിരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ചെറിയമ്മ അയാളുടെ സമീപത്തേയ്ക്കു ചെന്നു. എന്നാൽ അവർ ചെന്നപ്പോൾ അയാൾ കിടക്കയിൽനിന്നും തിരിഞ്ഞു കിടക്കുന്നതുകണ്ടു് ഇങ്ങനെ പറഞ്ഞു:— "അവൾ ചെയ്യുന്നതെന്തെന്നു കണ്ടൊ?"

"എന്തു പററി. മണി വന്നില്ലെ. ചെറിയമ്മ ഇത്ര വൈകിയതെന്തു്?"

"ഞാൻ ചെന്നപ്പോൾ അവൾ അസഹ്യമായ വേദനയോടുകൂടി കരയുകയായിരുന്നു. അതിനു കാരണം നിനക്കു സൂപ്പിനുള്ള പാൽ വററിപ്പോയതാണത്രെ. പാൽ ഇവിടെ ധാരാളം ഉള്ളതു കൊണ്ടു് വ്യസനിപ്പാനില്ലെന്നു പറഞ്ഞു ഞാൻ അവളെ സമാധാനപ്പെടുത്താൻ നോക്കി. നിനക്കു സൂപ്പു തയാറാക്കുന്ന വിഷയത്തിൽ അവൾക്കിത്ര അശ്രദ്ധ നേരിട്ടല്ലൊ എന്നും പറഞ്ഞാണവൾ കരയുന്നതു്. വളരെ പണിപ്പെട്ടതിൻെറ ഫലമായി അവളെ ഒരു വിധത്തിൽ സമാധാനപ്പെടുത്തി ഉറക്കി. ഇന്നു ഞാൻ അവളെ വിളിച്ചില്ല. പാവം കിടന്നുറങ്ങിക്കൊള്ളട്ടേ."

മണിയുടെ വരവു കാണാത്തതിനാൽ നിരാശയ്ക്കു വശംവദനായെങ്കിലും അയാൾക്കു കുറെ ആശ്വാസം തോന്നി. മണി തൻെറ സമീപത്തു വന്നു നില്ക്കുന്നതു തൻെറ ഹൃദയത്തിൽ സ്മരി

തിചെയ്യുന്ന അവളുടെ വിഗ്രഹത്തേ ക്ഷോഭിപ്പിക്കുമെന്നയാൾ ക്കറിയാമായിരുന്നു. അത്തരം കാര്യങ്ങൾ അതിനുമുമ്പു സംഭവിച്ചിട്ടുണ്ടായിരുന്നു. തനിക്കുവേണ്ടി കാച്ചിയ പാൽ വററിപ്പോയതുകൊണ്ട് അവൾ സങ്കടപ്പെടുന്നു എന്നു കേട്ടപ്പോൾത്തന്നെ അയാൾക്ക് അളവില്ലാത്ത ആനന്ദം ഉളവായി.

"ചെറിയമ്മേ!"

"എന്താണ് മകനേ?"

"എന്റെ ദിവസങ്ങൾ അവസാനിച്ചപക്ഷിലായി എന്നെനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. എന്നാൽ എനിക്കു ലവലേശം മനഃക്ലേശമില്ല. എന്നെക്കരുതി വിഷാദിക്കരുതേ!"

"പൊന്നുമകനെ, ഞാനങ്ങനെ ചെയ്യുകയില്ല. ജീവിതം ആശാസ്യവും, മരണം അനാശാസ്യവും ആണെന്നു വിശ്വസിക്കുന്നകൂട്ടത്തിലല്ല ഞാൻ."

"ചെറിയമ്മേ, മരണം മനോജ്ഞമായിട്ടെനിക്കു തോന്നുന്നു. ഞാൻ യഥാൎത്ഥമായിപ്പറയുകയാണ്."

കാർമേഘങ്ങളാൽ ആവൃതമായിരുന്ന ആകാശദേശത്തെ അവലോകനം ചെയ്തുകൊണ്ടിരുന്ന ആ ഹതഭാഗ്യവാൻ മരണരൂപത്തിൽ തന്നേ സമീപിക്കുന്നതു മണിയാണെന്നുദ്ദേശിച്ചു. എന്നും നിലനില്ക്കുന്ന യൌവനമാണ് അവൾക്കുള്ളതെന്നും താരഗണങ്ങൾ അവളുടെ വാർക്കുന്തലിനെ അലങ്കരിക്കാനായി ഭൂമീദേവിയാൽ പ്രദാനം ചെയ്യപ്പെട്ട പുഷ്പങ്ങളാണെന്നും അയാൾ ഉൽപ്രേക്ഷിച്ചു. താൻ തന്റെ പ്രേയസിയെ മൂടുപടത്തിനിടയിൽക്കൂടി വിവാഹമുഹൂർത്തത്തിൽ ആദ്യമായിക്കണ്ടതുപോലെ ഇപ്പോഴും കാണുന്നതായി അയാൾക്കു തോന്നി. മണിയുടെ നീലോല്പലനയനങ്ങളിൽ നിന്നും ഒഴുകുന്ന സ്നേഹപ്രവാഹം കൊണ്ട് രാത്രി പരിപൂൎണ്ണമായതായിട്ട് അയാൾ സങ്കല്പിച്ചു. തന്റെ ഹൃദയനായികയായ മണി—മുഗ്ദ്ധയായ ആ പെൺകുട്ടി—ലോകനായികയായി മാറിയതായും, അവൾ നക്ഷത്രങ്ങളുടെ ഇടയിൽ ഒരു പീഠത്തിൽ—ജീവിതത്തിന്റെയും മരണത്തിന്റെയും സന്ധിയിൽ സ്ഥിതിചെയ്യുന്നതായും അയാൾ കണ്ടു. ആ സാധു കൂപ്പിയ

കൈകളോടു കൂടി തന്നൊത്താൻ ഇങ്ങനേ പറഞ്ഞു:—"ആവൂ! അവസാനത്തിൽ ആ തിരശ്ശീല നീക്കുകയും അതിനെ കുരിരുട്ടിൽ നിക്ഷേപിക്കുകയും ചെയ്തല്ലോ. ഹാ! മോഹനാംഗി, സദാപി നീ ആരുടെ ഹൃദയത്തെ വ്രണപ്പെടുത്തിക്കൊണ്ടിരുന്നുവൊ അവൻ ഇനി നിന്നാൽ പരിത്യജിക്കപ്പെടുകയില്ല!"

IV

"ചെറിയമ്മേ, ഞാൻ വേദനയനുഭവിക്കുന്നു. എന്നാൽ നിങ്ങൾ ഉദ്ദേശിക്കുന്നിടത്തോളമില്ല. വേദന എൻെറ ജീവിതത്തിൽനിന്നു വേർപെടുന്നതായി എനിക്കു തോന്നുന്നു. ഒരു കെട്ടുവള്ളം ഒരിടത്തു പാശത്താൽ ബന്ധിക്കപ്പെട്ടിരുന്നാലത്തെപ്പോലെ എന്നിൽ വേദന സ്ഥിതിചെയ്യുകയായിരുന്നു. എന്നാൽ പെട്ടെന്നു് ആ കയറിനെ മുറിച്ചുകളഞ്ഞാൽ വള്ളം ഏതുപ്രകാരം അകലുമൊ അതുപോലെ വേദന എന്നിൽ നിന്നും അകലുന്നു. ഇപ്പോഴും എനിക്കതു കാണാമെങ്കിലും എന്നിൽ അതു സ്ഥിതിചെയ്യുന്നില്ല. അതിരിക്കട്ടെ. ചെറിയമ്മേ, കഴിഞ്ഞ രണ്ടുദിവസമായിട്ടു ഞാൻ മണിയെ ഒന്നു കണ്ടില്ലല്ലൊ."

"കുഞ്ഞേ, നിനക്കു വേറൊരു തലയിണകൊണ്ടുവരട്ടയൊ?"

"ചെറിയമ്മേ, സങ്കടം വഹിച്ചിരുന്ന ആ വള്ളം വിട്ടുപോയതുപോലെ മണിയും എന്നെ വിട്ടുപോയെന്നു എനിക്കു തോന്നുന്നു."

"ഈ മധുരദ്രവം കുറെ കുടിക്കു കുഞ്ഞെ, നിൻെറ തൊണ്ട ഉണങ്ങിയിരിക്കുമല്ലോ."

"ഇന്നലെ ഞാൻ എൻെറ മരണപത്രം എഴുതിയതു ചെറിയമ്മയേ കാണിച്ചോ? എനിക്കോർമ്മയില്ല."

"ജോതിനാ, അതെന്നെ കാണിക്കേണ്ട ആവശ്യമുണ്ടോ?"

"അമ്മ മരിച്ചപ്പോൾ എനിക്കു യാതൊന്നുമില്ലായിരുന്നു. ചെറിയമ്മയല്ലെ എന്നെ രക്ഷിച്ചു വളർത്തിയതു അതുകൊണ്ടു്—"

"അതിനെന്താ ജോതിനാ എനിക്കീ വീടും കുറച്ചു വസ്തുക്കളും മാത്രമെ ഉണ്ടായിരുന്നുള്ളുവല്ലൊ. ബാക്കിയുള്ളതെല്ലാം നീ സമ്പാദിച്ചതല്ലെ?"

"മണിക്കു ചെറിയമ്മയോട് യഥാൎത്ഥപ്രതിപത്തിയുണ്ടെന്ന് എനിക്കു നിശ്ചയമുണ്ട്."

"അതെനിക്കു അറിയാം. ആട്ടെ. ഇനിയെങ്കിലും ഉറങ്ങാൻ ശ്രമിക്കു."

"എന്റെ സൎവ്വസ്വത്തുക്കളും ഞാൻ മണിയ്ക്കു് ഇഷ്ടദാനമായി എഴുതിക്കൊടുത്തു എങ്കിലും യഥാൎത്ഥത്തിൽ അവ ചെറിയമ്മയുടെ വകയായിരിക്കും. അവൾ ഒരിക്കലും ചെറിയമ്മയെ അനാദരിക്കുമെന്നു കരുതേണ്ട."

"മകനേ! നീ അതിനേ ക്കേപ്പററി എന്തിനു ക്ലേശിക്കുന്നു?"

"എന്റേ സൎവ്വസ്വത്തിനും വേണ്ടി ഞാൻ അവിടേയ്ക്കു കടപ്പെട്ടിരിക്കുകയാണ്. മരണപത്രം കാണുമ്പോൾ ഒരു നിമിഷത്തേയ്ക്കെങ്കിലും—"

മകനേ, നീയെന്തൊക്കെയാണീപ്പറയുന്നതു്? നിന്റേ സ്വന്തസമ്പാദ്യം നീ മണിക്കു കൊടുത്തതിനേപ്പററി ഞാൻ ഒരു നിമിഷത്തേയ്ക്കെങ്കിലും കുണ്ഠിതപ്പെടുന്നതെന്തിന്? ഞാൻ അത്ര നിന്ദ്യയാണെന്നോ നിന്റേ ഉദ്ദേശം?"

"എന്നാൽ ചെറിയമ്മയ്ക്കും——"

"കേട്ടോ ജോതിനാ, ഇനി ഞാൻ ദേഷ്യപ്പെടുമോ. നീ എന്നേ പണം കൊണ്ട് സമാധാനപ്പെടുത്താൻ ശ്രമിക്കണ്ടല്ലോ."

"എന്റെ ചെറിയമ്മേ, അവിടേയ്ക്കു് പണത്തേക്കാൾ വിലയുള്ള വല്ലതും തന്നാൽ കൊള്ളാമെന്നു ഞാൻ എത്രയാഗ്രഹിക്കുന്നു?"

"അതു നീ തന്നുകഴിഞ്ഞു മകനേ. വേണ്ടതിലധികം ശൂന്യമായിരുന്ന എന്റേ ഭവനം നിന്റെ അധിവാസം കൊണ്ടല്ലേ ആനന്ദപൂൎണ്ണമായതു്. അഭിലഷണീയമായ ആ മഹാപുണ്യം ഞാൻ കഴിഞ്ഞ പല ജന്മങ്ങളിലായി നേടിയതായിരിക്കണം. നിന്റേ സഹവാസംകൊണ്ട്,—മേലാൽ അതെനിക്കു ലഭ്യമല്ലാതിരുന്നാലും സന്താപമുളവാകാതിരിക്കത്തക്കവണ്ണം—അത്രമാത്രം സംതൃപ്തിയുണ്ടായിട്ടുണ്ട്. നിന്റേ വകയെല്ലാം—വീടും, പണവും,

വണ്ടിയും, വസ്തുക്കളുമെല്ലാം—മണിക്കു കൊടുത്തുകൊള്ളുക. ആ ഭാരങ്ങളൊന്നും എനിക്കു വഹിക്കാൻ വഹിയാ".

"അതെ, ജീവിതത്തിലെ സുഖാനുഭവങ്ങളിലുള്ള ആസക്തി ചെറിയമ്മയ്ക്കു നശിച്ചിരിക്കുന്നു എന്നെനിക്കറിയാം. പക്ഷേ മണിക്കെന്തു ചെറുപ്പം! അവരു—"

"അരുത്. നീയതു് പറഞ്ഞുകൂടാ. നിൻേറ സ്വത്തെല്ലാം അവൾക്കു കൊടുക്കുന്നതു ശരിതന്നെ. എന്നാൽ സുഖാനുഭവത്തെപ്പററി—"

"ചെറിയമ്മേ, അവരു സുഖിച്ചുകൊള്ളട്ടെ. അതുകൊണ്ടെന്തു തരക്കേടാണുള്ളതു്?"

"ഒരിക്കലും മേലാ. അവളുടെ തൊണ്ട വരണ്ടു് അതു പൊടിയും ചാരവും പോലെ ആയിപ്പോകും."

ജോതിനൻ കുറേ നേരത്തേയ്ക്കു നിശ്ശബ്ദനായി നിന്നു. ചെറിയമ്മ പറഞ്ഞതു തെററാ ശരിയോ എന്നും, ആ വിധത്തിലായാൽ സങ്കടത്തിനാണോ അവകാശമെന്നും, തൻേറ അഭാവത്താൽ മണിക്കു ലോകം നീരസപ്രദമായിരിക്കുമോ എന്നും അയാൾക്കു തീച്ചയാക്കാൻ കഴിഞ്ഞില്ല. താരഗണങ്ങൾ ഹൃദയത്തിൽ ഇപ്രകാരം മന്ത്രിക്കുന്നതായിത്തോന്നി. "അതു് യഥാത്ഥമത്രെ. അനേകായിരം വർഷങ്ങളായി ഇത്തരം കാഴ്ചകൾ കണ്ടുകൊണ്ടിരിക്കുന്ന ഞങ്ങൾ സുഖാനുഭവത്തിനുള്ള ഈ ഒരുക്കങ്ങൾ വൃഥാവിലുള്ളതാണെന്നു അറിയുന്നവരാണ്."

ഒരു ദീഘശ്വാസം ചെയ്തിട്ടു് ജോതിനൻ പറഞ്ഞു:—"കൊടുക്കേണ്ടതു കൊടുക്കാതെ ഇട്ടുംവച്ചു പോകുന്നതു നമുക്കു യോജിച്ചതല്ല."

"ഓമന മകനെ, നീ കൊടുക്കുന്നതു ചില്ലറയൊ? കൊടുക്കുന്നതിൻേറ വില മനസ്സിലാക്കാനുള്ള ശക്തി അവൾക്കു പ്രദാനം ചെയ്യണമെ എന്നേ എനിക്കു ദൈവത്തോടു പ്രാത്ഥനയുള്ളു."

"എനിക്കു വല്ലാത്ത ദാഹം. ആ മധുരദ്രവം കുറേക്കൂടിത്തരു. മണി ഇന്നലെ എൻേറ അടുത്തു വന്നിരുന്നൊ?"

"വന്നിരുന്നു. നീ അപ്പോൾ ഉറക്കമായിരുന്നു. അവൾ നിന്റെ തലക്കൽ ഇരുന്നു വളരെ നേരം നിന്നെ വീശി. അതിന്റെ ശേഷം നിന്റെ മുണ്ടുകൾ അടിച്ചു നനയ്ക്കാനായിട്ടാണ് പോയതു്."

"എന്താശ്ചര്യം! മണി എന്റെ മുറിയിൽ കടക്കാൻ ഭാവിച്ച സന്ദർഭത്തിൽ ഞാൻ സ്വപ്നദർശനം ചെയ്യുകയായിരുന്നു. കതക് അല്പം തുറന്നിരുന്നു. അവൾ അതു തള്ളിത്തുറക്കാൻ ശ്രമിച്ചെങ്കിലും മുഴുവൻ തുറന്നില്ല—പക്ഷെ ചെറിയമ്മ കാര്യത്തിൽ നിന്നും വളരെ അകന്നുപോകുന്നു. ഞാൻ മരിക്കുന്നതു കാണാൻ അവളെ അനുവദിക്കണം. അല്ലെങ്കിൽ മരണാനന്തരം അവൾക്ക് അതു് എത്രയും അസഹ്യമായിരിക്കും."

"അപ്പനെ ഞാൻ ഈ കമ്പിളികൊണ്ട് നിന്റെ കാലു മൂടട്ടെ. അവ തണുത്തിരിക്കുന്നല്ലൊ."

"വേണ്ടാ. എന്റെ മീതെ ഒന്നും ഇടുന്നതെനിക്കിഷ്ടമല്ല."

"ഈ കമ്പിളി നിനക്കായി മണി നിർമ്മിച്ചതാണ്. അവൾ ഉറങ്ങുകയാണെന്നു നാം വിചാരിക്കാറുള്ള സമയത്തു് ചെയ്തുതീർത്താണിതു്. ഇന്നലെയാണിതു മുഴുവനായതു്."

ആ ആസന്നമരണൻ കമ്പിളിയെടുത്തു് അതു കൈകൊണ്ടു് വാത്സല്യസമേതം സ്പർശിച്ചു. മണിയുടെ മോഹനകളേബരത്തിനുള്ള മിനുപ്പ് കമ്പിളിക്കും ഉണ്ടെന്ന് അയാൾ തീർച്ചയാക്കി. അനുരാഗപരവശമായ അവളുടെ വിചാരങ്ങൾ പല രാത്രികൾ കൊണ്ടു് നിർമ്മിച്ചതാണ് അതു് എന്നു ആ സാധു വ്യാഖ്യാനിച്ചു. കമ്പിളികൊണ്ടു മാത്രമല്ല അവളുടെ സ്പർശംകൊണ്ടു കൂടിയാണത്രെ അതു നിർമ്മിതമായിരുന്നതു്. അതുകൊണ്ടു് ചെറിയമ്മ ആ കമ്പിളികൊണ്ടു് ജോതിനന്റെ കാൽ മൂടിയപ്പോൾ, അതു് മണി അവളുടെ മൃദുവായ കരതലംകൊണ്ടു് തന്റെ ക്ഷീണിച്ച കാൽ തലോടുന്നതിനു തുല്യമാണെന്നയാൾ സങ്കല്പിച്ചു.

"ചെറിയമ്മേ, മണിക്കീ കമ്പിളിവേല വശമില്ലായിരുന്നെല്ലോ. അവൾക്കതിഷ്ടവുമായിരുന്നില്ല."

"ഒരു സംഗതി പഠിക്കുവാൻ അത്ര അധികം സമയം വേണ്ടിവരികയില്ല. അതത്ര ശരിയായിട്ടുമില്ല."

"അത്ര ശരിയാകേണ്ടല്ലോ. നാം ഇതു് പാരീസിൽ നടക്കുന്ന പ്രദശ്ത്തിനോ മറ്റോ അയയ്ക്കുന്നുണ്ടോ? ഭംഗിയായില്ലെങ്കിലും അതു് എന്റെ കാലിനു സുഖം കൊടുക്കുന്നുണ്ടല്ലോ."

മണി പ്രയാസപ്പെട്ടും എന്നാൽ ക്ഷമയോടുകൂടിയും പല രാത്രികളിലായി കമ്പിളിവേല ചെയ്യുന്നതിന്റെ ചിത്രം ജോതിനന്റെ മനോദർപ്പണത്തിൽ പ്രതിഫലിച്ചുകണ്ടു. ഹാ! ആ കാഴ്ച എത്ര മധുരവും ഹൃദയാർദ്രവുമായിരുന്നു! വീണ്ടും അയാൾ ആ കമ്പിളിയേ വാത്സല്യസമേതം തലോടി.

"ചെറിയമ്മേ! ഡാക്ടർ താഴെ വന്നിരിക്കുന്നോ?"

"അതേ, അദ്ദേഹം ഇന്നുരാത്രി ഇവിടെ താമസിക്കുകയാണ്."

"എന്നാൽ അയാളോടു പറയൂ ഉറങ്ങാനുള്ള മരുന്നു തന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ലെന്നു്. ആ മരുന്നു് എനിക്കാശ്വാസം തരുന്നില്ലെന്നു മാത്രമല്ല വേദന അധികമാക്കുകകൂടി ചെയ്യുന്നു. ഞാൻ ശരിയായി ഉണർന്നിരിക്കട്ടേ. ചെറിയമ്മേ, എന്റെ വിവാഹം നടന്നതു് വൈശാഖമാസത്തിലുള്ള വെളുത്ത വാവിൻനാൾ രാത്രിയിലാണെന്നവിടേയ്ക്കറിയാമോ? നാളെയാണ് ആ ദിവസം. അതുകൊണ്ടു് അന്നത്തെ നക്ഷത്രങ്ങൾ തന്നെയായിരിക്കും നാളെയും ആകാശത്തിൽ പ്രകാശിക്കുന്നതു്. മണി ആ കാര്യം പക്ഷേ മറന്നിരിക്കാം. അവളേ അതിനോർമ്മിപ്പിക്കണമെന്നു് ഞാൻ വിചാരിക്കുന്നു. അവളേ ഇങ്ങു വിളിക്കൂ. രണ്ടു നിമിഷത്തേയ്ക്കു മതി............"

"എന്താണ് മിണ്ടാതെ നിൽക്കുന്നതു്? ഞാൻ ക്രമത്തിലധികം ക്ഷീണിച്ചിരിക്കുന്നതുകൊണ്ടു് ക്ഷോഭജനകമായ എന്തെങ്കിലും സംഭവിച്ചാൽ........എന്നു് ഡാക്ടർ പറഞ്ഞിരിക്കാം അല്ലേ? എന്നാൽ ഞാൻ പരമാത്ഥം പറയട്ടേ. ഇന്നു രാത്രി എനിക്കു് മണിയുമായി ഏതാനും നിമിഷം സ്വൈരമായി സംസാരിക്കുന്നതിനു സാധിച്ചാൽ പിന്നെ ഉറങ്ങുന്നതിനുള്ള മരുന്നോ യാതൊന്നും ആവശ്യമില്ല. അങ്ങനെ കരയാതിരിക്കൂ ചെറിയമ്മേ! എനിക്കു യാതൊരു സുഖക്കേടുമില്ല. ജീവിതദശയിൽ ഇതിനുമുമ്പുണ്ടായിട്ടില്ലാത്ത വിധത്തിൽ എന്റെ ഹൃദയം സന്തോഷപരവശമായിരി

കുന്നു. അതിനാലാണത്രെ ഞാൻ എന്റെ മണിയെക്കാണാനാഗ്രഹിക്കുന്നതു്. അയ്യോ! ചെറിയമ്മ നിലവിളിക്കുകയോ! ഇതെനിക്കു സഹിക്കാൻ ശക്തിയില്ല. ഇതുവരെ ലവലേശം മനസ്താപം പ്രകടിപ്പിക്കാതിരുന്ന ചെറിയമ്മ ഇന്നിത്ര സങ്കടപ്പെടുന്നതെന്താണ്?"

"എന്റെ മകനെ! ഞാൻ കരുതിയിരുന്നതു് എന്റെ അശ്രുക്കളെല്ലാം ഞാൻ വാർത്തുകഴിഞ്ഞിരിക്കുന്നു എന്നാണ്. എന്നാൽ അവ ഇനിയും ഉണ്ടു് എന്നിപ്പോൾ വെളിവായിരിക്കുന്നു. ഇനി ഒരു നിമിഷത്തേയ്ക്കുപോലും എനിക്കിതു സഹിച്ചുകൂടാ."

"മണിയെ വിളിക്കു. ഞങ്ങളുടെ വിവാഹരാത്രി—നാളെ—അവൾ.................."

"ഓ ഞാനതിനിതാ പോകുന്നു. ശംഭു വാതിൽക്കൽ നില്ക്കും. എന്തിനെങ്കിലും ആവശ്യമുണ്ടെങ്കിൽ അവനെ വിളിക്കു."

ആ ശുദ്ധമനസ്വിനി മണിയുടെ കിടക്കമുറിയിൽ പോയി വെറും നിലത്തിരുന്നു് ഇങ്ങനെ വിലപിച്ചു. "അയ്യൊ! ഒന്നു വരിക. ഹൃദയമെന്നൊന്നില്ലാത്ത മഹാപാപി! തന്റെ സർവ്വസ്വവും നിനക്കു സമർപ്പിച്ചിട്ടുള്ളവന്റെ ഒടുവിലത്തെ അപേക്ഷയെങ്കിലും നീ ഉപേക്ഷിക്കാതിരിക്കുക. മരിക്കാറായ അവനെ നീ കൊല്ലുകകൂടിച്ചെയ്യരുതു്!"

അടുത്തു കാലൊച്ചകേട്ടു് ജ്യോതിനൻ 'മണി' എന്നു വിളിച്ചുകൊണ്ടു് പെട്ടെന്നെഴുന്നേററു.

"ശംഭുവാണ്. അങ്ങെന്നെയാണൊ വിളിച്ചതു്?"

"നിന്റെ സ്വാമിനിയോടു വരാൻ പറയൂ."

"ആരോടു്?"

"നിന്റെ സ്വാമിനിയോടെ—"

"അവർ ഇതേവരെ തിരിയെ വന്നില്ലല്ലൊ."

"തിരിയെ വരുകയൊ? എവിടെ നിന്നു്?"

"സീതാരാമപുരത്തുനിന്നു്."

"അവൾ പോയതെപ്പോളാണ്?"

"മൂന്നുദിവസമായി പോയിട്ടു്."

ഒരുനിമിഷത്തേയ്ക്കു് ആ ശുദ്ധാത്മാവിന്റെ ദേഹം മരവിച്ചപോലെയും തല കറങ്ങുന്നതുപോലെയും തോന്നി. അയാൾ ചാരിക്കിടന്ന തലയിണയിൽനിന്നും എഴുന്നേററു് കാലിൽ ഇട്ടിരുന്ന കമ്പളി ചവുട്ടി ദൂരെ എറിഞ്ഞു.

ചെറിയമ്മ കുറെ കൂടുതൽ താമസിച്ചിട്ടാണു് വന്നതു്. വന്നപ്പോൾ ജോതിനൻ മണിയുടെ പേർ സൂചിപ്പിക്കപോലും ചെയ്തില്ല.

അടുത്ത നിമിഷത്തിൽ അയാൾ ഇങ്ങനെ വിളിച്ചുപറഞ്ഞു:— "ഇന്നലെ രാത്രി ഞാൻ കണ്ട സ്വപ്നത്തെപ്പററി പറകയുണ്ടായോ?"

"ഏതു സ്വപ്നം?"

"മണി കതകു തുറക്കാൻ പണിപ്പെട്ടുവെന്നും എന്നിട്ടതൊരിക്കലും ഒരംഗുലത്തിൽ കൂടുതൽ അകന്നില്ലെന്നും മററുമുള്ളതു. അകത്തു കടക്കാൻ നിവൃത്തിയില്ലാതെ അവൾ പുറത്തുനിന്നു. ഇനി അവസാനംവരെ അവൾ എന്റെ മുറിയുടെ പുറത്തുനിൽക്കണമെന്നെനിക്കറിയാം."

ചെറിയമ്മ മൌനാവലംബിനിയായി നിന്നതേയുള്ളു. അസത്യംകൊണ്ടു് താൻ ജോതിനനായി നിർമ്മിച്ച സ്വർഗ്ഗം ഒടുവിൽ ഇടിഞ്ഞു തകർന്നു വീഴുകയാണുണ്ടായതെന്നു് ആ സാധ്വി കണ്ടു. സങ്കടം വരുമ്പോൾ അതിനു കീഴടങ്ങുകയത്രേ ഉത്തമം! ദൈവശിക്ഷയിൽനിന്നും രക്ഷ പ്രാപിപ്പാൻ തുനിയുന്നതു് എത്ര വ്യർത്ഥം!

"എന്റെ ചെറിയമ്മേ! അവിടേയ്ക്കു് എന്നിൽ ഉണ്ടായിട്ടുള്ള വാത്സല്യം എന്റെ ജന്മാന്തരങ്ങളിൽക്കൂടി നിലനില്ക്കും. ആ സ്നേഹം ഞാൻ കൂടെ കൊണ്ടുപോകാനായി എന്റെ ആത്മാവിൽ നിറച്ചിരിക്കുന്നു. വരുന്ന ജന്മത്തിൽ എന്റെ മകളായിട്ടു ജനിക്കുന്ന—അതെനിക്കറിയാം—ചെറിയമ്മയെ ഞാൻ എങ്ങനെ ലാളിക്കുമെന്നോ?"

"എന്തു പറയുന്നു കുഞ്ഞേ? ഇനിയും ഞാൻ ഒരു സ്ത്രീയായി ജനിക്കുമെന്നോ? ഞാൻ നിന്റെ മകനായിജ്ജനിക്കണമെന്നു് പ്രാർത്ഥിച്ചുകൂടെ?"

"പോരാ, മകനായാൽ പോരാ! ചെറിയമ്മ ബാല്യമായിരുന്നപ്പോൾ ഉണ്ടായിരുന്ന അനന്യസാധാരണമായ സൌന്ദര്യധോരണിയോടുകൂടി എന്റെ ഗൃഹത്തിൽ ജാതയാകണം. ഹാ! അന്ന് ഞാൻ ആ വിദ്യുല്ലതാംഗിയെ ഏതു വിധത്തിലാണ് വസ്ത്രവിഭൂഷിതയാക്കേണ്ടതെന്നിപ്പോഴെ ആലോചിക്കുകയാണ്."

"ഇത്രയധികം സംസാരിക്കാതിരിക്കണം. ജോതിനാ, ഉറങ്ങണ്ടെ."

"ഞാൻ എന്റെ മകൾക്ക് 'ലക്ഷ്മി' എന്നു പേരിടും."

"പരിഷ്കാരമില്ലാത്ത ഒരു പഴയ പേരോ!"

"അതിനെന്താ; അവിടന്നെന്റെ പഴയ ചെറിയമ്മയല്ലേ? എന്റെ ഗൃഹത്തിൽ മനോഹരമായ ആ പഴയ രീതിയിൽ ആഗതയാകൂ."

"നശിച്ച ഒരു പെണ്ണായിജ്ജനിച്ച് നിന്റെ കുടുംബത്തിന് ഒരു ഭാരമായിത്തീരാൻ ഞാനാശിക്കുന്നില്ല."

"ഞാൻ ക്ഷീണിച്ചു പോയെന്നു കരുതി ചെറിയമ്മ എന്നെ സ്വസ്ഥചിത്തനാക്കാൻ ശ്രമിക്കയായിരിക്കാം."

"എന്റെ കുഞ്ഞേ, ഞാനൊരബലയാണ്. ഞാൻ നിന്നെ എല്ലാത്തരം സങ്കടങ്ങളിൽ നിന്നും രക്ഷിക്കാനായി ശ്രമിച്ചു. പക്ഷേ എന്തു പ്രയോജനം?—"

"എന്റെ ചെറിയമ്മേ, എന്റെ ചുരുങ്ങിയ ജീവിതത്തിനിടയിൽ ഞാൻ പഠിച്ചിട്ടുള്ള പാഠങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിന് എനിക്കവസരം കിട്ടീട്ടില്ല. അത് അടുത്ത ജന്മത്തിലേയ്ക്കു വച്ചിരിക്കുകയാണ്. അപ്പോൾ ഒരു പുരുഷന് എന്തുചെയ്യാൻ സാധിക്കുമെന്നു ഞാൻ കാണിച്ചുതരാം. സദാ തൻകാര്യത്തിനു മാത്രം വേണ്ടി പ്രയത്നിക്കുന്നതു് എത്ര മിഥ്യാഭ്രമമാണെന്ന് ഞാൻ മനസ്സിലാക്കി."

"വത്സനായ പുത്രാ, നീ എന്തുപറഞ്ഞാലും ഒരിക്കലും സ്വാർത്ഥപരമായ ജീവിതമല്ല നീ നയിച്ചിട്ടുള്ളതു്. കഴിയുന്നതും പരാർത്ഥമായിട്ടാണ് നീ ജീവിച്ചിട്ടുള്ളതു്."

"പക്ഷെ ഒരു കാര്യത്തിൽ എനിക്കു വീരവാദം പറയാം. എന്റെ നല്ലകാലത്തു് ഞാൻ അന്യന്മാക്കൊരു കഠോരനായിരി

ക്കുകയൊ, അന്യന്മാരിൽ എൻെറ അവകാശങ്ങൾ ബലംകൊണ്ട് പ്രയോഗിക്കുകയൊ ചെയ്തിട്ടില്ല. അസത്യം എന്നെ തൃപ്തിപ്പെട്ടത്താഞ്ഞതിനാൽ എനിക്കു കുറെ അധികം കാത്തിരിക്കേണ്ടിവന്നു. അഥവാ ഒടുവിൽ പരമാത്മം എന്നിൽ പ്രസാദിച്ചേയ്ക്കാം. ആരാണാ വന്നത് ചെറിയമ്മേ."

"എവിടെ! അവിടെ ആരുമില്ല."

"അടുത്ത മുറിയിൽ പോയി നോക്കു! —അവിടെ—"

"ഇല്ല മകനെ! അവിടേയും ആരുമില്ല."

"എന്നാൽ—ഞാനാരേയോ—"

"ഇല്ല. മിണ്ടാതിരിക്കു. ഇതാ ഡാക്ടർ വരുന്നു."

ഡാക്ടർ:— നോക്കു, നിങ്ങൾ രോഗിയുടെ സമീപത്ത് എപ്പോഴും ഇങ്ങിനെ ഇരിക്കരുത്. പോയി ഉറങ്ങിക്കൊള്ളു. എൻെറ കൂടെയുള്ള അസിസ്റ്റൻറ് ഇവിടെ ഇരുന്നുകൊള്ളും."

ജോ:—"വേണ്ടാ, ചെറിയമ്മ പോകാൻ ഞാൻ സമ്മതിക്കയില്ല."

"ആകട്ടെ എന്നാൽ ഞാൻ ആ മൂലയിൽ ഇരിയ്ക്കാം."

"അതൊന്നും വേണ്ട. എന്നെ തൊട്ടുകൊണ്ടിരിക്കണം. എൻെറ അവസാനശ്വാസംവരെ ഞാൻ എൻെറ ചെറിയമ്മയുടെ കൈ വിടുകയില്ല. അവിടത്തെ കൈകൊണ്ട് ഞാൻ വളൎക്കപ്പെട്ടു. അതേ കൈയിൽ നിന്നു തന്നേ വേണം ഞാൻ ദൈവത്താൽ അപഹരിക്കപ്പെടുവാനും!"

ഡാക്ടർ:—"എന്നാൽ നിങ്ങൾ അവിടെ ഇരുന്നുകൊള്ളു. പക്ഷെ ജോതീന്ദ്രബാബു! നിങ്ങൾ അവരോട് സംസാരിക്കാതിരിക്കണം. ആ മരുന്നു കുടിക്കേണ്ട സമയമായി."

"എനിക്കു മരുന്നുകുടിക്കാനുള്ള സമയമൊ? ശിവ ശിവ! എന്തു വിഡ്ഢിത്തം! ആ സമയമെല്ലാം കഴിഞ്ഞില്ലെ? ഇനിയും മരുന്നുകുടിക്കണമെന്നു പറയുന്നത് എന്നെ കബളിപ്പിക്കുകയാണ്. മാത്രമല്ല, എനിക്കു മരണത്തിൽ ഭയവുമില്ല. ചെറിയമ്മേ, മരണം അതിൻെറ പ്രവൃത്തിനടത്തുമ്പോൾ ഒരു ഡാക്ടർ അതിനു പ്രതിബന്ധമാകയൊ? ഡാക്ടരെ പറഞ്ഞയയ്ക്കു! ഇവിടെ ചെറി

യമ്മമാത്രം മതി. വേറെ ആരും വേണ്ട. ഒരുത്തരും ആവശ്യമി ല്ല. ഇനിയും കളിപ്പിക്കേണ്ട."

ഡാ:—"ഞാനൊരു ഡാക്കരാണു്. രോഗിയായ നിങ്ങൾ ഇ ങ്ങനെ സംസാരിക്കരുതെന്നു ഞാൻ ബലമായി ശഠിക്കുന്നു."

"എന്നാൽ പോക്രു ഡാക്കർ!—എന്നെ ഇനി ഉപദ്രവിക്കരു തു് — ചെറിയമ്മേ, അയാൾ പോയോ—കൊള്ളാം—ഇനി എ ന്റെ തലയെടുത്തു് അവിടത്തെ മടിയിൽ വയ്ക്കൂ."

"അങ്ങനെയാകട്ടെ മകനെ. ഓമനമകൻ ഒന്നുറങ്ങാൻ നോക്കൂ?"

"അരുതു്, ചെറിയമ്മേ എന്നോടുറങ്ങാൻ പറയരുതു്. ഞാൻ ഉറങ്ങിയാൽപ്പിന്നെ ഒരിക്കലും ഉണരുകയില്ല. കുറേനേരംകൂ ടി ഉണർന്നിരുന്നാൽ കൊള്ളാമെന്നുണ്ടു്. അതാ ഒരൊച്ചകേൾക്കു ന്നു. ആരോ വരുന്നല്ലോ!"

V

"മകനേ ജ്യോതീന്ദ്രാ, കണ്ണൊന്നു തുറക്കൂ. അവൾ വന്നിരി ക്കുന്നു. ഇതു നോക്കൂ!"

"ആ—രു വന്നു? സ്വപ്നമോ?"

"സ്വപ്നമല്ല..മണി അവളുടെ അച്ഛനൊരുമിച്ചു വന്നിരി ക്കുന്നു കുഞ്ഞേ."

"അതാരു?"

"കണ്ടുകൂടെ? നിന്റെ മണിയല്ലെ അതു്!"

"മണിയോ? ആ കതകു തുറന്നോ?"

"അതേ, അതു മലർത്തി തുറന്നിട്ടിരിക്കുന്നു".

"ഇല്ല ചെറിയമ്മേ! ആ കമ്പിളിയല്ല. കമ്പിളി അതല്ല! ആ കമ്പിളി ഒരു ചതിവാണ്."

"ജ്യോതീന്ദ്രാ! അതൊരു കമ്പിളിയല്ല. നമ്മുടെ മണി. അവൾ നിന്റെ കാൽക്കൽ വീണിരിക്കുകയാണ്. നീ കൈ അവളുടെ ശിരസ്സിൽ വച്ചു് അവളെ അനുഗ്രഹിക്കു..........കരയാതിരിക്കു മണി! അതിനിനിയും സമയമുണ്ടല്ലോ. കുറച്ചു നേരത്തേയ്ക്കു ആശ്വസിക്കൂ!"

അന്വേഷണം.

I

ഏററവും അടുത്തായി തൊട്ടുനില്ക്കുന്ന രണ്ടു കെട്ടിടങ്ങൾ കണ്ടുവോ? പുറമേ നിന്നു നോക്കിയാൽ അവ രണ്ടും ഏകരൂപങ്ങളായി തോന്നിയേയ്ക്കാമെങ്കിലും വാസ്തവത്തിൽ അവയ്ക്കു് ഐകരൂപ്യം നന്നു കുറവാണു്. അവയുടെ ഉടമസ്ഥന്മാർ സകല സംഗതികളിലും അത്യന്തഭിന്നമായ സ്വഭാവത്തോടുകൂടിയവരാകുന്നു. ഒന്നാമത്തേ വീട്ടിൽ താമസിക്കുന്ന വിപിനൻ എന്ന ആൾ നല്ലൊരു പണക്കാരനാണു്. അതിനൊപ്പം ഒരു കക്ശസ്വഭാവക്കാരനുമാണു്. രണ്ടാമത്തേ വീട്ടിന്റെ ഉടമസ്ഥൻ എന്ന പേരുമാത്രം പറയാവുന്ന ആൾ ഹേമേന്ദ്രലാലനാകുന്നു. വീട്ടിൽ ഇരിക്കുമ്പോൾ പരിഗ്രഹത്തിന്റേയും, ജോലിസ്ഥലത്തു ചെല്ലുമ്പോൾ മേലധികാരിയുടേയും മേൽനോട്ടങ്ങളിൽ വൎത്തിച്ചുവരുന്ന ഒരു മനുഷ്യനാണു് ഹേമേന്ദ്രൻ. പണത്തേപ്പററിയടത്തോളം പറഞ്ഞുവരുമ്പോൾ, വരവിൽ കവിഞ്ഞു ചിലവുചെയ്യുക എന്ന കലാവിദ്യയിൽ അയാൾക്കുള്ള അസാധാരണയായ നൈപുണിയേപ്പററി ഒരാൾക്കും വിസ്മരിച്ചുപോവാൻ നിവൃത്തിയില്ല. ഇപ്രകാരം അന്യോന്യവിരുദ്ധമായുള്ള സ്വഭാവത്തോടുകൂടിയവരായ ആ അയൽവാസികൾ രണ്ടുപേരും തമ്മിൽ അത്ര വളരേ ആപ്തമിത്രങ്ങളായിത്തീൎന്നതിന്റെ പരമരഹസ്യം നാളതുവരേയും അറിയപ്പെട്ടിട്ടില്ലാത്ത ഒന്നായിട്ടാണിരിക്കുന്നതു്. കാരണരഹിതങ്ങളാണെന്നു സ്ഥൂലദൃഷ്ടിയ്ക്കു തോന്നിയേയ്ക്കാവുന്നവയായി ലോകത്തിൽ മററനേകം കൂട്ടങ്ങളുള്ളതുപോലെ ഒന്നാണു് ഇതും എന്നു പറഞ്ഞു്, മെല്ലെ ഇതിൽ നിന്നു ഒഴിഞ്ഞുപോകുവാനേ ഇതെഴുതുന്ന ആൾക്കു കഴിവുള്ളു. ഒന്നു പറയാം: അവൎക്കു അന്യോന്യമുള്ള മൈത്രീബന്ധം മേൽക്കുമേൽ ദൃഢതരമായിട്ടാണു വന്നതു്.

ഒരേ സമയത്തു തന്നേ അവരിരുവരുടേയും ഭവനങ്ങളിൽ മൃത്യു തന്റെ മുറയനുസരിച്ചു കരം പിരിവിന്നായി കടന്നുചെന്നു. മൃത്യുഗ്രസ്തനായ ഹേമേന്ദ്രലാലൻ അനാഥരായ തന്റെ പത്നിയേയും ചെറുകുട്ടിയേയും സുഹൃത്തമനായ വിപിനനെ ഭരമേല്പി

ച്ചുംവെച്ചാണ് അന്തിമശ്വാസത്തെ വിട്ടതു്. ഹേമേന്ദ്രലാലൻ മരിച്ച ദിവസം രാത്രിതന്നെ വിപിനൻെറ ഭാൎയ്യയും ജീവിതയാത്രയിൽ നിന്ന വിരമിച്ചു. മിത്രവ്യസനവും ഭാൎയ്യാവിയോഗവും ഒന്നിച്ചു ചേൎന്നുണ്ടാക്കിയ ഉൽക്കടതരമായ ഉദ്വേഗത്താൽ ദുസ്തരമായ ഒരു മരുഭൂമിയിലേയ്ക്കു് എടുത്തെറിയപ്പെട്ടിരിക്കുന്ന തൻെറ ജീവിതത്തേ, തിരിയേ കൊണ്ടുവന്നു മുൻനിലയിൽ നിൎത്തുന്നതിനായി പാടുപെട്ടുംകൊണ്ടു വിപിനൻ തനിയേ ഇരുട്ടത്തു വളരേ നേരം ചിന്താമഗ്നനായി സ്ഥിതിചെയ്തു. ആ അത്യാപത്തിൽ അയൽവീട്ടുകാരാണ് അമ്മയില്ലാതായിത്തീൎന്ന അയാളുടെ ചെറുകുട്ടിയുടെ മേൽ ദൃഷ്ടിവെച്ചിരുന്നതു്. നവവൈധവ്യത്താലുള്ള ദുസ്സഹമായ ദുഃഖത്തിൻെറ പ്രഹരമേററു വിവശയായിത്തീൎന്ന സുഹൃത്തിൻെറ പത്നി അടുത്ത മുറിയിൽ ഇരുന്ന് കരുണകരുണമായിച്ചെയ്ത വിലാപം സൂചിപോലെ വിപിനൻെറ കൎണ്ണപുടങ്ങളെ വേധനം ചെയ്തുകൊണ്ടിരുന്നു.

ഹേമേന്ദ്രലാലൻ, തൻെറ ഗൃഹസ്ഥജീവിതത്തിൽ വല്ലതുമൊന്നു സമ്പാദിച്ചിട്ടുണ്ടെങ്കിൽ അതു കുറേ കടം മാത്രമാണ്. വിപിനൻ ആ കടമെല്ലാം വേഗത്തിൽ കൊടുത്തുതീൎക്കുകയും, ഹേമേന്ദ്രൻെറ ഭാൎയ്യയേയും കുട്ടിയേയും സ്വഗൃഹത്തിൽ കൊണ്ടുവന്നു താമസിപ്പിക്കുകയും ചെയ്തു. വീട്ടുപണി 'ഡിപ്പാൎട്ടുമെൻറി'ൻെറ ഭരണത്തിനായി വിധവയായ വിപിനൻെറ മൂത്ത സോദരി ഉടനേ വന്നുചേൎന്നു 'ചാൎജ്ജു' കയ്യേററിരുന്നു. ആ സ്ത്രീയുടെ അഭിപ്രായവും ഈ ഏൎപ്പാടും തമ്മിൽ തീരെ പൊരുത്തം ഉണ്ടായിരുന്നില്ല. ആ അനിഷ്ടത്തിൻെറ ആചരണം നിമിത്തം ഉദിച്ചതായ വിരോധത്തെ വെളിപ്പെടുത്തുന്നതിനു തക്കതായ ഒരവസരം കിട്ടായ്കയാൽ അവർ നിരാശരായിത്തന്നേ ദിവസം കഴിച്ചുകൂട്ടി.

വിപിനൻെറ ഏകസന്താനമായ അജയൻ എന്ന ബാലൻ ഇതുവരേയും ഏകാന്തവും സന്തോഷഹീനവുമായ ഒരു ജീവിതരീതിയേയാണ് ശീലിച്ചിട്ടുള്ളതു്. തൻെറ മകനു സാഹചൎയ്യം സ്വീകരിക്കുന്നതിന്ന് അനുരൂപനായിട്ടുള്ള ഒരേ ഒരൊററ ആരം അടുത്തുള്ള വൃദ്ധനായ 'ആശാൻ' ആണെന്ന് അജയൻെറ അച്ഛൻ എങ്ങിനേയോ ധരിച്ചുകളഞ്ഞു. ബാലയായ സുലത

ആ ഭവനത്തിലേ മണിമയവേദികളെ നിത്യപല്ലവിതങ്ങളാക്കി ത്തുടങ്ങിയതോടുകൂടി അജയൻെറ മൂകമായിരുന്ന ജീവിതവീണ ക്രമേണ രണനംചെയ്യുവാൻ മുതിൎന്നു. ഭംഗഭീതികൂടാതേ അജയൻ സുലതയുടെ സഖ്യം സമ്പാദിച്ചു തുടങ്ങി. അജയനു് ഒമ്പതു വയസ്സും സുലതയ്ക്കു അഞ്ചുവയസ്സും മാത്രമേ പ്രായമായിരുന്നതുള്ളു. അവരുടെ സ്നേഹം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടുതന്നേ വന്നു.

ആ ബാലികാബാലകന്മാരുടെ വളൎച്ച അവരുടെ പാരമ്പൎയ്യത്തെ അശേഷവും ആദരിച്ചിരുന്നില്ല. 'എടുത്തു ചാട്ട'ക്കാരനായിരുന്നാലും ഉപയോഗമുള്ള ഒരാളായിരുന്ന വിപിനൻെറ മകനായ അജയൻ മുതിരുംതോറും തീരേ മന്ദഗതിക്കാരനും ഉപയോഗ ശൂന്യനുമായിട്ടാണു് തീൎന്നതു്. സൌമ്യനും മൎയ്യാദക്കാരനും ആയിരുന്ന ഹേമേന്ദ്രലാലൻെറ മകളായ സുലതയാവട്ടേ, ഒരു വിധം സ്വഭാവത്തിനു് ചപലത വന്നിട്ടുള്ള ആളുകളെയൊക്കെയും കണ്ടാൽ നടുങ്ങിപ്പോകത്തക്കവണ്ണം അത്ഭുതകരമായിട്ടുള്ള പ്രസരിപ്പോടും ഊൎജ്ജസ്വലതയോടുംകൂടി വളൎന്നുവന്നു. അത്യുന്നതമായ ഒരു ഗിരിശിഖരത്തിൽനിന്നു് അതിശക്തിയോടുകൂടി തട്ടും തടവും കൂടാതെ കുത്തിയൊലിച്ചു ചാടുന്ന ഒരു നിൎഝരത്തെ നിങ്ങളാരെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ, സുലതയെ അതിനോടു സാമ്യപ്പെടുത്തിക്കൊണ്ടാൽ മതി. അജയൻെറ നേത്രങ്ങൾ സ്വപ്നദൎശനം ചെയ്യുന്നതുപോലെ ചൈതന്യഹീനങ്ങളും ചിന്താപൂൎണ്ണങ്ങളും ആയിരുന്നുവെങ്കിൽ സുലതയുടെ ലോചനങ്ങൾ തേജോമയങ്ങളും നീലദ്യുതിതരംഗിതങ്ങളും ആയിരുന്നു.

തൻെറ മകൻെറ മട്ടു കണ്ടിട്ടു വിപിനൻെറ സ്വഭാവത്തിനു് വലുതായ ഒരു മാററമുണ്ടായി. പക്ഷെ, അതിനു മതിയായ ഒരു മരുന്നു് അയാൾക്കു കിട്ടുകയുണ്ടായില്ല.

ഒരുദിവസം അജയൻ, തൻെറ വിലപിടിച്ച കൈവാച്ചു് സാധുവായ ഒരു സ്നേഹിതനു സമ്മാനിച്ചു. കഷ്ടകാലത്തിനു് ആ സംഗതി വീട്ടിൽ വന്നപ്പോൾ പറയുവാനും വിട്ടുപോയി. വിപിനൻെറ ക്ഷമയുടെ 'നെല്ലിപ്പടി' അന്നു് അസാരമൊന്നു കണ്ടു് ആയാൾ ഇങ്ങിനെ ശാസിച്ചു: "ഹും നിന്നെ ഞാൻ പഠിപ്പിക്കുതിനു് ഒരു 'ബോൎഡിംഗ് ഹൌസ്സിൽ അയച്ചിട്ടില്ലെങ്കിൽ' എ

ൻെറ പേർ വിപിനൻ എന്നായിരിക്കയില്ല. നോക്കിക്കോ! ഞാ നെൻെറ 'നെററി വിയപ്പിച്ചു്' ഉണ്ടാക്കിയിട്ടുള്ള പണം നിനക്കു 'കട്ടിച്ചുവരാക്കി'ക്കളയാനുള്ളതല്ല. നിൻെറ ഇത്തരം തോന്ന്യാസങ്ങളൊക്കെ ഞാൻ മാററിക്കളയാം. പഠിപ്പിക്കാൻ സുലതയെ കൂടി നിൻെറകൂടെ അയച്ചേയ്ക്കാം. ഇവിടെ ഇരുത്തി നിന്നെ നന്നാക്കിവിടാൻ എന്നെക്കൊണ്ടാവില്ല."

സുലതയുടെ അമ്മ ഈ അഭിപ്രായം കേട്ടപ്പോൾ നടുങ്ങിപ്പോയി. സുലതയ്ക്കു വയസ്സു നാലൊ അഞ്ചൊ ഒന്നുമല്ല ആയിട്ടുള്ളതു്. സമുദായ മദ്ധ്യത്തിൽ ഗണനീയമായിട്ടുള്ള ഒരു സ്ഥാനത്തിലേയ്ക്കു കടക്കുന്നതിനുള്ള വാതിലെന്നു പറയപ്പെടാവുന്ന പതിന്നാലാമത്തെ വയസ്സിലാണ് അവൾ വത്തിക്കുന്നതു്. പിന്നെ അവളുടെ അമ്മ മകളുടെ വിവാഹകാര്യത്തെക്കുറിച്ചു വിചാരപ്പെട്ടു് അക്ഷമയായിരിക്കുന്നതിൽ എന്താണ് അത്ഭുതം? അപ്പോഴാണ് അവളുടെ പള്ളിക്കൂടം പഠിപ്പിനേപ്പററി, സ്വപ്നേപി വിചാരിച്ചിട്ടില്ലാത്തവിധത്തിലുള്ള സംസാരം!

സുലതയുടെ അമ്മ അജയൻെറ അമ്മായി (വിപിനൻെറ സോദരി)യുടെ കൂട്ടുപിടിച്ചു. പതിമ്മൂന്നു വയസ്സുതികഞ്ഞ ഒരു പെൺകിടാവിനെ പള്ളിക്കൂടം പഠിപ്പിന്നയയ്ക്കുന്നതു് എങ്ങാനും കേട്ടിട്ടുണ്ടോ? വിപിനൻ ആസൂത്രണം ചെയ്തിരിക്കുന്ന ആ 'പ്ലോട്ടി'ൻെറ 'പ്ലാൻ' എങ്ങിനെ എങ്കിലും തകൎത്തുകളയുന്നതിനു് അവർ രണ്ടുപേരുംകൂടി ഉദ്യമിച്ചു. നിനച്ചിരിയാത്തവിധത്തിൽ സുലതകൂടി പങ്കെടുത്തതിനാൽ അവരുടെ ആ ഉദ്യമം അനായാസേന ഫലപ്രദമായി പരിണമിച്ചു. തന്നേ 'ബോൎഡിംഗ്' സ്കൂളിലേയ്ക്കയയ്ക്കുവാൻ നിശ്ചയിച്ച വൎത്തമാനം കേട്ടപ്പോൾ സുലത, കറുത്തുമിനുത്തു ചുരുണ്ട കുനുകുന്തളങ്ങൾ ചിന്നുംപടി നിഷേധഭാവത്തിൽ തലയാട്ടി, പരുഷസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:—"ഉവ്വുവ്വ്! ഞാനിപ്പോൾ ബോൎഡിംഗ്സ്കൂളിൽ പോവും! എന്നെ അയയ്ക്കുണതൊന്നു കാണട്ടെ!"

വിപിനൻ ഇതു തീരെ പ്രതീക്ഷിക്കാത്തതായിരുന്നു. എന്നാൽ, എന്തോ ചില കാരണങ്ങളാൽ സന്തുഷ്ടഭാവത്തിലാണ് അപ്പോൾ ആയാൾ മറുപടി പറഞ്ഞതു്. "ഉം! ശരിയാണതു്. നിനക്കു് അതത്ര ആവശ്യമില്ല."

അജയൻ വിദേശവിദ്യാഭ്യാസത്തിനായി വിട്ടുപിരിഞ്ഞുപോകുന്ന ദിവസം അവന്റെ അമ്മായിയുടേയും സുലതയുടെ അമ്മയുടേയും കണ്ണീർ കിണറുകളുടെ അടി കണ്ടുപോയി. സുലതയുടെ മുഖത്തു് മഹത്തരമായ മനോവിക്ലബത നിഴലാടി. അജയൻ റയിൽവേസ്റ്റേഷനിലേയ്ക്കു് പോകുന്നതിനായി കൊണ്ടുവന്നു നിർത്തിയിട്ടുള്ള 'ഫീററൻ' വണ്ടിയിൽ കയറുവാൻ തുടങ്ങിയപ്പോഴുണ്ട്; സുലത ഒരു ചെറിയകെട്ടു പുസ്തകവും കയ്യിലേന്തി, 'നിന്റെക്കൂടെ ഞാനുമുണ്ടു്'' എന്നു പറഞ്ഞു് മുൻകടന്നു വണ്ടിയിൽ കയറുന്നു!

ഇത്തവണ അവൾ അപജയത്തിനു അധീനയാവുകയാണ് ചെയ്തതു്. അജയൻ വളരെ ദൈന്യത്തോടുകൂടിയ അഭ്യർത്ഥനങ്ങളെക്കൊണ്ടു് സുലതയെ ആ ഉദ്യമത്തിൽ നിന്നു വിരമിപ്പിക്കുവാൻ ശ്രമിച്ചുനോക്കി. "സുലു, ഇതെന്തൊരു ദുശ്ശാഠ്യമാണ്? ഞാനൊരുമിച്ചു ഒരേ ബോർഡിംഗ്സ്കൂളിൽ നിനക്കു പഠിപ്പാൻ പോകാൻ നിവൃത്തിയില്ലെന്നു നിനക്കറിഞ്ഞുകൂടെ? പിന്നെ എന്താണ് നീ ശുദ്ധ കുട്ടികളെപ്പോലെ കളിക്കുന്നതു്? ദയചെയ്തു വണ്ടിയിൽ നിന്നിറങ്ങൂ. ഞാൻ പറഞ്ഞേയ്ക്കാം. അച്ഛൻ ദേഷ്യപ്പെട്ടും" എന്നിങ്ങനെ അജയൻ സ്നേഹശാസന ചെയ്തുനോക്കി.

പക്ഷേ, ആ പെണ്ണിനുണ്ടോ അതുകേട്ടു വല്ല കൂട്ടവും കുലുക്കവും? അവൾ വരവണ്ണം നീങ്ങാതെ പാറപോലെ നിശ്ചലയായിരുന്നു. വിപിനന്റെ മട്ടൊന്നു മാറി. അയാൾ അവളെ ഊക്കോടുകൂടി പിടിച്ചു വലിച്ചു വണ്ടിയിൽ നിന്നു പുറത്തേയ്ക്കിട്ടു. സുലത കൈയ്യിലുണ്ടായിരുന്ന പുസ്തകക്കെട്ടു് വിപിനന്റെ നേരേ വലിച്ചെറിഞ്ഞിട്ടു് മുഖവും വീർപ്പിച്ചു് അവിടെ നിന്നു് ഒരോട്ടം കൊടുത്തു. വേഗത്തിൽ മുറിയിൽ കടന്നു വാതിലടയ്ക്കുകയും ചെയ്തു. അജയൻ യാത്ര ചോദിക്കുന്നതിനായി തിരിയേ വന്നു സുലതയുടെ മുറിവാതുക്കൽ ചെന്നു നിന്നു് ഉന്തലും വിളിക്കലും ചെയ്തുതുടങ്ങി. ഒരനക്കവുമുണ്ടായില്ല. ഒടുവിൽ ആയാൾ നൈരാശ്യത്തോടും പാരവശ്യത്തോടുംകൂടി അവിടെ നിന്നു മടങ്ങി.

സുലത അന്നേ ദിവസം യാതൊരാഹാരവും കഴിച്ചില്ല. അവൾ മുറിക്കകത്തുണ്ടായിരുന്ന പുസ്തകങ്ങളും കടലാസ്സുകളും എ

ല്ലാം വലിച്ചു കീറി ചിന്നിച്ചിതറി ഇടുകയും, ‘അനദ്ധ്യായം’ കൂടാതെയുള്ള മുറവിളികൊണ്ടു വീട്ടുകാൎക്ക് ഇരിക്കപ്പൊറുതി ഇല്ലാതാക്കുകയും ചെയ്തു. വിപിനൻ മാത്രം അന്നു ആകസ്മികമായി സന്തോഷിച്ചു കാണപ്പെട്ടു് ആയാൾ പറയുകയാണ്:—“പെണ്ണു കുറെ ‘പോന്നവൾ’ തന്നെയാണ്. ഈ പെണ്ണു് ആ ചെക്കനായും ആ ചെക്കൻ ഈ പെണ്ണായും തീൎന്നിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!”

പിറേറന്നു രാവിലെ സുലത, ഉണൎന്നെണീററ മാത്രയിൽ അമ്മയുടെ അടുക്കൽച്ചെന്നു് അവരെ പിടിച്ചുന്തിക്കൊണ്ടു് ഉൽക്കണ്ഠയോടുകൂടി, അജയന്റെ കത്തു വന്നിട്ടുണ്ടോ എന്നു ചോദിച്ചു. സുലതയുടെ അമ്മ അതുകേട്ടു നെററി ചുളിച്ചുംകൊണ്ടു ചോദ്യത്തിനു മറുപടി പറയാതെ മകളെപ്പിടിച്ചു മാററിയിട്ടു് ഇങ്ങനെ രൂക്ഷസ്വരത്തിൽ ശകാരിക്കയും ശാസിക്കയും ചെയ്തു:—“എന്താ, നീ അവനെ വെറും അജയൻ എന്നു വിളിക്കുന്നതു്? നിന്റെ മടിയിൽ വെച്ചാണൊ അവനു് പേരിട്ടിട്ടുള്ളതു്? തീരെ മൎയ്യാദകെട്ട ഒരുപെണ്ണു്! അജയനു് നിന്നേക്കാൾ നാലു വയസ്സു കൂടില്ലെ? നിനക്കു് അവനെ ‘ഡാഡാ’ (ബെങ്കാളിയിൽ ജ്യേഷ്ഠഭ്രാതാവു്) എന്നു വിളിച്ചുകൂടേ?”

സുലത തലയാട്ടിക്കൊണ്ടു പറയുന്നു:—“എനിക്കു കഴിയില്ല; ഞാൻ അജയനെ ഒരിക്കലും ‘ഡാ ഡാ’ എന്നു വിളിക്കില്ല. ഒരു തമ്മിൽത്തല്ലിലെങ്കിലും എനിക്കിപ്പോൾ അവനെ തോല്പിക്കുവാൻ സാധിക്കും. ആട്ടേ, അതു പോട്ടേ, അമ്മേ! അജയന്റെ എഴുത്തു വന്നിട്ടുണ്ടോ? അതു പറയൂ!”

“അനാവശ്യം പറയരുതു്” എന്നു പറഞ്ഞു സുലതയുടെ അമ്മ മകളെ പിരിച്ചു പറഞ്ഞയച്ചു. സുലതയുടെ ഹൃദയത്തിൽ ഏകാന്തതയുടെ അപരിചിതമായ ഒരു ബോധം നിറഞ്ഞു വശമായി. സുലത അന്തർഭാഗത്തിന്റെ നഗ്നതയെ പ്രകടിപ്പിച്ചുംകൊണ്ടു് തുറന്നുകിടന്നിരുന്ന അജയന്റെ മുറിയിൽ പോയിരുന്നു. നയനങ്ങളിൽ ഏന്തിനിറഞ്ഞിരുന്ന അശ്രുധാരയെ തടഞ്ഞു തിരിച്ചുവിട്ടു. കരയുന്നതു ബാലിശത്വമാണെന്നു് അവൾ നിശ്ചയിച്ചു. അതാ, അവളുടെ വ്യസനം പെട്ടെന്നു കോപമായി രൂപാന്തരപ്പെടുന്നു! അവളുടെ ദുർല്ലളിതങ്ങളായ ചേഷ്ടകൾ നേരമ്പോ

ക്കം പറഞ്ഞു് 'കൂട്ടുകൂടി' ഇരുന്നിരുന്ന വലിയ സ്ത്രീകളെ രണ്ടു പേരേയും തങ്ങളുടെ വിനോദത്തിൽ നിന്നു വിരമിപ്പിച്ചു.

കുഞ്ഞുപ്പസമയത്തുതന്നെ അജയൻെറ കത്തു വന്നു. സുലത അപ്പോൾ കൌമാരസാധാരണമായ ഭാവനാശക്തിക്കുമാത്രം സൃഷ്ടിക്കപ്പെടാവുന്നതായ നിറപ്പകിട്ടുള്ള ചില ചായങ്ങൾ തേച്ചു മാനസികമായ ചിത്രപടത്തിൽ മിനുക്കുപണിചെയ്തുകൊണ്ടു് കോണിപ്പടിയിൽ നില്ക്കുകയായിരുന്നു. അജയൻ വീട്ടിൽവന്നു തന്നെ കാണുന്നതിനു മുമ്പായി താൻ മരിച്ചുപോകണം. എന്നാലേ ഒരു സ്വാരസ്യമുള്ളു. പക്ഷെ, ഒന്നിച്ചു വളൎന്നിട്ടുള്ള തൻെറ ബാല്യസുഹൃത്തു് തൻെറ മരണവൎത്തമാനമറിയുമ്പോൾ അനുഭവിക്കാനിടയാകുന്ന ഘോരദുഃഖത്തെപ്പററി ഓൎത്ത മാത്രയിൽ അവളുടെ നേത്രങ്ങൾ രണ്ടും ബാഷ്പപൂൎണ്ണങ്ങളായി. തപാൽശിപായിയുടെ വരവു് അവളുടെ അന്ധമായ ആ ദിവാസ്വപ്നത്തെ തകൎത്തി വിപാടനംചെയ്തു. അവൾ വേഗത്തിൽ താഴത്തിറങ്ങിവന്നു് അജയൻെറ അമ്മായിയുടെ കയ്യിൽനിന്നു കത്തിനെ വലിച്ചെടുത്തു കൈക്കലാക്കി. ആ സ്ത്രീയുടെ മേൽവിലാസത്തിലായിരുന്നു എഴുത്തു വന്നിരുന്നതു്. സുലതയെപ്പററിയുള്ള അന്വേഷണം ഒന്നുംതന്നെ അതിൽ ഉണ്ടായിരുന്നില്ല. അജയൻ അതിൽ അവളെ ഒരിടത്തൊന്നു സ്മരിക്കുകയെങ്കിലും ചെയ്യേണ്ടയോ? അതും കൂടി ചെയ്തിട്ടില്ല. അണമുറിച്ചുവിട്ടാലത്തെപ്പോലെ മുന്നോട്ടു തള്ളിപ്പുറപ്പെട്ട അശ്രുപൂരത്തെ അവൾ എത്രതന്നെ തടഞ്ഞു നിൎത്തീട്ടും അതു നിന്നില്ല.

അജയനു വിചാരിക്കാതിരിക്കവേതന്നെ നാട്ടിൽ നിന്നൊരെഴുത്തു കിട്ടി. അതിലെ പ്രമേയം ഇത്രയേ ഉള്ളു. അജയൻ വേനലൊഴിവിനു സ്കൂൾപൂട്ടി വീട്ടിൽ വരുന്നതിനുമുമ്പു്, സുലത, ഒരാളും കേട്ടിട്ടില്ലാത്ത തൻെറ ഏതോ ഒരു അമ്മാമൻെറ വീട്ടിലേയ്ക്കു പോയേയ്ക്കും; തീൎച്ചയാണു്. മേലിൽ കണ്ടാൽ നന്നല്ലാത്ത ഈ 'അസത്തു' പെണ്ണിനെക്കൊണ്ടുള്ള ഉപദ്രവം ഒരിക്കലും ഉണ്ടാകുന്നതല്ല. ഇങ്ങനെയുള്ള സുലതയുടെ ആ കത്തു വായിച്ചപ്പോൾ അജയൻെറ കണ്ണിൽനിന്നു കണ്ണീരു ധാരധാരയായി ഉറന്നു ചാടി. കത്തിൽ എഴുതീട്ടില്ലാത്തതുംകൂടി അയാൾ വായി

ച്ചില്ലേ എന്ന സംശയമുണ്ട്. അതിലെ വ്യംഗ്യാൎത്ഥങ്ങൾ എല്ലാം നല്ലപോലെ മനസ്സിലാക്കി. ഗൃഹകാൎയ്യങ്ങളേപ്പററി പൎയ്യാകുലിതമായിരുന്ന ആയാളുടെ മനസ്സിന്നു സുലതയുടെ ആ കത്ത് ഒട്ടൊരു ആശ്വാസത്തെ നൽകുകതന്നെ ചെയ്തു.

ഗ്രീഷ്മവിരാമം പ്രമാണിച്ച് സ്കൂൾപൂട്ടുന്നതിനുള്ള ദിവസങ്ങളെ തുല്യമായ ഉൽക്കണ്ഠയോടും അക്ഷമയോടുംകൂടി എണ്ണിക്കണക്കാക്കിക്കൊണ്ടിരുന്നതു രണ്ടുപേരാണ്. ഒടുവിൽ, അത്യാശയോടുകൂടി പ്രതീക്ഷിച്ചിരുന്ന ആ പുണ്യദിവസവും പുലൎന്നുകഴിഞ്ഞു. തീവണ്ടി ഇറങ്ങിയമാത്രയിൽ, അജയൻ, തന്നോടു സ്വാഗതം പറയാനായി വീട്ടിൽനിന്നു വല്ലവരും സ്റ്റേഷനിൽ വന്നുകാത്തു നില്ക്കുന്നുണ്ടോ എന്നറിയുന്നതിനുള്ള ഉൽക്കണ്ഠയോടെ നാലുപാടും നയനങ്ങൾ നടത്തി. പക്ഷെ, ആരെങ്കിലും വന്നിട്ടുണ്ടെങ്കിലല്ലേ കാണുകയുള്ളു? മകൻ വണ്ടി ഇറങ്ങുമ്പോഴെയ്ക്കും സ്വീകരിക്കുന്നതിനായി ആളേയും വണ്ടിയേയും മററും അയയ്ക്കുന്നതു് ഒരു വിധത്തിൽ മകനെ ഒന്നിനുംകൊള്ളരുതാത്തവനാക്കിത്തീൎക്കുകയാണെന്നായിരുന്നു വിപിനന്റെ അഭിപ്രായം. അജയന്നു ഇപ്പോൾ അന്യാപേക്ഷകൂടാതെ തന്റെ കാൎയ്യം നോക്കുന്നതിനുള്ള കാലമായിട്ടുണ്ട്. പിന്നെ എന്തിനാണ് അവനെ കൊണ്ടുവരാനായി ഒരാൾ പോയി സ്റ്റേഷനിൽ കാത്തുകെട്ടി കിടക്കുന്നതു്?

അജയൻ ഒരു പോൎട്ടരുടെ സാഹായ്യത്തോടുകൂടി ഒരു വണ്ടിപിടിച്ചു സാമാനമെല്ലാം കയററി വീട്ടിലേയ്ക്കു പുറപ്പെട്ടു. അയാളുടെ ഹൃദയം ഈൎഷ്യയുടേയും ഉൽക്കണ്ഠയുടേയും മത്സരരംഗമായിരുന്നു. സ്റ്റേഷനിൽനിന്നു വീട്ടിലേയ്ക്കു കുറച്ചധികം ദൂരമുണ്ട്. ഓടിത്തളൎന്ന കുതിരകൾ മുട്ടോളം കാലു പൂഴ്ന്നുപോകുന്ന പൊടിമണൽത്തീരത്തിലൂടെ വണ്ടിയും വലിച്ചുകൊണ്ടു് പതുക്കേ നടന്നു.

കുറേദൂരം പോയപ്പോൾ പെട്ടെന്നു കൎക്കശമായ ശബ്ദത്തോടുകൂടി വണ്ടിയുടെ ജനലിന്മേൽ ചെറിയ ഒരു ഉരുളൻകല്ലു വന്നുവീണു. അജയൻ പരിഭ്രമത്തോടുകൂടി പുറത്തേയ്ക്കു തലയിട്ടു നോക്കി. നിരത്തിന്റെ വക്കത്തു നില്ക്കുന്ന ഊക്കനായ ഒരു അരയാൽ വൃക്ഷത്തിൽ നിബിഡമായി തൂങ്ങിക്കിടക്കുന്ന വേടുകളുടേയും നിരന്തരമായി നില്ക്കുന്ന [illegible]തികളുടേയും ഇടയിലൂടേ

തന്നേ ഉററുനോക്കുന്ന ഉജ്ജ്വലകാന്തി ചിന്തുന്ന ഒരു മുഖം അയാളുടെ ദൃഷ്ടിപഥത്തിൽപ്പെട്ടു. ഉടനേ അതു് അപ്രത്യക്ഷമായിത്തീൎന്നു. അജയൻ വേഗത്തിൽ വണ്ടിയിൽനിന്നിറങ്ങി മരത്തിന്റെ അടുക്കലേയ്ക്കു പാഞ്ഞുചെന്നു.

മരത്തിന്റെ മറവിൽനിന്നു് ഉച്ചത്തിൽ ഒരു പൊട്ടിച്ചിരി പുറപ്പെട്ടതും, അജയൻ അവിടെനിന്നു ചിരിച്ച ആളേ കടന്നുപിടിച്ചതും, ഒന്നിച്ചുകഴിഞ്ഞു. ആയാൾ ഔത്സുക്യസങ്കലമായ സ്വരത്തിൽ ചോദിച്ചു:—"അപ്പോൾ സുലു, എന്റെ വരവും കാത്തുനിൽക്കുകയാണോ? അന്നു് അമ്മാമന്റെ വീട്ടിലേയ്ക്കു പോവും എന്നെഴുതീട്ടു്, പിന്നേ പോയില്ല, അല്ലെ?"

സുലത ശബ്ദത്തെ കഴിയുന്നത്ര അലക്ഷ്യഭാവസൂചകവും അശ്രദ്ധവുമാക്കിക്കൊണ്ടു മറുപടി പറഞ്ഞു:—"അതേ, ഞാനിതാ പോവുകയായി. ഒന്നുരണ്ടു ദിവസത്തിനുള്ളിൽ തീർച്ചയായും പോവും. പുറത്തേയ്ക്കിറങ്ങിയതു വെറുതേ ഒന്നു നടന്നുകളയാമെന്നു വെച്ചുമാത്രമാണ്." ഇങ്ങിനേ അഭ്യസിച്ചു നോക്കിയ ആ ആഹാര്യമായ അശ്രദ്ധയ്ക്കിടയിൽത്തന്നേ സുലത തന്റെ കോമളകരങ്ങൾകൊണ്ടു അജയന്റെ കയ്യിന്മേൽ പിടിച്ചുവലിച്ചു് ആയാളോട്ടു കൂടി വണ്ടിയിൽ കയറിക്കഴിഞ്ഞു. വീട്ടിൽ എത്തുന്നതുവരേയും, അവർ നിർവ്യാജമായി കളിച്ചുചിരിച്ചു തെരുതെരേ ഓരോ വൎത്തമാനങ്ങൾ പറഞ്ഞും കൊണ്ടാണിരുന്നതു്. എന്നാൽ ആ സംസാരത്തിൽ, അവളുടെ സ്വകപോലകല്പിതനായ മാതുലന്റെ പ്രസംഗം നന്നേ ചുരുക്കമായേ ഉണ്ടായിരുന്നുള്ളു.

അവരുടെ വണ്ടിചെന്നു വീട്ടിന്റെ പടിക്കൽനിന്നു. സുലതയുടെ അമ്മ വണ്ടിയിൽ നിന്നിറങ്ങിയ മകളെപ്പിടിച്ചു കണക്കിൽ ഒരടിയും ഒരു തള്ളും കൊടുത്തു വിട്ടു. അജയന്റെ അമ്മായി കോപാന്ധയായ സുലതയുടെ അമ്മയിൽ അനുകമ്പയോടുകൂടി "എടീ കടകെട്ട പെണ്ണേ! എവിടെയായിരുന്നു നീ ഇതുവരേയും? നിന്നെക്കൊണ്ടു് ഇനി എന്താണുചെയ്യേണ്ടതു്? മൎയ്യാദയും മുറയും എന്താണെന്നു ഒരു ഗന്ധവുമില്ലാത്ത ഒരു പെണ്ണു്! നിന്നെപ്പോലെ ഇത്ര തരംകെട്ട ഒരു 'അശ്രീകര'പ്പെണ്ണിനേ ഞാൻ കണ്ടിട്ടില്ല." എന്നിങ്ങിനെ ധാരമുറിയാതെ ഒരു ശകാരവർഷവും കഴിച്ചു.

സുലത തന്റെ മാതാവിന്റെ കയ്യിൽനിന്ന് കുതറിവിട്ടു മാറി നിന്നിട്ട്, അവിടേ അഭിനയിക്കുന്ന ആ 'കലാപ'രംഗത്തിൽ സംഭ്രമവും സന്ത്രാസവുംകലന്ന വിധത്തിൽ കൺമുനയൊന്നു പായിച്ചു. നായാട്ടിൽ നിഷ്ഠുരന്മാരായ വേടന്മാരുടെ ഇടയിൽ അകപ്പെട്ടുപോയ ഹരിണകിശോരിണിയുടെ സംഭ്രാന്തനിലയിൽ സുലത വാതിലിന്മേൽ ചാരി മുഖത്തു കയ്യും കൊടുത്ത് പകച്ചുനോക്കിക്കൊണ്ടു നിന്നു. അവളുടെ അമ്മ പിന്നേയും മകളുടെ നേരേ 'തിരിഞ്ഞു പുറപ്പെട്ടു.' അജയൻ ഉടനേ രണ്ടുപേരുടേയും നടുക്കചെന്നു നിന്നിട്ടിങ്ങിനെ പരുഷമായി പറഞ്ഞു:—"ഇങ്ങിനെ ഒരുത്തൻ ലോകത്തിൽ ജീവിക്കുന്നുവോ ചത്തുവോ എന്ന് ഒന്നു അറിഞ്ഞാൽ കൊള്ളാമെന്നുള്ള വിചാരം ഈ വീട്ടിൽ ഒരാൾക്കു മാത്രമേ ഉള്ളൂ. അതിന്, ആ ആൾക്കു നല്കുന്ന സമ്മാനമായിരിക്കാം ഈ കാണുന്നത്? തരക്കേടില്ല." ഇത്രയും പറഞ്ഞപ്പോഴേയ്ക്കും അയാളുടെ സ്വരം ഗൽഗദവും അക്ഷരങ്ങൾ അവ്യക്തങ്ങളുമായിത്തീൎന്നു നേത്രങ്ങളിൽ നിന്നു നാലഞ്ചുതുള്ളി കണ്ണീരു് ഇററിററു വീണു മുഖം ഉടച്ചു.

പരിമാണകരുണമായ ആ ദുർഘടമുഹൂർത്തത്തിലാണ് അജയന്റെ അച്ഛൻ, വിദേശത്തുനിന്നു വന്ന മകനെ സൽക്കരിപ്പാനെത്തിയത്. മകന്റെ മുഖത്തു കണ്ണീരുകാണേണ്ട താമസമേ, അച്ഛന്റെ മുഖത്തു കോപം കത്തിജ്വലിക്കുവാൻ ഉണ്ടായതുള്ളൂ. "ശരി, നാലുമാസം ബോർഡിംഗ് സ്കൂളിൽ പഠിച്ചതിന്റെ ഫലം ഇങ്ങിനെയാണല്ലേ? എടാ, നിന്നെ ഞാനിനി എന്താണ് ചെയ്യേണ്ടതു്? കഷ്ടം! ഒരു വകയ്ക്കുംകൊള്ളാത്ത വങ്കനായിത്തീൎന്നുവല്ലോ നീ! ഈ പെണ്ണാണ് നിന്നേക്കാളും കുറേ ഭേദം."

സുലത തന്നേയും അജയനേയും കുററത്തിൽ നിന്നൊഴിച്ചു രക്ഷിക്കുന്നതിനായി ഒരുപായം എടുത്തുകൂട്ടി അവൾ ചോദിക്കയാണ്:—"പിന്നെ, അമ്മ എന്തിനാണ് എന്നെ അടിച്ചതു്? നിങ്ങളാരും അവരുടെ പേരിൽ കുററമൊന്നും കാണാത്തതെന്താണ്? അജയൻ കരഞ്ഞതിന് തക്കതായ കാരണവും ന്യായവുമുണ്ട്. എന്നെസ്സംബന്ധിച്ചിടത്തോളം എനിക്കു ധാരാളം കരയാനാണ് തോന്നുന്നതെങ്കിൽ, ഞാൻ ധാരാളം കരയും, വളരെനേരം കരയാനാണ്

ഇഷ്ടമെങ്കിൽ അങ്ങിനേയും ചെയ്യും. ആട്ടേ, ഞാൻ ഇന്നു മുഴുവനും കരഞ്ഞുംകൊണ്ടിരിക്കാനാണ് ഭാവം. നിങ്ങൾ എന്നെ എന്തുചെയ്താലും വേണ്ടില്ല.

സാരമില്ലാതെതന്നെ ആ രംഗം അങ്ങു കഴിഞ്ഞുകൂടി. ആ സ്ത്രീകൾ രണ്ടുപേരും, അജയന്റെ അടുക്കലുള്ള സ്നേഹപ്രകടനത്തിൽ കുടിശ്ശിക കിടപ്പുള്ളതെല്ലാം പലിശയും പലിശയോടുകൂടി കൊടുത്തുതീർക്കുന്നതിനുദ്യമിച്ചു. മകന്റെ ഭാഗ്യത്തിന് അച്ഛനായ വിപിനനന്ന് അപ്പോൾ 'പിടിപ്പതു' പണിത്തിരക്കുള്ള ഒരു സമയമായിരുന്നു. കൺട്രാക്ട്‌വകയായ ഒരു പ്രവൃത്തിയിൽ തിരക്കായി ഏർപ്പെട്ടിരിക്കയായിരുന്നതിനാൽ, പിതാവിന്, പുത്രനെ 'പ്രായോഗികജീവിത'രീതിയുടെ മൂലതത്വങ്ങൾ പഠിപ്പിക്കുവാൻവേണ്ടി തെല്ലുപോലും സമയം ചിലവഴിക്കുവാനുണ്ടായിരുന്നില്ല. അജയന്റെ അമ്മായിഅമ്മയുടെ 'ആചാരധർമ്മശാസ്ത്ര'ത്തിൽ നിന്നു പഠിച്ചിട്ടുള്ള പെൺകടാങ്ങളുടെ നടപടിക്രമങ്ങളെസ്സംബന്ധിച്ചു തന്റെ മാതാവ് ചെയ്യുന്ന കക്ശസൂചനകളേയാവട്ടെ 'മുഖം വീർപ്പിച്ചു', ചില്ലി ചുളിച്ചുനോക്കുന്ന നിശിതനോട്ടങ്ങളെയാവട്ടെ, അശേഷവും വകവെയ്ക്കാതെ, സുലത അന്നത്തെ ദിവസം മുഴുവനും അജയന്റെ മുറിയിലാണ് കഴിച്ചുകൂട്ടിയതു്. തക്കതായ സന്ദർഭവും ആവശ്യകതയും നേരിടുമ്പോൾ, താങ്ങുന്നതിനു മതിയായ ഒരു 'സഹായിയെ' സമ്പാദിക്കുവാൻ തനിക്കു നല്ലവണ്ണം സാധിക്കുമെന്നുള്ള സ്വപ്രത്യയസ്ഥൈര്യം സുലതയ്ക്കു സാമാന്യത്തിലധികം ഉണ്ടായിരുന്നു. അതുകൊണ്ട് അവൾ, ആ രംഗത്തിൽ വിപിനൻ സന്നിഹിതനാകത്തക്കവണ്ണം ഉച്ചത്തിൽ 'ലഹള കൂട്ടിക്കൊണ്ടു'തന്നേ ഇരുന്നു. അതേവരെയുള്ള തന്റെ അനുഭവംകൊണ്ടും, പരിചയംകൊണ്ടും, വിപിനൻ നേരെ എതിർത്തുനില്ക്കുന്ന ശത്രുവിന്റെ നേരിട്ടു പാഞ്ഞുചെല്ലുന്ന ആളല്ലെന്ന് അവൾ നല്ലപോലെ മനസ്സിലാക്കിവെച്ചിട്ടുണ്ടായിരുന്നു.

അല്പായുസ്സായ 'ആ വെക്കേഷൻ' കാലം വളരേയധികം വേഗത്തിൽ കഴിഞ്ഞുപോയി. അജയൻ വീണ്ടും കൽക്കത്തയിലേയ്ക്കു പുറപ്പെട്ടു. ഇപ്പോഴത്തേ വിയോഗവേളയിൽ അസാധാരണമായ ഗൌരവം ഭാവിച്ചിരിക്കയാണ് സുലത ചെയ്തതു്. അസ്വാസ്ഥ്യവും അസുഖവും നേരിടുമ്പോൾ കാണിക്കുമാറുള്ള രീതിയിൽ,

കണ്ണിൽ കണ്ടവരെയെല്ലാം തല്ലുക, കണ്ടവസ്തുക്കളേയെല്ലാം എടുത്തു വലിച്ചെറിയുക എന്നിത്തരത്തിലുള്ള ചാപല്യങ്ങൾ ഒന്നും അവളിപ്പോൾ കാണിക്കുകയുണ്ടായില്ല.

സുലതയുടെ അമ്മയ്ക്കുള്ള ക്ഷമയിൽ ബിന്ദുമാത്രവും ബാക്കിയില്ലാതായി. മകരക്കിവിടേ വയസ്സു പതിനാലു തികയാറായി. തറവാട്ടിലെ കാരണവരാണെങ്കിൽ അവൾ വിവാഹോചിതമായ വയസ്സിൽ എത്തിയിട്ടുള്ളതിനേപ്പററി മനസ്സിലാക്കിയിട്ടുള്ളതിൻെറ ലക്ഷണമൊന്നും കാണിക്കുന്നതുമില്ല. വിപിനൻ അങ്ങിനേ ഉചിതമായ തൻെറ കർത്തവ്യത്തെ അശേഷവും ആദരിക്കാതേയിരിക്കുന്നതിൻെറ അനൌചിത്യത്തെപ്പററി പ്രായംചെന്ന ആ രണ്ടു സ്ത്രീകളും ആവുന്നതുപോലെയൊക്കെ പ്രസംഗിച്ചു് വിപിനനെ മനസ്സിലാക്കുവാൻ ശ്രമിച്ചുനോക്കി. അങ്ങിനെ അവരുടെ ആവലാതി മുറുകി പൊറുതിയില്ലാതായിത്തുടങ്ങിയപ്പോൾ, ഒരു ദിവസം വിപിനൻ ഇങ്ങിനേ പറഞ്ഞു:—"സുലതയെ ആർക്കെങ്കിലും വിവാഹം ചെയ്തുകൊടുക്കുമെങ്കിൽ അതു് അജയന്നു് മാത്രമേ ഉള്ളൂ. നിശ്ചയമാണ്. അവളെ എങ്ങോ എവിടേയോ കിടക്കുന്ന ഒരുത്തനു പിടിച്ചുകൊടുപ്പാൻ ഞാൻ കരുതീട്ടില്ല." നിഗൂഢമായി വെച്ചിരുന്ന വിപിനൻെറ ഇംഗിതം ഇങ്ങിനേ ഉദ്ഗമിച്ചപ്പോൾ സുലതയുടെ അമ്മയ്ക്കു ശ്വാസമൊന്നു നേരെ വീണു. അവൾക്കു ആയാളുടെ വാക്കിൽ നല്ല വിശ്വാസമുണ്ടായിരുന്നു.

അജയന്നു തന്റെ വിദേശവാസകാലത്തു് കിട്ടിയിട്ടുള്ള സുലതയുടെ കത്തുകളെല്ലാം വളരെ സമാധാനത്തോടുകൂടിയവയായിരുന്നു. അവയിൽ അധികം വർത്തമാനങ്ങൾ ഒന്നും ഉണ്ടാകാറില്ലെങ്കിലും, അജയൻ മിക്കപ്പോഴും അവയെടുത്തു കൌതുകസമേതം വായിച്ചുകൊണ്ടിരിക്കും. വാസ്തവത്തിൽ, അവ്യക്തവും ബാലിശവും ആയ അവയിലേ അക്ഷരങ്ങളെയല്ലാ, മധുരസ്മിതകാന്തി ചിന്തുന്ന ഒരു ഉജ്വലമുഖത്തേയും ചടുലലീല തിരണ്ട രണ്ടു നീലനേത്രങ്ങളേയുമാണ് അയാൾ അവയിൽ വായിച്ചിരുന്നതു്. വെട്ടപ്പും വലിപ്പവും കുറഞ്ഞ അജയൻെറ വായനമുറി കുറച്ചുനേരത്തേയ്ക്കു തേജോമയവും കമനീയവുമായിത്തീന്നിരുന്നു. ആ കത്തുകൾ കണ്ടെത്തിയ സഹപാഠികൾ അജയനെ കളിയാക്കുവാൻ തുടങ്ങി. മിക്ക സംഗതികളിലും മികച്ച ക്ഷമാശീലമുള്ള അജയൻ ഇതിലൊന്നിൽ മാത്രം ചടുലഭാവനായി ചമഞ്ഞു. നേരമ്പോക്കിലും പരിഹാ

സത്തിലും വാസനയും വിരുതും കലശ്ശലായിട്ടുള്ള ആ കുട്ടികളു ണ്ടോ പിന്നെ വിടുന്നു? ഒരു കുട്ടി മിടുക്കനായി ലോകത്തിൽ ജീവിക്കുന്നതിന് മതിയായിത്തീരണമെങ്കിൽ അതിന്ന തക്കതായിട്ടുള്ള കളരിസ്ഥലം 'ബോർഡിംഗ്ഹൌസ്സാ'ണ്. അജയൻെറ അച്ഛനായ വിപിനൻ ആ സംഗതി നല്ലപോലേ ഗ്രഹിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, മകനായ അജയനാവട്ടെ അച്ഛൻ നിനച്ചിട്ടേ ഇല്ലാത്ത വിധത്തിലുള്ള മക്കടമുഷ്ടിയോടുകൂടി തൻെറ പരിതഃസ്ഥിതികളോടു പോരാടി വിജയം പ്രാപിക്കയാണുണ്ടായത്. ആയാൾ പണ്ടത്തേക്കാളും പതിന്മടങ്ങു ഉശിരും ഉപയോഗവും കെട്ടവനായിട്ടാണ് തീന്നത്.

പരീക്ഷ അടുത്തുതുടങ്ങിയതിനാൽ, പൂജയൊഴിവിന്ന വീട്ടിലേയ്ക്കു വരേണ്ടതില്ലെന്നു വിപിനൻ അജയന്ന് എഴുതിഅയച്ചു. എങ്ങിനേയോ മെട്രിക്കുലേഷൻ പരീക്ഷയിൽ വിജയികളായ വിദ്യാർത്ഥികളുടെ പട്ടികയിൽ അജയൻെറ പേരും ഉണ്ടായിരുന്നു. പരീക്ഷാഫലം പുറത്താവുന്നതിന്ന മുമ്പേതന്നേ, ദേശസഞ്ചാരം വിദ്യാഭ്യാസത്തിന്ന വളരെ ഉപകരിക്കുന്നതാണെന്നും, അതുകൊണ്ടു കോളേജിൽ ചേരുന്നതിനുമുമ്പ് ഒന്നോ രണ്ടോമാസം ലോകപരിചയത്തിനായി വിദേശയാത്ര ചെയ്യണമെന്നും കാണിച്ച് വിപിനൻ അജയന്ന ഒരെഴുത്തയച്ചു. അതനുസരിച്ചു യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്തുവെങ്കിലും ആയാളുടെ ഹൃദയം വീടിനേയും നാടിനേയും കുറിച്ച്, ഉൽക്കണ്ഠിതമായിട്ടാണിരുന്നത്. ഇങ്ങിനേ കടുംകയ്യു കാണിച്ച അച്ഛൻേറ നേരേ ഉദിച്ച ഈൎഷ്യ ചില്ലറയൊന്നുമായിരുന്നില്ല. പക്ഷേ, എന്തുചെയ്യും? എങ്കിലും ആ കാലം മുഴവനും ഒരു കത്തുപോലും അയയ്ക്കാതിരിക്കുന്നതിന് ആയാൾക്കും കഴിയില്ലേ? വിദേശസഞ്ചാരം കുറെയായപ്പോൾ കയ്യിലുള്ള പണം തീന്നുപോയതിനാൽ യാത്രയുടെ വ്യാപ്തി കുറയ്ക്കുകയും കൂട്ടുകാരുടെ കാരുണ്യത്തെ ആശ്രയിച്ച് സാമാനങ്ങളെല്ലാം അവരെ ഏല്പിക്കുകയും ചെയ്തിട്ട്, കയ്യിലുള്ള ഫൌണ്ടൻപേന വിററ് ആ പണംകൊണ്ടു ഒരുവിധത്തിൽ ആയാൾ കൽക്കത്തയിൽ എത്തിച്ചേന്നു.

അച്ഛൻെറ ആജ്ഞയനുസരിച്ച് അജയൻ കൽക്കത്തയിലുള്ള ഒരു കോളേജിൽ ചേന്നു പഠിപ്പുതുടങ്ങി.

വിപിനന്റേ ദിവാസ്വപ്നദർശനം ഒരുവിധത്തിലും യഥാർത്ഥമായിത്തീരുക ഉണ്ടായില്ല. വിശ്വവിദ്യാലയത്തിന്റേയും വിദ്യാർത്ഥിമന്ദിരത്തിന്റേയും നിർബന്ധങ്ങളായ ശിക്ഷണങ്ങളും ശാസനങ്ങളും അജയനെ ഒരു 'വകയിൽപ്പററിയ' ആളാക്കിത്തീർക്കുവാൻ പര്യാപ്തങ്ങളായില്ല. അജയൻ ഉത്തരോത്തരം അലസനും അധ്യയനത്തിൽ അശ്രദ്ധനുമായിത്തീർന്നു. ആഴ്ചയിൽ മൂന്നും നാലും ദിവസമൊക്കേ ക്ലാസിൽ ഹാജരില്ലാതായി. മുറിവിട്ടു പുറത്തേയ്ക്കിറങ്ങാതേ അഹഃസ്വപ്നവും കണ്ടുംകൊണ്ടു ദിവസങ്ങൾ കഴിച്ചുകൂട്ടുവാൻ തുടങ്ങി. ഫലിതമയങ്ങളായ ആംഗികചേഷ്ടകൾ കൊണ്ടും പരിഹാസങ്ങൾകൊണ്ടും സഹപാഠികൾ ആയാളേപ്പററി മർമ്മം തുളയ്ക്കത്തക്കവണ്ണമുള്ള അഭിപ്രായങ്ങൾ 'തട്ടിമൂളിച്ചു വിട്ടിരുന്ന'തൊന്നും അയാളുടെ ചെവിയിൽ കടന്നിരുന്നില്ല. സഹപാഠികളിൽ ചിലർ, വെറും ഒരു വിനോദകൌതുഹലംകൊണ്ടുമാത്രം അജയന്റെ ഈദൃശമായ ജീവിതരീതിയുടെ ആന്തരമായ രഹസ്യമെന്തെന്നു കണ്ടുപിടിക്കുന്നതിനായി തൃപ്തിയാകുംവരേ പരിശ്രമിച്ചുനോക്കി. എന്നാൽ അധികം താമസിയാതേതന്നേ അതു വന്ധ്യമായ ഒരു വേലയാണെന്ന് അവൎക്കു ബോധപ്പെട്ടു. അവർ അജയന്റെ പെട്ടിയും സാമാനങ്ങളുമൊക്കേ ഗൂഢമായും ഗാഢമായും പരിശോധിച്ചുനോക്കിയിട്ടും, കാമിനീപ്രേമത്തെ വെളിപ്പെടുത്തുന്ന തെളിവുകൾ യാതൊന്നും തന്നേ കണ്ടെത്തിയില്ല. വല്ല സുന്ദരിയുടേയും ഛായാപടമോ, കാമലേഖനമോ, പ്രണയകവിതയോ ഒന്നും തന്നേ ഉണ്ടായിരുന്നില്ല.

അജയൻ "ഇൻറർമീഡിയേററ്" പരീക്ഷയിൽ 'പൊളിഞ്ഞു'പോയി. അച്ഛനായ വിപിനൻ ഒരു ഉന്മാദനൃത്തം തുള്ളുകതന്നേ ചെയ്തു. ഒടുവിൽ ഒരു കയ്യുംകൂടി നോക്കിക്കളയാമെന്നുവെച്ച് അജയനെ 'സയൻസ്' എടുത്തു പഠിപ്പിക്കുന്നതിനായി ബോമ്പയ്ക്കയച്ചു. വിജയപൂർണ്ണമായി പഠിപ്പ് അവസാനിക്കുന്നതിനുമുമ്പ് വീട്ടിലേയ്ക്കു വരേണ്ടതില്ലെന്നു കഠിനമായാജ്ഞാപിക്കുകയും ചെയ്തു.

എന്തുചെയ്തിട്ടെന്താണ്? എവിടെപ്പോയി എങ്ങിനെ പഠിച്ചാലും നന്നായിത്തീരാതേ കഴിച്ചുകൊള്ളാമെന്നുള്ള ഉറപ്പ് അജയന്നില്ലേ? ഉശിരും ചൈതന്യവും തീരേ കുറഞ്ഞു കുറഞ്ഞുവരുന്ന

മകൻെറ ആ മട്ടു കണ്ടു തുടങ്ങിയതോടുകൂടി അച്ഛൻ കെട്ടിപ്പടുത്തു പൊന്തിച്ചു വന്നിരുന്ന 'കോട്ട'യെ കുറേശ്ശയായി പൊളിച്ചു തുടങ്ങി. എന്നാൽ തൻെറ പറയത്തക്ക പരിശ്രമം ഒന്നും കൂടാതെതന്നേ തൻേറ രക്ഷയിൽ ഇരിക്കുന്ന ആ പെൺകിടാവു് നല്ല ചൈതന്യത്തോടും രൂപലാവണ്യത്തോടും കൂടി വളൎന്നുവന്നതിൽ ആയാൾക്കു് ഒരാശ്വാസവും സംതൃപ്തിയുമുണ്ടായി. സുലതയുടെ മാതാവു്, തൻേറ മകൾ ശുദ്ധ ബാലിശമായ ഈ 'പ്രകൃത'ത്തിൽ നിന്നു് ഒരൊററച്ചാട്ടത്തിനു് തൻേറടമുള്ള ഒന്നാംതരം ഒരു മാന്യസ്ത്രീയുടെ പദവിയിൽ ചെന്നു എത്തിയാൽ കൊള്ളാമെന്നു കലശലായി ആശിക്കുകയും അതിനുവേണ്ടി ക്ലേശിക്കുകയും ചെയ്തിരുന്നു. പക്ഷേ, അതു്, പൂൎണ്ണമായും പരാജയത്തിൽ പൎയ്യവസാനിക്കുകയത്രേ ഉണ്ടായതു്. തറവാട്ടിലെ 'വല്യമ്മ'മാർ .രണ്ടുപേരും'തരം കെട്ട'പോയ 'കുരുത്തം'കെട്ട ആ 'പെൺണിൻെറ,' ഘോരമായ ഭാവിയേപ്പററി ചിന്തിക്കുമ്പോഴൊക്കയും വല്ലാതെ നടുക്കം പൂണ്ടിരുന്നു.

മനുഷ്യസമ്പൎക്കത്തിനുള്ള സൌകൎയ്യക്കുറവിനാൽ സുലത വിപിനൻെറ ഗ്രന്ഥശാലയുമായി ഇടപെട്ടുവാൻ തുടങ്ങി. ഒഴിവുസമയത്തു് ചിലപ്പോൾ, വീട്ടിൻേറ പിന്നിൽ സ്ഥിതിചെയ്യുന്നതും, തൻേറ പൂന്തോട്ടമായി കരുതിവരുന്നതുമായ ചെറിയ കുററിക്കാട്ടിൽ ചെന്നിരുന്നാണു് അവൾ സമയം നയിക്കുക പതിവു്. ചിലപ്പോൾ അജയനു കത്തെഴുതുവാനും സമയം വിനിയോഗിച്ചിരുന്നു. എന്നാൽ അവൾ കൂടക്കൂടെ അജയനു കത്തെഴുതുന്നതു് വിപിനനു് അഭിമതമല്ലാതിരുന്നതിനാൽ,അവർ അയയ്ക്കുന്ന എഴുത്തുകൾ അന്യോന്യം കിട്ടുന്നതു നന്നേ ചുരുക്കമായിരുന്നു. ചിലപ്പോൾ ഒരു മാസം മുഴുവനും ഒരു കത്തും കിട്ടാതിരുന്നിട്ടുണ്ടു്. പുതുതായി സുലതയുടെ ഒരെഴുത്തുവരുന്നതുവരേയും, അജയൻ തൻെറ ക്ഷുൽപീഡിതമായ ഹൃദയത്തെ പഴയ എഴുത്തുകൾകൊണ്ടാണു് ഊട്ടിയിരുന്നതു്. അവയ്ക്കു മറുപടിയായുള്ള വിചാരങ്ങളാൽ ആവൎജ്ജിതമായ ഹൃദയത്തോടുകൂടിയ ആ 'കമ്പ'ക്കാരൻേറ യുവജീവിതം, ചെന്തളിവിരലൊളികളുടെ ലാളനമേററ ഒരു തൂലികയുടെ അസ്ഫുടവിരൂപങ്ങളായ വരകളിൽ ചെന്നു കുടുങ്ങി വിഭ്രമണം ചെയ്യുവാൻ തുടങ്ങി.

അജയൻെറ അമ്മായിയുടെ ഹൃദയത്തിൽ പെട്ടെന്നു് ഒരു നവീനാശയം ആവിൎഭവിച്ചു. തൻെറ ജീവിതരഥം ഇഹലോക

മാകുന്ന പെരുവഴിയുടെ അററത്തെത്തി, പരലോകമാകുന്ന മഹാമാൎഗ്ഗത്തിലേയ്ക്കു തിരിയുവാൻ ഇനി അധികം താമസമില്ലാത്തതിനാൽ പുതിയ വഴിയിലൂടെ യാത്രചെയ്യുന്നതിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതു് അത്യാവശ്യകമായിത്തോന്നി. ഈ 'പ്രാരബ്ധ'ങ്ങളിൽ നിന്നെല്ലാം വിട്ടു് ഇനിയുള്ളകാലം പരമപാവനമായ വാരാണസിയിൽ വേണം കഴിച്ചുകൂട്ടുവാൻ എന്നു നിശ്ചയിച്ചു്, അതിനായുള്ള ഏൎപ്പാടുകൾ ചെയ്തുതുടങ്ങി. കാശിക്കുപോകുന്നതിന്നു മുമ്പായി 'ആയമ്മ'യ്ക്കു മരുമകനെ ഒന്നു കാണണമെന്നു തോന്നിയെങ്കിൽ അതിൽ അനൗചിത്യം വല്ലതുമുണ്ടോ? വിപിനൻ ആദിയിൽ ഭിന്നാഭിപ്രായം പുറപ്പെടുവിച്ചുവെങ്കിലും, ഒടുവിൽ, ധാരധാരയായി പെയ്ത കണ്ണീർമഴ കണ്ടപ്പോൾ, ന്യായമായ ആ അഭിനിവേശത്തെ അനുകൂലിക്കുവാൻ തന്നെ നിർബ്ബദ്ധനായി.

അജയന്നു നാട്ടിൽനിന്നുരണ്ടെഴുത്തുകൾ കിനിച്ചുകിട്ടി. ഒന്നാമത്തേതിൽ അജയൻ ഒരാഴ്ചയ്ക്കകം നാട്ടിലേയ്ക്കു ചെല്ലേണമെന്നാണ് പറഞ്ഞിട്ടുള്ളതു്. രണ്ടാമത്തേതിൽ, മററനേകം സംഗതികളുടെ കൂട്ടത്തിൽ, സുലത ഏതാനും ദിവസങ്ങൾക്കുള്ളിൽ പതിനാറാമത്തേ വയസ്സുതികഞ്ഞു സമുദായമദ്ധ്യത്തിൽ ഗണനീയയായിത്തീരുവാൻ പോകുന്ന വിവരമാണ് പ്രധാനമായിട്ടുള്ളതു്.

കൽക്കത്തയിലേയ്ക്കു പുറപ്പെടുന്നതിന്ന് തലേന്നാൾ അജയൻ സുലതയ്ക്കു ജന്മനക്ഷത്രദിവസം സമ്മാനം കൊടുക്കുന്നതിന്നു വല്ല സാധനവും വാങ്ങാമെന്നു കരുതി ബോമ്പയിൽ, തനിക്കു പരിചയമുള്ള 'ഷാപ്പു'കളിലെല്ലാം കയറിച്ചെന്ന് ഒരു സന്ദൎശനം കഴിച്ചു. സ്ത്രീകളുടെ അഭിരുചിയേയും, അവൎക്ക് 'കണ്ണിൽ പിടിക്കുന്ന' സാധനങ്ങളേയും സംബന്ധിച്ചുള്ള 'വ്യുല്പത്തി' അജയന്നു നന്നേ 'കഷ്ടി'യായിരുന്നു. താൻ മേടിക്കുന്ന സാധനം അപഹാസ്യമാംവണ്ണം അനനുരൂപമായേയ്ക്കുമോ എന്നു ഭയപ്പെട്ടു്, ആയാൾ ഓരോ സാധനവും എടുത്തു തിരിച്ചും മറിച്ചും നോക്കി യഥാസ്ഥാനം വെയ്ക്കുകമാത്രമല്ലാതേ യാതൊന്നും വാങ്ങുകയുണ്ടായില്ല. ഒടുവിൽ ഒരു സ്നേഹിതനെ കണ്ടെത്തിയതിനാൽ ആയാൾ ഒരുവിധത്തിൽ ആ വിഷമതയിൽ നിന്നു വിമുക്തനായി. തൽ

ക്കാലം സാധനമൊന്നും വാങ്ങാതെ കൽക്കത്തയിലേയ്ക്കു പുറപ്പെട്ടുകൊണ്ടാൽ മതിയെന്നും, താൻ വീട്ടിൽച്ചെന്നു സഹോദരിയോടു ചോദിച്ചിട്ട് പെണ്ണുങ്ങൾക്ക് 'കണ്ണിൽപിടിക്കുന്ന' സാധനങ്ങൾ എന്തെല്ലാമാണെന്നു മനസ്സിലാക്കിയതിനു ശേഷം, അതുകൾ മേടിച്ചയച്ചുകൊള്ളാമെന്നും, പറഞ്ഞിട്ട് സ്നേഹിതൻ അജയനെ അവിടേനിന്നു യാത്രയാക്കി.

ഇത്തവണ വീട്ടിലേയ്ക്കുള്ള യാത്രയിൽ അജയൻ വഴിക്കരികിലുള്ള മരങ്ങളുടെ ഇടയിൽ ഒരു 'വനദേവത'യും തന്നെ നോക്കി നില്ക്കുന്നതു കണ്ടില്ല. വീട്ടിൽച്ചെന്നിട്ടുംകൂടി ആദ്യം ആയാൾക്കു സുലതയെ കാണുവാൻ സാധിച്ചില്ല. എന്തോ താൻ അവൾക്ക് അപരാധം ചെയ്തുപോയിരിക്കണമെന്നും, തനിക്കു നിശ്ചയമില്ലാത്ത അതേ കാരണംകൊണ്ട് അവൾ തന്നോട് കയർത്ത് 'മുഷിഞ്ഞിരിക്കുക'യാണെന്നും അജയൻ അനുമാനിച്ചു.

അമ്മായി മുതലായ 'വലിയവ'രുടെ കൂട്ടത്തിൽ നിന്നും വേഗത്തിൽ വിട്ടുപിരിഞ്ഞിട്ട് അജയൻ ആശയോടുകൂടി സുലതയെ അന്വേഷണം ചെയ്യുവാൻ തുടങ്ങി. അന്വേഷണം അധികദൂരം തുടരുന്നതിനു മുമ്പായിട്ടുതന്നേ, അന്വേഷിക്കപ്പെട്ട ആൾ, തോട്ടത്തിൽ, ഇടിഞ്ഞുപൊളിഞ്ഞിട്ടുള്ള ഒരു കല്ലിന്മേൽ കഠിനമായ ഗൌരവം കലന്ന മുഖത്തോടുകൂടി ഇരിക്കുന്നതു കണ്ടു. സുലതയെ കണ്ടമാത്രയിൽ ആയാളുടെ ഹൃദയത്തിൽ നിറഞ്ഞുകവിഞ്ഞു നിന്നിരുന്ന പരിഭവവും പാരുഷ്യവും ചില പരാതിവാക്കുകൾ വഴിയായി പുറത്തേയ്ക്കു വഴിഞ്ഞൊഴുകിത്തുടങ്ങി:—"ശ്രീമതി, ഒരിക്കൽ ഒന്നിങ്ങോട്ടു നോക്കാൻ കനിവുണ്ടായാൽ കൊള്ളാം. ഞാൻ വന്ന സമയത്ത് എന്നെ കാണാൻവേണ്ടി ഒന്നിങ്ങോട്ട് എഴുന്നള്ളിയിരുന്നുവെന്നുതന്നേ വന്നാൽ അതൊരു തെറ്റോ കുററമോ ഒന്നും ആയിവരുന്നതല്ലായിരുന്നു.

സുലത സാവധാനമായി മുഖം തിരിച്ചിട്ട്, അശ്രദ്ധയോടുകൂടി പറഞ്ഞു:—"എന്താ അങ്ങിനേ ആവുമെന്നു ഞാൻ കരുതുന്നുണ്ടെന്നു നിങ്ങളോടാരെങ്കിലും പറയുകയുണ്ടായോ? നിങ്ങളെ എപ്പോഴെങ്കിലും ഒരിക്കൽ കാണാതിരിക്കയില്ലെന്ന് എനിക്കു ന

ല്ല നിശ്ചയമുണ്ട്. അതുകൊണ്ട് തൽക്ഷണം ഞാൻ നിങ്ങളെ കാണാൻ വന്നില്ല. അല്ലാതെ എന്താണ്?"

സുലതയുടെ ആ അലക്ഷ്യഭാവം അജയന്റെ ഹൃദയത്തെ മുള്ളുപോലെ കുത്തിമുറിച്ചു പീഡിപ്പിച്ചു. അയാൾ പറയുകയാണ്:—"അപ്പോൾ എനിക്കു സുലതയെ കാണണമെന്നുണ്ടെങ്കിൽ, ഞാൻ സുലതയുടെ അടുക്കൽ വന്നോളണം അല്ലേ? അല്ലെങ്കിൽ—"

കൊടുമ്പിരിക്കൊണ്ട ഈർഷ്യാകാലുഷ്യത്തോടുകൂടി സുലത ഇടയ്ക്കുകേറിത്തടുത്തുപറഞ്ഞു:— "നിങ്ങൾക്ക് എന്നെ കാണാൻ വരുന്നത് അത്രയ്ക്കു അന്തസ്സിനു കുറവാണെന്നു തോന്നുന്ന സ്ഥിതിക്ക് ഞാൻ പിന്നെ നിങ്ങളുടെ പിന്നാലേ ഓടിനടന്നു ബുദ്ധിമുട്ടിക്കൊള്ളണമെന്നുണ്ടോ?"

പരിഭവസമ്മിശ്രമായ ഈ ഈർഷ്യാപ്രകടനത്തിന്റെ നടനം വളരെ നേരം നീണ്ടുനില്ക്കുവാൻ ഇടയായില്ല. മുമ്പു താൻ കണ്ടിട്ടുള്ള സുലതയെയല്ലാ ഇപ്പോൾ കാണുന്നതെന്ന് അജയനു തോന്നി. തന്റേ ബാല്യത്തിലെ ഏകനർമ്മസഖി ഇങ്ങിനെ നഷ്ടപ്പെട്ടുപോയതോർത്തു മനസ്സാലെ ഒന്നു ഖേദിക്കുന്നതിന് ആ സുകുമാരിയുടെ നവയൌവനവ്യഞ്ജിതമായ സൌന്ദര്യധോരണി കണ്ടുളവായ അത്ഭുതകൌതുകങ്ങൾ അജയനെ അനുവദിച്ചില്ല.

സുലതയുടെ ജന്മനക്ഷത്രമാണന്ന്. പിറന്നാളിന്നു ക്ഷണിച്ചുവരുത്തിയിട്ടുള്ള തോഴിമാരുടെ 'നാട്ടുകൂട്ടംകൂട'ലിന്റെ 'കലകല' കോലാഹലം ആ വീടു മുഴുവൻ മുഴങ്ങി. അത്, അജയന്റെ അമ്മായിയമ്മയ്ക്കു ശുണ്ഠിയുണ്ടാക്കി. പിറന്നാളാഘോഷംതന്നെയും 'ആയമ്മ'യ്ക്കത്ര പിടിച്ചിട്ടില്ല. വെറുമൊരു നിസ്സാരപ്പെണ്ണിന്റെ പിറന്നാളിന് ഇത്രയൊക്കെ പൊടിപൂരമായി ഘോഷിക്കുന്നതെന്തിനാണ്? "അടുക്കളപാർല്ലിമെന്റി"ൽവെച്ച് ആ സ്ത്രീ തന്റെ വിപരീതാഭിപ്രായത്തെ അന്നുതന്നെ രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു. പിറന്നാളാഘോഷത്തിനുള്ള 'ശ്രമ'ങ്ങളിൽ അജയൻ 'ആദ്യവസാനക്കാര'നായിട്ടു തന്നെ ചേർന്നിട്ടുണ്ടായിരുന്നു. പക്ഷേ, സുലതയുടെ മുഖഭാവം അയാൾക്ക് അശേഷവും പ്രോത്സാഹജനകമായിരുന്നില്ല.

സുലതയ്ക്കു ചിലപ്പോഴൊക്കെ ഉള്ള ചിത്തശീലത്തിന്റെ ചാപല്യം നഗ്നവേഷത്തിൽ നടനം ചെയ്തിരുന്ന ഒരു ദിവസമായിരുന്നു അതു്. തോഴിമാർ യാത്രപറഞ്ഞു പിരിഞ്ഞു. എരിഞ്ഞു പുകഞ്ഞുംകൊണ്ടിരുന്ന അവളുടെ രോഷാഗ്നി ഉഗ്രമായി കത്തിജ്വലിക്കുവാൻ ആരംഭിച്ചു. അവൾ ആഹാരം കൈകൊണ്ടു തൊട്ടുകൂടി ചെയ്യാതെ, തൊട്ടതിനും പിടിച്ചതിനും ഒക്കെ കുററംപറഞ്ഞു്, കണ്ടവരോടെല്ലാം കയർത്തു തട്ടിക്കയറുവാൻ തുടങ്ങി. പുതിയ സുലത പെട്ടെന്നിങ്ങിനേ പഴയ സുലതയുടെ മട്ടു കാണിച്ചു കണ്ടപ്പോൾ അജയൻ തന്നത്താൻ ചിരിച്ചുപോയി. അവളുടെ ഈ കോപപ്രകടനത്തിനുള്ള ഹേതുവെന്താണെന്നു അജയൻ എളുപ്പത്തിൽ മനസ്സിലാക്കിക്കൊള്ളട്ടെ എന്ന കരുതലോടുകൂടിയായിരിക്കാം അവൾ തനിക്കു തോഴിമാർ സമ്മാനിച്ച പാരിതോഷികസാധനങ്ങൾ അജയന്റെ ദൃഷ്ടിയിൽ പെടത്തക്കവണ്ണം എടുത്തു പയോഗിച്ചതും അവയുടെ മാഹാത്മ്യത്തെപ്പററി വെറുതെ പുകഴ്ത്തിക്കൊണ്ടിരുന്നതും എന്നു തോന്നുന്നു.

പിറെറദിവസം അജയനു് ബോമ്പയിൽ നിന്നയച്ച വലുതായ ഒരു പാർസിൽ കിട്ടി. അല്പമൊന്നു താമസിച്ചുവെങ്കിലും ആയാളുടെ സ്നേഹിതൻ തന്റെ വാഗ്ദാനത്തെ നിറവേററാതിരുന്നില്ല. അജയൻ അക്ഷമനായി പാർസിൽ പൊളിച്ചു് അതിനകത്തു നിന്നു് വിചിത്രപ്പണികളാൽ കമനീയമായിട്ടുള്ള ഒരു ചന്ദനപ്പെട്ടി പുറത്തേയ്ക്കെടുത്തു. കണ്ണത്തിലും കുന്തളത്തിലും അണിയുന്നതിനുള്ള രമണീയങ്ങളായ ചില വിശേഷസാധനങ്ങളാണു് അതിലുണ്ടായിരുന്നതു്.

സുലത അപ്പോൾ തന്റെ തോട്ടത്തിലായിരിക്കുമെന്നു് അജയനു് അറിയാമായിരുന്നു. ആയാൾ പെട്ടിയും എടുത്തു് തോട്ടത്തിലേയ്ക്കു ചെന്നപ്പോൾ സുലത ഏതാനും പനിനീർച്ചെടികളുടെ ഇടയിൽ കുനിഞ്ഞിരുന്നു് അവയുടെ അടിമണ്ണിളക്കുകയായിരുന്നു. അജയൻ പെട്ടി അവളുടെ അടുക്കൽ കൊണ്ടുപോയിവെച്ചിട്ടു്,—"പിന്നേ! ഇങ്ങോട്ടൊന്നു നോക്കൂ. അസാരം താമസിച്ചുപോയി. എങ്കിലും എനിക്കു മറവി പററിപ്പോയിട്ടില്ല" എന്നു പറഞ്ഞു.

തന്റെ സ്വരത്തിലോ, വാക്കിലോ, ചേഷ്ടയിലോ ഒട്ടുംതന്നെ രസവും ശ്രദ്ധയും നിഴലിച്ചിട്ടില്ലാത്ത വിധത്തിൽ അവൾ "അവിടെ ഇട്ടേയ്ക്കൂ" എന്നുമാത്രം മറുപടി പറഞ്ഞു. ഒന്നു തിരിഞ്ഞുനോക്കുകകൂടി ചെയ്തില്ല.

അത്രയ്ക്കു സാരവത്തായിട്ടുള്ള തന്റെ സമ്മാനങ്ങളെ ഇത്രത്തോളം അവഹേളനംചെയ്തപ്പോൾ വാങ്ങേണ്ട ആളേപ്പോലെ കൊടുത്തിട്ടുള്ള ആളും കോപത്തിനു വശപ്പെട്ടുപോയി. അജയൻ ചോദിക്കുന്നു:—"എന്താ സുലത നല്ലപോലെ കണ്ടില്ലേ? സഖിമാരുടെ സമ്മാനങ്ങളേക്കാൾ ഗുണംകുറഞ്ഞവയായിരിക്കുമോ ഇയ്യുള്ളവൻ കൊണ്ടുവന്ന സംഭാവനകൾ? പറയൂ."

സുലത ഒരുപക്ഷേ, കല്പിച്ചുകൂട്ടിയിട്ടുതന്നെയായിരിക്കാം, അജയന്റെ വാക്കുകളെ തെറ്റിദ്ധരിച്ചു അവൾ തന്റെ ജോലി മുഴുവനാക്കാതെ, നിർത്തിയുംവെച്ച് എണീററുനിന്ന് പരുഷസ്വരത്തിൽ ഇങ്ങിനേ പറഞ്ഞു:—"പിന്നേ; നിങ്ങളുടെ 'അനുഗ്രഹ'ങ്ങളായിട്ടുള്ള സമ്മാനങ്ങൾ അത്രയ്ക്ക് അമൂല്യമാണെങ്കിൽ അവയെ നിങ്ങൾതന്നേ എടുത്തു സൂക്ഷിച്ചുവെയ്ക്കണം." ഇത്രയും പറഞ്ഞിട്ട് അവൾ കലികൊണ്ട 'കോമരം' കണക്കേ അവിടെനിന്നു തുള്ളിച്ചാടി മണ്ടിപ്പോയി. അവൾ പോയപോക്കിൽ പുറങ്കാലുകൊണ്ട് തട്ടിനീക്കിയ പെട്ടി 'കുന്തപ്പാട്ട്' അകലത്ത് തെറിച്ചുപോയിരുന്നു. അജയൻ അതുംനോക്കി അനങ്ങാതേ നിലകൊണ്ടു. കാര്യം എന്തോ ആകപ്പാടെ തകരാറായിത്തീർന്നിരിക്കുന്നുവെന്നും ഈ വിഷമഘട്ടത്തിൽ വിജയം നേടുന്നതു തുലോം ദുസ്സാധമെന്നും ആയാൾ ഗ്രഹിച്ചു.

താൻ അങ്ങിനേ അവിടെ എത്രനേരം നിന്നുവെന്നുപോലും അയാൾക്ക് ബോധമുണ്ടായിരുന്നില്ല. കുറെ കഴിഞ്ഞപ്പോൾ അയാൾ പ്രകൃതിസ്ഥനായിത്തീർന്നു. അപ്പോഴുണ്ട്, അടുത്തണയുന്ന കാലൊച്ചയൊന്നുകേൾക്കുന്നു! സുലത തിരിയേവന്നിട്ട്, മണ്ണിൽ ചിന്നിക്കിടന്ന സമ്മാനസാധനങ്ങളെല്ലാം ശ്രദ്ധയോടുകൂടി പെറുക്കിയെടുത്തു ശേഖരിച്ചു. അതിനുശേഷം, അവൾ അജയന്റെ നേരെ മുഖം തെല്ലു ചായ്ച്ചു തിരിച്ചിട്ട്, 'ഇതു് പെട്ടിക്കുള്ളിൽ വെച്ചേയ്ക്കൂ' എന്നു പറഞ്ഞ് ആയാളുടെ കയ്യിൽ കൊടുത്തു.

ഇപ്രകാരം കണ്ണീരു് ചിരി എന്നിവയിലൂടെ രണ്ടു ചെറിയ കപ്പലുകൾ പൊതുവേയുള്ള ഒരു തുറമുഖത്തെ ലക്ഷ്യമാക്കിക്കൊണ്ടു്, ഒന്നിച്ചു മുന്നോട്ടു പോവുകയായിരുന്നു. അതിനിടയ്ക്കു് അവയിൽ ഒരു കപ്പൽ അതാ കാലത്തിന്റെ അഗാധമായ തലത്തിൽ മുങ്ങിത്താന്നു അദൃശ്യമായിത്തുടങ്ങുന്നു! ഏതാനും സമയത്തെ ക്ലേശാനുഭവത്തിനു ശേഷം, സുലത തന്റേ പരിസരപ്രപഞ്ചത്തോടു യാത്ര പറഞ്ഞു് അവ്യക്തമായും അനിർവ്വേദ്യമായും ഇരിക്കുന്ന ഏതോ ഒരു സ്ഥലത്തേയ്ക്കു പോയി!!

കുറച്ചു നേരത്തേയ്ക്കു് അജയൻ നഷ്ടേന്ദ്രിയനായി ക്ഷീണബോധനായി നിശ്ചലം നിലകൊണ്ടു. ശോകാതിരേകത്താൽ ഹൃദയഭേദകമായിട്ടുള്ള നിലവിളിയിലൂടേ തന്റെ ബാല്യംമുതലുള്ള ഏകസഖി ആ ഭവനത്തിൽനിന്നു് 'ഇങ്ങിനിവരാതവണ്ണം' പിരിഞ്ഞുപോകുന്നതു് അജയൻ നോക്കിക്കൊണ്ടിരുന്നു. അയാൾ എന്തോ ചിന്തനം ചെയ്യുകയായിരുന്നു. സുലത തന്റെ അന്തിമശ്വാസത്തിനു അല്പം മുമ്പു് അജയന്റെ കൈപിടിച്ചു മാറോടണച്ചിട്ടു് ഇങ്ങിനേ പറഞ്ഞു:— "ഞാൻ ഉടനെ മടങ്ങിവരും. അങ്ങയെ പിരിഞ്ഞു് അകന്നു താമസിക്കാൻ എനിക്കു ത്രാണിയില്ല."

* * * * * * *

സുലതയുടെ അമ്മയും അജയന്റെ അമ്മായിയുമൊരുമിച്ചു കാശിക്കു പോയി. മൂകവും വിശാലവുമായ ആ ഭവനത്തിൽ, വിപിനനും അജയനും മാത്രം ശേഷിച്ചു. കുറച്ചുദിവസങ്ങളിങ്ങിനേ കഴിഞ്ഞുകൂടി. ഒരുദിവസം വിപിനൻ അജയനെ വിളിച്ചു ഇങ്ങിനെ ചോദിച്ചു:—"നീ ഇനി എന്തു ചെയ്യുവാനാണ് കരുതിയിട്ടുള്ളതു്?"

തന്റെ പുത്രൻ എന്തുചെയ്യണമെന്നു കുറച്ചുമുമ്പുവരേയും വിപിനൻ ആലോചിച്ചു നിശ്ചയിച്ചു വെച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇയ്യിടയിൽ ആയാൾ തനിക്കു ഉപരി ഒരധികൃതൻ ഉണ്ടെന്നു ഗ്രഹിച്ചിരിക്കുന്നു. അതുകൊണ്ടു് മകന്റെ കാര്യത്തിൽ താൻ മേലിൽ കൈകടത്തുന്നതു വിഹിതമായിരിക്കയില്ലെന്നും സ്വന്തം കാര്യം സ്വയംതന്നേ ആലോചിച്ചു നിശ്ചയിച്ചുകൊള്ളട്ടെ എന്നും കരുതി ഒഴിഞ്ഞുനിൽക്കുകയാണു് ചെയ്തതു്.

'ലലാടന്തപ'മായ ആതപത്താൽ "നഖംപചോഷ്മളരജഃപുഞ്ജ"മായ ഗ്രീഷ്മത്തുവിലേ ഒരു ദിവസമായിരുന്നു അതു്. എരിവേനലിന്റെ കൊടുമയെ പ്രകടനം ചെയ്യുന്ന വിധത്തിൽ ഉണങ്ങി വരണ്ടു വിളർത്തു വശമായിട്ടുള്ള ബാഹ്യപ്രകൃതിയിലേ കാഴ്ചകൾ ജനലിലൂടെ നോക്കിക്കൊണ്ടു നിൽക്കുകയാണ് അജയൻ അപ്പോൾ ചെയ്തിരുന്നതു്. ആയാൾ അച്ഛന്റെ ചോദ്യംകേട്ടു മുഖം തിരിച്ചിങ്ങിനേ മറുപടി പറഞ്ഞു:—

"ഞാൻ അച്ഛന്റെ ജോലി നോക്കിക്കൊള്ളാം." വിപിനൻ വിസ്മയപ്പെടുകതന്നേ ചെയ്തു. കുറച്ചുകഴിഞ്ഞിട്ടു വീണ്ടും ചോദിക്കയാണു്:—"ഒരു കൺട്രാക്ടരുടെ ജോലിയാണോ നീ സ്വീകരിവാൻ നിശ്ചയിച്ചിരിക്കുന്നതു്?"

അജയൻ:—"ആതേ" എന്നു തലകുലുക്കിപ്പറഞ്ഞു.

വിപിനൻ:—"ഇങ്ങിനേ ഒരു നിശ്ചയമുണ്ടാവാൻ കാരണമെന്താണു്? കോളേജ് വിദ്യാഭ്യാസം മുഴുവനാക്കിക്കൂടയോ?"

അജയൻ:—"എനിക്കു് പണമാണു വേണ്ടതു്. ഞാൻ പഠിപ്പിന്നുപോയി പരീക്ഷയും പാസ്സായി വരുന്നതായാൽ പക്ഷെ ഒരു സ്കൂൾമാസ്റ്ററായിരിക്കുവാൻ സാധിക്കുമായിരിക്കാം."

വിപിനൻ:—"അതു പോരേ? നിനക്കു് എന്തിനാണ് ഇത്രയധികം പണം? നിന്റെ സ്വഭാവമാണെങ്കിൽ ധാരാളച്ചിലവു ചെയ്യുന്ന തരത്തിൽപ്പെട്ട ഒന്നല്ല."

അജയൻ കുറച്ചുനേരത്തേയ്ക്കു് മിണ്ടാതേ മുഖം തിരിച്ചുനിന്നു. ഒരു നെടുവീർപ്പോടുകൂടി തുടന്നു പറഞ്ഞു:—

"സുലത അടുത്ത ജന്മത്തിൽ, ഒരു രാജകുടുംബത്തിലാണ് ജനിക്കുന്നതെങ്കിൽ അവളുടെ പദവിയനുസരിച്ചുള്ള ഒരു ജീവിതരീതിയ്ക്കു മതിയാവുന്നെടത്തോളം പണം സമ്പാദിച്ചു വെയ്ക്കേണ്ടതു് അത്യാവശ്യമാണ്. അവളെ ദാരിദ്ര്യക്ലേശം അനുഭവിക്കുവാൻ വിടുന്നതു് എനിക്കു സഹ്യമല്ല."

വിപിനനു് വാസ്തവത്തിൽ ആ പറഞ്ഞതിന്റെ അത്ഥം മനസ്സിലായില്ല. ആയാൾ മകനേ തുറിച്ചുനോക്കിക്കൊണ്ടു നിന്നു. എന്നാൽ അജയൻ തന്റെ അച്ഛന്റെ കണ്ണിൽ ഒരു തുള്ളി വെള്ളം കണ്ടതു് അന്നു 'നടാടേ'യാണു്.

II

കൽക്കത്താ നഗരത്തിൻേറ 'കണ്ണാ'യിട്ടുള്ള പ്രധാനസ്ഥലത്തു് കമനീയമായ ഒരു കെട്ടിടം നില്ക്കുന്നതു കാണാം. ഉന്നതവും വിശാലവുമായ ആ കെട്ടിടത്തിന് ഭംഗിയും ഉപയോഗവും ഉണ്ടാവുന്നതിന് വേണ്ടപ്പെട്ട ഒരെണ്ണത്തിനും ഒരു കുറവുണ്ടായിരുന്നില്ല. പക്ഷെ, നിവാസത്തിനായിട്ടുള്ള ആളുകളുടെ ഗണനീയമായ ഒരു സംഖ്യമാത്രം അതിന് അത്യാവശ്യകമായിത്തീൎന്നിരുന്നു. രാജമന്ദിരസന്നിഭമായ ആ മണിമാളികയിൽ, അതിൻേറ നായകനെ പരിവാരബാഹുല്യമൊന്നുംകൂടാതെയാണ് കാണുന്നതു്. പകൽ കുറച്ചു സമയം മാത്രമേ അയാൾ അവിടെ ഉണ്ടായിരിക്കുകയുള്ളൂ. ധാരാളം പണം സമ്പാദിക്കുന്നതിനായി, ഗൃഹനായകൻ നഗരത്തിൽ നടന്ന് ഓരോ വ്യവസായങ്ങളിൽ വ്യാപൃതനായിട്ടാണ് പ്രായേണ സമയം നയിച്ചുവരുന്നതു്. വൈകുന്നേരത്തു് വീട്ടിൽ മടങ്ങിവന്നാൽപ്പിന്നേ വല്ല അററകുററങ്ങളും തീക്കുവാനോ, എവിടെ എങ്കിലും മോടിപിടിപ്പിക്കുവാനോ ഉണ്ടെങ്കിൽ അതറിയുന്നതിനായി മാളിക മുഴുവനും ഒന്നു നടന്നുനോക്കും. അതു കഴിഞ്ഞാൽ, രണ്ടാമത്തേ നിലയിലുള്ള തൻേറ മുറിയിൽ വന്ന്, വെറും നിലത്തുകിടന്നു കുറേ വിശ്രമിക്കും. ആ മുറി തീരേ നഗ്നമായ രീതിയിൽ 'കേവല'മായിട്ടാണ് കിടന്നിരുന്നതു്. വൈദ്യുതമായ ദീപമോ, പങ്കയോ, അതുപോലുള്ള മററുവല്ല പരിഷ്കൃതസാധനങ്ങളോ ഒന്നും അതിനകത്തു ഉണ്ടായിരുന്നില്ല. അഭിമാനപൂൎവ്വകം അതണിഞ്ഞിരുന്ന ഒരൊററ അലങ്കാരം ചുമരിൽ വെച്ചിട്ടുള്ള ഒരു ചിത്രപടം മാത്രമാണ്. അതു് ഏകദേശം പതിനഞ്ചുവയസ്സു പ്രായം ചെന്ന ഒരു സുകുമാരിയുടെ ഛായാപടമായിരുന്നു.

ഈ മണിമാളികയുടെ ഉടമസ്ഥൻ നമുക്കു സുപരിചിതനായിട്ടുള്ള ആളാണ്. കാലശില്പി അജയൻേറ കണ്ണപാൎശ്വത്തിലുള്ള തലമുടിയിന്മേൽ കുറേശ്ശ വെൺകളിയിട്ടുവാൻ തുടങ്ങിയിരിക്കുന്നു. അന്നു നാം ചൈതന്യരഹിതങ്ങളായി കണ്ടിട്ടുള്ള ആയാളുടെ നേത്രങ്ങൾ ഇന്നു് കപോതദൃഷ്ടികളേപ്പോലെ പ്രകാശമാനങ്ങളായി തീൎന്നിട്ടുണ്ടു്. എന്നുതന്നെയല്ല, ആയാളുടെ അച്ഛൻ വളരെ അധികം മോഹിച്ചുവരുന്നതും ഒടുവിൽ മകന് അപ്രാപ്യമാണെന്നു കണ്ടു് വിട്ടുകളഞ്ഞിട്ടുള്ളതുമായ 'പ്രായോഗികത'ത്തിൽ അജയൻ ഇപ്പോൾ അങ്ങേ അററത്തുതന്നേ

എത്തുകയും ചെയ്തിരിക്കുന്നു. അത്യുന്നതമായ ആ മണിമാളികയും, വിവിധങ്ങളായ സാമാനങ്ങളും പലതരത്തിലുള്ള വാഹനങ്ങളും നാനാത്രൂപങ്ങളായ ബാങ്കുകണക്കുപുസ്തകങ്ങളും, പ്രായോഗികമായ ജീവിതത്തിൽ അജയനുള്ള വിജയത്തെയല്ലാതെ മറെറന്തിനേയാണ് വിശദീകരിക്കുന്നത്? തൻേറ കാര്യങ്ങൾക്ക ആവശ്യകമായെടത്തോളം മാത്രമേ ആയാൾ തൻേറ കൂട്ടുതൊഴിലാളന്മാരുമായി ഇടപെട്ടിരുന്നുള്ളു. കൽക്കത്തെയിലെ വിപണിവീഥിയിൽ വിലപിടിച്ച സാധനമോ പകിട്ടുള്ള ചിത്രമോ പുതുതായൊന്നു വന്നെത്തിയുണ്ടെന്നു കേട്ടാൽ, അജയൻേറ 'മോട്ടോർ കാർ' ആയിരിക്കും ഒന്നാമതായി അവിടെ എത്തുന്നത്. സുവർണ്ണമണിഭൂഷണങ്ങളിൽ ആയാൾ വിശേഷേണ ദൃഷ്ടിവെച്ചിരുന്നു.

അജയനു തൻേറ തൊഴിലേപ്പാടുമൂഖേന പലതരത്തിലുമുള്ള ആളുകളുമായി പരിചയവും സഖ്യവും ഉണ്ടായി. സംഖ്യാതീതങ്ങളായ സൽക്കാരക്ഷണങ്ങൾ മിയ്ക്കപ്പോഴും ഉണ്ടാകമാറുണ്ട്. ഒരു നിവൃത്തിയുണ്ടെങ്കിൽ, വിരുന്നുകൾക്കു പോകാതെ കഴിക്കയും അഥവാ പോയാൽത്തന്നെയും സംഘത്തിൽ നിന്ന് വേഗം മാറിക്കളയുകയും ആണ് അയാളുടെ പതിവ്.

ഈ 'ഉത്സർഗ്ഗനിയമ' ത്തിന്നു (General rule) ചില 'അപവാദ വിധിക' (Expaction)ളും ഉണ്ടാവാറില്ലെന്നില്ല. തനിക്ക് അല്പം പരിചയമുള്ള ദിക്കിലെവിടെയെങ്കിലും ഒരു പെൺകുട്ടി ജനിച്ചിട്ടുണ്ടെന്നു കേട്ടാൽ തൽക്ഷണം അനപേക്ഷിതനായി അവിടേ കേറിച്ചെന്ന് കുട്ടിയെ കാണുകയും, സ്വർണ്ണനാണ്യങ്ങൾ സംഭാവന നൽകുകയും ചെയ്യുമായിരുന്നു. ഇത് ഒരാളുടെ അതുലിതമായ സൽസ്വഭാവത്തെ വെളിയിക്കുന്ന ഒന്നാണെന്നു ചിലർ പറഞ്ഞിരുന്നത് എത്രത്തോളം ശരിയാകാമെന്നുള്ള ചർച്ചയ്ക്ക് അവസരം ഇതല്ല. സംഭാവിതകളായ ബാലികമാരുടെ രക്ഷിതാക്കന്മാർ സാധാരണയായി അനുശോചനങ്ങളെയല്ലാതെ മറെറാന്നിനേയും സ്വീകരിച്ചിരുന്നില്ല. അതിനാൽ ആയാൾക്ക അവർക്കുവേണ്ടി അഭിനന്ദനങ്ങൾ ധാരാളം ചിലവാക്കേണ്ടിവന്നു. സ്ത്രീവർഗ്ഗത്തിൽ ആയാളുമായി പരിചയമോ, ബന്ധമോ ഉള്ളവരെല്ലാം, 'തലയുടെ സ്ക്രൂ തെല്ലിളകി' വശമായിട്ടുള്ള ആയാളുടെ അത്തരം 'നൊസ്സി' നേപ്പററി അനുശോ

ഷിക്കയും അതിനുള്ള ഏകസിദ്ധൌഷധം വിവാഹമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

അന്നൊരു "മൂടിപ്പിടിച്ച" ദിവസമായിരുന്നു. സന്ധ്യയായപ്പോഴെയ്ക്കും കാറും കറുപ്പും കാററും കുളിരും കലശലായിത്തീൎന്നു. എന്തോ കാരണത്താൽ അജയൻ അന്നു പതിവിലധികം നേരത്തേയാണ് വീട്ടിൽ മടങ്ങിവന്നത്. കുറച്ചു ദിവസമായി ആയാൾക്കു 'നല്ല സുഖം' ഇല്ല. രണ്ടുദിവസം അടുപ്പിച്ചു മഴ കോരിച്ചൊരിഞ്ഞുംകൊണ്ടിരിക്കവേ കൽക്കത്താ തെരുവീഥിയിൽക്കൂടെ ഒരു യാചകബാലികയുടെ പിന്നാലേ നടന്നതിനാൽ മഴനനഞ്ഞു് കുളിരും പനിയും പിടിപെട്ടു് അസ്വസ്ഥനായിത്തീൎന്നിരുന്നു. ഇത്തരം സാഹസ സംരംഭങ്ങൾക്കായി ആയാൾ കൂടക്കൂടെ പോവുക പതിവായിരുന്നു. അവയിൽ നിന്നു ആയാൾക്കുണ്ടാകുന്ന ലാഭത്തിൻെറ സ്ഥാനത്തു് ശൂന്യാങ്കങ്ങളാണ് ഇടുവാനുള്ളതു് എന്നാൽ 'നൊസ്സി'ൻെറ വകഭേദങ്ങളായ ആയാളുടെ അത്തരം ചാപല്യങ്ങളിൽ നിന്നു്, സ്ത്രീപ്രജകളെ പ്രസവിക്കുവാൻ തോന്നിയ അനേകം സ്ത്രീകൾക്കു് അനല്പമായ ഗുണം സിദ്ധിച്ചു.

അന്നു് വീട്ടിൽ വന്നതിനുശേഷം പതിവുപോലെ ഭവനപരിശോധനയ്ക്കായി പുറപ്പെടുക ഉണ്ടായില്ല. ശയനഗൃഹത്തിൻേറ വാതിൽ അടച്ചു്, തളൎന്നു വശംകെട്ട മട്ടിൽ മന്ദചൈതന്യനായി ശയ്യയേ ശരണീകരിച്ചു. ഏതാനും ക്ഷണങ്ങൾ കഴിഞ്ഞപ്പോൾ തല പതുക്കെ ഒന്നു പൊന്തിച്ചു്, ചുമരിനെ അലങ്കരിക്കുന്ന ഛായാപടത്തിൽ നോക്കിയിട്ടു് ഇങ്ങിനെ പറഞ്ഞു:—"നീയെവിടെയാണെന്നു പറയാത്തതെന്താണു? ഞാൻ നിന്നേ അന്വേഷിച്ചുംകൊണ്ടു് നടക്കുന്നു. എപ്പോഴും അന്വേഷിക്കയാണ്. പക്ഷേ, പ്രിയേ! നിന്നേ ഞാൻ എവിടെപ്പോയാണ് കണ്ടുപിടിക്കേണ്ടതു്?"

ഭൃത്യൻ മുറിയുടെ മുൻവശത്തു വന്നു് വലിഞ്ഞുനിന്നൊന്നു് എത്തിനോക്കിയപ്പോൾ യജമാനൻ കിടക്കുകയാണെന്നു കണ്ടു് വിളിക്കുവാൻ ധൈൎയ്യപ്പെടാതെ മടങ്ങിപ്പോന്നു. അജയൻ അന്നു് അത്താഴമേ കഴിച്ചില്ല.

പിറേറന്നു രാവിലേതന്നെ ഒരു ഡോക്ടരെ വിളിച്ചുകൊണ്ടു വന്നു. ഡോക്ടർ വന്ന ഉടനേ രോഗിയെ പരിശോധിച്ചു രോഗം സംബന്ധിച്ചും, സാധാരണ ധനികന്മാരുടെ സ്വേച്ഛാചാര്യങ്ങളെ ക്കുറിച്ചുംഇംഗ്ലീഷിലും ബങ്കാളിയിലും ചില 'റിമാൎക്ക്'കളെല്ലാം ചെയ്തിട്ട് രോഗിയെ ആ കാളഗൎത്ത (Black Hole)ത്തിൽ നിന്നു നല്ലൊരു മുറിയിലേയ്ക്കു മാററുകയും നീട്ടിപ്പിടിച്ച് ഒരു മരുന്നുകുറിപ്പ് എഴുതുകയും ചെയ്തു. ഒരു മണിക്കൂറിന്നുള്ളിൽ പരിചരണത്തിനായി ഒരു ധാത്രി (Nurse) യും എത്തിക്കഴിഞ്ഞു. എന്തിനധികം? ആകപ്പാടേ, വളരേ വേഗത്തിൽ, അജയൻെറ സുഖക്കേട്, ഒരു നല്ല പണക്കാരന്ന് അനുരൂപമായ വിധത്തിൽ ധാരാളം വില പിടിച്ച ഒന്നായിത്തീൎന്നുവെന്നേ പറയേണ്ടൂ. അജയനേപ്പററി വിചാരപ്പെടാനായി അടുത്ത ചാൎച്ചക്കാരായി ആരുംതന്നേ കൽക്കത്തയിലുണ്ടായിരുന്നില്ല. സുഹൃത്തുക്കളും പരിചയക്കാരും ഒക്കേ വന്ന് ദീനമന്വേഷിച്ചിരുന്നു. അവരെ ഉപചരിപ്പാനും രോഗസ്ഥിതിയേപ്പററി പറയാനും ആയിട്ടുതന്നേ പകൽ മുഴുവനും ഒരു ഭൃത്യൻ നിൽക്കേണ്ടിവന്നു. ചിലർ ഡോക്ടരെ പിടിച്ചുനിൎത്തി രോഗസ്ഥിതികളേപ്പററി 'തലങ്ങും വിലങ്ങും', ചോദ്യങ്ങൾ ചെയ്യും. "ഇപ്പോൾ ഒന്നും ഉറപ്പിച്ചു പറവാൻ വയ്യാ" എന്നും, "രോഗി അത്രത്തോളം ആതുരനായിട്ടുണ്ടെ"ന്നും താൻ കാണുന്നതിനു മുമ്പു തന്നേ രോഗഗ്രസ്തനായിട്ടുണ്ടായിരിക്കണമെന്നും, നല്ല ചികിത്സയോടുകൂടി കുറേനാൾ അനങ്ങാതെ ഇരിക്കേണ്ടതു് അത്യാവശ്യകമാണെന്നും മററും മററും ഡോക്ടർ ശ്വാസം നിൎത്താതേ നീണ്ടു നീണ്ട ഘോരപ്രസംഗങ്ങൾ 'തട്ടിവിടും.'

സുഖക്കേടിൻെറ ആദ്യഘട്ടത്തിൽ രോഗിക്കു തീരേ തൻെറ ടവും ചേതനയുമില്ലാതേ ആയിപ്പോയിരുന്നു. കിടക്കുന്നതെവിടേയെന്നും, ശുശ്രൂഷിക്കുന്നതാരെന്നും യാതൊരു വിവരവും ഉണ്ടായിരുന്നില്ല. ക്രമേണ തൻെറാടം വീണു തുടങ്ങിയതോടുകൂടി പരിതഃസ്ഥിതികളിൽ ശ്രദ്ധ പതിച്ചുതുടങ്ങി. സ്വപ്രബോധത്തിൻ്റേ പിമ്പേ തന്നെ ഈൎഷ്യാകുലിതമായ 'ശാഠ്യ'വും കടന്നുകൂടി. ഒരു ചേൎച്ചയും നിൎത്തലുമില്ലാതേ, എങ്ങുംതൊടാത്ത മട്ടിൽ പുറപ്പെട്ട ചോദ്യപരമ്പരയുടെ ധാരാപ്രവാഹം ഒരു മുഴുത്ത ഭ്രാന്തൻെറ ലക്ഷണങ്ങളെ ആയാളിൽ കാണിച്ചു. തന്നേ ആ മുറിയിൽ കൊണ്ടുവന്നാക്കിയതു് ആരാണെന്നും, എന്തിനാണ്, ആരു പറഞ്ഞിട്ടാണ് ധാത്രി വന്ന

ശുശ്രൂഷിക്കുന്നതെന്നും നിസ്സാരമായ ആ സുഖക്കേടിന് ശുശ്രൂഷിക്കണമെങ്കിൽ ഭൃത്യന്മാരായാൽ പോരേ എന്നും ഡോക്ടരോട് ചോദിച്ചതിന്ന് "സംക്ഷിപ്തവും സാരഗർഭവുമായ" ഒരു പ്രസംഗം കൊണ്ട് അദ്ദേഹം മറുപടികൊടുത്തു. അതോടുകൂടി ഒന്നുരണ്ടു ദിവസത്തിന്ന് രോഗി അനങ്ങാതെ കിടന്നുവെങ്കിലും പെട്ടെന്നു വീണ്ടും പുതിയതരത്തിലുള്ള ഒരു ചിത്തചാപല്യത്തിന് വശംവദനായി.

'യൂറേഷ്യന്മാർ' എന്ന ഉഭയഭ്രഷ്ടരായ കൂട്ടരുടെ ജാതിയിൽപ്പെട്ട ഒരു ധാത്രിയുടെ കൈകൊണ്ടു തരുന്ന മരുന്നുകൾ താൻ ഒരുകാലത്തും വാങ്ങി ഉപയോഗിക്കുന്നതല്ലെന്ന് ആയാൾ ശപഥം ചെയ്തു. ഒന്നുകിൽ ഒരു ബങ്കാളിനേഴ്സിനേ കൊണ്ടുവരികയോ അല്ലെങ്കിൽ തന്റെ ഭൃത്യനേത്തന്നേ ശുശ്രൂഷിക്കാനയയ്ക്കുകയോ ചെയ്യണമെന്നു ശഠിച്ചു. ഡോക്ടർ കുറേനേരം എന്തോ ആലോചിച്ചിട്ട്, ഒടുവിൽ ഒരു ബങ്കാളിനേഴ്സിനെ അയച്ചുകൊടുത്തുകൊള്ളാമെന്നുള്ള നിശ്ചയത്തിന്മേൽ അവിടെനിന്നു പോയി.

രോഗി വൈകുന്നേരമായപ്പോൾ അസ്വാസ്ഥ്യജന്യമായ നിദ്രാവ്യാമോഹത്തിനാൽ ഗ്രസ്തനായിത്തീൎന്നു. ഒരു ട്രാം വണ്ടിയുടെ കഠോരശബ്ദമാണ് പിന്നേ അയാളെ ആ മയക്കത്തിൽനിന്നുണർത്തിയത്. സ്വബോധംവന്നു നോക്കിയപ്പോൾ മൃണാളമൃദുലമായ ഒരു പൊൻകാപ്പണിക്കയ്യിന്റെ ചെന്തളിർത്തുവിരലുകൾ തന്റെ തുടിക്കുന്ന നെററിത്തടത്തിൽ മന്ദമായി സ്പന്ദനംചെയ്യുന്നതു കണ്ടു:—"നിങ്ങൾ പുതുതായി വന്ന ധാത്രിയാണോ?" എന്ന് അജയൻ ഗൽഗദസ്വരത്തിൽ ചോദിച്ചു. "അതേ" എന്നു കുലീനതയും മൎയ്യാദയും സ്ഫുരിക്കുന്ന ഒരു മധുരമൃദുസ്വരം മറുപടി പറഞ്ഞു.

അന്നു രാത്രി മരുന്നുകഴിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും പതിവിൻപടിയുള്ള ചാപല്യമൊന്നും രോഗി കാണിക്കുകയുണ്ടായില്ല. അഭിനിവേശത്തോടുകൂടി ആവശ്യപ്പെടുന്ന കളിപ്പാട്ടങ്ങൾ വേഗത്തിൽ കയ്യിൽ കിട്ടിക്കഴിഞ്ഞാൽ ഒരു ചെറുകുട്ടിക്കുണ്ടാവുന്ന സമാധാനവും സംതൃപ്തിയും അജയന്നുണ്ടായി. ഭക്ഷണം കഴിഞ്ഞതിനുശേഷം അജയൻ മാറി മറഞ്ഞുനില്ക്കുന്ന ധാത്രിയെ വിളിച്ചിങ്ങിനേ പറഞ്ഞു:— "നിങ്ങളെന്താണ് ഒരു വെളിച്ചംവെയ്ക്കാതെ ഇരുട്ടത്തുപോയി മറഞ്ഞുനില്ക്കുന്നത്? എനിക്ക് ഇരുട്ട്, തീരേ പിടിക്കില്ല."

എങ്ങിനേയും രോഗിയെ സമാധാനപ്പെടുത്തുവാൻ ആജ്ഞ പ്തയായിട്ടുള്ള ധാത്രി ഒരു വിളക്കു വേഗം കൊളുത്തിവെച്ചിട്ട് മുമ്പിൽ നിന്നു മാറി തലയ്ക്കൽ ഭാഗത്തുള്ള തൻേറ സ്ഥാനത്തു പോയി നിന്നു. രോഗി പിന്നേയും പറഞ്ഞു:—"എന്താ നിങ്ങൾ മറഞ്ഞു നില്ക്കുന്നത്? ഇങ്ങോട്ട് അടുത്തുവരൂ. മുമ്പിൽ വന്നു നില്ക്കുക. എനിക്കു നിങ്ങളെ നല്ലവണ്ണമൊന്നു കാണണം."

ധാത്രി വളരേ വിനീതയായി മുമ്പിൽ വന്നു നിന്നു. അജയൻ തല പൊന്തിച്ചു ഒന്നു സൂക്ഷിച്ചുനോക്കി. അവൾ മലരൊളി മേനിയാളായ ഒരു കോമളകുമാരിയായിരുന്നു. ഞെട്ടററു വീണ പനിനീർ മലർപോലുള്ള അവളുടെ ഓമനമുഖത്ത് പറഞ്ഞറിയിക്കുവാൻ വയ്യാത്ത ഏതോ ഒരു മാനസികവ്യഥ നിഴലാടിക്കൊണ്ടിരുന്നു. അജയൻ അവളുടെ ചെന്തളിരൊളി തിരളുന്ന പൂവൽമേനിയെ ആപാദചൂഡം നയനാഞ്ജലികൊണ്ടു നുകർന്നിട്ട് തിരിയെ യഥാസ്ഥാനം പോയിരുന്നുകൊള്ളുവാൻ പറഞ്ഞു.

ധാത്രിയായ ആ ബാലയുവതി തൻേറ സ്ഥാനത്തു വന്നിരുന്നതേയുള്ളൂ. അപ്പോഴേയ്ക്കും അജയൻ അവളെ വീണ്ടും വിളിച്ച്, അവളുടെ പേരെന്താണെന്നു ചോദിച്ചു. കുലീനത സൂചിക്കുന്ന സ്വരത്തിൽ അവൾ 'പ്രഭ' എന്നു മറുപടി പറഞ്ഞു.

പ്രഭ, തൻേറ പരിചരണത്തിലിരിക്കുന്ന രോഗിയുടെ മേൽ, അല്പദിവസംകൊണ്ട് അനല്പമായ സ്വാധീനശക്തി ചെലുത്തിത്തുടങ്ങി. അജയൻെറ സുഖക്കേടും സ്വഭാവവും ചേഷ്ടയും എല്ലാം പെട്ടെന്നു ആശാസ്യമായ വിധത്തിൽ ഭേദപ്പെട്ടുവന്നു. മുമ്പേത്തേപ്പോലെ മരുന്നുപാത്രങ്ങൾ തട്ടിയുടയ്ക്കുയോ, അളവു ഗ്ലാസുകൾ നിലത്തെറിഞ്ഞു പൊട്ടിക്കുകയോ ഉണ്ടായില്ല. ഭൃത്യന്മാർ തങ്ങളുടെ സ്വാമിയിൽ നിന്ന് 'അനധ്യായ'മില്ലാതെ പുറപ്പെട്ടിരുന്ന അനാവശ്യ ശകാരങ്ങളിൽ നിന്നും, ഡോക്ടർ തനിക്കു കിട്ടിയ ധനികനായ രോഗിയിൽ നിന്നു നിരർഗ്ഗളമായി നിർഗ്ഗമിച്ചിരുന്ന നിരർത്ഥകങ്ങളായ ആവലാതികളിൽ നിന്നും നിർമ്മുക്തന്മാരായിത്തീർന്നു. ധാത്രീകമ്മണിയായ പ്രഭ വന്നു തൻേറ കുളിർകരങ്ങൾകൊണ്ട്, നെററിമേൽ തലോടിത്തുടങ്ങിയാൽ അജയൻ വേദനകൊണ്ടുള്ള 'ഞരങ്ങലും മൂളലും' എല്ലാംവിട്ടു സ്വസ്ഥനായി

അനക്കമെന്നിയേ കിടന്നുകൊള്ളും. പ്രഭ തന്റെ ദ്രുഷ്ടിപഥത്തിൽ നിന്നു നിമിഷനേരമെങ്കിലുമൊന്നകന്നാൽ മതി; അപ്പോഴേയ്ക്കും അജയൻ സന്ത്രസ്തനും സംഭ്രാന്തനുമായിക്കഴിയും. പ്രഭ ഭക്ഷണം കഴിക്കുന്നതുകൂടിയും രോഗിയുടെ മുറിയിൽവെച്ചായി. അവളുടെ ക്ഷമയും സഹനശീലവും കണ്ടിട്ട് സകലരും അത്ഭുതപ്പെട്ടു. തന്റെ അവിശ്രാന്തമായ അതിപരിശ്രമമോ രോഗിയുടെ അസഹനീയങ്ങളായ ചാപല്യങ്ങളോ അവളുടെ ക്ഷമയുടെ ആഴത്തെ അളന്നുനോക്കുന്നതിന് പര്യാപ്തങ്ങളായില്ല.

അജയന്റെ അമ്മായി മരുമകന്റെ രോഗവാൎത്തകേട്ട് കാശിയിൽ നിന്നു മടങ്ങിവന്നു. അവരുടെ ഭാഷയിൽ 'കരുത്തവും നന്ദിയും കെട്ട' അജയന്ന് അവരെ കണ്ണിനു മുമ്പിൽ കണ്ടുകൂടാ എന്നാണ് വന്നത്. രോഗിയുടെ പ്രത്യേക ദാക്ഷിണ്യത്തിന്നു പാത്രീഭവിച്ച ആ ധാത്രിയുടെ നേരേ ആ സ്ത്രീക്ക് വിദ്വേഷവും അസൂയയും തോന്നി. 'ചെറുവിരലോളം' ഇല്ലാത്ത എങ്ങോ കിടക്കുന്ന ഒരു പെണ്ണു കടന്നുവന്ന്, തന്റെ സ്ഥാനം കയ്യേറിയത് എന്തു ധിക്കാരവും എന്തു അധികപ്രസംഗവുമാണ്! ആ അധികപ്രസംഗിപ്പെണ്ണിന് തന്റെ ശരിയായ സ്ഥാനവും സ്ഥിതിയും ഏതെന്നു ഒന്നു പഠിപ്പിച്ചുകൊടുക്കുന്നതിനായി ആ സ്ത്രീ ആവേശത്തോടുകൂടി അവസരവും കാത്തുകൊണ്ടുതന്നേ ഇരുന്നു. ഒരു ദിവസം ഉച്ചയ്ക്കു മുറിയുടെ മുന്നിൽ വന്ന് അകത്തേയ്ക്കു സൂക്ഷിച്ചു നോക്കിയപ്പോൾ അജയൻ ഉറങ്ങുകയാണെന്നു മനസ്സിലായി. ഉടനെ ഈൎഷ്യയോടുകൂടി അകത്തിരിക്കുന്ന പ്രഭയെ പുറത്തേയ്ക്കു വിളിച്ചു.

ആ സ്ത്രീ താൻ ആലോചിച്ച് ആസൂത്രണംചെയ്തിട്ടുള്ള കാൎയ്യപരിപാടിയിലെ പ്രഥമപ്രമേയമായ ദീൎഘപ്രസംഗത്തിന്റെ ഉപക്രമഘട്ടത്തിലേയ്ക്കു കടന്നതേയുള്ളൂ. അപ്പോഴുണ്ട്, അകത്തു നിന്നു പരുഷമായി "പ്രഭേ, പ്രഭേ" എന്നു ഉറക്കേ വിളി പുറപ്പെടുന്നു.

പ്രഭ പരിഭ്രമത്തോടുകൂടി അകത്തേയ്ക്കു ഓടിപ്പോയി. അവൾ ശങ്കയോടുകൂടി ശയ്യയ്ക്കരികിൽ അണഞ്ഞു. അജയൻ പാരുഷ്യത്തോടുകൂടി കയ്യിന്മേൽ കടന്നു പിടിച്ച് അവളെ അടുക്കൽ

നിൎത്തീട്ടു് രൂക്ഷഭാവത്തിൽ ചോദിച്ചു:—"പ്രഭേ! നീ പുറത്തുപോയി എന്താണു ചെയ്തിരുന്നതു്?"

പ്രഭ പേടിച്ചു വിറച്ചുംകൊണ്ടു പറഞ്ഞു:—"അങ്ങയുടെ അമ്മായി എന്നെ പുറത്തേയ്ക്കു വിളിച്ചു."

"എന്തു്? ഇന്നു രാവിലേ ആ ഡോക്ടർ നിന്നോടു് എന്താ പറഞ്ഞതു്" അജയന്റെ സ്വരം ഒന്നുകൂടി ഉച്ചവും രൂക്ഷവുമായി.

പ്രഭ കുഴങ്ങി വശമായി. ഒഴികഴിവു പറവാൻ ഒരു വഴിയുമുണ്ടായിരുന്നില്ല. അവൾ ദീനസ്വരത്തിൽ പറഞ്ഞു:—"പിന്നേ, എന്നോടു ഡോക്ടർ പറഞ്ഞിട്ടുണ്ടു് ചിലപ്പോഴൊക്കെ വിശ്രമിക്കണമെന്നു്." അജയൻ ഗർജ്ജിച്ചു:—"ആഹാ, അപ്പോൾ എല്ലാവരുംകൂടി നിന്നെ ഇവിടെനിന്നു പതുക്കെ പറഞ്ഞയയ്ക്കാനാണു് ശ്രമിക്കുന്നതല്ലേ? പക്ഷേ, ഞാൻ ഒരിക്കലും നിന്നെ ഇവിടെനിന്നു പറഞ്ഞയയ്ക്കുകയുണ്ടാവില്ല. നോക്കിക്കോട്ടെ. ഒന്നുകിൽ ഞാൻ ജീവിക്കണം; അല്ലെങ്കിൽ ചാവണം. രണ്ടിലൊന്നു അറിയുന്നതുവരേയും നീ ഇവിടെ നിന്നു പോവാൻ പാടില്ല."

പ്രഭയാവട്ടെ ഒരക്ഷരവും ഉരിയാടിയില്ല. അജയൻ അവളുടെ കയ്യുപിടിച്ചു കുലുക്കിക്കൊണ്ടു്, "പറഞ്ഞതു കേട്ടുവോ? ഒരിക്കലും നിനക്കു പോയിക്കൂടാ" എന്നു വീണ്ടും ശാസിച്ചു.

പ്രഭ മൎയ്യാദ ലംഘിക്കാതെ അജയന്റെ പിടിയിൽനിന്നു വേർപെട്ടു് പതിവുസ്ഥാനത്തു പോയിരുന്നു. എന്നിട്ടവൾ പതുക്കെപ്പറഞ്ഞു:—"ഞാൻ പോണില്ല. അങ്ങു പറയുന്നതുവരേയും ഞാൻ പോവില്ല." അവൾ പല്ലവംപോലെ പതുത്ത തന്റെ കുളിരിളംകയ്യുകൊണ്ടു് അജയന്റെ നെററിത്തടത്തിൽ തടവിത്തുടങ്ങി. രോഗി ക്രമേണ ശാന്തനും സ്വസ്ഥനുമായി. പ്രഭയുടെ കനൽനേർമിഴിയിണയിൽനിന്നു ചുടുകണ്ണീർക്കണങ്ങൾ വീണു്, പനിനീർ മലരൊളി മുഖത്തിലൂടെ ഒഴുകിയിരുന്നതു് ആയാൾ കാണുകയേ ഉണ്ടായില്ല.

ഇതിന്നുശേഷം, ഡോക്ടരുടെ നിർബന്ധ സംവലിതമായ നിയോഗത്തിനും അജയന്റെ അമ്മായിയുടെ ബലവത്തായ ശാസനത്തിനും പ്രഭയെക്കൊണ്ടു് തനിക്കത്യന്താപേക്ഷിതമായിട്ടുള്ള വിശ്രമം സ്വീകരിക്കുവാൻ സാധിച്ചില്ല. തന്നെ പറഞ്ഞയ

യ്ക്കുന്നതിനായി മറെറാരു ധാത്രിയെ വരുത്തുന്നതിനെ അവൾ ആവേശത്തോടുകൂടി നിഷേധിച്ചു.

കുറച്ചുനാൾ ഇങ്ങിനെ കഴിഞ്ഞുകൂടി. രോഗി നാൾക്കുനാൾ സുഖപ്പെട്ടുവരികയായിരുന്നു. അങ്ങിനെ ഇരിക്കുമ്പോൾ, ആ നിലയിൽ, അപ്രതീക്ഷിതവും ആകസ്മികവും ആയി ഒരു വ്യതിയാനം ഉണ്ടായി. അജയൻ പ്രഭയോടുപോലും സംസാരിക്കാതെയായി. എന്നാൽ ഇടയ്ക്കു മിഴിരണ്ടും തുറന്നു പ്രഭയുടെ നേരെ തുറിച്ചുനോക്കുകമാത്രം ചെയ്തിരുന്നു.

അങ്ങിനെ ഇരിക്കെ അജയൻ, ഒരുദിവസം രാവിലെ പെട്ടെന്നു ഞെട്ടിപ്പിടച്ച് എണീററിരുന്നു നാലുപാടും നോക്കി പ്രഭയെ വിളിച്ചു. അവൾ അടുത്തുവന്നപ്പോൾ, ഇങ്ങിനെ പറഞ്ഞു:—"മുകളിൽ എൻെറ മുറിയിൽച്ചെന്ന്, അവിടെ ചുമരിൽ തൂക്കിയിട്ടുള്ള ആ ചിത്രം ഒന്നു എടുത്തുകൊണ്ടുവരു."

പ്രഭ എത്തിവലിഞ്ഞു മുഖത്തേയ്ക്കു നോക്കീട്ട്, ദ്രുതഗതിയിൽ പുറത്തേയ്ക്കുപോന്നു. ഭൃത്യജനങ്ങളോടു ചോദിച്ച്, അവൾ അജയൻെറ മുറി കണ്ടുപിടിച്ചു. വേഗത്തിൽ അവിടെ ഉണ്ടായിരുന്ന ചിത്രപടം എടുത്തു താഴത്തേയ്ക്കിറങ്ങിപ്പോരുകയും ചെയ്തു.

അവൾ ചിത്രപടം കൊണ്ടുവന്ന് അജയൻെറ അടുക്കലിട്ടിട്ടുള്ള കസേലയിന്മേൽ വെച്ചിട്ട് "ചിത്രപടമിതാ" എന്നു പറഞ്ഞു മാറിനിന്നു. അജയൻ നാലുപാടും ഒന്നു കണ്ണു നടത്തിയിട്ട് ഛായാപടം കയ്യിലെടുത്തു കുറച്ചുനേരം നോക്കി അതു നിലത്തേയ്ക്കു വലിച്ചെറിഞ്ഞിട്ട് പ്രഭയെനോക്കി അഭിനിവേശത്തോടുകൂടി ഇങ്ങിനെ ചോദിച്ചു:—"നീ ഇവളെ അറിയുമോ? ഓർക്കുന്നുണ്ടോ?"

പ്രഭ:—"ഇല്ല" എന്നുമാത്രം ശാന്തസ്വരത്തിൽ മറുപടി പറഞ്ഞു.

അജയൻ അവളുടെ കയ്യിന്മേൽ കടന്നുപിടിച്ച് അടുക്കലേയ്ക്കു വലിച്ചു. രണ്ടു കൈകൊണ്ടും അവളുടെ കോമളമുഖത്തെ പിടിച്ചുകൊണ്ടു പിന്നേയും ചോദ്യംചെയ്തു:—"നീ എന്നെ ഓർക്കുന്നുണ്ടോ? ഇങ്ങോട്ടു നല്ലവണ്ണം നോക്കു. ഈ തലമുടിയെ പിടികൂടിയിട്ടുള്ള നരയും, മുഖത്തു കടന്നുകൂടിയിട്ടുള്ള വില

ക്ഷണമായ വികൃതഭാവവും ഇപ്പോഴും ഇല്ലെന്നു വെയ്ക്കുക. എനിക്കിപ്പോൾ കാണുന്ന ഈ പ്രായത്തിൽനിന്നു് ഒരു ഇരുപത്തഞ്ചു വയസ്സു തള്ളിനോക്കുക. എന്നിട്ടു പറയൂ, എന്നെ മനസ്സിലാകുന്നുണ്ടോ? പറഞ്ഞതു കേട്ടുവോ? ഉം! പറയൂ, കേട്ടുവോ?"

കണ്ണീർകൊണ്ടു കാഷായിതമായ ഒരു സ്വരം അപ്പോഴും ഇല്ലെന്നുതന്നെ മറുപടി പറഞ്ഞു. അജയൻ വെറും ഭ്രാന്തനെപ്പോലെ വൈകൃതങ്ങൾ കാണിച്ചുകൊണ്ടു് പ്രഭയെ പിടുത്തത്തിൽനിന്നു വിട്ടു്, പരുഷമായിങ്ങനെ ഗർജ്ജിച്ചു:—"എന്നാൽ പിന്നെ നീ ആരാണു്? വഞ്ചകിയായ നീ ആരാണെന്നു ഇപ്പോൾ പറയണം. എന്തിനു് ഇങ്ങിനെ എന്നെ വെറും മരുമരീചികയുടെ പിമ്പേ പായിച്ചു? പോ, എന്റെ മുമ്പിൽനിന്നു കടന്നുപോ!"

പ്രഭ എങ്ങിനെയൊ ആ മുറിയിൽ നിന്നു പതുക്കെ പുറത്തേയ്ക്കു കടന്നു. പിന്നെ അവളെ രോഗിസന്നിധിയിൽ കാണുകയുണ്ടായില്ല. 'പിടിച്ച പിടിയാലെ' ഡോക്ടരെ കൊണ്ടുവരുന്നതിനുള്ള കല്പന പുറപ്പെട്ടു. അല്പസമയത്തിനുള്ളിൽ ഡോക്ടർ വന്നെത്തി. അജയന്റെ അമ്മായി രോഗപരിശോധന ചെയ്ത ഡോക്ടരെ തടഞ്ഞുനിർത്തിയിട്ടു് ദീനസ്ഥിതിയെപ്പററി കണ്ണിൽ വെള്ളം നിറച്ചു ചോദിച്ചു. ഡോക്ടർ ഗൌരവത്തിൽ ഇങ്ങിനെ പറഞ്ഞു:— "വളരെയധികം ആശാജനകമാണെന്നു പറവാൻ പാടില്ല. എങ്ങിനെയായാലും ഞാൻ വേണ്ടതൊക്കെ ചെയ്യുന്നുണ്ടു്. പോയ ഉടനെ പുതിയ ഒരു ധാത്രിയെ അയച്ചേയ്ക്കാം. ഇങ്ങിനെയുള്ള രോഗികളുടെ അടുക്കൽ എങ്ങിനെയാണു് പെരുമാറേണ്ടതെന്നു് അവൾക്കു നല്ലവണ്ണം അറിയാം."

പ്രഭ തന്റെ 'ചാർജ്ജു്' ഒഴിഞ്ഞുകൊടുത്തുപോവുകയായി. യാത്രയ്ക്കു വണ്ടി കൊണ്ടുവരുന്നതും കാത്തുകൊണ്ടു് അവൾ പൂമുഖവാതിൽക്കൽ നിൽക്കയാണ്. അവളുടെ ലളിതമുഖവും, നീലനയനങ്ങളും കരഞ്ഞുകരഞ്ഞു ചെമ്പരത്തിപ്പൂപോലെയായിട്ടുണ്ടു്. 'കണ്ണീരൊലിപ്പാടി'യന്നും, 'വിങ്ങിത്തുടുത്തു'മിരിക്കുന്ന പൂങ്കവിളിണയിൽ, പൊടിപുരണ്ട കുറുനിരകൾ കനകനേ ചിന്നിച്ചിതറിക്കിടന്നിരുന്നു. ചുരുണ്ടിരുണ്ട കുളിർകുന്തളഭാരം കെട്ടഴിഞ്ഞു ചിതറി 'നിതംബബിംബ'ത്തേ മറച്ചിരുന്നു. ഡോക്ടർ അവളെ ആശ്വസിപ്പിക്കുവാനായി പറയുകയാണ്:—"രോഗികൾ ശുദ്ധകുട്ടികളെ

പ്പോലെയാണ്. അവർ എന്തെങ്കിലും പറകയോ പ്രവർത്തിക്കയോ ചെയ്താൽ അതാരെങ്കിലും 'കാര്യ'മായി കരുതാറുണ്ടോ?"

പ്രഭ ഉടനേ രോഗിയുടെ സന്നിധിയിലേയ്ക്കു അയയ്ക്കപ്പെട്ടു. അപ്പോൾ അജയന്നു നല്ല 'ബോധം' ഉദിച്ചുവന്നിട്ടുണ്ടായിരിക്കണം. അടുക്കൽ വന്നു നില്ക്കുന്ന പ്രഭയുടെ നേരെ ശാന്തമായി കുറെനേരം നോക്കിയിട്ടു് വലിയ ഒരു മടിശ്ശീല എടുത്തുകാണിച്ചിങ്ങനേ പറഞ്ഞു:—"ഇതു് എടുത്തോളൂ."

പ്രഭ തനിക്കു ന്യായമായി കിട്ടേണ്ട തുക ഡോക്ടരുടെ കയ്യിൽനിന്നു വന്നിരിക്കുന്നുവെന്നു പറഞ്ഞു് അതു വാങ്ങാതേ നിന്നു.

അജയൻ കനകരുചിരാംഗിയായ ആ കന്യകയെ കുറച്ചുനേരം നേത്രങ്ങൾകൊണ്ടു നീരാജനംചെയ്തിട്ടു് വീണ്ടും പറഞ്ഞു:—"എന്നാലും ഇതിരിക്കട്ടെ; സാധാരണ ധാത്രിമാരേക്കാൾ അധികം ശുശ്രൂഷാന്തിയോടും ശ്രദ്ധയോടും കൂടി നിങ്ങൾ എന്നേ പരിചരണം ചെയ്തിട്ടുണ്ടു്. അതുനിമിത്തം നിങ്ങളെൻെറ സമ്മാനത്തിന്നു അവശ്യം അർഹയായിത്തീർന്നിരിക്കുന്നു. ഇതാ, ഇതങ്ങു മേടിക്കു. ഇതിൽ ഒരു ആയിരം ഉറുപ്പിക ഉണ്ടു്."

പ്രഭയുടെ മറിമാൻമിഴികൾ രണ്ടും തൽക്ഷണം ഒന്നു മിന്നിപ്പൊലിഞ്ഞു. അവൾ മടിശ്ശീല കയ്യിൽ വാങ്ങിയിട്ടു്, "എന്നാൽ ഇതു് അങ്ങയ്ക്കു് എൻെറ വകയായുള്ള സമ്മാനമാണു്. ഇതു് അങ്ങുതന്നെ സൂക്ഷിച്ചുവെയ്ക്കുക" എന്നു പറഞ്ഞു് അതു കിടക്കയിന്മേൽ ഇട്ടുംവെച്ചു് അവിടെനിന്നു ധാവനംചെയ്തു.

അജയൻ കലശലായ മനഃക്ഷോഭത്തോടുകൂടി എഴുനീററു പുറപ്പെട്ടു. വാസ്തവത്തിൽ ഇവൾ പ്രഭ തന്നെയാണോ? ഇവളുടെ ചടുലലീല അഭ്യസിക്കുന്ന ഈ ചില്ലിവില്ലുകളും മിന്നിമറിയുന്ന മിഴികളും കളസരളമായി മുഴങ്ങുന്ന ഈ മൃദുസ്വരവും അവളുടേതുപോലെ തന്നേ ഇരിക്കുന്നുവെല്ലോ? ഇവൾക്കും അവൾക്കും ഇങ്ങിനേ അത്ഭുതകരമായ അന്യോന്യസാദൃശ്യം കാണുന്നതിൽ കാരണമെന്തായിരിക്കും? അജയൻെറ പ്രജ്ഞ എന്തോന്നിനേയാണ് ആയാളെക്കൊണ്ടു് ഓർമ്മിപ്പിക്കുന്നതു്? പെട്ടെന്നു് ആയാൾ ടെ മാനസികദൃഷ്ടിക്കു മുന്നിൽ ഒരു ഛായാപടം മിന്നൽപോല ഉദിച്ചു മിന്നി. പച്ചപിടിച്ച പടർപ്പുകളും പുല്ലുകളും വളന്ന ല്ലുന്ന ഒരു ഗ്രാമീണാരാമത്തിൽ സ്നേഹാകുലനായ ഒരു യു

കോപാകുലയായ ഒരു കുമാരിയും അന്യോന്യം നോക്കിക്കൊണ്ടു നില്ക്കുന്നു!

അജയൻ സത്വരം ശയ്യയിൽ നിന്നെഴുനീററു ഓടിച്ചെന്നു മുകളിലേയ്ക്കുള്ള കോണിപ്പടിയിൽ കയറുവാൻ ആരംഭിച്ചു. "സുലതേ, സുലതേ! എനിക്കു നിന്നെ മനസ്സിലായിപ്പോയി. ഇനി ഇങ്ങോട്ടുതന്നെ വരാം. വേഗത്തിൽ മടങ്ങിവരൂ" എന്നിങ്ങിനെ ആയാൾ വിളിച്ചുപറഞ്ഞു. ആ വിളി വിശാലവും വിജനവുമായ ആ മാളികയിൽ മാറെറാലികൊണ്ടു വായുമണ്ഡലത്തിലേ ശബ്ദതരംഗങ്ങളിൽ, പെരുങ്കടലിൽ ഒരു തുള്ളിവെള്ളമെന്നപോലെ ചെന്നു ലയിക്കുകമാത്രം ചെയ്തു.

അജയൻ കീഴ്പ്പോട്ടുതന്നെ ഇറങ്ങുവാൻ ഭാവിച്ചു. പകുതിപ്പടികൾ ഇറങ്ങിയപ്പോഴയ്ക്കും പെട്ടെന്നു തലതിരിച്ചിലും ചൈതന്യക്ഷയവും വന്നു ബാധിച്ചതിനാൽ പാർശ്വവർത്തികളായ പടിക്കാലഴികളിന്മേൽ കടന്നുപിടിച്ചു. "സുലതേ, സുലതേ!" എന്നിങ്ങിനെ ദീനസ്വരത്തിൽ ഉള്ള ഒരു വിളി രണ്ടുമൂന്നുപ്രാവശ്യം നിർഗ്ഗമിച്ചു. അടുത്തക്ഷണത്തിൽ, ബോധക്ഷയവും ശക്തിക്ഷയവും വന്നു അജയൻ താഴത്തേയ്ക്കു ഉരുണ്ടുവീഴുകയും ചെയ്തു.

വിശാലമായ ആ കെട്ടിടം മുമ്പെത്തെപ്പോലെ ഇപ്പോഴും നിശ്ശബ്ദമായിട്ടുതന്നെ നിലകൊള്ളുന്നു. എന്നാൽ ഇപ്പോൾ എവിടെ നോക്കിയാലും ചില പുതിയ മുഖങ്ങൾ കാണാവുന്നതാണ്. നിവസിക്കാനായി പുറമേ കുറേ ആളുകൾ വന്നു ചേരേണ്ടതിന്റെ ആവശ്യകത ഇപ്പോൾ തീരേ ഇല്ല. മനസ്സുഖം തീരേ ഇല്ലാതായിത്തീർന്നിട്ടുള്ള ഗൃഹനായകൻ മിക്കപ്പോഴും തന്റെ സംബന്ധികളാലും പരിവാരങ്ങളാലും പരിവൃതനായിട്ടാണു കഴിഞ്ഞുകൂടുന്നതു്. പുതുതായ ആ സംബന്ധികൾ പണ്ടേത്തേ ആ ഭവനത്തിന്റെ മുഖത്തിനു മഹത്തരമായ മാററമൊന്നു വരുത്തിയിട്ടുണ്ടു്.

രണ്ടാമത്തെ നിലയിലുള്ള ആ ചെറിയ മുറി ഇപ്പോഴും പഴയപടിതന്നെ ഇരിക്കുന്നു. അജയൻ ആളൊഴിഞ്ഞ അതിൽത്തന്നെയാണു നിവസിക്കുന്നതു്. പക്ഷേ, ബാഹ്യപ്രപഞ്ചം ആയാളുടെ സത്ത (Existence)യെ തീരെ വിസ്മരിച്ചു കളഞ്ഞിരിക്കുന്നു!

ശുഭം

*

ഞങ്ങളുടെ പുതിയ പുസ്തകങ്ങൾ.

	ക.	ണ.	പൈ.
മല്ലിക	൦	൮	൦
പ്രേമബന്ധം	൦	൧൦	൦
മാലതീമാല	൧	൦	൦
സുകുമാരി	൨	൦	൦
ലോകോല്പത്തി	൧	൦	൦
നാലു വീരപത്നിമാർ	൦	൬	൦
കഥാമാലിക	൦	൧൪	൦
കഥാസൗധം ഒന്നാം ഭാഗം	൦	൧൨	൦
ടി രണ്ടാം ഭാഗം	൦	൧൨	൦
പാരിജാതഹരണം (പ്രബന്ധം)	൦	൬	൦
കൊടിയവിരഹം	൧	൦	൦
ദേവീഭാഗവതം (കിളിപ്പാട്ട്)	൨	൬	൦
ശ്രീവാമനമഹാപുരാണം	൪	൦	൦
ലഘുരാമായണം	൦	൪	൦
ലഘുഭാഗവതം	൦	൪	൦
അഭിഷേകനാടകം (വള്ളത്തോൾ)	൦	൧൨	൦
ഭദ്രാവതാരം (പാന) ടി	൦	൧൨	൦
സുയോധനൻ	൦	൬	൦
കഥകളിപ്രകാശിക	൦	൪	൦
കാദംബരീകഥാസാരം	൦	൩	൦
ചിന്താസന്താനം	൦	൧൦	൦
വീരമൃത്യു	൦	൧൨	൦
ജ്യോതിഷ്മതി	൧	൧൨	൦
ഉണ്ണുനീലീസന്ദേശം	൧	൦	൦
കവികഥ (പരിഷ്കരിച്ചപതിപ്പ്)	൦	൬	൦
ചാരുദത്തൻ	൦	൧൨	൦
കഥാരത്നമാല ൧-ാം ഭാഗം	൦	൬	൦
ടി ൨-ാം ഭാഗം	൦		൦
മീനാക്ഷി	൧		൦

ബി. വി. ബുക്കുഡിപ്പോ,
തിരുവനന്തപുരം.

B. V. BOOK DEPOT,

TRIVANDRUM.

1098.